

# തിരുനബി(സ)യുടെ അനുഗൃഹീത മാതൃകയും

## കാർട്ടൂണുകളുടെ യാഥാർഥ്യവും




മിർസാ മസ്റൂർ അഹ്മദ്
(അയ്യദഹുല്ലാഹു)
അഹ്മദിയ്യ ജമാഅത്തിന്റെ ആഗോള നേതാവ്

# തിരുനബി(സ)യുടെ
# അനുഗൃഹീത മാതൃകയും
# കാർട്ടൂണുകളുടെ
# യാഥാർഥ്യവും

Tirunabi(sa) yude Anugraheethamathrukayum
Kaartoonukalude Yadarthyavum
Malayalam Translation of : Uswae Rasool aur Khakon ki
Haqeeqat(Urdu Book)

Translated by:
Moualvi H.Shamsuddin Kavassery

Published by: Nazarat Nashr-o-Isha'at
Sadr Anjuman Ahmadiyya
Qadian, Punjab, 143516, INDIA

First Edition: 2015 June

Printed at: Fazl-e-Umar Printing Press, Qadian

ISBN:

# തിരുനബി(സ)യുടെ അനുഗൃഹീത മാതൃകയും കാർട്ടൂണുകളുടെ യാഥാർഥ്യവും

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ്**
**(അയ്യദഹുല്ലാഹ്)**
ഇമാം ജമാഅത്ത് അഹ്മദിയ്യാ, ഖലീഫത്തുൽ മസീഹ് അൽഖാമിസ്

വിവർത്തനം:
**എച്ച്.ശംസുദ്ദീൻ കാവശ്ശേരി**

**പ്രസാധകർ:**

**നസാറത്ത് നശ്റോ ഇശാഅത്ത്, ഖാദിയാൻ**

# ആമുഖം

ആദികാലം മുതൽ തന്നെ സത്യവും കളവും പ്രകാശവും അന്ധകാരവും തമ്മിൽ യുദ്ധം നടന്നു പോരുന്നു. എന്നാൽ ദൈവിക നിയതിയനുസരിച്ച് വിജയം എപ്പോഴും സത്യത്തിനും പ്രകാശത്തിനുമുള്ളതാണ്. അഹങ്കാരം കാരണം ചില യാളുകൾ വിലകുറഞ്ഞ പബ്ലിസിറ്റിക്കുവേണ്ടി അല്ലാഹുവിന്റെ പ്രവാചകന്മാർ ക്കെതിരിൽ നിൽക്കുന്നത് പതിവാക്കിയിട്ടുണ്ട്. പക്ഷേ അവസാനം അവർ പരാ ജിതരും പരിക്ഷീണിതരും നഷ്ടപ്പെട്ടവരുമായിത്തീരുന്നു. ഇസ്‌ലാമിനും മനുഷ്യ കുലത്തിന്റെ അഭിമാനമായ സയ്യിദുനാ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) ന്റെ അന്തസ്സിലും പല ആളുകളും മോശമായ നിലപാട് സ്വീകരിക്കുകയും ദൈവനി യതിയനുസരിച്ച് പരാജയത്തിന്റെ മുഖം ദർശിക്കുകയുമുണ്ടായി. വർത്തമാന യുഗത്തിൽ ആവിഷ്കാര, മാധ്യമ സ്വാതന്ത്ര്യത്തിന്റെ പേരിൽ ചിലർ ഇസ്‌ലാമിനും തിരുനബി(സ) നുമെതിരിൽ തങ്ങളുടെ വെറുപ്പ് പ്രകടിപ്പിക്കാനും മുസ്‌ലിം ലോകത്തിന്നെതിരിൽ വെറുപ്പ് പരത്താനും നിരർഥകമായ സ്കെച്ചുകളും കാർട്ടൂ ണുകളും വിവിധ പുസ്തകങ്ങളിലും പത്രങ്ങളിലും പ്രസിദ്ധീകരിക്കുന്നു. അതേ ത്തുടർന്ന് പല മുസ്‌ലിം സംഘടനകളും ഇസ്‌ലാമിക രാജ്യങ്ങളും ശക്തമായി പ്രതികരിക്കുകയും തീവെക്കുകയും നാശനഷ്ടങ്ങൾ വരുത്തുകയുമുണ്ടായി.

അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിച്ചതിന്റെ വലിയ ഉദ്ദേശ്യം, അല്ലാഹുവിന്റെ അനു ഗ്രഹത്താൽ സത്യാധിഷ്ഠിതമായ അദ്ധ്യാപനങ്ങൾ പ്രചരിപ്പിക്കുകയാണ്. അതു കൊണ്ട് ഇത്തരം സന്ദർഭങ്ങളിൽ അഹ്മദിയ്യാ ജമാഅത്തിന്റെ പ്രതികരണം തീ വെക്കുകയും നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്യുന്നതിനു പകരം ആക്ഷേപ കരുടെ ആരോപണങ്ങൾക്ക് തൃപ്തികരമായ മറുപടി കൊടുക്കുകയും അങ്ങ നെ ഇസ്‌ലാമിന്റെ യഥാർഥവും സത്യസന്ധവുമായ സന്ദേശം ജനങ്ങൾക്ക് എത്തി ക്കാൻ ശ്രമിക്കുകയുമാണ്. അതുകൊണ്ട് തന്നെ അഹ്മദിയ്യാ മുസ്‌ലിം ജമാഅ ത്തിന്റെ ഇമാം ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ്) ലണ്ടനിലെ ബയ്ത്തുൽ ഫുത്തൂഹ് മസ്ജിദിൽ 2006 ഫെബ്രുവരി 10,17,24, മാർച്ച് 3.10 തിയ്യതികളിൽ ചെയ്ത ജുമുഅ പ്രഭാഷണത്തിൽ ഈ വർത്തമാന കാലസംഭ വങ്ങളെക്കുറിച്ച് വിശദമായി ചർച്ച ചെയ്തിട്ടുണ്ട്. ഇത്തരം അവസരങ്ങളിൽ ഒരു യഥാർഥ വിശ്വാസി എങ്ങനെ പ്രതികരിക്കണമെന്നും അഭിമുഖീകരിക്കണ മെന്നും ഈ പ്രഭാഷണങ്ങളിൽ നിന്ന് മനസ്സിലാകുന്നതാണ്.

സുഹൃത്തുക്കൾ ഈ ഗ്രന്ഥം സ്വയം വായിക്കുന്നതോടൊപ്പം തങ്ങളുടെ പരിചയക്കാർക്ക് വായിക്കാൻ കൊടുക്കുകയും ചെയ്യേണ്ടതാണ്, അങ്ങനെ അവർക്ക് ഇസ്‌ലാമിന്റെ സുന്ദര അധ്യാപനങ്ങളെക്കുറിച്ച് അറിവ് ലഭിക്കുന്നതാണ്. ഈ പ്രഭാഷണങ്ങൾ വിവിധഭാഷകളിലും ഇൻശാ അല്ലാഹ് പ്രസിദ്ധീകരിക്കുന്നതാണ്.

വിനീതൻ

മുനീറുദ്ദീൻ ശംസ്

ജൂൺ 2006

അഡീ. വക്കീലുത്തസ്നീഫ്

# ഖുത്ബ ജുമുഅ 10.02.2006

## മസ്ജിദ് ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ, യു.കെ.

• തിരുനബി(സ)യുടെ സ്നേഹത്തിന്റേയും കാരുണ്യത്തിന്റേയും
ഉത്തമ മാതൃക ലോകത്തിനു മുന്നിൽ സമർപ്പിക്കുക,
എല്ലാ രാജ്യത്തും തിരുനബി ചരിത്രത്തിന്റെ ഭാഗങ്ങൾ
പ്രോജ്ജ്വലമാക്കുകയും കർമസംസ്കരണം വരുത്തുകയും വേണം.

• ഡന്മാർക്കിൽ വളരെ തരംതാണതും അപഹാസ്യവും
മുസ്ലിംകളുടെ വികാരങ്ങൾ വ്രണപ്പെടുത്തുന്നതുമായ കാർട്ടൂൺ
പ്രസിദ്ധീകരിച്ചതിൽ ശക്തമായ പ്രതിഷേധവും അതിനെതിരെ
ഇസ്ലാമിക വൃത്തത്തിൽ നിന്നുകൊണ്ടുള്ള അഹ്മദിയ്യാ
ജമാഅത്തിന്റെ പ്രതികരണവും അതിന്റെ ആശാവഹമായ
പ്രഭാവവും.

• ഇത്തരം ദുഷ്ചിന്താഗതിക്കാരുടെ മനസ്സിലെ അഴുക്കും
ദൈവത്തിൽ നിന്നുള്ള വിദൂരതയും വ്യക്തമാക്കപ്പെടുന്നു.
ഇസ്ലാമിനെതിരിലുള്ള വെറുപ്പും പക്ഷപാതവും വെളിപ്പെടുന്നു.

• പതാക കത്തിക്കുന്നതും ഹർത്താലുകളും നശീകരണവും
കുഴപ്പമുണ്ടാക്കുന്നതും ശരിയായ പ്രതിഷേധ രീതിയല്ല.

• നമ്മുടെ പെരുമാറ്റം ഇസ്ലാമിക മൂല്യങ്ങളും
അദ്ധ്യാപനവുമനുസരിച്ചായിരിക്കണം.
നമ്മുടെ പ്രതികരണം തിരുനബി (സ) യുടെ
അദ്ധ്യാപനങ്ങൾ പ്രശോഭിതമാക്കുന്നതായിരിക്കണം.

• അഹ്മദികളോട് പത്രപ്രവർത്തനത്തിലേക്ക് ഇറങ്ങാൻ ആഹ്വാനം.

اَشْهَدُ اَنْ لَا اِلٰهَ اِلَّا اللهُ وَحْدَهُ لَا شَرِيْكَ لَهُ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ اَمَّا بَعْدُ فَاَعُوْذُ بِاللهِ مِنَ الشَّيْطٰنِ الرَّجِيْم

بِسْمِ اللهِ الرَّحْمَنِ الرَّحِيمِ ـ الْحَمْدُ لِلَّهِ رَبِّ الْعَالَمِينَ ـ الرَّحْمَنِ الرَّحِيمِ ـ مَالِكِ يَوْمِ الدِّينِ ـ
إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ـ اهْدِنَا الصِّرَاطَ الْمُسْتَقِيمَ ـ صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ

وَمَا أَرْسَلْنَاكَ إِلَّا رَحْمَةً لِلْعَالَمِينَ (21:108)

**നാം** നിന്നെ ലോകത്തിന് ഒരു കാരുണ്യമായി മാത്രമാണ് അയച്ചിട്ടുള്ളത്. (21:108)

إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا ـ
إِنَّ الَّذِينَ يُؤْذُونَ اللَّهَ وَرَسُولَهُ لَعَنَهُمُ اللَّهُ فِي الدُّنْيَا وَالْآخِرَةِ وَأَعَدَّ لَهُمْ عَذَابًا مُهِينًا (33:57,588)

അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് അനുഗ്രഹാശംസകൾ നേരുന്നു. വിശ്വാസികളേ! അദ്ദേഹത്തിന് അനുഗ്രഹവും ശാന്തിയും സമാധാനവും ലഭിക്കാൻ വേണ്ടി നിങ്ങളും പ്രാർഥിക്കുക. അല്ലാഹുവിനേയും അവന്റെ ദൂതനേയും ശല്യപ്പെടുത്തുന്നവരാരോ നിശ്ചയമായും അവരെ അല്ലാഹു ഇഹത്തിലും പരത്തിലും ശപിച്ചിരിക്കുന്നു. അവർക്ക് അപമാനകരമായ ശിക്ഷ അവനൊരുക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്. (33:57,58)

ഇപ്പോൾ നബിതിരുമേനി(സ)യെ കുറിച്ച് അങ്ങേയറ്റം വൃത്തിഹീനവും മുസ്‌ലിംകളുടെ വികാരങ്ങളെ ആളിക്കത്തിക്കുന്നതും വിക്ഷോഭിപ്പിക്കുന്നതുമായ കാർട്ടൂൺ ഡന്മാർക്കിലേയും ചില പാശ്ചാത്യരാജ്യങ്ങളിലേയും പത്രങ്ങളിൽ പ്രസിദ്ധീകരിച്ചതിൽ ഇസ്‌ലാമിക ലോകത്ത് മുഴുവനും ദു:ഖത്തിന്റേയും അരിശത്തിന്റേയും തിര അലയടിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ മുസ്‌ലിംകളുടെ ഭാഗത്തുനിന്നും ഇതു സംബന്ധിച്ച് പ്രതികരണം പുറത്തുവന്നു കൊണ്ടിരിക്കുന്നു. സ്വാഭാവികമായും ഈ പ്രവർത്തിയിൽ പ്രതികരണം

വെളിപ്പെടേണ്ടതു തന്നെയായിരുന്നു. അഹ്മദികൾക്ക് റസൂൽ തിരുമേനി(സ)നോടുള്ള സ്നേഹവും അനുരക്തിയും തീർച്ചയായും മറ്റുള്ളവരേക്കാളും അധികമാണെന്നത് സുവ്യക്തമാണ്. അവർക്ക് വാഗ്ദത്ത മസീഹ്(അ) കാരണത്താൽ ഹദ്റത് ഖാത്തമുൽ അമ്പിയാ മുഹമ്മദ് മുസ്തഫാ(സ)ന്റെ സ്ഥാനത്തെക്കുറിച്ച് അറിവും അവബോധവും മറ്റുള്ളവരേക്കാളും അധികമായിട്ടുണ്ട്. പല അഹ്മദികളും കത്തും എഴുതുന്നു, തങ്ങളുടെ വേദനയും രോഷവും പ്രകടിപ്പിക്കുന്നു. ഈ മഹാനായ പ്രവാചകന്റെ സ്ഥാനമെന്താണെന്ന് ലോകത്തിന് പറഞ്ഞുകൊടുക്കാൻ സ്ഥായിയായ യജ്ഞം വേണമെന്ന അഭിപ്രായങ്ങളും തരുന്നു. ചുരുക്കത്തിൽ ഇതുസംബന്ധിച്ച് ജമാഅത്ത് ഊർജസ്വലമായ സ്ഥലങ്ങളിലെല്ലാം പ്രവർത്തിച്ചു കൊണ്ടിരിക്കുന്നുണ്ട്. നമുക്കെല്ലാം അറിയാവുന്നതു പോലെത്തന്നെ, നമ്മുടെ പ്രതികരണം ഒരിക്കലും ഹർത്താലുകളുടെ രൂപത്തിലല്ല, തീ വെക്കുന്ന രൂപത്തിലുമല്ല. മാത്രമല്ല ഹർത്താലുകളും നശീകരണവും പതാക കത്തിക്കലും ഇതിനുള്ള പ്രതിവിധിയുമല്ല.

ഇക്കാലഘട്ടത്തിൽ മറ്റ് മതസ്ഥരും പാശ്ചാത്യ ലോകവും ഇസ്ലാമിനേയും ഇസ്ലാം മതസ്ഥാപകർ(സ)നേയും അക്രമിച്ചു കൊണ്ടിരിക്കുകയാണ്. ഇപ്പോൾ പാശ്ചാത്യർക്ക് മതത്തിൽ ഒരു താൽപര്യവുമില്ല. അവരിലെ ഭൂരിഭാഗവും 'ഭൗതിക കളിതമാശകളിൽ മുഴുകിയിരിക്കുകയാണ്. ഇതിൽ എത്രമാത്രം അകപ്പെട്ടിരിക്കുന്നുവെന്നാൽ അവരുടെ മതം ഇസ്ലാമാണെങ്കിലും ക്രിസ്തുമതമാണെങ്കിലും അതല്ല മറ്റേതെങ്കിലും മതമാണെങ്കിലും അവരത് പരിഗണിക്കുന്നതേയില്ല. അവർ അതിൽ നിന്ന് പൂർണമായും ബന്ധം വിഛേദിച്ചിരിക്കുന്നു. ഭൂരിപക്ഷത്തിനും മതപവിത്രതയുടെ ബോധം ഇല്ലാതായിരിക്കുന്നു. മാത്രമല്ല കഴിഞ്ഞ ദിവസങ്ങളിൽ ഫ്രാൻസിൽ നിന്നാണെന്നു തോന്നുന്നു, ഒരു വാർത്തയിൽ പറയുന്നത്, തങ്ങൾ ആഗ്രഹിക്കുകയാണെങ്കിൽ (നഊദുബില്ലാഹ്) അല്ലാഹുവിന്റെയും കാർട്ടൂൺ ഉണ്ടാക്കുവാനുള്ള അവകാശവും തങ്ങൾക്കുണ്ടെന്നാണ്. ഇവരുടെ അവസ്ഥ ഇങ്ങനെയായിക്കഴിഞ്ഞിരിക്കുന്നു. ഈ കാർട്ടൂൺ ഉണ്ടാക്കിയവരുടെ അങ്ങേയറ്റം മോശമായ നീക്കത്തിലും അവരുടെ ചിന്താഗതിയിലും ഇസ്ലാമിക ലോകത്ത് വെളിപ്പെട്ട പ്രതികരണത്തിലും പല ലേഖകരും, ഈ പ്രതികരണം ഇസ്ലാമിക സമൂഹത്തിനും പാശ്ചാത്യ മതനിരപേക്ഷ ജനാധിപത്യത്തിനും

ഇടയിലുള്ള സംഘർഷമാണെന്ന് എഴുതുകയുണ്ടായി. യഥാർ ഥത്തിൽ ഇതിന് സമൂഹവുമായി ബന്ധമൊന്നുമില്ല. അവരിൽ ഭൂരി പക്ഷവും ഞാൻ പറഞ്ഞതുപോലെ ധാർമികത നഷ്ടപ്പെടുത്തിയവ രാണ്. സ്വാതന്ത്ര്യത്തിന്റെ പേരിൽ നിർലജ്ജയെ സ്വാംശീകരിച്ചു കൊണ്ടിരിക്കുന്നു. ലജ്ജ ഏറെക്കുറെ ഇല്ലാതായിരിക്കുന്നു.

## ചില നീതിമാന്മാരുടെ വിശകലനം

ഈ പ്രതികരണത്തിന് ഇസ്‌ലാമും പാശ്ചാത്യ മതനിരപേക്ഷ ജനാധിപത്യവും തമ്മിലുള്ള പോരാട്ടമെന്ന പേര് നൽകുന്ന വീക്ഷ ണത്തെ ഇവരിൽ തന്നെയുള്ള ചില മാന്യന്മാരും നീതിമാന്മാരു മായ ലേഖകന്മാർ തെറ്റാണെന്ന് പറഞ്ഞിരിക്കുന്നു. ഇംഗ്ലണ്ടിലെ തന്നെ ഒരു കോളമിസ്റ്റായ റോബർട്ട് ഫിസ്ക് (Robert Fisk) വളരെ നീതിപൂർവം എഴുതിയിട്ടുണ്ട്. ഡന്മാർക്കിലെ ഒരാൾ ഇസ്‌ലാമിക സമൂഹത്തിനും പാശ്ചാത്യ മതനിരപേക്ഷ ജനാധിപത്യത്തിനും ഇടയിലുള്ള സംഘർഷമാണെന്ന് എഴുതിയതിനെക്കുറിച്ച് ഇദ്ദേഹം എഴുതി, ഇത് പൂർണമായും തെറ്റാണ്. ഇത് ഏതെങ്കിലും സംസ്കാ രത്തിന്റേയോ മതനിരപേക്ഷതയുടേയോ സംഘട്ടനമല്ല. അദ്ദേഹം എഴുതുന്നു; ഇത് ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പ്രശ്നവുമല്ല. കാര്യം ഇത്രയേ ഉള്ളൂ, മുസ്‌ലിംകളുടെ വിശ്വാസപ്രകാരം പ്രവാ ചകന് ദൈവം തന്റെ അധ്യാപനങ്ങൾ നേരിട്ട് ഇറക്കിക്കൊടുത്തു. അദ്ദേഹം ഭൂമിയിൽ ദൈവത്തിന്റെ വക്താവാണ്. പക്ഷേ ഇവർ (അതായത് ക്രിസ്ത്യാനികൾ) മനസിലാക്കുന്നത്, (ക്രിസ്ത്യാനി യായ ലേഖകൻ എഴുതുകയാണ് ) നബിമാരുടേയും വലിമാരുടേയും അധ്യാപനങ്ങൾ മനുഷ്യാവകാശങ്ങളുടേയും സ്വാതന്ത്ര്യങ്ങളു ടേയും നവീന ചിന്തകളുമായി താദാത്മ്യം പ്രാപിക്കാത്തതിനാൽ ചരിത്രത്തിന്റെ അന്ധകാരത്തിൽ വിനഷ്ടമായെന്നാണ്. മുസ്‌ലിം കൾ മതത്തെ തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാണെന്ന് മനസ്സി ലാക്കുന്നു. നൂറ്റാണ്ടുകളുടെ യാത്രയും പരിണാമങ്ങളുമൊക്കെ ഉ ണ്ടായിട്ടും അവരുടെ ഈ ചിന്താഗതി നിലനിന്നു പോരുന്നു. പ ക്ഷേ ഞങ്ങളാകട്ടെ മതത്തെ പ്രായോഗികമായിത്തന്നെ ജീവിത ത്തിൽ നിന്ന് അകറ്റി നിർത്തിയിരിക്കുന്നു. അതുകൊണ്ട് തന്നെ ഞങ്ങൾ ഇപ്പോൾ ക്രിസ്തുമതത്തിനെതിരിൽ ഇസ്‌ലാം എന്നല്ല മറിച്ച് പാശ്ചാത്യസംസ്കാരത്തിന്നെതിരിൽ ഇസ്‌ലാം എന്നാണ് പറയുന്നത്. ഈ അടിസ്ഥാനത്തിൽ, ഞങ്ങൾ ഞങ്ങളുടെ പ്രവാ

ചകന്മാരേയും അദ്ധ്യാപനത്തേയും പരിഹസിക്കുന്നുവെങ്കിൽ മറ്റ് മതങ്ങളെ എന്തുകൊണ്ട് പറ്റില്ല?

വീണ്ടും എഴുതുന്നു; ഈ നിലപാട് ഇത്രമാത്രം അകൃത്രിമമാണോ?

ഞാൻ ഓർക്കുകയാണ്, 10,12 വർഷം മുൻപ് ഒരു സിനിമ, Last Temptation of Christ ഇറങ്ങിയിരുന്നു. അതിൽ ഹദ്റത് ഈസാ(അ)നെ ആക്ഷേപകരമായ അവസ്ഥയിൽ കാണിച്ചതിനെത്തുടർന്ന് വലിയ ബഹളമുണ്ടായി. പാരീസിൽ ഒരാൾ ക്രുദ്ധനായി ഫിലിം കത്തിച്ചു. ഒരു ഫ്രഞ്ച് പൗരൻ കൊലചെയ്യപ്പെട്ടു. എന്താണ് ഇതിന്റെയൊക്കെ അർഥം? ഒരു ഭാഗത്ത് നമ്മുടെ ആളുകളിൽ പലർക്കും മതവികാരം അവഹേളിക്കപ്പെടുന്നത് സഹിക്കാൻ കഴിയുന്നില്ല. പക്ഷേ, ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ പേരിൽ നിന്ദാവഹമായ കാർട്ടൂണുകൾ പ്രസിദ്ധീകരിക്കുമ്പോൾ മുസ്ലിംകൾ സഹനം കൈക്കൊള്ളണമെന്ന് നാം അഭിലഷിക്കുകയും ചെയ്യുന്നു. ഇത് ശരിയായ നിലപാടാണോ? പത്രങ്ങൾക്കും ആവിഷ്കാരസ്വാതന്ത്ര്യത്തിനും മേൽ കടിഞ്ഞാണിടാൻ സാദ്ധ്യമല്ലെന്ന് പാശ്ചാത്യ മാർഗദർശകർ പറയുമ്പോൾ എനിക്ക് ചിരിയാണ് വരുന്നത്. പറയുന്നു; പ്രമാദമായ കാർട്ടൂണുകളിൽ ഇസ്ലാമിക പ്രവാചകനു പകരം ബോംബുഡിസൈനുള്ള തൊപ്പി ഏതെങ്കിലും യഹൂദറബ്ബി (പുരോഹിതൻ)യുടെ തലയിൽ കാണപ്പെട്ടാൽ, അതിൽ Anti Semististm ആന്റിസെമിസ്റ്റിസത്തിന്റെ (അതായത് യഹൂദ വിരുദ്ധതയുടെ) മണം വരുന്നുവെന്നും യഹൂദികളെ മതപരമായി വേദനിപ്പിക്കുന്നുവെന്നും പറഞ്ഞ് ബഹളമുണ്ടാകില്ലേ? ആവിഷ്കാരസ്വാതന്ത്രത്തിന്റെ പവിത്രതയാണ് കാര്യമെങ്കിൽ രണ്ടാം ലോകമഹായുദ്ധകാലത്ത് യഹൂദികളെ വംശഹത്യ വരുത്തിയില്ല എന്ന് പറയുന്നത് ഫ്രാൻസിലും ജർമനിയിലും ആസ്ട്രേലിയയിലും ചോദ്യം ചെയ്യുന്നത് എന്തുകൊണ്ടാണ് നിയമപരമായി കുറ്റമാകുന്നത്?

ഇത്തരം കാർട്ടൂണുകൾ പ്രസിദ്ധീകരിക്കുന്നതു കൊണ്ട് മുസ്ലിംകളിൽ മതപരിഷ്കരണത്തിനോ നീതിക്കോ സഹായിക്കുന്നവരെ പ്രോത്സാഹിപ്പിക്കാനും പ്രകാശമാനമായ ചിന്താഗതികളുടെ ചർച്ചകൾ പുരോഗതിപ്പെടുത്താനുമാണ് ആഗ്രഹിച്ചതെങ്കിൽ വളരെ കുറച്ചു പേർക്ക് മാത്രമേ ആക്ഷേപമുണ്ടാകുമായിരുന്നുള്ളൂ. എന്നാൽ ഈ കാർട്ടൂണുകൾ കൊണ്ട് ഇസ്ലാം ഒരു തീവ്രവാദമതമാ

ണെന്ന സന്ദേശം നൽകാനല്ലാതെ മറ്റെന്ത് ശ്രമമാണുണ്ടായത്? ഈ കാർട്ടൂണുകൾ നാലുപാടും കോപാഗ്നി പരത്തുകയല്ലാതെ എന്ത് ഗുണമാണ് ചെയ്തത്? (ജംഗ് ദിനപ്പത്രം 07.02.2006, പേജ്: 1..3)

ഏതായാലും മുസ്‌ലിംകളുടെ നിലപാടുകൾ കാരണവും ഇത്തരം നീക്കങ്ങൾക്ക് അവസരം ലഭിക്കുകയുണ്ടായി. എങ്കിലും ഇവരിലും യാഥാർഥ്യം തുറന്ന് പറയാൻ അറിയുന്ന മാന്യന്മാരുണ്ട്.

മുസ്‌ലിം നേതാക്കന്മാരുടെ തെറ്റായ പ്രതികരണം കാരണം അന്യർക്ക് ഇസ്‌ലാമിനെ അധിക്ഷേപിക്കാൻ അവസരം ലഭിക്കുന്നു.

ഞാൻ, വിവിധ രാജ്യങ്ങളിലുണ്ടായ പ്രതികരണങ്ങളുടെ അതായത്, മുസ്‌ലിംകളുടെ ഭാഗത്തു നിന്നും യൂറോപ്പിലെ സർക്കാർ പ്രതിനിധികളുടേയോ പത്രപ്രതിനിധികളുടേയോ ഭാഗത്തു നിന്നുമുള്ള അഭിപ്രായ പ്രകടനങ്ങളുടെ റിപ്പോർട്ടുകൾ വരുത്തിച്ചിട്ടുണ്ട്. അതിൽ അധികം പേരും പത്രത്തിന്റെ ഈ നീക്കത്തെ ഇഷ്ടപ്പെടാത്തവരാണ്. ഏതായാലും ഞാൻ പറഞ്ഞതു പോലെ, എവിടെയെങ്കിലും എപ്പോഴെങ്കിലും ഉണ്ടാകുന്ന വഴക്കുകളിൽ നിന്ന് ഇത്തരം ദുഷ്ചിന്താഗതിക്കാരുടെ മനസ്സിലെ അഴുക്കും ദൈവത്തിൽ നിന്നുള്ള വിദൂരതയും വ്യക്തമാക്കപ്പെടുന്നു. ഇസ്‌ലാമിനെതിരിലുള്ള വെറുപ്പും പക്ഷപാതവും വെളിപ്പെടുന്നു. എന്നാൽ ദൗർഭാഗ്യവശാൽ മുസ്‌ലിം നേതാക്കന്മാരുടെ തെറ്റായ പ്രതികരണം കാരണം അന്യർക്ക് ഇസ്‌ലാമിനെ അധിക്ഷേപിക്കാൻ അവസരം ലഭിക്കുന്നുവെന്നാണ് ഞാൻ പറയുക. ഈ കാര്യങ്ങൾ കൊണ്ട് പിന്നെ ഇവർ ചില രാഷ്ട്രീയ മുതലെടുപ്പും നടത്തുന്നു. മാത്രമല്ല പൊതു ജീവിതത്തിൽ മുസ്‌ലിംകളെന്ന് പറയപ്പെടുന്നവരുടെ പെരുമാറ്റം കാരണം ഭരണകൂടങ്ങൾ ബുദ്ധിമുട്ടുകയാണ്. ഉദാഹരണമായി, പണിയെടുക്കാതിരിക്കുക, അധികവും ഇവർ വീടുകളിൽ തന്നെ കഴിച്ചുകൂട്ടി social help വാങ്ങാൻ തുടങ്ങുന്നു. അതുമല്ലെങ്കിൽ അനുവദനീയമല്ലാത്ത കാര്യങ്ങൾ ചെയ്യുക, ടാക്സ് വെട്ടിക്കുക അങ്ങനെ പല തെറ്റായ പണികളും ചെയ്യുന്നു. ഈ സന്ദർഭം മുസ്‌ലിംകൾ സ്വയം ഉണ്ടാക്കുകയാണ്. തുടർന്ന് ജാഗ്രത്തായ ഈ സമൂഹങ്ങൾ അതിൽ നിന്ന് പ്രയോജനമെടുക്കുന്നു.

ചില സമയത്ത് അവരുടെ ഭാഗത്തു നിന്ന് അക്രമം ഉണ്ടാകാറുണ്ട്. പക്ഷേ മുസ്‌ലിംകളുടെ പ്രതികരണം കാരണം അവർ മർദ്ദിക്കപ്പെടു

ന്നവരായി മാറുന്നു. മുസ്‌ലിംകളെ മർദ്ദകരാക്കുകയും ചെയ്യുന്നു. ഒരു പക്ഷേ മുസ്‌ലിംകളിലെ ബഹുഭൂരിപക്ഷവും ഈ നശീകരണ പ്രവർത്തനങ്ങളെ നല്ലതായി ഗണിക്കുന്നില്ല എന്നതാണ് ശരി. പക്ഷേ നേതൃത്വമോ ദുഷ്‌പേര് ഉണ്ടാക്കുന്ന ചില കുഴപ്പക്കാരോ ദുഷ്‌പേര് വരുത്തിവെക്കുന്നു.

ഉദാഹരണമായി ഡന്മാർക്കിൽ നിന്നുള്ള ഒരു റിപ്പോർട്ടാണ്, അതിനു ശേഷം എന്തു സംഭവിച്ചു? പത്രം ഖേദം പ്രകടിപ്പിച്ചതിനു ശേഷം, ആ ഖേദപ്രകടനത്തെ മാനിക്കുകയും ഇസ്‌ലാമിന്റെ യഥാർഥ അദ്ധ്യാപനം അവരിലേക്ക് എത്തിക്കാൻ ഈ പ്രശ്നം സമാധാനപരമായ നിലയിൽ അവസാനിപ്പിക്കുകയും അക്രമമാർഗം ഉപേക്ഷിക്കുകയും വേണമെന്നാണ് ഡാനിഷ് ജനത പ്രതികരിച്ചത്. പിന്നെ ടി.വി.യിൽ പ്രോഗ്രാം വന്നുകൊണ്ടിരിക്കുന്നു. പറയുകയാണ്, രാജ്യത്തിന്റെ പതാക കത്തിച്ചു കൊണ്ടും എംബസിക്ക് തീ വെച്ചുകൊണ്ടും ഡന്മാർക്കിനെതിരിൽ പ്രതികരിക്കുന്നത് കണ്ട് ഇവിടെയുള്ള കുട്ടികൾ പേടിച്ചരണ്ടിരിക്കുകയാണ്. അവർ യുദ്ധഭീതിയിലാണ്. അവരെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇവിടെയുള്ള പൊതുജനങ്ങളും രാഷ്ട്രീയക്കാരും ഇതു കണ്ട് അനിഷ്ടം പ്രകടിപ്പിച്ചിരിക്കുന്നു. മുസ്‌ലിംകളുടെ മനസ് വേദനിപ്പിച്ചതിന് പകരമായി ഇവിടെയുള്ള (Firms ന്റെ) കമ്പനികളുടേയും വ്യവസായികളുടേയും ചെലവിൽ മുസ്‌ലിംകൾക്ക് ഒരു വലിയ മസ്ജിദ് നിർമിച്ചുകൊടുക്കാമെന്നും ഒരു പ്രതികരണം വന്നിട്ടുണ്ട്. കോപ്പൻഹേഗിലെ സുപ്രീം മേയർക്ക് ഈ അഭിപ്രായം ഇഷ്ടമായിരിക്കുന്നു. ഞാൻ പറഞ്ഞു വന്നതുപോലെ, മുസ്‌ലിംകളിലെ ബഹുഭൂരിപക്ഷവും ഖേദപ്രകടനം മാനിക്കണമെന്നാണ് പറയുന്നത്. എന്നാൽ അവരിലെ ഒരു നേതാവ്, അദ്ദേഹം 27 സംഘടനകളുടെ പ്രതിനിധിയാണ്, പറയുന്നു; പത്രം ഖേദം പ്രകടിപ്പിച്ചെങ്കിലും ഞങ്ങളുടെ മുന്നിൽ വന്ന് ഖേദപ്രകടനം നടത്തുകയാണെങ്കിൽ ഞങ്ങൾ എല്ലാ മുസ്‌ലിം രാഷ്ട്രങ്ങളിലും പോയി ഈ പദ്ധതി അവസാനിപ്പിക്കാൻ പറയാമെന്നാണ്. ഇസ്‌ലാമിന്റെ ഒരു ഭയാനക ചിത്രം ഉണ്ടാക്കാനാണ് ഇവർ ശ്രമിക്കുന്നത്. രഞ്ജിപ്പിന്റെ കൈ നീട്ടുന്നതിനു പകരം കുഴപ്പത്തിലേക്കാണ് ചായുന്നത്. ഈ കുഴപ്പങ്ങളുമായി അഹ്‌മദിയ്യാ ജമാഅത്തിന് യാതൊരു ബന്ധവുമില്ല. പക്ഷേ നമ്മുടെ മിഷനുകളിലേക്കും ഫോൺ

വരുന്നു. ഞങ്ങൾ അത് ചെയ്യും, ഇത് ചെയ്യും എന്നൊക്കെ പറഞ്ഞ് കൊണ്ടുള്ള ഭീഷണിക്കത്തുകളും ചില എതിരാളികളുടെ ഭാഗത്തു നിന്ന് വരുന്നുണ്ട്. അല്ലാഹു എല്ലാ ഭാഗത്തുമുള്ള ജമാഅത്തിന്റെ മസ്ജിദുകളേയും മിഷനുകളേയും സംരക്ഷിക്കുമാറാകട്ടെ. ഇവരുടെ ഉപദ്രവത്തിൽ നിന്ന് രക്ഷിക്കുമാറാകട്ടെ.

ചുരുക്കത്തിൽ തെറ്റായ പ്രതിഷേധമുണ്ടാകുമ്പോൾ മറുഭാഗത്തും തെറ്റായ പ്രതികരണമുണ്ടാകുന്നതാണ്. ഞാൻ പറഞ്ഞതു പോലെ ഇവർ തങ്ങളുടെ ചെയ്തിയിൽ മാപ്പു ചോദിച്ചിരിക്കുന്നു. തുടർന്ന് മുസ്‌ലിംകളുടെ പ്രതികരണം വെളിപ്പെടുമ്പോൾ ഇവർ അക്രമകാരികളായിരുന്നിട്ടു കൂടി -ഇവർ അക്രമമാണ് ചെയ്തത്, വളരെ തെറ്റായ ചുവടാണ് വെച്ചതും- ഇപ്പോൾ അക്രമിക്കപ്പെടുന്നവരായി മാറുന്നു. നോക്കുക, അവർ ഡന്മാർക്കിൽ മാപ്പു ചോദിച്ചു കൊണ്ടിരിക്കുന്നു. മുസ്‌ലിം നേതാക്കളാകട്ടെ വാശിയിലുമാണ്. ചുരുക്കത്തിൽ ഈ മുസ്‌ലിംകൾ ബുദ്ധി പ്രയോഗിക്കുകയും ബോധവാന്മാരാവുകയും പ്രതിഷേധരീതി മാറ്റുകയും വേണം.

## അഹ്മദികളുടെ പ്രതികരണ രീതി

ഞാൻ പറഞ്ഞതു പോലെ ഒരുപക്ഷേ, അല്ല തീർച്ചയായും ഈ നീക്കത്തിൽ നമ്മുടെ ഹൃദയമാണ് ഏറ്റവുമധികം വൃണപ്പെട്ടത്. പക്ഷേ നമ്മുടെ പ്രതിഷേധരീതി മറ്റൊന്നാണ്. ഇവിടെ ഞാൻ മറ്റൊരു കാര്യം കൂടി പറയട്ടെ, പതിവു പോലെ സമയാസമയങ്ങളിൽ ഇത്തരം വഴക്കുകൾ ഇവർ ഇനിയും ഉണ്ടാക്കുകയും മുസ്‌ലിംകളുടെ മനസ് വേദനിപ്പിക്കുന്ന എന്തെങ്കിലും നീക്കം നടത്തുകയും ചെയ്തേക്കാം. മുസ്‌ലിംകൾക്ക് മേൽ പ്രത്യേകിച്ചും പൗരസ്ത്യനാടുകളിൽ നിന്നും ഇന്തോ പാക് ഉപഭൂഖണ്ഢത്തിൽ നിന്നും വരുന്ന മുസ്‌ലിംകൾക്ക് മേൽ ഈ കാരണം പറഞ്ഞ് നിയമപരമായി തടസം ഉണ്ടാക്കാനുള്ള ശ്രമവും ഇതിന്റെ പിന്നിലുള്ള ഒരു ലക്ഷ്യമായിരിക്കാം. ഏതായിരുന്നാലും ഇവർ തടസങ്ങൾ ഉണ്ടാക്കിയാലും ഇല്ലെങ്കിലും നമുക്ക് നമ്മുടെ നിലപാടുകൾ ഇസ്‌ലാമിക മൂല്യങ്ങൾക്കും പാഠങ്ങൾക്കും അനുസൃതമായി പരുവപ്പെടുത്തുകയും രൂപപ്പെടുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു.

ഇസ്‌ലാമിനും തിരുനബി(സ)നും എതിരിൽ തുടക്കം മുതൽ തന്നെ ഗൂഢാലോചന നടന്നു വരുന്നതായി ഞാൻ പറഞ്ഞിരുന്നു.

പക്ഷേ അല്ലാഹുവാണ് അതിനെ സംരക്ഷിക്കുന്നത്, വാഗ്ദാനമുള്ളതു കൊണ്ട് അവൻ സംരക്ഷിച്ചു പോരുകയും ചെയ്യുന്നു. എല്ലാ എതിർ ശ്രമങ്ങളും പരാജയപ്പെടുകയും ചെയ്യുന്നു.

## വാഗ്ദത്തമഹ്ദീ മസീഹാണ് ഇസ്‌ലാമിനും തിരുനബി(സ)നും എതിരിലുള്ള ഗൂഢാലോചനയെ പ്രതിരോധിക്കുക

ഇക്കാലഘട്ടത്തിൽ അല്ലാഹു, ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ നിയോഗിച്ചത് ഈ ലക്ഷ്യസാധ്യത്തിനു വേണ്ടിയാണ്. മാത്രമല്ല ഈ കാലത്ത് റസൂൽ തിരുമേനി(സ)ന്റെ അസ്തിത്വത്തിനു മേൽ ആക്രമണങ്ങൾ ഉണ്ടായപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഉം ശേഷം അവിടത്തെ അദ്ധ്യാപനമനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ഖലീഫമാരും ജമാഅത്തിന് വഴികാട്ടുകയും പ്രതിഷേധം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പിന്നീട് വെളിപ്പെട്ട അതിന്റെ ഫലപ്രാപ്തിയുടെ ഒന്ന് രണ്ട് ഉദാഹരണം സമർപ്പിക്കാം. അങ്ങനെ, ഹർത്താലുകൾ ചെയ്യാതേയും അതിൽ ഭാഗഭാക്കാകാതേയും നമ്മൾ, തിരുനബി(സ)ന്റെ അസ്തിത്വത്തെ അധിക്ഷേപിക്കുന്നതിൽ യാതൊരു വേദനയുമില്ലാത്തവരാണെന്ന് തെളിയിക്കുന്നുവെന്ന ആരോപണമുന്നയിക്കുന്നവർക്ക് അഹ്മദികളുടെ പ്രവർത്തനങ്ങൾ വ്യക്തമാകുന്നതാണ്.

റസൂൽ തിരുമേനി(സ)ന്റെയും അദ്ധ്യാപനവും മാതൃകയും വിശുദ്ധഖുർആന്റെ പാഠങ്ങളും പ്രശോഭിതമാകുന്ന തരത്തിലാണ് നമ്മുടെ പ്രതികരണം ഉണ്ടായിട്ടുള്ളതും ഉണ്ടാകേണ്ടതും. റസൂൽ തിരുമേനി(സ)ന്റെ അസ്തിത്വത്തിനു മേൽ മോശമായ ആക്രമണങ്ങൾ ഉണ്ടാകുന്നതു കാണുമ്പോൾ നശീകരണ പ്രവർത്തനങ്ങൾ ചെയ്യുന്നതിനു പകരം അല്ലാഹുവിന്റെ സവിധത്തിൽ കുനിഞ്ഞുകൊണ്ട് അവനോട് സഹായം തേടുന്നവരായി നാം മാറുന്നതാണ്. ഇനി ഞാൻ റസൂൽ തിരുമേനി(സ)ന്റെ സത്യസന്ധനായ പ്രേമി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവാചകസ്നേഹത്തിന്റെ അഭിമാനം പ്രകടമാകുന്ന രണ്ട് ഉദാഹരണങ്ങൾ സമർപ്പിക്കാം.

ആദ്യത്തെ ഉദാഹരണം ക്രിസ്ത്യാനിയായ അബ്ദുല്ലാഹ് ആഥിമുമായി ബന്ധപ്പെട്ടതാണ്.ഇയാൾ തന്റെ ഗ്രന്ഥത്തിൽ തിരുനബി(സ)നെ സംബന്ധിച്ച്, തന്റെ അങ്ങേയറ്റം ദുഷിച്ച മനസ് വെളിപ്പെടുത്തി

ക്കൊണ്ട് ദജ്ജാൽ എന്ന പദം നഊദുബില്ലാഹ് പ്രയോഗിച്ചിട്ടുണ്ട്. ആ സമയത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)മായി ഇസ്ലാമും ക്രിസ്തുമതവും സംബന്ധിച്ച് ഒരു സംവാദം നടന്നിരുന്നു, ഒരു ചർച്ച നടക്കുന്നുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുകയാണ്, ഞാൻ പതിനഞ്ച് ദിവസത്തോളം വാദപ്രതിവാദത്തിൽ മുഴുകിയിരുന്നു, ചർച്ച നടക്കുകയായിരുന്നു. ഞാൻ രഹസ്യമായി ആഥിമിന് ശിക്ഷ ലഭിക്കാൻ പ്രാർഥിച്ചു കൊണ്ടിരുന്നു. അതായത് അയാൾ ഉപയോഗിച്ച പദത്തിന് അയാൾ പിടിക്കപ്പെടാൻ വേണ്ടി. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു; ചർച്ച അവസാനിച്ചപ്പോൾ ഞാൻ അയാളോട് പറഞ്ഞു, ഒരു ചർച്ച അവസാനിച്ചിരിക്കുന്നു. പക്ഷേ അല്ലാഹുവിൽ നിന്നുള്ള മറ്റൊരു തരത്തിലുള്ള മത്സരം ബാക്കിയാണ്. അതായത് താങ്കൾ താങ്കളുടെ ഗ്രന്ഥമായ 'അന്ത്രൂനയെ ബൈബിളി'ൽ ഞങ്ങളുടെ നബി(സ)നെ ദജ്ജാൽ എന്ന പേരിൽ സംബോധന ചെയ്തിരിക്കുന്നു. ഞാൻ തിരുനബി(സ)നെ സത്യസന്ധനും സത്യവാനുമായി മനസിലാക്കുകയും ഇസ്ലാം ദീൻ അല്ലാഹുവിൽ നിന്നാണെന്ന് ദൃഢമായും വിശ്വസിക്കുകയും ചെയ്യുന്നു. ആയതിനാൽ ഈ യുദ്ധത്തിൽ ആകാശീയ വിധി തീർപ്പ് കൽപ്പിക്കുന്നതാണ്. നാം രണ്ടു പേരിൽ ആരാണോ തന്റെ പ്രസ്താവനയിൽ കള്ളനും അന്യായമായി തിരുനബിയെ കള്ളനെന്നും ദജ്ജാലെന്നും പറയുകയും സത്യത്തിന്റെ ശത്രുവുമായിട്ടുള്ളത് അയാൾ സത്യത്തിലേക്ക് തിരിയാത്ത പക്ഷം അതായത് വിശ്വസ്തനും സത്യസന്ധനുമായ നബിയെ ദജ്ജാൽ എന്ന് പറയുന്നതിൽ നിന്ന് പിന്മാറുകയും ദ്രോഹവും ദുർനാക്കും ഉപേക്ഷിക്കുകയും ചെയ്യുന്നില്ലെങ്കിൽ ഇന്നു മുതൽ 15 മാസത്തിനകം സത്യവാന്റെ ജീവിതകാലത്തിനുള്ളിൽ ഹാവിയ (അഗ്നി കുണ്ഠം) യിൽ വീഴ്ത്തപ്പെടുമെന്നതാണ് ആ ദൈവിക വിധി. ഇതു പറയാനുള്ള കാരണം, കേവലം മതനിരാസം, ഈ ലോകത്ത് ശിക്ഷാർഹമല്ല. മറിച്ച് ദ്രോഹവും ഗർവും ദുർനാക്കുമാണ് ശിക്ഷാർഹമായിത്തീരുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു; ഞാൻ ഇതു പറഞ്ഞപ്പോൾ അയാൾ വിവർണനാവുകയും മുഖം ചുവന്നുതുടുക്കുകയും കൈ വിറക്കാൻ തുടങ്ങുകയും ചെയ്തു. അപ്പോൾ ഉടൻ തന്നെ അയാൾ, ഭയചകിതനായ കുറ്റവാളി കുറ്റം ശക്തമായി നിഷേധിച്ചു കൊണ്ട് പശ്ചാത്തപിക്കുകയും വിനയാന്വിതനായി സ്വയമേവ വെളി

പ്പെടുത്തുകയും ചെയ്യുന്നതുപോലെ തന്റെ നാവ് പുറത്തേക്കിടുകയും ഇരുകൈകളും കാതുകളിൽ പിടിച്ച് തലയോടൊപ്പം കൈകൾ ഇളക്കാനും തുടങ്ങി. മാത്രമല്ല തൗബ,തൗബ ഞാൻ അനാദരവും മര്യാദക്കേടും കാണിച്ചിട്ടില്ല എന്ന് കൂടെക്കൂടെ പറയുന്നുമുണ്ടായിരുന്നു. പിന്നെ അതിനു ശേഷവും അയാൾ ഇസ്‌ലാമിനെതിരിൽ ഒന്നും പറഞ്ഞിട്ടില്ല.

ഇങ്ങനെയായിരുന്നു തിരുനബിയുടെ അഭിമാനം കാക്കുന്ന ദൈവികസിംഹത്തിന്റെ പ്രതികരണം.

ഇനി മറ്റൊരാൾ ലേഖ്റാം ആയിരുന്നു, അയാൾ തിരുനബി(സ)യെ തെറിവിളിച്ചിരുന്നു. അയാളെ ഈ ദുർഭാഷണത്തിൽ നിന്ന് പിന്തിരിപ്പിക്കാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ) ശ്രമിച്ചുകൊണ്ടിരുന്നു. അയാൾ പിന്മാറിയില്ല. അവസാനം ആ മഹാത്മാവ് ദു:ആ ചെയ്യുകയും അല്ലാഹു അയാളുടെ വേദനാജനകമായ മരണത്തെക്കുറിച്ച് അറിയിപ്പ് നൽകുകയും ചെയ്തു. ഇതു സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നബിതിരുമേനി(സ)നെ തെറിപറയുകയും മോശമായ വാക്കുകൾ ഉപയോഗിക്കുകയും ചെയ്യുന്ന അല്ലാഹുവിന്റേയും റസൂലിന്റേയും ശത്രുവായ ലേഖ്റാമിനെക്കുറിച്ച് എന്നോട് വാഗ്ദാനം നൽകുകയും എന്റെ പ്രാർഥന കേൾക്കുകയും ചെയ്തു. ഞാൻ അയാൾക്കെതിരിൽ ശാപപ്രാർഥന ചെയ്തപ്പോൾ അയാൾ 6 വർഷത്തിനകം നശിപ്പിക്കപ്പെടുമെന്ന് ദൈവം എന്നെ സുവാർത്ത അറിയിച്ചു. സത്യമതത്തെ അന്വേഷിക്കുന്നവർക്ക് ഇത് അടയാളമായിരിക്കും. ഏതായാലും അത് അങ്ങനെ തന്നെ സംഭവിച്ചു. അയാൾ ദാരുണമായി മരണപ്പെട്ടു.

## തിരുനബി(സ)ന്റെ ഉത്തമ മാതൃക ലോകത്തിനു മുന്നിൽ സമർപ്പിക്കുക

ഈ രീതി തന്നെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് പഠിപ്പിച്ചു തന്നിട്ടുള്ളത്. ഇത്തരം പ്രവർത്തനങ്ങൾ ചെയ്യുന്നവർക്ക് മനസ്സിലാക്കി കൊടുക്കുക. തിരുനബി(സ)ന്റെ സൗന്ദര്യം വിവരിക്കുക. ലോകത്തിന്റെ കണ്ണുകളിൽ നിന്ന് മറഞ്ഞിരിക്കുന്ന ഭംഗിയുള്ളതും പ്രകാശമാനമായതുമായ ഭാഗങ്ങളെക്കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തുക. അല്ലാഹു ഇത്തരം പ്രവർത്തികൾ ചെയ്യുന്നവരെ പിന്തിരിപ്പിക്കാനും അല്ലെങ്കിൽ സ്വയം തന്നെ പിടികൂടാനും

പ്രാർഥിക്കുക. പിടിക്കുന്നതിന്ന് അല്ലാഹുവിന് അവന്റേതായ വഴികളുണ്ട്. ഏതു വിധത്തിൽ പിടികൂടണമെന്നും അവന് നന്നായി അറിയാം.

രണ്ടാം ഖിലാഫത്ത് കാലത്ത് രങ്കീലാ റസൂൽ എന്ന പേരിൽ വളരെ വൃത്തികെട്ട ഒരു പുസ്തകം രചിക്കപ്പെടുകയുണ്ടായി. തുടർന്ന് വർത്തമാൻ എന്ന പത്രം വളരെ മോശമായ ഒരു ലേഖനം പ്രസിദ്ധീകരിച്ചു. അതേ തുടർന്ന് ഇന്ത്യയിലെ മുസ്‌ലിംകൾ കോപാകുലരായി. എങ്ങും അനിയന്ത്രിതമായ വികാരവും പ്രതിഷേധവും ഉണ്ടായി.

അതിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) മുസ്‌ലിംകളെ സംബോധന ചെയ്തു കൊണ്ട് പറഞ്ഞു: സഹോദരന്മാരേ! വേദനാ നിർഭരമായ മനസുമായി ഞാൻ വീണ്ടും നിങ്ങളോട് പറയട്ടെ; കലഹിക്കുന്നവനല്ല യോദ്ധാവ്, അവൻ ഭീരുവാണ്. കാരണം അവൻ തന്റെ മാനസികേച്ഛക്ക് അടിപ്പെട്ടവനാണ്. (ഇത് വാസ്തവത്തിൽ കോപം അടക്കുന്നവനാണ് യഥാർഥ യോദ്ധാവ് എന്ന ഹദീസിന്റെ അടിസ്ഥാനത്തിലാണ്, അദ്ദേഹം പറയുന്നു) ''യോദ്ധാവ് ഒരു സ്ഥായിയായ തീരുമാനം എടുക്കുന്നു, അത് പൂർത്തിയാകുന്നത് വരെ അതിൽ നിന്ന് പിന്മാറുന്നതല്ല. അദ്ദേഹം പറയുന്നു; ഇസ്‌ലാമിന്റെ പുരോഗതിക്കു വേണ്ടി മൂന്ന് കാര്യങ്ങളുടെ ശപഥം ചെയ്യുക. ആദ്യത്തെ കാര്യം, നിങ്ങൾ ദൈവത്തെ ഭയന്നു കൊണ്ടേ പ്രവർത്തിക്കുകയുള്ളൂവെന്നും മതത്തെ അഗണ്യമായി കാണുകയില്ലെന്നുമുള്ളതാണ്. ആദ്യം സ്വന്തം കർമങ്ങൾ നന്നാക്കണം.

രണ്ടാമത്തേത്, ഇസ്‌ലാമിന്റെ പ്രചാരണത്തിൽ പൂർണമായും താൽപര്യം പ്രകടിപ്പിക്കുക. ഇസ്‌ലാമിന്റെ അദ്ധ്യാപനവും തിരുനബി(സ)ന്റെ മേന്മയും നന്മ നിറഞ്ഞ സുന്ദരജീവിതവും മാതൃകയും ലോകത്തുള്ള എല്ലാവർക്കും അറിയുമാറാകണം.

മൂന്ന്, നിങ്ങൾ, മുസ്‌ലിംകളെ സാംസ്കാരികവും സാമ്പത്തികവുമായ അടിമത്വത്തിൽ നിന്ന് മോചിപ്പിക്കാൻ പൂർണമായും പരിശ്രമിക്കേണ്ടതാണ്. (അൻവാറുൽ ഉലൂം ഭാഗം:9, പേജ്:555,556)

ഇനി സാധാരണക്കാരും നേതാക്കന്മാരുമായ ഓരോ മുസ്‌ലിമിനും ഉത്തരവാദിത്വമുണ്ട്. നോക്കുക, സ്വതന്ത്രരെന്ന് പറയപ്പെടുന്ന സ്വതന്ത്ര മുസ്‌ലിം രാഷ്ട്രങ്ങൾ, സ്വാതന്ത്ര്യമുണ്ടായിട്ടു കൂടി ഇപ്പോഴും

സാംസ്കാരിക സാമ്പത്തിക അടിമത്വത്തിന്റെ ഇരകളാണ്. പാശ്ചാത്യസമൂഹങ്ങളോട് കൃതജ്ഞതയുള്ളവരും അവരെ അനുകരിക്കുന്നതിൽ നിമഗ്നരുമാണ്. സ്വയം പണിയൊന്നും ചെയ്യില്ല, അധികവും അവരിലാണ് നമ്മുടെ ആശ്രയം. അതുകൊണ്ടുതന്നെ ഇവർ സന്ദർഭാനുസരണം മുസ്ലിംകളുടെ വികാരത്തെക്കൊണ്ട് കളിക്കുകയും ചെയ്യുന്നു.

പിന്നീട് അദ്ദേഹം സീറത്തുന്നബി(സ)..(നബിചരിത) സമ്മേളനങ്ങൾക്ക് ആരംഭം കുറിച്ചു. ഇതാണ് പ്രതിഷേധത്തിന്റെ മാർഗം. അല്ലാതെ നാശനഷ്ടങ്ങൾ വരുത്തുകയും കുഴപ്പമുണ്ടാക്കുകയുമല്ല. ഈ കാര്യങ്ങളിൽ അദ്ദേഹം മുസ്ലിംകളെ സംബോധന ചെയ്തതിൽ ഏറ്റവും അധികം അഹ്മദികളാണ് സംബോധിതർ.

ഈ രാജ്യങ്ങളിലെ ചില തെറ്റായ സമ്പ്രദായങ്ങൾ അനുഭവവേദിതമാകാത്ത വിധം നമ്മുടെ ചില കുടുംബങ്ങളിൽ പ്രവേശിച്ചു കൊണ്ടിരിക്കുന്നു. ഞാൻ അഹ്മദികളോട് പറയട്ടെ, നിങ്ങളും സംബോധിതരാണ്. അവരുടെ സംസ്കാരത്തിന്റെ നല്ല കാര്യങ്ങൾ സ്വീക രിച്ചു കൊള്ളുക. പക്ഷെ തെറ്റായ കാര്യങ്ങളിൽ നിന്ന് രക്ഷപ്പെടു കയും വേണം. നശീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനു പകരം നാം സ്വയം വിലയിരുത്തുന്നതിലേക്ക് ശ്രദ്ധിക്കുന്നതായിരി ക്കണം നമ്മുടെ Reaction. നമ്മുടെ കർമങ്ങൾ എന്താണ്, നമുക്കുള്ളിൽ എത്രമാത്രം ദൈവഭയമുണ്ട്, അവന്റെ ആരാധനയിൽ എത്ര ശ്രദ്ധയുണ്ട്, ദീനീകൽപ്പനകൾ പ്രാവർത്തികമാക്കുന്നതിൽ എത്ര ശുഷ്കാന്തിയുണ്ട്, ദൈവികസന്ദേശം (മറ്റുള്ളവരിലേക്ക്) എത്തിക്കുന്നതിൽ എത്ര താൽപര്യമുണ്ട് എന്നിത്യാദി കാര്യങ്ങൾ നാം ശ്രദ്ധിക്കണം.

നാലാം ഖിലാഫത്ത് കാലത്ത് റുഷ്ദി വളരെ നിന്ദാവഹമായ ഒരു ഗ്രന്ഥം എഴുതിയിരുന്നു. ആ സമയത്ത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഖുത്ബകളും നൽകിയിരുന്നു, ഒരു ഗ്രന്ഥവും എഴുതിപ്പിച്ചിരുന്നു. ഞാൻ പറഞ്ഞു വന്നതുപോലെ ഈ നീക്കങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. കഴിഞ്ഞ വർഷത്തിന്റെ ആരംഭത്തിലും തിരുനബി(സ)ന്റെ ജീവിതത്തെക്കുറിച്ച് ഒരു വിഷയം വന്നിരുന്നു. അന്ന് ഞാൻ, ലേഖനങ്ങൾ എഴുതാനും കത്തുകൾ എഴുതാനും ബന്ധം വിശാലമാക്കാനും ജമാഅത്തിന്റേയും പോഷക ഘടകങ്ങളുടേയും ശ്രദ്ധ ക്ഷണിച്ചിരുന്നു. തിരുനബി(സ)ന്റെ ജീവിതത്തിലെ മേന്മകളും നന്മകളും വിവരിക്കുക. ഇത് തിരുനബി ചരിത്രത്തി

ന്റെ സൗന്ദര്യങ്ങൾ പ്രദർശിപ്പിക്കേണ്ട പ്രശ്നമാണ്. അത് നശീകരണത്തിലൂടെ ലഭിക്കുന്നതല്ല. അതുകൊണ്ട് എല്ലാ വിഭാഗത്തിലുമുള്ള അഹ്മദികൾ എല്ലാ രാജ്യത്തും വിദ്യാസമ്പന്നരും ചിന്താശീലരുമായ മുസ്ലിംകളെയും കൂട്ടുക, നിങ്ങളും ഇതുപോലെ സമാധാനപരമായി പ്രതികരിക്കുകയും തങ്ങളുടെ ബന്ധങ്ങൾ വിശാലമാക്കുകയും എഴുതുകയുമാണെങ്കിൽ എല്ലാ രാജ്യത്തും എല്ലാ തലത്തിലും ന്യായപൂർത്തിവരുന്നതാണ്. പിന്നെ എന്തെങ്കിലും ചെയ്താൽ അവരുടെ കാര്യം അല്ലാഹുവുമായിട്ടാണ്.

അല്ലാഹു നബിതിരുമേനി(സ)നെ റഹ്മത്തുല്ലിൽ ആലമീൻ ആയിട്ടാണ് നിയോഗിച്ചിട്ടുള്ളത്. പറയുന്നു: وَمَآ اَرْسَلْنٰكَ اِلَّا رَحْمَةً لِّلْعٰلَمِيْنَ നാം നിന്നെ ലോകത്തിനു മുഴുവനും കാരുണ്യമായിട്ടല്ലാതെ അയച്ചിട്ടില്ല. (21:108) തിരുമേനിയേക്കാളും വലിയ അസ്തിത്വം, കാരുണ്യം വിതരണം ചെയ്യുന്ന അസ്തിത്വം മുമ്പൊരിക്കലും ജനിച്ചിട്ടില്ല, ഇനി ജനിക്കാൻ സാദ്ധ്യവുമല്ല. അതേ തിരുനബിയുടെ മാതൃകയാണ് ശാശ്വതമായി നിലനിൽക്കുന്നത്, അതിൽ ചരിക്കാൻ ഓരോ മുസ്ലിമും ശ്രമിക്കേണ്ടതാണ്. ഇക്കാര്യത്തിലും ഭാരിച്ച ഉത്തരവാദിത്വം അഹ്മദികളായ നമുക്ക് മേൽ തന്നെയാണ് വന്നു ചേരുന്നത്. ചുരുക്കത്തിൽ തിരുനബി(സ) റഹ്മത്തുല്ലിൽ ആലമീൻ ആണ്. പക്ഷേ ഇവർ സമർപ്പിക്കുന്ന ചിത്രത്തിൽ നിന്ന് ഭയാനകമായ രൂപമാണ് വെളിപ്പെടുന്നത്. നാം തിരുനബി(സ)യുടെ സ്നേഹത്തിന്റേയും കാരുണ്യത്തിന്റേയും മാതൃക ലോകത്തിന് മനസ്സിലാക്കി കൊടുക്കേണ്ടതാണ്. ഇതു പറഞ്ഞുകൊടുക്കാൻ മുസ്ലിംകൾക്ക് തങ്ങളുടെ നിലപാടുകളും മാറ്റേണ്ടി വരുന്നതാണ്. തീവ്രവാദത്തിന്റെ പ്രശ്നം തന്നെ ഉദിക്കുന്നില്ല. മദീനയിൽ വന്ന് യുദ്ധം അടിച്ചേൽപ്പിക്കുന്നതു വരേയും തിരുനബി(സ) എപ്പോഴും യുദ്ധത്തിൽ നിന്ന് ഒഴിയാനാണ് ശ്രമിച്ചിരുന്നത്. തുടർന്ന് ദൈവിക അനുമതിയോടുകൂടി പ്രതിരോധ യുദ്ധം ചെയ്യേണ്ടതായി വന്നു. പക്ഷേ അവിടേയും എന്തായിരുന്നു കൽപ്പന,

وَقَاتِلُوْا فِيْ سَبِيْلِ اللّٰهِ الَّذِيْنَ يُقَاتِلُوْنَكُمْ وَلَا تَعْتَدُوْا ۭ اِنَّ اللّٰهَ لَا يُحِبُّ الْمُعْتَدِيْنَ ١٩١

അതായത്, അല്ലയോ മുസ്ലിംകളേ! നിങ്ങളോട് യുദ്ധം ചെയ്യുന്നവരോട് നിങ്ങളും അല്ലാഹുവിന്റെ മാർഗത്തിൽ പൊരുതുക. പക്ഷേ അതിക്രമം കാണിക്കരുത്. തീർച്ചയായും അല്ലാഹു അതിക്രമം കാണിക്കുന്നവരെ ഇഷ്ടപ്പെടുന്നില്ല. (2:191)

തിരുനബി(സ), തനിക്കുമേൽ അവതരിക്കുന്ന ശരീഅത്ത് അനുസരിച്ച് ഏറ്റവുമധികം പ്രവർത്തിച്ചിരുന്ന ആളായിരുന്നു. തിരുമേനിയെക്കുറിച്ച് ഔചിത്യമില്ലാത്ത ചിന്താഗതി പ്രകടിപ്പിക്കുന്നത് വലിയ അക്രമമാണ്. ഏതായാലും പറഞ്ഞതുപോലെ ഇവർ മാപ്പ് ചോദിച്ചിരിക്കുന്നു. അവരിൽ ഒരാൾ മാപ്പപേക്ഷിക്കുകയും തുറന്ന് പ്രഖ്യാപിക്കുകയും ചെയ്തുവെന്ന് നമ്മുടെ മുബല്ലിഗിന്റെ റിപ്പോർട്ട് ഉണ്ടായിരുന്നു.

## കാർട്ടൂൺ പ്രചാരണത്തിനെതിരെ അഹ്മദിയ്യാ ജമാഅത്തിന്റെ സത്വര നടപടി

മറ്റ് മുസ്‌ലിംകളുടെ ആവേശം ഹർത്താലുകൾ നടത്തുന്നതിലും തച്ചുതകർക്കുന്നതിലുമാണ്. കാരണം നാശനഷ്ടം വരുത്തുകയും ഹർത്താലുകൾ നടത്തുകയും മാത്രമാണ് അവരുടെ പ്രതികരണം. എന്നാൽ ഈ സംഭവത്തിനു ശേഷം വെളിപ്പെടേണ്ടിയിരുന്ന സത്വര പ്രതികരണമാണ് അഹ്മദിയ്യാ ജമാഅത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായത്. അഹ്മദികൾ ഉടൻ തന്നെ പത്രക്കാരുമായി ബന്ധപ്പെട്ടു. ഇത് 2006 ഫെബ്രുവരിയിൽ ഹർത്താലുകൾ നടക്കുമ്പോഴത്തെ സംഭവമല്ല. ഇത് കഴിഞ്ഞ വർഷത്തെ കാര്യമാണ്. സെപ്തംബറിൽ ഈ നീക്കമുണ്ടായ സമയത്ത് നാം എന്തായിരുന്നു ചെയ്തത്, ഞാൻ പറഞ്ഞതുപോലെ ഇത് സെപ്തംബറിലേയോ ഒക്ടോബർ തുടക്കത്തിലേയോ കാര്യമാണ്. അന്ന് ഉടൻ തന്നെ നമ്മുടെ മുബല്ലിഗ് വിശദമായ ഒരു ലേഖനം തയ്യാറാക്കി, കാർട്ടൂൺ പ്രസിദ്ധീകരിച്ച പത്രത്തിന് അയച്ചു കൊടുത്തു. കാർട്ടൂൺ പ്രസിദ്ധീകരിച്ചതിൽ പ്രതിഷേധമറിയിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അദ്ധ്യാപനങ്ങളെക്കുറിച്ച് അവരോട് പറഞ്ഞു; ഇത്തരത്തിലാണ് ഞങ്ങളുടെ പ്രതിഷേധം, ഞങ്ങൾ ജാഥ നടത്തുകയൊന്നുമില്ല. പക്ഷേ ഞങ്ങൾ നിങ്ങളുമായി തൂലികകൊണ്ട് സമരം ചെയ്യുന്നതാണ്. കാർട്ടൂൺ പ്രസിദ്ധീകരിച്ചതിനെ ഞങ്ങൾ അപലപിക്കുന്നു. അവരോട് പറഞ്ഞു: ആവിഷ്കാര സ്വാതന്ത്ര്യം ആകാം എന്നാൽ അതിന്റെ അർഥം മറ്റുള്ളവരുടെ മനസ് വേദനിപ്പിക്കുക എന്നല്ല. ഏതായാലും അതിന് ഫലവത്തായ പ്രതികരണമാണുണ്ടായത്. പത്രത്തിനു കൊടുത്ത ലേഖനം പത്രം പ്രസിദ്ധീകരിക്കുകയുണ്ടായി. ഡാനിഷ് ജനതയുടെ ഭാഗത്തു നിന്ന് വളരെ നല്ല പ്രതികരണമാണുണ്ടായത്. നമ്മുടെ ലേഖനം വളരെയധികം ഇഷ്ടപ്പെട്ടതായി അവർ ഫോ

ണും കത്തുകളും മുഖേന അറിയിക്കുകയുണ്ടായി. തുടർന്ന് ജർണലിസ്റ്റ് യൂണിയന്റെ പ്രസിഡണ്ടിന്റെ ഭാഗത്തു നിന്ന് ഒരു മീറ്റിംഗിൽ പങ്കെടുക്കാൻ ക്ഷണം ലഭിക്കുകയുണ്ടായി. അവിടെ പോവുകയും വിശദമായി സംസാരിക്കുകയുമുണ്ടായി; നിങ്ങളുടെ നിയമം അനുമതി നൽകുന്നുവെന്നത് ശരി തന്നെ, പക്ഷേ അതിന്റെ അർഥം മറ്റുള്ളവരുടെ മതഗുരുക്കന്മാരേയും ബഹുമാനാർഹരായ വ്യക്തിത്വങ്ങളേയും മോശമായി വീക്ഷിക്കുകയും അവഹേളിക്കുകയും ചെയ്യുക എന്നല്ല. ഇവിടെ മുസ്‌ലിംകളും ക്രിസ്ത്യാനികളും ഈ സമൂഹത്തിൽ ഒന്നിച്ച് ജീവിക്കുന്നവരാണ്. ഏതായാലും അവരുടെ വികാരങ്ങളെ പരിഗണിക്കേണ്ടത് അനിവാര്യമാണ്. കാരണം അതുകൂടാതെ സമാധാനം സ്ഥാപിക്കാൻ സാദ്ധ്യമല്ല.

തിരുനബി(സ)ന്റേത് എത്രമാത്രം മനോഹരമായ അദ്ധ്യാപനമാണെന്നും എങ്ങനെയുള്ള മാതൃകയാണെന്നും തിരുനബി എത്ര ഉന്നതമായ സ്വഭാവവൈശിഷ്ട്യത്തിന് ഉടമയായിരുന്നുവെന്നും ജനങ്ങളോട് എത്ര സഹാനുഭൂതിയുള്ള ആളായിരുന്നുവെന്നും ദൈവ സൃഷ്ടികളോട് എങ്ങനെയുള്ള അനുകമ്പയായിരുന്നുവെന്നും, നബി(സ) സഹാനുഭൂതിയുടേയും വാത്സല്യത്തിന്റേയും പ്രതിരൂപമായിരുന്നുവെന്നും അവരോട് പറഞ്ഞു. ചില സംഭവങ്ങൾ കേൾപ്പിച്ചുകൊണ്ട് അവരോട് ചോദിച്ചു; ഇത്തരം അദ്ധ്യാപനങ്ങളും കർമങ്ങളും ഉള്ള ഒരാളെ പറ്റി ഇങ്ങനെ കാർട്ടൂൺ വരക്കുന്നത് അനുവദനീയമാണോ? നമ്മുടെ മിഷണറി പറഞ്ഞ ഈ കാര്യങ്ങൾ അവർ ഇഷ്ടപ്പെടുകയും പ്രശംസിക്കുകയുമുണ്ടായി.

ഇത്തരം മീറ്റിംഗ് നേരത്തെ നടന്നിരുന്നുവെങ്കിൽ ആ കാർട്ടൂൺ വരക്കില്ലായിരുന്നുവെന്നും ഇപ്പോഴാണ് ഇസ്‌ലാമിക അദ്ധ്യാപന ങ്ങൾ മനസ്സിലായതെന്നും ഒരു കാർട്ടൂണിസ്റ്റ് തുറന്ന് പറയുകയുണ്ടായി.
ഏതായിരുന്നാലും സംഭാഷണങ്ങൾ (Dialogue) തുടർന്നുകൊണ്ടിരിക്കണമെന്ന് എല്ലാവരും പറയുകയുണ്ടായി.

യൂണിയൻ പ്രസിഡന്റ് ഇറക്കിയ പ്രസ് റിലീസിന്റെ കരട് അവിടെ കേൾപ്പിക്കുകയുണ്ടായി. ടി.വി.യിൽ വന്ന ഇന്റർവ്യൂവും വളരെ നല്ലതായിരുന്നു. പിന്നെ മന്ത്രിയുമായി കൂടിക്കാഴ്ച നടത്തുകയുണ്ടായി. ചുരുക്കത്തിൽ ജമാഅത്ത് പരിശ്രമിക്കുന്നുണ്ട്. മറ്റ് രാജ്യങ്ങളിലും ഇങ്ങനെ ചെയ്തിട്ടുണ്ട്. ഏതായാലും എവിടെയാണോ ഇതിന് ആരംഭമുണ്ടായത് അവിടെ ജമാഅത്ത് ഒരുപാട് പ്രവർത്തിച്ചിട്ടുണ്ട്.

ഈ കാർട്ടൂൺ ഉണ്ടാകാനുള്ള കാരണം ഡന്മാർക്കിൽ ഒരു ഡാനിഷ് എഴുത്തുകാരൻ ഒരു പുസ്തകം രചിക്കുകയുണ്ടായി. അതിന്റെ തർജമ മുഹമ്മദ് നബിയുടെ ജീവിതവും ഖുർആനും എന്നാണ്. അത് മാർക്കറ്റിൽ വന്നിട്ടുണ്ട്. ഈ ഗ്രന്ഥകാരൻ, തിരുനബി(സ)യുടെ കുറച്ച് ചിത്രങ്ങൾ ഉണ്ടാക്കി അയക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ചില ആളുകൾ തയ്യാറാക്കി. മുസ്ലിംകൾ പ്രതികരിക്കുമെന്നുള്ളതു കൊണ്ട് ചിത്രങ്ങൾ തയ്യാറാക്കിയവർ പേര് വെളിപ്പെടുത്തിയില്ല. ഈ പുസ്തകമാണ് കാരണമായത്. ഈ പത്രത്തിലും കാർട്ടൂൺ തന്നെയാണ് കാരണമായത്.

ഈ കാര്യത്തിലും സ്ഥായിയായി പരിശ്രമിച്ചു കൊണ്ടിരിക്കണം. ലോകത്ത് അത് വായിച്ച് ആക്ഷേപങ്ങൾ ഉയരുന്ന സ്ഥലങ്ങളിലെല്ലാം അത് സമർപ്പിക്കുകയും മറുപടി നൽകുകയും വേണം.

എന്നാൽ ഡന്മാർക്കിൽ മറ്റൊരു ചിന്ത കൂടിയുണ്ട്., അതായത്, ചില മുസ്ലിംകൾ ഞങ്ങളുണ്ടാക്കാത്ത മോശം കാർട്ടൂണുകൾ കാണിച്ച് മുസ്ലിം ലോകത്തെ ഇളക്കാൻ ശ്രമിക്കുന്നുവെന്നാണ് അവർ പറയുന്നത്. ഇത് തെറ്റാണോ ശരിയാണോ എന്നറിയില്ല. പക്ഷേ നമ്മുടെ സത്വര ശ്രദ്ധ കാരണം ഏതായലും അവർക്ക് കാര്യങ്ങൾ ബോധ്യപ്പെട്ടിട്ടുണ്ട്. ഇത് ആ സമയത്ത് തന്നെ തുടങ്ങിയിരുന്നതാണ്. ഇവർ ഇപ്പോൾ അറിഞ്ഞുതുടങ്ങുന്നതേ ഉള്ളൂ. യഥാർഥത്തിൽ ഇത് മൂന്ന് മാസം മുമ്പത്തെ കാര്യമാണ്.

ഞാൻ പറഞ്ഞു വന്നതുപോലെ എല്ലാ രാജ്യത്തും നബിചരിത്രത്തിന്റെ ഭാഗങ്ങൾ പ്രകാശിതമാക്കേണ്ട ആവശ്യമുണ്ട്. പ്രത്യേകിച്ചും ഇസ്ലാമിനെ പറ്റി യുദ്ധഭ്രാന്തുള്ളവരാണെന്ന ചിന്തയെ തെളിവുകൾ സഹിതം ഖണ്ഡിക്കേണ്ടത് നമ്മുടെ കടമയാണ്. പത്രങ്ങളിൽ അധികമായി എഴുതാൻ ഞാൻ നേരത്തേയും പറഞ്ഞിരുന്നു. പത്ര ങ്ങൾക്കും ലേഖകന്മാർക്കും നബി ചരിത്രത്തിന്റെ പുസ്തകങ്ങളും അയച്ചുകൊടുക്കാവുന്നതാണ്.

### അഹ്മദീ യുവാക്കൾ
### പത്രപ്രവർത്തനത്തിലേക്ക് ഇറങ്ങണം

ജമാഅത്തുകൾ പ്ലാൻ ചെയ്യേണ്ട വരും കാലത്തേക്കുള്ള ഒരു നിർദ്ദേശം, ജർണലിസത്തിൽ താൽപര്യമുള്ള യുവാക്കൾ കൂടുതലായി അതിലേക്ക് പോകണമെന്നാണ്. അങ്ങനെ പത്രങ്ങൾക്കുള്ളി

ലും ഈ സ്ഥലങ്ങളിലും അവരുടെ കൂടെ നമുക്ക് പ്രവേശിക്കാൻ കഴിയുന്നതാണ്. കാരണം ഈ നീക്കങ്ങൾ കൂടെക്കൂടെ ഉണ്ടായിക്കൊണ്ടിരിക്കും. മാധ്യമങ്ങളുമായി കൂടുതൽ വിശാലമായ ബന്ധം ഉണ്ടെങ്കിലേ ഈ കാര്യങ്ങളേയും ഇത്തരം മോശമായ നീക്കങ്ങളേയും തടയാൻ കഴിയൂ. പിന്നേയും ആരെങ്കിലും അപമര്യാദ കാണിച്ചാൽ അവർ ഈ ലോകത്തും പരലോകത്തും അല്ലാഹു ശപിച്ചവരുടെ കൂട്ടത്തിൽ ആയിരിക്കും. പറയുന്നു:

إِنَّ الَّذِينَ يُؤْذُونَ اللَّهَ وَرَسُولَهُ لَعَنَهُمُ اللَّهُ فِي الدُّنْيَا
وَالْآخِرَةِ وَأَعَدَّ لَهُمْ عَذَابًا مُّهِينًا ﴿٥٨﴾

അല്ലാഹുവിനേയും അവന്റെ ദൂതനേയും ശല്യപ്പെടുത്തുന്നവരാരോ നിശ്ചയമായും അവരെ അല്ലാഹു ഇഹത്തിലും പരത്തിലും ശപിച്ചിരിക്കുന്നു. അവർക്ക് അപമാനകരമായ ശിക്ഷ അവൻ ഒരുക്കിവെക്കുകയും ചെയ്തിട്ടുണ്ട്. (33:58)

ഈ കൽപന അവസാനിച്ചിട്ടില്ല. നമ്മുടെ നബി(സ) ജീവൽ പ്രവാചകനാണ്. തിരുനബിയുടെ അദ്ധ്യാപനങ്ങൾ എപ്പോഴും ജീവദായകമായ അദ്ധ്യാപനങ്ങളാണ്. അവിടത്തെ ശരീഅത്ത് എല്ലാ കാലഘട്ടത്തിലേയും പ്രശ്നങ്ങൾ പരിഹരിക്കുന്ന ന്യായപ്രമാണമാണ്. തിരുനബിയെ പിൻപറ്റുന്നതു കൊണ്ട് ദൈവസാമീപ്യം ലഭ്യമാകുന്നു. അതുകൊണ്ട് ഈ ബുദ്ധിമുട്ടുകളിലും, തിരുനബിയെ അംഗീകരിക്കുന്നരെ ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കുന്നതിലും ഏതെങ്കിലും വിധേന ഇന്ന് (മേൽ ഖുർആനികസാക്ഷ്യം.. വിവ) പൂർത്തിയായിക്കൊണ്ടിരിക്കുന്നു. അല്ലാഹു ജീവിച്ചിരിക്കുന്നവനാണ്, എന്തെല്ലാം നീക്കങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് അവൻ കാണുന്നുണ്ട്.

ചുരുക്കത്തിൽ ലോകത്തെ അറിയിക്കേണ്ടത് നമ്മുടെ കടമയാണ്. നിങ്ങൾ ശല്യപ്പെടുത്തുന്നതിനും ബുദ്ധിമുട്ടിക്കുന്നതിനും നിങ്ങളെ ശിക്ഷിക്കാൻ ഇന്നും അല്ലാഹുവിന് കെൽപ്പുണ്ട്. അതുകൊണ്ട് അല്ലാഹുവിനേയും റസൂലിനേയും ശല്യപ്പെടുത്തുന്നതിൽ നിന്ന് പിന്മാറുക എന്ന് നമുക്ക് ലോകത്തോട് പറയേണ്ടിയിരിക്കുന്നു. എന്നാൽ ഇസ്‌ലാമിന്റെ അദ്ധ്യാപനത്തേയും തിരുനബിയുടെ മാതൃകയേയും കുറിച്ച് ലോകത്തോട് പറയുന്നിടത്ത് നമ്മുടെ കർമങ്ങളും നമുക്ക്

നന്നാക്കേണ്ടി വരും. കാരണം നമ്മുടെ കർമങ്ങളാണ് ലോകത്തെ നിരുദ്ധകൺഠരാക്കുക. അതു തന്നെയാണ് ലോകത്തിന്റെ വായട പ്പിക്കാൻ സുപ്രധാന പങ്കുവഹിക്കുക. ഞാൻ പറഞ്ഞതു പോലെ, റിപ്പോർട്ടിൽ ഒരു മുസ്ലിം പൺഡിതനെക്കുറിച്ച് മുനാഫിഖത്തിന്റെ (കാപട്യത്തിന്റെ) ആരോപണമുണ്ടായിരിക്കുന്നു. ഞങ്ങളോട് ഒന്ന് പറയുകയും അവിടെ പോയി മറ്റൊന്ന് ചെയ്യുകയും ജനങ്ങളെ ഇളക്കിവിടുകയും ചെയ്യുന്നു. ഞാൻ ആ റിപ്പോർട്ട് വായിച്ചിട്ടില്ല.

നമുക്ക് നമ്മുടെ അകവും പുറവും വാക്കും പ്രവർത്തിയും ഒന്നാ ക്കിക്കൊണ്ട് ഈ കർമമാതൃക കാണിക്കേണ്ടിയിരിക്കുന്നു.

## പതാക കത്തിച്ചുകൊണ്ടോ നാശനഷ്ടങ്ങൾ ഉണ്ടാക്കിക്കൊണ്ടോ തിരുനബി(സ)ന്റെ അന്തസ്സ് സ്ഥാപിക്കാൻ സാദ്ധ്യമല്ല

അഹ്മദികളോ ശിആക്കളോ സുന്നികളോ മറ്റേതെങ്കിലും കക്ഷി യുമായി ബന്ധമുള്ളവരോ എന്നത് പരിഗണിക്കാതെ ഞാൻ, മുസ് ലിംകളെന്ന് പറയപ്പെടുന്നവരോട് അഭ്യർഥിക്കുകയാണ്, തിരു നബി(സ)ന്റെ വ്യക്തിത്വത്തിനു മേൽ ആക്രമണമുണ്ടാകുമ്പോൾ, നൈമിഷിക ആവേശത്തിനും പതാക കത്തിക്കുന്നതിനും നാശ ന ഷ്ടങ്ങളുണ്ടാക്കുന്നതിനും എംബസികൾക്ക് തീ വെക്കുന്നതിനും പകരം തങ്ങളുടെ കർമങ്ങൾ നന്നാക്കുക, അന്യർക്ക് വിരൽ ചൂണ്ടാൻ അവസരം തന്നെ ലഭിക്കരുത്. ഇവർ തീ വെച്ചുകൊണ്ട് മനസ്സിലാക്കുന്നത് തിരുനബി(സ)ന്റെ അന്തസ്സും സ്ഥാനവും ഇത്രമാത്രമേ ഉള്ളൂവെന്നാണോ, അതായത് പതാകയോ ഏതെ ങ്കിലും നയതന്ത്രകാര്യാലയത്തിലെ സാമഗ്രികളോ കത്തിച്ചുകൊ ണ്ട് പകരം വീട്ടിയെന്നാണോ? ഇല്ല, ഞങ്ങൾ തീ അണക്കാൻ വന്ന പ്രവാചകന്റെ അനുയായികളാണ്. ആ മഹാത്മാവ് സ്നേഹ ത്തിന്റെ വക്താവായിട്ടായിരുന്നു വന്നത്, സമാധാനത്തിന്റെ രാജ കുമാരനായിരുന്നു. ആയതിനാൽ എന്തെങ്കിലും രൂക്ഷമായ നീക്ക ങ്ങൾക്ക് പകരം ലോകത്തിനു തിരുനബി(സ)ന്റെ മനോഹരമായ അദ്ധ്യാപനങ്ങളെക്കുറിച്ച് ബോദ്ധ്യപ്പെടുത്തുകയും പറഞ്ഞുകൊടുക്കു കയും ചെയ്യുക.

അല്ലാഹു മുസ്ലിംകൾക്ക് ബുദ്ധിയും വിവേകവും നൽകുമാറാ കട്ടെ. ഞാൻ അഹ്മദികളോട് പറയുകയാണ്, അവർക്ക് ബുദ്ധിയും വിവേകവും വരുമോ ഇല്ലയോ എന്നറിയില്ല, പക്ഷേ നിങ്ങളിലെ

ഓരോ കുട്ടിയും വൃദ്ധനും യുവാവും ഓരോ സ്ത്രീയും പുരുഷനും നിന്ദാവഹമായ കാർട്ടൂൺ പ്രസിദ്ധീകരിച്ചതിൽ പ്രതിഷേധമെന്നോണം തങ്ങളെ ഒരിക്കലും അണയാത്ത തീ കത്തിക്കുന്നവരിൽ ഉൾപ്പെടുത്തുക. അത് ഒരിക്കലും ഏതെങ്കിലും രാജ്യത്തിന്റെ പതാകയോ സ്വത്തുക്കളോ കത്തിക്കുന്ന തീയാകരുത്. അത് നിമിഷങ്ങൾക്കുള്ളിൽ, മണിക്കൂറുകൾക്കുള്ളിൽ അണയുന്നതാണ്. ഇപ്പോൾ ജനങ്ങൾ വളരെ ആവേശപൂർവം നിൽക്കുകയാണ് (പാക്കിസ്ഥാനിലെ ഒരു ഫോട്ടോ ഉണ്ടായിരുന്നു) വലിയൊരു യുദ്ധം ചെയ്യുന്ന പ്രതീതിയിൽ തീ വെക്കുകയാണ്. ഈ തീ അഞ്ചു മിനിറ്റിനുള്ളിൽ അണയുന്നതാണ്. നമ്മുടെ തീ എന്നെന്നും നിലനിൽക്കുന്ന തീയായിരിക്കണം. അത് റസൂൽ തിരുമേനി(സ) നോടുള്ള അനുരക്തിയുടേയും സ്നേഹത്തിന്റേയും തീയാണ്. അത് തിരുനബി(സ) ന്റെ മാതൃകയെ സ്വായത്തമാക്കുകയും ലോകത്തിന് കാണിച്ചുകൊടുക്കുകയും ചെയ്യുന്ന തീയായിരിക്കണം. അത് നിങ്ങളുടെ ഹൃദയങ്ങളിലും നെഞ്ചകങ്ങളിലും കത്തുകയും കത്തിക്കൊണ്ടിരിക്കുകയും വേണം. ഈ അഗ്നിപ്രാർഥനകളായി രൂപാന്തരപ്പെടുകയും അതിന്റെ ജ്വാലകൾ എപ്പോഴും വാനലോകത്തെത്തുകയും വേണം.

## വേദനകളെ പ്രാർഥനകളാക്കി മാറ്റുക, തിരുനബി(സ)നു മേൽ അത്യധികം സ്വലാത്ത് ചൊല്ലുക

ചുരുക്കത്തിൽ ഈ അഗ്നിയാണ് ഓരോ അഹ്മദിയും തങ്ങളുടെ ഹൃദയത്തിൽ കൊളുത്തേണ്ടത്. തങ്ങളുടെ ദു:ഖങ്ങളെ പ്രാർ ഥനകളാക്കി മാറ്റണം. അതിനുള്ള മാർഗവും റസൂൽ തിരുമേനി(സ) തന്നെയാണ്. തങ്ങളുടെ പ്രാർഥനകൾ സ്വീകൃതമാകുന്നതിനും ദൈവസ്നേഹത്തെ ആകർഷിക്കുന്നതിനും ലോകത്തിലെ അനാവശ്യങ്ങളിൽ നിന്ന് രക്ഷപ്പെടുന്നതിനും ഇത്തരത്തിലുള്ള കുഴപ്പങ്ങൾ ഉണ്ടാകുമ്പോൾ അതിൽ നിന്ന് തങ്ങളെ സുരക്ഷിതമാകുന്നതിനും തിരുനബി(സ)നോടുള്ള സ്നേഹം ഹൃദയങ്ങളിൽ ജ്വലിച്ചുകൊണ്ടിരിക്കുന്നതിനും തങ്ങളുടെ ഇഹപരലോകങ്ങൾ നന്നാക്കുന്നതിനും നബിതിരുമേനി(സ)നു മേൽ എണ്ണമറ്റ സ്വലാത്ത് ചൊല്ലേണ്ടതാണ്, അത്യധികമായി സ്വലാത്ത് ചൊല്ലേണ്ടതാണ്.

ഈ കുഴപ്പം നിറഞ്ഞ കാലഘട്ടത്തിൽ തങ്ങളെ റസൂൽതിരു

മേനി(സ)നോടുള്ള സ്നേഹത്തിൽ നിമഗ്നമാക്കി വെക്കുന്നതിനും തങ്ങളുടെ തലമുറകളെ ഇസ്‌ലാം അഹ്മദിയ്യത്തിൽ നിലനിർത്തുന്നതിനും എല്ലാ അഹ്മദികളും അല്ലാഹുവിന്റെ ഈ ആജ്ഞയെ ശക്തമായി പാലിക്കേണ്ടതാണ്;

إِنَّ اللَّهَ وَمَلَٰٓئِكَتَهُۥ يُصَلُّونَ عَلَى النَّبِيِّ ۚ يَٰٓأَيُّهَا الَّذِينَ
ءَامَنُوا۟ صَلُّوا۟ عَلَيْهِ وَسَلِّمُوا۟ تَسْلِيمًا ﴿٥٧﴾

വിശ്വാസികളേ! നിങ്ങളും തിരുനബിക്ക് മേൽ അനുഗ്രഹവും സമാധാനവും നേരുവിൻ. അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് അനുഗ്രഹങ്ങൾ ആശംസിക്കുന്നു. (33:57)

നബി(സ) ഒരിക്കൽ പറഞ്ഞു, മറിച്ച് ഇതിന്റെ ഒരുപാട് ഉദ്ധരണികളുണ്ട്. അല്ലാഹുവിന്റേയും മലക്കുകളുടേയും അനുഗ്രഹാശിസുകൾ തന്നെ എനിക്ക് മതിയായതാണ്. നിങ്ങളോടുള്ള കൽപ്പന നിങ്ങൾ സുരക്ഷിതരായിരിക്കുന്നതിനു വേണ്ടിയാണ്. (തഫ്സീർ ദുർറെ മൻസൂർ ഉദ്ധൃതം: തർഗീബ് അസ്ഫഹാനി, മുസ്നദ് ദയ്‌ലി ഉദ്ധൃതം: ദുറൂദ് ശരീഫ്, പേജ്: 158, ക്രോഡീകരണം: മൗലാനാ മുഹമ്മദ് ഇസ്മാഈൽ ഹലാൽപൂരി, പുതിയ പതിപ്പ്)

നമുക്ക് നമ്മുടെ പ്രാർഥനകളുടെ സ്വീകാര്യത്തിന് ഈ സ്വലാത്ത് അനിവാര്യമാണ്. ഈ ആയത്തിന്റേയും ഹദീസിന്റേയും ആദ്യഭാഗം നൽകുന്ന ജാമ്യം, ഇവർ തിരുനബി(സ)ന്റെ സ്ഥാനം ഇകഴ്ത്താനും പരിഹസിക്കാനും എത്ര ശ്രമിച്ചാലും അല്ലാഹുവും അവന്റെ മലക്കുകളും തിരുനബി(സ)നു മേൽ സമാധാനം ആശംസി ക്കുന്നു, സമാധാനത്തിനുള്ള അവരുടെ ആശിസുകൾ കാരണം എതിരാളികൾക്ക് ഒരിക്കലും വിജയിക്കാൻ സാദ്ധ്യമല്ല. നബി(സ)ന്റെ പരിശുദ്ധ വ്യക്തിത്വത്തിനു മേൽ ആക്രമണം നടത്തിക്കൊണ്ട് അവർക്ക് ഒന്നും നേടാനും സാദ്ധ്യമല്ല. ഇൻശാ അല്ലാഹ്, ഇസ്‌ലാം പുരോഗതി പ്രാപിക്കുകയും ലോകത്ത് വിജയിക്കുകയും ലോകത്ത് മുഴുവൻ റസൂൽ തിരുമേനി(സ)ന്റെ പതാക പറത്തുന്നതുമാണ്.

ഞാൻ പറഞ്ഞു വന്നതു പോലെ ഇക്കാലഘട്ടത്തിൽ തിരുനബി(സ) യുടെ സത്യസന്ധനായ പ്രേമി ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേനയാണ് അല്ലാഹു ഇത് വിധിച്ചിട്ടുള്ളത്.

ഹദ്റത്ത് മൗലാനാ അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടിയുടെ

ഒരു ഉദ്ധരണിയുണ്ട്. അദ്ദേഹം പറയുന്നു; ഒരിക്കൽ ഞാൻ ഹദ്റത്ത് ഇമാം(അ) ൽ നിന്ന് കേട്ടതാണ്. ആ മഹാത്മാവ് (അ) പറയുകയുണ്ടായി: സ്വലാത്തിന്റെ അനുഗ്രഹവും ആധിക്യവും കാരണമാണ് അല്ലാഹു എനിക്ക് ഈ സ്ഥാനം നൽകിയത്. പറയുകയാണ്; അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ അത്ഭുതാവഹമായ പ്രകാശരൂപത്തിൽ തിരുനബി(സ)ന്റെ ഭാഗത്തേക്ക് പോകുന്നതായി ഞാൻ കാണുന്നു. അത് അവിടെപ്പോയി റസൂൽ കരീം(സ)ന്റെ നെഞ്ചിലേക്ക് ആകർഷിക്കപ്പെടുന്നു. അവിടെ നിന്ന് പുറപ്പെട്ട് അതിന്റെ അസംഖ്യം ചാലുകൾ ഉണ്ടാകുന്നു. പിന്നെ കിട്ടാൻ വിധിച്ചിട്ടുള്ള ഭാഗം ഓരോ അർഹതപ്പെട്ടവർക്കും എത്തുന്നു. തീർച്ചയായും ഒരു അനുഗ്രഹവും നബിതിരുമേനി(സ) മുഖേനയല്ലാതെ ആരിലേക്കും എത്താൻ സാദ്ധ്യമല്ല.

പറയുന്നു: സ്വലാത്ത് എന്താണ്? അത് പ്രകാശ ധാരകൾ നിർഗമിക്കുന്ന റസൂൽ തിരുമേനി(സ)ന്റെ അർശിനെ പ്രകമ്പനം കൊള്ളിക്കുകയാണ്. അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നവർ ആ അനുഗ്രഹത്തെ പ്രചോദിപ്പിക്കാൻ അധികമായി സ്വലാത്ത് ചൊല്ലേണ്ടത് അനിവാര്യമാണ്. (അൽഹകം പത്രം ഭാഗം:7, ലക്കം:8, പേജ്:7, 28/02/1903)

കാലഘട്ടത്തിന്റെ കുഴപ്പങ്ങളിൽ നിന്ന് രക്ഷപ്പെടുന്നതിനും തിരുനബി(സ)നോടുള്ള സ്നേഹം ഹൃദയങ്ങളിൽ സ്ഥാപിക്കുന്നതിനും അവിടന്ന് കൊണ്ടുവന്ന അദ്ധ്യാപനങ്ങൾ ലോകത്ത് പരത്തുന്നതിനും തിരുനബി(സ)ന് മേൽ സ്വലാത്ത് ചൊല്ലിക്കൊണ്ടും അല്ലാഹുവിലേക്ക് കുനിഞ്ഞു കൊണ്ടും അവനോട് സഹായമഭ്യർഥിച്ചു കൊണ്ടും അവന്റെ അനുഗ്രഹാശിസുകളുടെ അവകാശികളാകാൻ നമ്മെ അല്ലാഹു തുണക്കുമാറാകട്ടെ. അല്ലാഹു നമ്മെ സഹായിക്കുമാറാകട്ടെ.

ഖുത്ബ
10.2.2006
ബയ്തുൽ ഫുതൂഹ്, ലണ്ടൻ

# ഖുത്ബ ജുമുഅ 17.02.2006

## മസ്ജിദ് ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ, യു.കെ.

• തിരുനബി(സ)യെ നിരന്തരം അപഹസിക്കുന്നതും അത് തുടർച്ചയായി, നിർലജ്ജം ചെയ്തുകൊണ്ടിരിക്കുന്നതും ശരിയാണെന്ന് വാശി പിടിക്കുന്നതും ദൈവകോപം ഉദ്ദീപിപ്പിക്കാൻ നിമത്തമായിത്തീരുന്നതാണ്.

• ലോകത്തു ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ ഭൂകമ്പങ്ങളും കൊടുങ്കാറ്റുകളും വിപത്തുകളും ഏഷ്യയ്ക്കുവേണ്ടി മാത്രം നിജപ്പെടുത്തിയിട്ടുള്ളതല്ല. യൂറോപ്പിനും അമേരിക്കക്കും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ആയതിനാൽ  ദൈവത്തെ ഭയപ്പെടുക. ദൈവത്തിന്റെ അഭിമാനത്തെ വെല്ലുവിളിക്കൊല്ല!

• തന്റെ പ്രിയപ്പെട്ടവരുടെ അഭിമാനംകാക്കുന്ന അല്ലാഹു തന്റെ ഉഗ്രപ്രതാപത്തിൽ പ്രത്യക്ഷപ്പെടാനും കഴിവുള്ളവനാണ്.

• മുസ്‌ലിം രാഷ്ട്രങ്ങളും അല്ലെങ്കിൽ  മുസ്‌ലിംകളെന്ന് പറയപ്പെടുന്നവരും തങ്ങളുടെ നിലപാടുകൾ ശരിയാക്കേണ്ടതാണ്. തിരുനബി(സ)യുടെ സ്ഥാനവും സൗന്ദര്യവും ലോകത്തിനു മുന്നിൽ സമർപ്പിക്കേണ്ടതാണ്.

• ഇന്ന് മുസ്‌ലിംകൾക്ക് മാത്രമല്ല ലോകത്തിനു മുഴുവനും ശരിയായ ദിശാബോധം നൽകാൻ അല്ലാഹു തന്റെ പ്രിയ നബി(സ)ന്റെ  സത്യസന്ധനായ പ്രേമിയെ  അയച്ചിരിക്കുന്നു. അദ്ദേഹത്തെ തിരിച്ചറിയുക. അദ്ദേഹത്തെ അനുഗമിക്കുക.

• ഇസ്‌ലാമിന്റെ പ്രൗഢിയും പ്രതാപവും പുനരുജ്ജീവിപ്പിക്കേണ്ടതും തിരുനബി(സ)ന്റെ പരിശുദ്ധിനിലനിർത്തേണ്ടതും സ്ഥാപിക്കേണ്ടതും മഹ്ദീ മസീഹിന്റെ ജമാഅത്തു തന്നെയാണ്. ഇൻശാഅല്ലാഹ്.

• ഓരോ മതക്കാരുടേയും അദ്ധ്യാപനമനുസരിച്ച് വരേണ്ടയാൾ വന്നിരിക്കുന്നുവെന്ന് അഹ്മദികൾ തങ്ങളുടെ വൃന്ദത്തിൽ ഓരോ മതക്കാരോടും പറയേണ്ടതാണ്.

اَشْهَدُ اَنْ لَا اِلٰهَ اِلَّا اللهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ اَمَّا بَعْدُ فَاَعُوْذُ بِاللهِ مِنَ الشَّيْطٰنِ الرَّجِيْمِ

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ۔ اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِينَ ۔ اَلرَّحْمٰنِ الرَّحِيمِ۔ مَالِكِ يَوْمِ الدِّينِ۔
إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ۔ اِهْدِنَا الصِّرَاطَ الْمُسْتَقِيمَ۔ صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ

കഴിഞ്ഞ വെള്ളിയാഴ്ച ഖുത്‌ബയിൽ, അതിനുമുമ്പ് നൽകിയ രണ്ട് ഖുത്‌ബകളിലെ വിഷയത്തെക്കുറിച്ചു ചിലത് പറയണമെന്നാഗ്രഹിച്ചിരുന്നു. പക്ഷേ, ചില പാശ്ചാത്യപത്രങ്ങൾ അനഭലഷണീയവും അനാവശ്യവുമായ നീക്കങ്ങൾ നടത്തുകയും അതു കാരണം മുസ്‌ലിംലോകത്ത് ദുഃഖത്തിന്റേയും കോപത്തിന്റേയും ഒരു തരംഗമുണ്ടാവുകയും പ്രതിഷേധം വെളിപ്പെടുകയും ചെയ്തിരിക്കുന്നു. ഈ സന്ദർഭത്തിൽ നമ്മുടെ പെരുമാറ്റം എങ്ങനെയായിരിക്കണമെന്ന് അഹ്‌മദികൾക്കും ബോധ്യം വരുന്നതിനു വേണ്ടി അതേക്കുറിച്ച് അൽപം പറയേണ്ടത് അനിവാര്യമാണെന്ന് ഞാൻ കരുതി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതേപ്പറ്റി അറിയാമെങ്കിലും പക്ഷേ, ഓർമിപ്പിക്കേണ്ടത് ആവശ്യമാണ്. മാത്രമല്ല ഇത്തരം അവസരങ്ങളിൽ ഒരു മുസ്‌ലിമിന്റെ ശരിയായ പ്രതികരണം എന്താണെന്ന് ലോകവും മനസ്സിലാക്കട്ടെ.

## മറ്റുള്ളവരുടെ വികാരത്തെക്കൊണ്ട് കളിക്കുന്നത് ജനാധിപത്യമോ ആവിഷ്കാര സ്വാതന്ത്ര്യമോ അല്ല

ഒരു മതത്തിന്റേയും വരിഷ്ഠാത്മാക്കളെക്കുറിച്ചുള്ള അനഭലഷണീയ അഭിപ്രായ പ്രകടനങ്ങളൊന്നും തന്നെ ഒരു വിധത്തിലും ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ ഗണത്തിൽ ഉൾപ്പെടുകയില്ലെന്നും ജനാധിപത്യത്തിന്റേയും ആവിഷ്കാരസ്വാതന്ത്ര്യത്തിന്റേയും ചാമ്പ്യന്മാരായി മറ്റുള്ളവരുടെ വികാരങ്ങളെക്കൊണ്ട് കളിക്കുന്നത് ജനാധിപത്യമോ ആവിഷ്കാരസ്വാതന്ത്ര്യമോ അല്ലെന്നും നാം ലോകത്തോട് പറയട്ടെ. ഓരോ കാര്യത്തിനും ഒരു പരിധിയുണ്ട്. ചില ധാർമിക നിയമങ്ങളുമുണ്ട്. ഓരോ തൊഴിലിനും ധാർമികമായ നിയമങ്ങളുള്ളതു പോലെത്തന്നെ പത്രപ്രവർത്തനത്തിനും ധാർമികനിയമങ്ങളുണ്ട്. അതുപോലെ ഏതുതരം ഭരണകൂടമായാലും അതിനും

നിയമങ്ങളും വ്യവസ്ഥകളുമുണ്ട്. അഭിപ്രായസ്വാതന്ത്ര്യം എന്നതിന്റെ വിവക്ഷ ഒരിക്കലും മറ്റുള്ളവരുടെ വികാരങ്ങളെക്കൊണ്ട് കളിക്കുകയും അവരെ ബുദ്ധിമുട്ടിക്കുകയും ചെയ്യുക എന്നതല്ല. ഇതാണ് സ്വാതന്ത്ര്യമെങ്കിൽ, ഇതിലാണ് പാശ്ചാത്യർക്ക് അഭിമാനമെങ്കിൽ ഈ സ്വാതന്ത്ര്യം പുരോഗതിയിലേക്ക് നയിക്കുന്നതല്ല. മറിച്ച് ഇത് അധഃപതനത്തിലേക്ക് നയിക്കുന്ന സ്വാതന്ത്ര്യമാണ്.

## തിരുനബി(സ)യെ നിരന്തരം അപഹസിക്കുന്നത് ദൈവകോപം ഉദ്ദീപിപ്പിക്കുന്നതാണ്.

പാശ്ചാത്യർ അതിശീഘ്രം മതത്തെ ഉപേക്ഷിച്ചുകൊണ്ട് സ്വാതന്ത്ര്യത്തിന്റെ പേരിൽ എല്ലാരംഗത്തും ധാർമിക മൂല്യങ്ങളെ ചവിട്ടിമെതിക്കുകയാണ്. എങ്ങനെയാണ് സ്വന്തം നാശത്തെ ക്ഷണിച്ചുവരുത്തുന്നതെന്ന് അവർക്ക് മനസ്സിലാവുന്നില്ല. ഇപ്പോൾ ഇറ്റലിയിലെ ഒരു മന്ത്രി പുതിയൊരു വഴക്കിന് ആരംഭം കുറിച്ചിരിക്കുന്നു. ഇയാൾ ആ അനാവശ്യവും വൃത്തികെട്ടതുമായ കാർട്ടൂൺ ടീ ഷർട്ടിൽ പ്രിന്റ് ചെയ്ത് ധരിക്കാൻ തുടങ്ങിയിരിക്കുന്നു. മറ്റുള്ളവരോട് അത് വാങ്ങാനും ആവശ്യപ്പെടുന്നു. അവിടെ വിൽക്കുന്നതായും കേട്ടു. ഇതു തന്നെയാണ് മുസ്‌ലിംകൾക്കുള്ള ചികിത്സയെന്നാണ് പറയുന്നത്. ഒരുകാര്യം അവർ മനസ്സിലാക്കേണ്ടിയിരിക്കുന്നു, ഇത് മുസ്‌ലിംകൾക്കുള്ള ചികിത്സയാണോ അല്ലയോ എന്ന് ഞങ്ങൾക്കറിയില്ല; എന്നാൽ, ഇത്തരം നീക്കങ്ങൾ തീർച്ചയായും ദൈവകോപം ഉദ്ദീപിപ്പിക്കാൻ നിമത്തമായിത്തീരുന്നതാണ്. എതായാലും വിവരക്കേട് കൊണ്ട് സംഭവിക്കാനുള്ളത് സംഭവിച്ചു. പക്ഷേ, അത് തുടർച്ചയായി, നിർലജ്ജം ചെയ്യുന്നതും തങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത് ശരിയാണെന്ന് വാശിപിടിക്കുന്നതും തീർച്ചയായും അല്ലാഹുവിന്റെ കോപത്തെ ഉദ്ദീപിപ്പിക്കുന്നതാണ്.

## അഹ്മദികളുടെ പ്രതികരണം

ഞാൻ പറഞ്ഞതുപോലെ മറ്റു മുസ്‌ലിംകളുടെ പ്രതികരണം അത് അവരുടെ കാര്യമാണ്, എന്നാൽ ഒരു അഹ്മദിമുസ്‌ലിമിന്റെ പ്രതികരണം, അവർക്ക് മനസ്സിലാക്കിക്കൊടുത്തുകൊണ്ടും ദൈവകോപത്തെതൊട്ട് ഭയപ്പെടുത്തിക്കൊണ്ടും തിരുനബി(സ)യുടെ മനോഹരമായ ചിത്രം ലോകത്തിനു മുന്നിൽ സമർപ്പിച്ചുകൊണ്ടും സർവശക്തനും കഴിവുടയവനുമായ ദൈവത്തിന്റെ മുന്നിൽ കുനിഞ്ഞുകൊണ്ടും അവനോട് സഹായം അഭ്യർഥിച്ചുകൊണ്ടുമായി

രിക്കണം. ഇവർ ശിക്ഷയിലേക്കുതന്നെയാണ് ഗമിക്കുന്നതെങ്കിൽ, തന്റെ പ്രിയപ്പെട്ടവരുടെ അഭിമാനംകാക്കുന്ന അല്ലാഹു തന്റെ ഉഗ്ര പ്രതാപത്തിൽ പ്രത്യക്ഷപ്പെടാനും കഴിവുള്ളവനാണ്. അവൻ സകലശക്തികളുടേയും അധിപനാണ്. അവൻ മനുഷ്യൻ ഉണ്ടാക്കിയ നിയമങ്ങൾക്ക് വിധേയനല്ല. അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്. അവന്റെ ആട്ടുകല്ല് പ്രവർത്തിക്കുമ്പോൾ, മനുഷ്യന്റെ ചിന്തകൾക്ക് അതിനെ വലയം ചെയ്യാൻ സാദ്ധ്യമല്ല. പിന്നെ അതിൽ നിന്ന് ആർക്കും രക്ഷപ്പെടാനും കഴിയില്ല.

അഹ്മദികൾ, പാശ്ചാത്യരുടെ അഥവാ ചില രാജ്യങ്ങളുടെ ഈ നിലപാട് കാണുമ്പോൾ അല്ലാഹുവിന്റെ സവിധത്തിൽ കൂടുതൽ കുനിയേണ്ടതാണ്. അല്ലാഹുവിന്റെ മസീഹ് യൂറോപ്പിനും അമേരിക്കക്കും താക്കീത് നല്കിയിട്ടുണ്ട്. ലോകത്തു ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ ഭൂകമ്പങ്ങളും കൊടുങ്കാറ്റുകളും വിപത്തുകളും ഏഷ്യയ്ക്കുവേണ്ടി മാത്രം നിജപ്പെടുത്തിയിട്ടുള്ളതല്ല. അമേരിക്ക അതിന്റെ ഒരു സ്ഫുരണം കണ്ടതാണ്. അല്ലയോ യൂറോപ്പേ! നീയും സുരക്ഷിതമല്ല. ആയതിനാൽ ദൈവത്തെ ഭയപ്പെടുക. ദൈവത്തിന്റെ അഭിമാനത്തെ വെല്ലുവിളിക്കൊല്ല! അതോടൊപ്പം ഞാൻ പറയട്ടെ, മുസ്‌ലിം രാഷ്ട്രങ്ങളും അല്ലെങ്കിൽ മുസ്‌ലിംകളെന്ന് പറയപ്പെടുന്നവരും തങ്ങളുടെ നിലപാടുകൾ ശരിയാക്കേണ്ടതാണ്. തിരുനബി(സ)യുടെ സ്ഥാനവും സൗന്ദര്യവും ലോകത്തിനു മുന്നിൽ സമർപ്പിച്ചുകൊണ്ടും വ്യക്തമാക്കിക്കൊണ്ടും നിലപാടും പ്രതിഷേധവും പ്രകടിപ്പിക്കേണ്ടതാണ്. ഒരു സത്യവിശ്വാസിയുടേതായി ഉണ്ടാകേണ്ട ശരിയായ പ്രതികരണമാണ് ഇത്.

### ഇസ്‌ലാമിന്റെ പ്രൗഢിയും പ്രതാപവും തിരുനബി(സ)ന്റെ പരിശുദ്ധിയും മഹ്ദീ മസീഹിന്റെ ജമാഅത്താണ് സ്ഥാപിക്കുക.

ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്ന ചില നീക്കങ്ങൾ, സ്വരാജ്യത്തിലെ ജനങ്ങളെ കൊല്ലുകയും സ്വന്തം സ്വത്തുക്കൾ അഗ്നിക്കിരയാക്കുകയും ചെയ്യുന്നത് ഏത് ഇസ്‌ലാമിന്റെ പ്രതികരണമാണ്. ഇസ്‌ലാം അന്യസമൂഹങ്ങളുമായുള്ള എതിർപ്പിൽപോലും, നീതിയും ന്യായവും കൈയൊഴിയാൻ അനുവദിക്കുന്നില്ല. ബുദ്ധിപൂർവം നീങ്ങാനാണ് കല്പിക്കുന്നത്. എന്നിരിക്കെ, പാക്കിസ്ഥാനിലും മറ്റു ഇസ്‌ലാമിക രാജ്യങ്ങളിലും നടന്നുകൊണ്ടിരിക്കുന്നതോ?

ഇസ്‌ലാമിക രാജ്യങ്ങളിലെ അന്യരാജ്യക്കാരുടെ കച്ചവടങ്ങൾക്കോ സ്ഥാനപതി കാര്യാലയങ്ങൾക്കോ നഷ്ടം വരുത്തുന്നത് അല്ലെങ്കിൽ സ്വന്തം ആളുകൾക്ക് നഷ്ടമുണ്ടാക്കുന്ന പ്രവർത്തനങ്ങൾ ഇസ്‌ലാമിന് ചീത്തപ്പേരുണ്ടാക്കുകയല്ലാതെ മറ്റൊന്നുമല്ല. ചുരുക്കത്തിൽ മുസ്‌ലിംകൾ, മുസ്‌ലിം സാമാന്യ ജനങ്ങൾ ഈ വഴിപിഴച്ച ഉലമാക്കളേയും നേതാക്കന്മാരേയും അനുഗമിക്കുന്നതിനു പകരം, അവരുടെ പിന്നാലെ നീങ്ങി ഈലോകവും പരലോകവും നഷ്ടപ്പെടുത്തുന്നതിനു പകരം ബുദ്ധിപൂർവം പ്രവർത്തിക്കേണ്ടതാണ്. ഇന്ന് മുസ്‌ലിംകൾക്ക് മാത്രമല്ല ലോകത്തിനു മുഴുവനും ശരിയായ ദിശാബോധം നൽകാൻ അല്ലാഹു തന്റെ പ്രിയ നബി(സ)ന്റെ സത്യസന്ധനായ പ്രേമിയെ അയച്ചിരിക്കുന്നു. അദ്ദേഹത്തെ തിരിച്ചറിയുക. അദ്ദേഹത്തെ അനുഗമിക്കുക. ലോകത്തിന്റെ സമുദ്ധാരണത്തിനും ലോകത്തു നബിതിരുമേനി(സ)യുടെ പതാക നാട്ടുന്നതിനും വേണ്ടി ഈ മഹ്ദി മസീഹിന്റെ ജമാഅത്തിൽ ഭാഗഭാക്കാകുക. നമ്മെ തിരുനബി(സ)യുടെ സുന്നത്തിൽ നടക്കാനും നടത്താനും മറ്റൊരു മാർഗത്തിനും മറ്റൊരു മാർഗദർശകനും സാധ്യമല്ല. ഇസ്‌ലാമിന്റെ പ്രൗഢിയും പ്രതാപവും പുനരുജ്ജീവിപ്പിക്കേണ്ടതും തിരുനബി(സ)ന്റെ പരിശുദ്ധിനിലനിർത്തേണ്ടതും സ്ഥാപിക്കേണ്ടതും മഹ്ദീ മസീഹിന്റെ ജമാഅത്തു തന്നെയാണ്. ഇൻശാഅല്ലാഹ്.

## മസീഹിന്റെ ആഗമനം കൊണ്ടുള്ള യഥാർഥ വിവക്ഷയും മഹ്ദീ മസീഹിന്റെ ചില പ്രവർത്തനങ്ങളും അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിനുള്ള ചില തെളിവുകളും

ചുരുക്കത്തിൽ എല്ലാവരും, മുസ്‌ലിംകളെന്ന് പറയപ്പെടുന്നവരും ഇതേക്കുറിച്ച് ചിന്തിക്കേണ്ടതാണ്. നാം കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തുകയും വേണം. വരേണ്ട മസീഹ് ഇപ്പോൾ വന്നിട്ടില്ല, അല്ലെങ്കിൽ അദ്ദേഹം ഇന്ന സ്ഥലത്താണ് ഇറങ്ങുക, മഹ്ദി ഇന്ന സ്ഥലത്താണ് വരേണ്ടത് തുടങ്ങിയ, നാമമാത്രപണ്ഡിതന്മാരുടെ ചർച്ചകളിലേക്ക് പോകേണ്ടതില്ല. യഥാർഥത്തിൽ ഇവർ സമർപ്പിക്കുന്ന ഈ വീക്ഷണം ഒരു ഹദീഥ് മനസ്സിലാക്കാത്തതുകൊണ്ടാണ്.

ഈ നിവേദനം ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇങ്ങനെയാണ് സമർപ്പിക്കുന്നത്: ഹദീസുകൾ വ്യക്തമായും ക്ലിപ്തമായും മസീഹ് ഇബ്നു മർയം ആകാശത്തുനിന്നിറങ്ങുമെന്നും ദിമശ്ഖിന്നു കിഴക്കുഭാഗത്തുള്ള വെള്ള മിനാരത്തിന്നടുത്താണിറങ്ങേണ്ടതെന്നും

രണ്ട് മലക്കുകളുടെ ചുമലിൽ അദ്ദേഹത്തിന്റെ കൈ ഉണ്ടായിരിക്കുമെന്നും പറയുന്നു. ഈ വ്യക്തവും വിശദവുമായ വിവരണത്തെ എങ്ങനെ നിഷേധിക്കുമെന്ന് പറയുകയാണെങ്കിൽ (അതായത് വ്യക്തവും വിശദവുമായ വിവരണമാണ്, ഇതിനെ എങ്ങനെ നിരാകരിക്കാൻ കഴിയും എന്ന് ഇവർ പറയുന്നു. അതിനുള്ള മറുപടിയിൽ അദ്ദേഹം പറയുന്നു:) അതിനുള്ള മറുപടി ഇതാണ്, ആകാശത്തുനിന്ന് ഇറങ്ങുക എന്ന് പറയുന്നത് യഥാർത്ഥത്തിൽ സ്ഥൂല ശരീരത്തോടുകൂടി ഇറങ്ങുമെന്നതിന് തെളിവല്ല. മാത്രമല്ല സ്വഹീഹായ ഹദീസുകളിൽ ആകാശം എന്ന പദവുമില്ല. നുസൂൽ എന്ന പദം സർവസാധാരണമാണ്. ഒരു വ്യക്തി ഒരു സ്ഥലത്തുനി ന്ന് പുറപ്പെട്ട് മറ്റൊരു സ്ഥലത്തുപോയി താമസിക്കുമ്പോൾ അതിനും ആ സ്ഥലത്ത്  ഇറങ്ങി എന്നു പറയാറുണ്ട്. ഇന്ന സ്ഥലത്ത് സൈന്യം ഇറങ്ങിയെന്നും സന്നദ്ധസംഘം ഇറങ്ങിയെന്നും പറയാറുണ്ട്. ഇതിൽ നിന്ന്  സൈന്യവും സന്നദ്ധസംഘവും ആകാശത്തു നിന്നിറങ്ങിയെന്നാണോ മനസ്സിലാക്കപ്പെടേണ്ടത്? ഇതു മാത്രമല്ല, അല്ലാഹു, വിശുദ്ധഖുർആനിൽ നബി തിരുമേനി(സ) ആകാശത്തുനിന്നിറങ്ങയെന്ന് വ്യക്തമായും പറഞ്ഞിരിക്കുന്നു. കൂടാതെ മറ്റൊരു സ്ഥലത്ത്, ഇരുമ്പിനേയും നാം ആകാശത്തു നിന്നാണ് ഇറക്കിയതെന്ന് പറഞ്ഞിട്ടുണ്ട്. ചുരുക്കത്തിൽ ആകാശത്തു നിന്നുള്ള ഇറക്കം ഈ ജനങ്ങൾ കരുതുന്നതു പോലെയുള്ള രൂപത്തിലും ഭാവത്തിലുമല്ലെന്നത് വളരെ സ്പഷ്ടമാണ്. (ഇസാല: ഔഹാം റൂഹാനി ഖസാഇൻ ഭാഗം:3, പേജ്:132,133)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഹദീസുകൾ ഇതിന്റെ വിശദീകരണം കൊണ്ട് നിറഞ്ഞുകിടക്കുന്നു. ജനങ്ങൾക്ക് വലി യ അറിവില്ല, ഉലമാക്കളാകട്ടെ തെറ്റായ മാർഗദർശനമാണ് നൽകുന്നത്. തുടർന്ന് അദ്ദേഹം പറയുന്നു:  ''ഇതുകൊണ്ട് തന്നെയാണ് യഹൂദികൾക്കും അബദ്ധം പിണഞ്ഞതും  ഈസായെ സ്വീകരിക്കാതിരുന്നതും.''

എതായാലും ഇത് വളരെ വിശദമായ വിഷയമാണ്. ഖുത്ബയിൽ വിവരിക്കാൻ സാദ്ധ്യമല്ല. ഇപ്പോൾ അവസ്ഥകൾ മാറിവരുന്നതിനനുസരിച്ച്, അഹ്മദികൾ ഈ കാര്യങ്ങൾ തങ്ങളുടെ ചുറ്റുപാടും തുറന്നുപറയേണ്ടതാണ്. അങ്ങനെ, സൗഭാഗ്യവാന്മാരും നല്ലവരുമായ ആളുകൾ രക്ഷപ്പെടുന്നതിന് അവസരമുണ്ടാകുന്നതാണ്.

ഓരോ മതത്തിന്റേയും അധ്യാപനമനുസരിച്ച് വരേണ്ടയാൾ വന്നു കഴിഞ്ഞിരിക്കുന്നുവെന്ന് അഹ്മദികൾ തന്താങ്ങളുടെ വൃന്ദത്തിൽ എല്ലാ മതക്കാർക്കും വ്യക്തമാക്കിക്കൊടുക്കണം.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ''ഇനി ഞാൻ അബൂ ദാവൂദ് തന്റെ സ്വിഹാഹി(ഹദീസ് ഗ്രന്ഥത്തി)ൽ എഴുതിയ ഹദീസ് അനുവാചകർക്കു മുമ്പിൽ സമർപ്പിച്ചുകൊണ്ട്, അതിന്റെ സാക്ഷ്യം ആരെക്കുറിച്ചാണെന്നതിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണ്. ഇത് അബൂദാവൂദിലുള്ള പ്രവചനമാണ്. ഹാരിസ് എന്നുപേരുള്ള ഒരു വ്യക്തി അതായത് *ഹർറാസു മാ വറാഉന്നഹ്റിൽ* നിന്ന് അതായത് സമർക്കന്ദിൽ നിന്ന് പുറപ്പെടും. അദ്ദേഹം തിരുനബി(സ)യുടെ കുടുംബത്തിന് ശക്തി പകരുന്നതാണ്. അദ്ദേഹത്തെ സഹായിക്കുകയും പിന്തുണക്കുകയും ചെയ്യേണ്ടത് എന്നത് ഓരോ വിശ്വാസിക്കും അനിവാര്യമാണ്. ഈ പ്രവചനവും, മുസ്‌ലിംകളിൽ നിന്ന് മുസ്‌ലിംകൾക്ക് ഇമാമായി മസീഹ് വരുമെന്ന പ്രവചനവും, യഥാർഥത്തിൽ ഈ രണ്ട് പ്രവചനങ്ങളും ഒരേ വിഷയമാണ്, രണ്ടിന്റേയും സാക്ഷാൽക്കാരം ഈ വിനീതൻ തന്നെയാണെന്ന് ഇൽഹാം മുഖേന എനിക്ക് വെളിപ്പെടുത്തിത്തന്നിരിക്കുന്നു. മസീഹ് വരുമെന്ന് പ്രവചനത്തിന്റെ സവിശേഷ അടയാളങ്ങളും യഥാർഥത്തിൽ രണ്ടെണ്ണം തന്നെയാണുള്ളത്. ഒന്ന്, മസീഹ് വരുമ്പോൾ മുസ്‌ലിംകളുടെ ആന്തരികമായ അവസ്ഥ? വളരെ മോശമായിട്ടുണ്ടാകും?. തന്റെ ശരിയായ അധ്യാപനം മുഖേന നന്നാക്കുന്നതാണ്.''

ഇതിനെക്കുറിച്ച് ആദ്യത്തെ ഖുത്ബകളിൽ ഞാൻ പരാമർശിച്ചിട്ടുണ്ട്. ഇവർ സ്വയം സമ്മതിക്കുന്നത്, മുസ്‌ലിംകളുടെ അവസ്ഥ മോശമായിരിക്കുന്നുവെന്നും ഏതെങ്കിലും ഒരു പരിഷ്കർത്താവിനെ ആഗ്രഹിക്കുന്നുവെന്നുമാണ്.

### മസീഹ് മൗഊദ്
### ഖജനാവ് വിതരണം ചെയ്യുമെന്നതിന്റെ വിവക്ഷ.

പറയുന്നു: ''തന്റെ ശരിയായ അധ്യാപനം മുഖേന നന്നാക്കുന്നതും അവരുടെ ആത്മീയ ദാരിദ്ര്യവും അവരുടെ ആന്തരിക കഷ്ടപ്പാടും പൂർണമായും ഇല്ലാതാക്കിക്കൊണ്ട് അറിവുകളുടേയും വിജ്ഞാനങ്ങളുടേയും ദൈവജ്ഞാനത്തിന്റേയും മുത്തുകൾ അവർക്ക് മുന്നിൽ വെക്കുന്നതാണ്.'' അതായത് ഇത് ഭണ്ഡാരങ്ങ

ളാണ്. അദ്ദേഹം അവർക്കു മുന്നിൽ ആത്മീയ ജ്ഞാനങ്ങൾ വിവരിച്ചുകൊടുക്കും. തുടർന്ന് പറയുന്നു: "എത്രത്തോളമെന്നാൽ അവർ ഈ സമ്പത്ത് വാങ്ങിവാങ്ങി ക്ഷീണിക്കുന്നതാണ്. അവരിലെ ഒരു സത്യാന്വേഷിയും ആത്മീയമായി ദരിദ്രനും കഷ്ടപ്പെടുന്നവനുമായിട്ടുണ്ടാവുകയില്ല. മറിച്ച് സത്യത്തിനുവേണ്ടിയുള്ള വിശപ്പും ദാഹവുമനുസരിച്ച് അവർക്ക് ധാരാളം സത്യസാക്ഷ്യത്തിന്റെ പരിശുദ്ധമായ ആഹാരം നൽകപ്പെടുന്നതും ദൈവജ്ഞാനത്തിന്റെ മധുരചഷകം കുടിപ്പിക്കപ്പെടുന്നതുമാണ്." അതായത്, സത്യത്തിന്റെ ഈ പരിശുദ്ധ ആഹാരം, അവർക്ക് ലഭ്യമാകുന്നതാണ്. ശരിയായ ഇസ്‌ലാമിക പാഠങ്ങൾ അവർക്ക് കിട്ടുന്നതാണ്. വാഗ്ദത്ത മസീഹ് മുഖേന തന്നെയാണ് ഈ ദൈവജ്ഞാനത്തിന്റെ മധുര ചഷകം അവർക്ക് കുടിപ്പിക്കപ്പെടുക.പക്ഷേ ഇവർ ദൈവജ്ഞാനത്തിന്റെ ചഷകം കുടിക്കുന്നവരായിരുന്നെങ്കിൽ, സംഹാരാത്മകവും നാശോന്മുഖവുമായ പ്രതികരണത്തിനു പകരം അവർ നിർമാണാത്മകമായ പ്രതികരണം പ്രകടിപ്പിക്കുന്നവരും അല്ലാഹുവിന്റെ മുന്നിൽ കുനിയുന്നവരുമാകുമായിരുന്നു.

പറയുന്നു: "സത്യജ്ഞാനങ്ങളുടെ മുത്തുകൾ കൊണ്ട് അവരു ടെ സഞ്ചികൾ നിറക്കപ്പെടുന്നതാണ്." ഇസ്‌ലാമിന്റെ ശരിയായ ജ്ഞാനം വിലയേറിയ വലിയൊരു ഭണ്ഡാരമാണ്. രത്നങ്ങൾ പോലെയാണ്. അതുമുഖേന അവരുടെ ഭാണ്ഡങ്ങൾ നിറക്കുന്നതാണ്. "വിശുദ്ധഖുർആന്റെ അകക്കാമ്പിന്റേയും അന്തസ്സാരത്തിന്റേയും അത്തർ നിറച്ച കുപ്പികൾ അവർക്ക് നല്കപ്പെടുന്നതാണ്. (വിശുദ്ധ ഖുർആന്റെ ഈ പരിമളം അവർക്ക് ലഭിക്കുന്നതാണ്.)

## കുരിശുടക്കുന്നതിന്റേയും പന്നിയെകൊല്ലുന്നതിന്റേയും വിവക്ഷ

വീണ്ടും പറയുന്നു: "രണ്ടാമത്തെ സവിശേഷമായ അടയാളം, വാഗ്ദത്ത മസീഹ് വന്നാൽ കുരിശിനെ ഉടയ്ക്കുകയും പന്നികളെ കൊല്ലുകയും ഒറ്റക്കണ്ണനായ ദജ്ജാലിനെ വധിക്കുകയും, അദ്ദേഹത്തിന്റെ നിശ്വാസമേൽക്കുന്ന ഓരോ അവിശ്വാസിയും ഉടൻ തന്നെ മരിക്കുകയും ചെയ്യും എന്നതാണ്. ആത്മീയമായ നിലയിൽ വിവക്ഷിക്കപ്പെട്ടിട്ടുള്ള ഈ അടയാളത്തിന്റെ യാഥാർഥ്യം വസ്തുത ഇതാണ്; അതായത്, മസീഹ് ലോകത്തു വന്നിട്ട് ക്രിസ്തുമതത്തിന്റെ പ്രൗഢിയും പ്രതാപവും തന്റെ കാൽക്കീഴിൽ ചവി

ട്ടിമെതിക്കുന്നതാണ്. പന്നിയുടേതുപോലുള്ള നിർലജ്ജയും സൂകരത്തിന്റെ നാണമില്ലായ്മയും'' (പന്നി നിർലജ്ജ മൃഗം തന്നെയാണ്) ''വൃത്തികേടുകൾ ഭുജിക്കുന്നതും മൂർച്ചയേറിയ തെളിവുകളുടെ ആയുധം കൊണ്ട് ഇല്ലാതാക്കുന്നതാണ്. ഭൗതികകണ്ണുകൾ മാത്രമുള്ള പക്ഷേ ആത്മീയ നേത്രങ്ങൾ പൂർണമായും വിനഷ്ടമായി, കണ്ണിൽ ഒരു വൃത്തികെട്ട പാട് വന്നിരിക്കുകയാണ്'' (അതായത് കണ്ണിൽ കുരു ഉണ്ടായിരിക്കുകയാണ്.) അവയെ ജാജ്ജ്വല്യമാനമായ തെളിവുകളുടെ വാൾ കൊണ്ട് (മുറിക്കുന്ന തെളിവുകളുടെ വാൾ കൊണ്ട്) ''കുറ്റവാളിയായി പ്രഖ്യാപിച്ച് അവരുടെ നിഷേധാത്മക അസ്തിത്വത്തെ ഇല്ലാതാക്കുന്നതാണ്.'' ഈ തെളിവുകൾ കൊണ്ടാണ് മുറിക്കുക. അങ്ങനെ അവരുടെ നിരർഥക വാദങ്ങളും അസ്തിത്വവും നശിപ്പിക്കാൻ കഴിയുന്നതാണ്. ഒറ്റക്കണ്ണുള്ള ഇത്തരം ജനങ്ങൾ മാത്രമല്ല മുഹമ്മദീ ദീനിനെ നിസ്സാരമായി കാണുന്ന ഓരോ അവിശ്വാസിയും (നബിതിരുമേനി (സ) മതത്തെ തുച്ഛമായി കരുതുന്നവർ) ''മസീഹീതെളിവുകളുടെ പ്രോജ്ജ്വലമായ നിശ്വാസം കൊണ്ട് ആത്മീയമായി കൊല്ലപ്പെടുന്നതാണ്. (ഹദ്റത്ത് മസീഹ് മൗഊദ്(അ) ആഗതരായി തെളിവുകൾ മുഖേന അവരെ വധിക്കുന്നതാണ്.) ''ചുരുക്കത്തിൽ ഈ എല്ലാ വാക്യങ്ങളും ആലങ്കാരികമായ നിലയിലാണ്. അത് എനിക്ക് നല്ലപോലെ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു. ഇനി ആർക്കെങ്കിലും മനസ്സിലായാലും ഇല്ലെങ്കിലും പക്ഷേ ഒടുവിൽ കുറച്ചു കാലം കൂടി കാത്തിരുന്ന് തങ്ങളുടെ അടിസ്ഥാനരഹിതമായ പ്രതീക്ഷകളിൽ ഹതാശരായി ഒരു ദിവസം എല്ലാവരും ഈ ഭാഗത്തേക്ക് തിരിയുന്നതാണ്.'' (ഇസാലയെ ഔഹാം, റൂഹാനി ഖസായിൻ ഭാഗം:3, പേജ്:141..143, അടിക്കുറിപ്പ്)

ചുരുക്കത്തിൽ ഇന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ആണ് ക്രിസ്ത്യാനികളെ വെല്ലുവിളിച്ചിട്ടുള്ളത്. ക്രിസ്തു മതം അതിവേഗം പരക്കുന്നത് അദ്ദേഹമാണ് തടുത്തു നിറുത്തിയത്. ഇന്ത്യയിൽ ആ കാലഘട്ടത്തിൽ ആയിരക്കണക്കിന്, ലക്ഷക്കണക്കിന് മുസ്ലിംകൾ, ക്രിസ്ത്യാനികളായിക്കൊണ്ടിരിക്കുകയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ആക്രമണത്തെ പ്രതിരോധിക്കുക മാത്രമല്ല, ഇസ്ലാമിന്റെ പ്രൗഢി വീണ്ടും സ്ഥാപിക്കുകയും ചെയ്തു. പിന്നെ ആഫ്രിക്കയിൽ അഹ്മദിയ്യാ ജമാഅത്താണ് ക്രിസ്തീയ

മുന്നേറ്റത്തെ ചെറുക്കുകയുണ്ടായി. ഇസ്‌ലാമിന്റെ മനോഹരമായ ചിത്രം പ്രദർശിപ്പിച്ചുകൊണ്ട് ആയിരക്കണക്കിന്, ലക്ഷക്കണക്കിന് ക്രിസ്തീയരെ അഹ്മദീമുസ്‌ലിംകളാക്കുകയും ചെയ്തു. ഇതെല്ലാമാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) കാണിച്ച മസീ ഹിന്റെ പ്രവർത്തികൾ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്നുവരേയും അദ്ദേഹത്തിന്റെ അധ്യാപനങ്ങളും തെളിവുകളുമായി അഹ്മദിയ്യാ ജമാഅത്ത്, ഹൃദയങ്ങളെ അതിജയിച്ചു കൊണ്ട് ബഹുകാതം മുന്നേറിക്കൊണ്ടിരിക്കുകയാണ്. ഇൻശാഅല്ലാഹ് ഇത് തുടരുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, ഒരുനാൾ ഇവർ നിരാശരായി മടങ്ങുന്നതാണ്. ഇവരുടെ ചതിയും വഞ്ചനയും എങ്ങനെ ഇല്ലാതാക്കാമെന്നതിനുള്ള വിശദീകരണമാണിത്. പന്നിയെ കൊല്ലുകയും, കുരിശിനെ ഉടയ്ക്കുകയും ചെയ്യുമെന്നതിന്റെ വിവക്ഷയും ദജ്ജാലുമായി യുദ്ധം ചെയ്യുമെന്നതിന്റെ പൊരുളും ഇതുതന്നെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവരിച്ചിട്ടുള്ളത്.

ഞാൻ പറഞ്ഞതു പോലെ ഇന്നും അഹ്മദിയ്യാ ജമാഅത്തു തന്നെയാണ് എല്ലാ സ്ഥലത്തും ക്രിസ്തുമതത്തെ നേരിടുന്നത്. കഴിഞ്ഞ ദിവസങ്ങളിൽ ഒരു ടി.വി പരിപാടിയിൽ ജിയൊയിലോ ഏ.ആർ.വൈ യിലോ ഇതുപോലുള്ള ഒരു ഏഷ്യൻ ടിവിയിലോ അല്ലാമ ഇസ്റാർ സാഹിബ് പറയുന്നു: മുസ്‌ലിം ഉലമാക്കൾ പാമരന്മാരായിരുന്നു. അവർക്ക് മതപരമായ അറിവ് തീരെ ഇല്ലായിരുന്നു. ഖുർആന്റെ അറിവുമുണ്ടായിരുന്നില്ല, ബൈബിളിന്റെ അറിവും ഉണ്ടായിരുന്നില്ല. മിർസാ ഗുലാം അഹ്മദ് സാഹിബ് ഖാദിയാനി ഒരു ജ്ഞാനിയായിരുന്നു. ബൈബിളിന്റേയും മറ്റു മതങ്ങളുടേയും അറിവുണ്ടായിരുന്നു. അതു കൊണ്ടു തന്നെ അദ്ദേഹം അന്ന് ക്രിസ്ത്യാനികളെ നേരിടുകയും അവരെ നിരുദ്ധകൺഠരാക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ വാക്കുകളുടെ സാരാംശം ഏറെക്കുറെ ഇതുപോലെയായിരുന്നു. ഏതായാലും, അദ്ദേഹം സമ്മതിക്കുന്നത് (ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്വയം പറഞ്ഞതു പോലെ) മൂർച്ചയേറിയ, ശക്തമായ തെളിവുകൾ മുഖേന അവരെ തിരസ്കരിച്ചത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ആയിരുന്നുവെന്നാണ്. ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് സാഹിബ് ഖാദിയാനി മാത്രമാണ് ക്രിസ്തുമതത്തിന്റെ ആക്രമണത്തെ ചെറുക്കുകയും മുസ്‌ലിംകളെ ക്രിസ്ത്യാനി

കളാകുന്നതിൽ നിന്ന് സംരക്ഷിക്കുകയും ചെയ്തതെന്ന് അദ്ദേഹം സമ്മതിക്കുന്നു. തുടർന്ന് അദ്ദേഹം തന്റെ അസംബന്ധമായ വിശദീകരണങ്ങളാണ് നല്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്നെതിരിലും, അതായത് അദ്ദേഹത്തിന് മസീഹ് ആകാൻ സാദ്ധ്യമല്ല എന്നൊക്കെ പറയുന്നുണ്ട്. ഏതായിരുന്നാലും, ക്രിസ്തുമതത്തിനെതിരെ നിന്നതും അവരുടെ അധ്യാപനങ്ങളെ തെളിവുകൾ മുഖേന തടഞ്ഞതും ഒരേയൊരു യോദ്ധാവായിരുന്നുവെന്നും അദ്ദേഹത്തിന്റെ പേര് ഹദ്റത്ത് മിർസാഗുലാം അഹ്മദ് ഖാദിയാനി എന്നാണെന്നും ഇന്ന് ഇവർ സമ്മതിക്കുന്നു.

ചുരുക്കത്തിൽ ഇവർ ഇന്ന് സമ്മതിച്ചാലും ഇല്ലെങ്കിലും ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്ന മസീഹി തെളിവുകളാണ് ആണ് ദജ്ജാലിനെ ഉന്മൂലനം ചെയ്തതെന്നും ആ മഹാത്മാവ് തന്നെയാണ് വാഗ്ദത്ത മസീഹെന്നും ഒരു ദിവസം ഇവർക്ക് അംഗീകരിക്കേണ്ടതായി വരും.

**വാഗ്ദത്ത മസീഹ് വരേണ്ടത് മുസ്ലിം ഉമ്മത്തിൽ നിന്ന്**

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു; ‘‘മസീഹ് ബ്നു മർയം ആകാശത്തു നിന്ന് രണ്ട് മലക്കുകളുടെ ചുമലിൽ കൈവെച്ചുകൊണ്ട് ഇറങ്ങുമെന്ന ഹദീസിനെ തെറ്റായും ബാഹ്യമായും എടുത്തത് കാരണം മുസ്ലിംകൾ ഇതുവരേയും മസീഹിനെ കാത്തിരിക്കുകയാണ്. ഇതിനെ കുറേക്കൂടി വ്യക്തമാക്കിക്കൊണ്ട് അവരുടെ ഈ അർഥം തെറ്റാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഹദീസുകൊണ്ട് തന്നെ വിശദീകരിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു:

‘‘ഈ ഉമ്മത്തിനോടു വാഗ്ദാനം ചെയ്യപ്പെട്ട വരാനുള്ള മസീഹ് ഈ ഉമ്മത്തിൽനിന്നുള്ള ഒരു വ്യക്തിയായിരിക്കുമെന്ന് ഈ തെളിവുകളെല്ലാം സാക്ഷ്യപ്പെടുത്തുന്നു. ബുഖാരിയിലും മുസ്ലിമിലുമുള്ള ഹദീസിൽ إِمَامُكُمْ مِنْكُمْ എന്നും أَمَّكُمْ مِنْكُمْ എന്നും എഴുതിയിട്ടുണ്ട്. അതിന്റെ അർഥം, അദ്ദേഹം നിങ്ങളുടെ ഇമാമായിരിക്കും, നിങ്ങളിൽ നിന്നായിരിക്കും എന്നാണ്. ഈ ഹദീസ് വരാനുള്ള ഈസയെ കുറിച്ചാണ്. അദ്ദേഹത്തെ പരിചയപ്പെടുത്തുമ്പോൾ ഈ ഹദീസിൽ പ്രസ്തുത വചനത്തിനു മുമ്പേ ഹക്കം(വിധികർത്താവ്), അദൽ(നീതിമാൻ) എന്ന് വിശേഷണമായി വന്നിട്ടുണ്ട്. അതുകൊണ്ട് ഇമാം എന്ന പദവും അദ്ദേഹത്തെ കുറിച്ചുതന്നെയാണ്.

ഇവിടെ മിൻകും എന്ന പദം കൊണ്ട് സ്വഹാബാക്കളെയാണ് അഭി സംബോധന ചെയ്തതെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അവർ തന്നെയായിരുന്നു സംബോധിതർ. എന്നാൽ, അവരിൽ നിന്നാരും തന്നെ വാഗ്ദത്ത മസീഹാണെന്ന് വാദിച്ചിട്ടില്ലെന്നത് സുവിദമാണ്. അതുകൊണ്ട് മിൻകും എന്ന പദം കൊണ്ടുള്ള വിവ ക്ഷ അല്ലാഹുവിന്റെ പക്കൽ സഹാബത്തിന്റെ സ്ഥാനത്തുള്ള വ്യക്തി യാണ്.'' അതായത് അല്ലാഹുവിന്റെ പക്കൽ അദ്ദേഹം സ്വഹാബാ ക്കളുടെ പ്രതിനിധിയും അവരുടെ സ്ഥാനത്തുമാണ്. ''അദ്ദേഹത്തെ താഴെ ചേർക്കുന്ന വ്യക്തമായ ആയത്തിൽ.. (അതായത് (وَآخَرِينَ مِنْهُمْ لَمَّا يَلْحَقُوا بِهِمْ) സ്വഹാബാക്കളുടെ പ്രതിനിധിയാക്കിയിരി ക്കുന്നു. എന്തുകൊണ്ടെന്നാൽ അദ്ദേഹം റസൂൽ തിരുമേനി(സ) യുടെ ആത്മീയ ശിക്ഷണം സിദ്ധിച്ച ആളാണെന്ന് ഈ ആയത്ത് വ്യക്തമാക്കുന്നു. ഈ അർഥമനുസരിച്ച് അദ്ദേഹം സ്വഹാബാക്കളിൽ പെടുന്നു. ഈ ആയത്തിന്റെ വിശദീകരണത്തിന് ഹദീസുണ്ട്.

لَو كَانَ الإِيمَانُ مُعَلَّقًا بِالثُّرَيَّا لَنَالَهُ رَجُلٌ مِنْ فَارِسٍ

വാഗ്ദത്ത മഹ്ദി മസീഹിനുവേണ്ടി സവിശേഷപ്പെടുത്തിയ ഗുണ വിശേഷണമാണ് ഫാർസി വംശജനായ വ്യക്തിക്ക് ചാർത്തപ്പെ ട്ടിരിക്കുന്നത്. അതായത് ഭൂമി, വിശ്വാസവും തൗഹീദുമില്ലാതെ കാലിയായി അക്രമങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുന്നു. വീണ്ടും അതി നെ നീതികൊണ്ട് നിറയ്ക്കേണ്ടത് ഇതേ മഹ്ദി മസീഹാണ്. അത് ഞാനാകുന്നു.'' (തുഹ്ഫ ഗോൾഡവിയ, റൂഹാനി ഖസായിൻ ഭാഗം:17, പേജ്:114..115)

## മഹ്ദിയും മസീഹും ഒരേ വ്യക്തിയുടെ രണ്ട് നാമങ്ങൾ, വാഗ്ദത്ത മസീഹ് മതയുദ്ധങ്ങൾ ഇല്ലാതാക്കും

തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) കുറേക്കൂടി വിശദീ കരിക്കുന്നുണ്ട്. പറയുന്നു; ''ഹദീസ് لا مهديَّ إلا عيسى ''ഇബ്നുമാജ' എന്ന പേരിൽ വിഖ്യാതമായ ഗ്രന്ഥത്തിലും ഹാക്കിമിന്റെ ഗ്രന്ഥമായ മുസ്തദറക്കിലും അനസിബ്നുമാലിക്കിൽ നിന്ന് നിവേദനം ചെയ്യപ്പ ട്ടിരിക്കുന്നു. ഇത് മുഹമ്മദ് ബിൻ ഖാലിദ്, അവാംബിൻസാലി ഹിൽ നിന്നും അവാംബിൻ സാലിഹ് ഹസൻബസ്വരിയിൽ നിന്നും ഹസൻബസരി അനസിബ്നുമാലിക്കിൽ നിന്നും അനസിബ്നുമാ

ലിക് തിരുനബി(സ)ൽ നിന്നും നിവേദനം ചെയ്തിരിക്കുന്നു. ഈ ഹദീസിന്റെ അർഥം, ഈസയുടെ ഭാവത്തിലും പ്രകൃതത്തിലും രീതിയിലും വരുന്ന വ്യക്തിയല്ലാതെ മറ്റൊരു മഹ്ദിയും വരിക യില്ലെന്നാണ്. അതായത് അദ്ദേഹം തന്നെ വാഗ്ദത്ത മസീഹും മഹ്ദിയും ആയിരിക്കും.

അദ്ദേഹം ഈസാനബി(അ)യുടെ ഭാവത്തിലും പ്രകൃതത്തിലും അധ്യാപനരീതിയിലും വരുന്നതാണ്. അതായത്, തിന്മയോട് മത്സ രിക്കുകയും യുദ്ധം ചെയ്യുകയുമില്ല. സംശുദ്ധമായ മാതൃകയും ദൈ വികദൃഷ്ടാന്തങ്ങളുമായി സന്മാർഗം പരത്തുന്നതാണ്. ഈ ഹദീ സിനെ പിന്തുണച്ചുകൊണ്ടാണ് ഇമാം ബുഖാരി തന്റെ സ്വഹീഹ് ബു ഖാരിയിൽ ഹദീസ് രേഖപ്പെടുത്തിയിട്ടുള്ളത്. അതിലെ വാക്കുകൾ യള ഉൽഹർബ എന്നാണ്. ആ മഹ്ദി, അദ്ദേഹത്തിന്റെ മറ്റൊരു പേ രാണ് മസീഹ് മൗഊദ്, മതപരമായ യുദ്ധങ്ങൾ പൂർണമായും അവ സാനിപ്പിക്കുന്നതാണ്. അദ്ദേഹത്തിന്റെ ഉപദേശം, മതത്തിനുവേണ്ടി യുദ്ധം ചെയ്യരുതെന്നും മറിച്ച് മതാധ്യാപനങ്ങളെ സത്യത്തിന്റെ പ്ര കാശവും ധാർമികമായ അത്ഭുതദൃഷ്ടാന്തങ്ങളും ദൈവിക സാമീപ്യ ത്തിന്റെ അടയാളങ്ങളും മുഖേന പരത്തണമെന്നായിരിക്കും. അതു കൊണ്ട് ഞാൻ സത്യം സത്യമായും പറയുന്നു. ഇപ്പോൾ മതത്തി നുവേണ്ടി യുദ്ധം ചെയ്യുകയോ യുദ്ധം ചെയ്യുന്നവരെ പിന്തുണക്കു കയോ രഹസ്യമായോ പരസ്യമായോ അത്തരം ഉപദേശം കൊടുക്കു കയോ മനസ്സിൽ അത്തരം ആഗ്രഹങ്ങൾ വെച്ചുപുലർത്തുകയോ ചെയ്യുന്നയാൾ അല്ലാഹുവിനേയും റസൂലിനേയും ധിക്കരിക്കുന്ന വനാണ്.'' (മുസ്ലിംകൾ മതത്തിന്റെ പേരിൽ യുദ്ധം ചെയ്യുകയാ ണെങ്കിൽ) ''അവരുടെ ഒസ്യത്തുകളും പരിധികളും കടമകളും അതി ലംഘിക്കുകയാണ് ചെയ്യുന്നത്.'' (ഹഖീഖത്തുൽ മഹ്ദി, റൂഹാനി ഖസായിൻ ഭാഗം:14, പേജ്:431,432)

ഇനി നോക്കുക, ഇന്നത്തെ മുസ്ലിംകളുടെ അവസ്ഥകൾ ഇതിനെ പിന്തുണച്ചുകൊണ്ടിരിക്കുന്നു. ഈ യുദ്ധങ്ങൾ അല്ലാഹു വിന്റെ കല്പനയനുസരിച്ചായിരുന്നെങ്കിൽ, അല്ലാഹു പറയുന്നത്, وَكَانَ حَقًّا عَلَيْنَا نَصْرُ الْمُؤْمِنِينَ വിശ്വാസികളെ സഹായിക്കുന്നത് നമ്മുടെ ബാ ധ്യതയാണെന്നാണ്. (30:48) അതുകൊണ്ട് അല്ലാഹുവിന്റെ പിന്തു ണ ലഭ്യമാകുന്നില്ലെങ്കിൽ ചിന്തിക്കേണ്ടതാണ്. യുദ്ധം ചെയ്യാൻ വല്ലാ ത്ത താൽപര്യമാണെങ്കിൽ, ഇസ്ലാമിന്റെ പേരിൽ യുദ്ധം ചെയ്യല്ല.

ഇക്കാലത്ത് മുസ്ലിംകൾ ഇതര സമൂഹങ്ങളോട് പരാജയപ്പെടുന്നത് വരേണ്ട മസീഹ് വന്നുകഴിഞ്ഞിരിക്കുന്നു എന്നതിലേക്കുള്ള ദൈവിക കർമസാക്ഷ്യമാണ്. യളഉൽ ഹർബ് ന്റെ അടിസ്ഥാനത്തിൽ മതയുദ്ധത്തിന്റെ കൽപ്പന അവസാനിച്ചിരിക്കുന്നു. ജിഹാദ് ചെയ്യണമെങ്കിൽ തെളിവുകളും പ്രമാണങ്ങളുംകൊണ്ട് ചെയ്യുക. ഇപ്പോൾ ഇസ്ലാമിന്റെപേരിൽ മുസ്ലിംകൾ ചെയ്യുന്ന യുദ്ധങ്ങളുടെ പരിണിതി, ഞാൻ പറഞ്ഞുവന്നതുപോലെ അല്ലാഹുവിന്റെ കർമസാക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ മുസ്ലിംകൾക്ക് എതിരാണെന്നത് കണ്ണുള്ള എല്ലാവർക്കും കാണാൻ കഴിയുന്നതാണ്. അല്ലാഹുവിന്റെ വാഗ്ദാനം, ഞാൻ മുഅ്മിനീകളെ(സത്യവിശ്വാസികളെ) സഹായിക്കുമെന്നാണ് മുഅ്മിനീംകളാണെങ്കിൽ.

രണ്ട് സംഗതികളാണ്. ഒന്നുകിൽ ഈ മുസ്ലിംകൾ, മുഅ്മിൻ അല്ല. അല്ലെങ്കിൽ ഈ യുദ്ധങ്ങളുടെ സമയം ശരിയല്ല. അതിന്റെ കാലം കഴിഞ്ഞിരിക്കുന്നു. ഓർക്കുക, ഇവരിൽ ഈ രണ്ടുകാര്യങ്ങളും ഉണ്ട്. എന്തുകൊണ്ടെന്നാൽ തിരുനബി(സ) പറഞ്ഞത് അംഗീകരിക്കാതെ, മുഅ്മിനാകാൻ സാദ്ധ്യമല്ല. മഹ്ദീ മസീഹിന്റെ വാദത്തിനു ശേഷം, അദ്ദേഹം പറഞ്ഞത് അനുസരിക്കാതെ അല്ലാഹുവിന്റെ സഹായത്തിന്നർഹരാവാനും സാദ്ധ്യമല്ല. ചുരുക്കത്തിൽ ഇക്കാലഘട്ടത്തിൽ മഹ്ദീ മസീഹാണെന്ന് വാദമുന്നയിച്ച ആൾ തീർച്ചയായും സത്യവനാണ്.

## താൻ ദൈവനിയുക്തനാണെന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യവാഗ്മൂലം

തുടർന്ന് അദ്ദേഹം തന്റെ ഈ സത്യസാക്ഷ്യത്തിനായി വളരെ വലിയ വാദമാണ് ഉന്നയിച്ചത്. അത്തരം വാദം ഒരു കള്ളവാദിക്ക് ഉന്നയിക്കാൻ സാധ്യമല്ല. അദ്ദേഹം പറയുന്നു: ‘‘ആരുടെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് ആ ദൈവത്തെ സത്യം ചെയ്തുകൊണ്ട് ഞാൻ പറയുന്നു, അവൻ തന്നെയാണ് എന്നെ അയച്ചത്. അവൻ തന്നെയാണ് എന്റെ പേര് നബി എന്നുവെച്ചതും, അവൻ തന്നെയാണ് എന്നെ മസീഹ് മൗഊദ് എന്ന് സംബോധന ചെയ്തതും. അവൻ എന്റെ സത്യസാക്ഷ്യത്തിനു വേണ്ടി വലിയ വലിയ അടയാളങ്ങൾ വെളിപ്പെടുത്തുകയുണ്ടായി. അത് മൂന്നുലക്ഷത്തോളം വരും. അതിൽ നിന്ന് ഉദാഹരണമെന്ന നിലക്ക് കുറയൊക്കെ ഈ ഗ്രന്ഥത്തിലും എഴുതിയിട്ടുണ്ട്. ആയിരക്കണക്കിനുള്ള അവന്റെ

അത്ഭുതകരമായ പ്രവർത്തനങ്ങളും വ്യക്തമായ അടയാളങ്ങളും എന്റെ സത്യസന്ധതക്ക് സാക്ഷ്യം നൽകുന്നില്ലെങ്കിൽ ഞാൻ അവന്റെ സംഭാഷണം ആരോടും വെളിപ്പെടുത്തുമായിരുന്നില്ല. മാത്രമല്ല ഇത് അവന്റെ വചനങ്ങളാണെന്ന് ഉറപ്പിച്ചുപറയാനും കഴിയുമായിരുന്നില്ല. പക്ഷേ, അവൻ തന്റെ വാക്കുകൾക്ക് പിന്തുണയുമായി വെളിപ്പെടുത്തിയ കർമങ്ങൾ അവന്റെ മുഖം കാണിക്കുന്ന സ്വച്ഛവും പ്രകാശമാനവുമായ കണ്ണാടിയുടെ പ്രയോജനമാണ് ചെയ്തത്.'' (ഹഖീഖത്തുൽ വഹ്‌യ്, റൂഹാനി ഖസായിൻ ഭാഗം:22, പേജ്:503)

അല്ലാഹുവിന്റെ പേരിൽ വാദമുന്നയിക്കുന്നയാൾ അഥവാ അയാളുടെ വാദം സത്യമല്ലെങ്കിൽ അയാളോട് അല്ലാഹു എങ്ങനെയാണ് പെരുമാറുന്നത്. സ്വയം നോക്കുക, അല്ലാഹു കള്ളപ്രവാചകനെക്കുറിച്ച് പറയുന്നു.

وَلَوْ تَقَوَّلَ عَلَيْنَا بَعْضَ الأَقَاوِيلِ -- لأَخَذْنَا مِنْهُ بِالْيَمِينِ

അദ്ദേഹം നമ്മുടെമേൽ ചില വാക്കുകൾ കെട്ടിച്ചമച്ചു പറഞ്ഞിരുന്നെങ്കിൽ നാം അദ്ദേഹത്തെ വലംകൈകൊണ്ട് പിടികൂടുമായിരുന്നു. തുടർന്ന് പറയുന്നു:

ثُم لَقَطَعْنَا مِنْهُ الْوَتِينَ

എന്നിട്ട്, അദ്ദേഹത്തിന്റെ ജീവനാഡി നാം അറുത്തുകളയുമായിരുന്നു. (അൽ ഹാഖ 45..47)

ഇനി പറയുക, ഹദ്റത്ത് മസീഹ് മൗഊദ്(അ) ഞാൻ നബിയാണെന്നും, എനിക്ക് എല്ലാ സഹായങ്ങളും ലഭ്യമാകുന്നുവെന്നും വാദിച്ചതിനു ശേഷം അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവനാഡി അറുത്തുകളയുകയാണോ ചെയ്തത്?

അതോ وَكَانَ حَقًّا عَلَيْنَا نَصْرُ الْمُؤْمِنِينَ (അർറൂം 48) സത്യവിശ്വാസികളെ സഹായിക്കുന്നത് നമ്മുടെ ബാധ്യതയാണ് എന്ന വാഗ്ദാനമനുസരിച്ച് സഹായിക്കുകയാണോ ചെയ്തത്? ജമാഅത്തിനെ സഹായിച്ചുകൊണ്ടേയിരിക്കുന്നു.

ഒരു ചെറിയ പ്രദേശത്തുനിന്ന് ഉയർന്ന ഒരു ശബ്ദം ഇന്ന് സർവപ്രൗഢിയോടുംകൂടി ലോകത്തിന്റെ കോണുകളോളം പരന്നിരിക്കുന്നു.

ഇന്ന് 181 രാഷ്ട്രങ്ങളിൽ അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമാണ്. ഇന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നവർ യൂറോപ്പിലും, അമേരിക്കയിലും ആഫ്രിക്കയുടെ വിദൂര വനാന്തരങ്ങളിലും ചുട്ടുപൊള്ളുന്ന മരുഭൂമിയിലും ദ്വീപുകളിലും ഉണ്ട്. എന്ത് ഈ എല്ലാ ദൈവികസഹായങ്ങളും, അദ്ദേഹത്തിന്റെ സത്യസാക്ഷ്യം ദൃഢപ്പെടുത്താൻ മതിയായതല്ലേ? ഈ വ്യക്തി വ്യാജനായിരുന്നുവെങ്കിൽ, അല്ലാഹു തന്റെ നിയമമനുസരിച്ച് അദ്ദേഹത്തെ എന്തുകൊണ്ട് പിടിച്ചില്ല? തന്നെ ബന്ധിപ്പിച്ച് ഇൽഹാമുകൾ പറഞ്ഞ കാരണത്താൽ എന്തുകൊണ്ട് അദ്ദേഹത്തെ നശിപ്പിച്ചില്ല? ഇത് ചിന്തിക്കേണ്ട ഘട്ടമാണ്. ചിന്തിക്കുകയും വിവേകപൂർവം പ്രവർത്തിക്കുകയും ചെയ്യുക. മുസ്‌ലിംകളോടു ഞാൻ പറയയുകയാണ്; എന്തിനാണ് നിങ്ങളുടെ ഇഹലോകവും പരലോകവും നശിപ്പിക്കുന്നത്? കഴിഞ്ഞ ദിവസം പാക്കിസ്ഥാനിൽ ഒരാൾ മഹ്ദിയാണെന്ന് വാദിച്ചു. കുറച്ചുനേരം പരസ്പരം വെടിവയ്പിനുശേഷം അയാളെ അറസ്റ്റു ചെയ്തു. ഇപ്പോൾ ജയിലിലാണ്. ഇതാണ് വ്യാജവാദിയുടെ അവസ്ഥ. ഈ അന്ത്യം ഉടൻതന്നെ അവർക്ക് മുന്നിൽ ഉണ്ടായി. ഇതിനു മുമ്പും ഉണ്ടായിട്ടുണ്ട്.

## ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് വേണ്ടിയുള്ള ദൈവിക സാക്ഷ്യം

അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിനുള്ളഒരു ആകാശീയസാക്ഷ്യമുണ്ട്. ഇതിനെപ്പറ്റി നേരത്തേയും ഞാൻ പരാമർശിച്ചിട്ടുള്ളതാണ്. അതായത് സൂര്യചന്ദ്രഗ്രഹണങ്ങൾ. മനുഷ്യശ്രമത്തിന്റെ ഒരു ഇടപെടലും സാദ്ധ്യമല്ലാത്ത അടയാളമാണിത്. ഹദ്റത്ത് റസൂൽ തിരുമേനി(സ) ഇന്നേക്ക് 1400 വർഷങ്ങൾക്ക് മുമ്പേ എങ്ങനെയാണ് ക്ലിപ്തമായാണ് പ്രവചനം ചെയ്ത് നമുക്ക് പറഞ്ഞുതന്നിരിക്കുന്നത്. സയൻസ് ഒരുപാട് പുരോഗതി പ്രാപിച്ച ഈ കാലഘട്ടത്തിൽ പോലും ഇത്രയും മാർഗങ്ങൾ പോകട്ടെ അടുത്ത വഴികളെക്കുറിച്ചും അതായത്  റമസാൻ മാസത്തിലായിരിക്കും, ഇന്ന തിയതിക്ക് സൂര്യഗ്രഹണം ഉണ്ടാകും, ഇന്നതിയതിക്ക് ചന്ദ്രഗ്രഹണമുണ്ടാകും എന്നൊക്കെ പ്രവചിക്കാൻ സാധ്യമല്ല. ഹദീസിൽ വന്നിരിക്കുന്നു.

إِنَّ لِمَهْدِينَا آيَتَيْنِ لَمْ تَكُونَا مُنْذُ خَلْقِ السَّمَوَاتِ وَالأَرْضِ تَنْكَسِفُ الْقَمَرُ لأَوَّلِ لَيْلَةٍ مِنْ رَمَضَانَ وَتَنْكَسِفُ الشَّمْسُ فِي النِّصْفِ مِنْهُ

അതായത് നമ്മുടെ മഹ്ദിയുടെ സത്യത്തിനായി രണ്ട് ദൃഷ്ടാന്ത ങ്ങളാണുള്ളത്. ഈ സത്യസാക്ഷ്യത്തിന്റെ അടയാളം ലോകമു ണ്ടായതു മുതൽ ആർക്കുവേണ്ടിയും വെളിപ്പെട്ടിട്ടില്ല. റമദാനിലെ ചന്ദ്രഗ്രഹണത്തിന്റെ രാത്രികളിൽ ആദ്യത്തെ രാത്രി ചന്ദ്രനും, സൂര്യഗ്രഹണത്തിന്റെ ദിനങ്ങളിൽ മധ്യദിനത്തിൽ സൂര്യനും ഗ്രഹ ണമുണ്ടാകുന്നതാണ്.

അങ്ങനെ 1894 ൽ ഗ്രഹണമുണ്ടായി. 13,14,15 തിയ്യതികളിൽ റമദാൻ 13ന് ചന്ദ്രന് ഗ്രഹണം സംഭവിച്ചു. 27,28,29 തിയ്യതികളിൽ റമദാൻ 28ന് സൂര്യന് ഗ്രഹണമുണ്ടായി. ഇത് അദ്ദേഹത്തിന്റെ സത്യ സാക്ഷ്യത്തിന് വളരെ വ്യക്തമായ തെളിവാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു; എന്നെക്കൂടാതെ ആ സമയത്ത് മറ്റൊരു വാദിയും ഇല്ലായിരുന്നു. ചില മൗലവിമാർ "ഖമർ' മുതലായ തർക്കങ്ങളിൽ ഉഴലുന്നു. "ഖമർ' ചിലരുടെ വീക്ഷണത്തിൽ രണ്ടാമത്തെ രാത്രിക്കു ശേഷമുള്ള ചന്ദ്രനാണ്. മറ്റു ചിലരുടെ അഭിപ്രായത്തിൽ മൂന്നാമത്തെ രാത്രിക്കു ശേഷമുള്ള ചന്ദ്രനാണ്.

പിന്തുണയുടെ ഈ അടയാളത്തിനുമുമ്പേ, ഹദ്റത്ത് മസീഹ് മൗ ഊദ്(അ)നെ കൂടാതെ മറ്റേതെങ്കിലും വാദിയുണ്ടായിരുന്നുവെങ്കിൽ കാണിച്ചു തരിക. ഒരു വ്യക്തിയുടെ മാത്രമേ വാദമുണ്ടായിരുന്നുള്ളു. അത് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) ആണ്. എണ്ണമറ്റ അടയാളങ്ങൾ പുലർന്നുകൊണ്ടിരിക്കുന്നുവെന്ന് ഹദ് റത്ത് മസീഹ് മൗഊദ്(അ) ഉച്ചൈസ്തരം പ്രഖ്യാപിക്കുന്നു. ഞാ നല്ലെങ്കിൽ മറ്റാരാണ് വന്നതെന്ന് കാണിച്ചുതരിക. എന്തുകൊണ്ടെ ന്നാൽ കാലഘട്ടത്തിന്റെ ആവശ്യമാണ്. എന്നാൽ, ഇവർക്ക് കാ ണിച്ചു തരാൻ സാധ്യമല്ല. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗ ഊദ്(അ)തന്നെയാണ് സത്യവാദി. ഭൗമികവും ആകാശീയവുമാ യ പിന്തുണ അദ്ദേഹത്തിന്റെ പക്ഷത്താണ്. അല്ലാഹു പറഞ്ഞ നുബുവ്വത്തിന്റെ മാനദൺഡം അദ്ദേഹത്തെ പിന്തുണയ്ക്കുന്നു. ചിലർ നേരത്തേയും അദ്ദേഹം പരിശുദ്ധ വ്യക്തിത്വത്തിന്റെ ഉടമ യാണെന്ന് അംഗീകരിച്ചവരാണ്. അദ്ദേഹത്തിന്റെ ആദ്യകാലവും പരിശുദ്ധമായിരുന്നു, യുവത്വവും സംശുദ്ധമായിരുന്നു. അദ്ദേഹം ജ്ഞാനിയുമായിരുന്നു. ഇസ്ലാമിക സേവനവും അദ്ദേഹത്തേക്കാ ളുമധികം മറ്റാരും ചെയ്തിട്ടില്ല. ഇത് അന്യരും സമ്മതിച്ചതാണ്. പി

ന്നെ ഇതെല്ലാം കണ്ടതിനുശേഷവും, ബുദ്ധിക്കു മേൽ മറയാണെങ്കിൽ അല്ലാഹു തന്നെ സംരക്ഷിക്കട്ടെ. എന്തുകൊണ്ടെന്നാൽ ആരെയെങ്കിലും വിശ്വസിക്കാനുള്ള സൗഭാഗ്യവും അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടുതന്നെയാണ് ലഭിക്കുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

''ഇനി പറയുക, ഈ വിനീതൻ സത്യത്തിലല്ലെങ്കിൽ എന്നെപ്പോലെ പതിനാലാം നൂറ്റാണ്ടിന്റെ തലക്കൽ ആരാണ് മുജദ്ദിദിന്റെ വാദമുന്നയിച്ചിട്ടുള്ളത്. ഇൽഹാമീ വാദവുമായി സകല എതിരാളികൾക്കും മുന്നിൽ എന്നെപ്പോലെ നിന്നതാരാണ്.

تَفَكَّرُوْا تَنَدَّمُوْا وَاتَّقُوْا لله وَلَا تَغْلُوْا

(ചിന്തിക്കുവിൻ, അൽപ്പം ലജ്ജ കാണിക്കുവിൻ, അല്ലാഹുവിനെ ഭയപ്പെടുവിൻ എന്തിനാണ് നിർലജ്ജയിൽ മുന്നോട്ടുഗമിക്കുന്നത്.) ''ഈ വിനീതൻ മസീഹ് മൗഊദ് ആണെന്ന വാദത്തിൽ അബദ്ധത്തിലാണെങ്കിൽ, നിങ്ങളുടെ വീക്ഷണത്തിലുള്ള മസീഹ് മൗഊദ് ഈ ദിവസങ്ങളിൽ ആകാശത്തുനിന്നിറങ്ങുന്നതിനുവേണ്ടി പരിശ്രമിക്കുക. കാരണം ഞാനിപ്പോൾ സന്നിഹിതനാണ്. പക്ഷേ നിങ്ങൾ കാത്തിരിക്കുന്നയാൾ സന്നിഹിതനല്ല. ഇനി അദ്ദേഹം ആകാശത്തുനിന്ന് ഇറങ്ങി വന്നാൽ ഞാൻ ആരോപണവിധേയനാകും, എന്റെ വാദം പൊളിയുന്നത് ഈയൊരു രൂപത്തിൽ മാത്രമാണ് ഗണിക്കപ്പെടുകയുള്ളു.'' (ഇത് അദ്ദേഹം അന്ന് എല്ലാവരോടും ചെയ്ത വെല്ലുവിളിയാണ്) ''നിങ്ങൾ സത്യത്തിലാണെങ്കിൽ മസീഹ്ബ്നു മർയം ഉടൻ ആകാശത്തുനിന്ന് ഇറങ്ങുന്നത് കാണാൻ എല്ലാവരും ഒരുമിച്ച് പ്രാർഥിക്കുക. നിങ്ങൾ സത്യത്തിലാണെങ്കിൽ ഈ പ്രാർഥന സ്വീകരിക്കപ്പെടുന്നതാണ്. കാരണം അഹ്ലെഹഖിന്റെ പ്രാർഥന വ്യാജന്മാർക്കെതിരിൽ സ്വീകരിക്കപ്പെടുന്നു.'' (അതായത് സത്യവാന്മാരുടെ പ്രാർഥന വ്യാജന്മാർക്കെതിരിൽ സ്വീകരിക്കപ്പെടുന്നു.) ''എന്നാൽ തീർച്ചയായും മനസ്സിലാക്കിക്കൊള്ളുക, ഈ പ്രാർഥന ഒരിക്കലും സ്വീകരിക്കപ്പെടുകയില്ല, എന്തുകൊണ്ടെന്നാൽ നിങ്ങൾ അബദ്ധത്തിലാകുന്നു. മസീഹ് വന്നുകഴിഞ്ഞിരിക്കുന്നു. പക്ഷേ, നിങ്ങൾ അദ്ദേഹത്തെ തിരിച്ചറിഞ്ഞില്ല. ഇനി നിങ്ങളുടെ ഈ നിരർഥക പ്രതീക്ഷ ഒരിക്കലും പൂർത്തിയാവുകയില്ല. ഈ കാലവും കഴിഞ്ഞുപോകും. അവരിൽ ആരും തന്നെ

മസീഹി ആകാശത്തു നിന്നിറങ്ങുന്നത് കാണുകയില്ല.(ഇസാലയെ ഔഹാം ഭാഗം:1, റൂഹാനി ഖസായിൻ ഭാഗം:3, പേജ്:179)

തുടർന്ന് അദ്ദേഹം പറയുന്നു; ''അതുകൊണ്ട്തന്നെ ഞാൻ പറയുകയാണ്, ഇവർ ദീനിന്റേയും സത്യത്തിന്റേയും ശത്രുക്കളാണ്. ഇനിയും ഇവരിലെ ഏതെങ്കിലും വിഭാഗം ഹൃദയങ്ങളെ നന്നാക്കി എന്റെയടുത്ത് വന്നാൽ, ഞാൻ ഇപ്പോഴും അവരുടെ വ്യർഥവും അനാവശ്യവുമായ സംശയങ്ങൾക്ക് മറുപടി നൽകാനും അല്ലാഹു എങ്ങനെയാണ് ഒരു വമ്പിച്ച സൈന്യത്തെപ്പോലെ എന്റെ സാക്ഷ്യത്തിനു പ്രവചനങ്ങൾ ഒരുക്കി പകൽ പോലെ സത്യം വെളിപ്പെടുത്തിയതെന്നും കാണിച്ചുകൊടുക്കാൻ തയ്യാറാണ്.''

## മസീഹ് മൗഊദിനോടുള്ള സ്നേഹം ജനഹൃദയങ്ങളിൽ രൂഢമൂലമാക്കുകയും അദ്ദേഹത്തിന്റെ സംഘത്തെ മറ്റെല്ലാ സംഘങ്ങൾക്കും മേൽ വിജയിപ്പിക്കുകയും ചെയ്യും

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, ആരെങ്കിലും വരികയാണെങ്കിൽ നൂറുവർഷത്തിനുശേഷം ഇന്നും ഹൃദയങ്ങളെ ശരിയാക്കി വരണമെന്ന നിബന്ധന നിലനിൽക്കുന്നു. വരുന്നവർ സത്യത്തെ ഉൾക്കൊള്ളുകയും ചെയ്യുന്നു.

പറയുന്നു: ''ഈ വിവരദോഷികളായ മൗലവിമാർ തങ്ങളുടെ കണ്ണുകൾ ബോധപൂർവം അടയ്ക്കുകയാണെങ്കിൽ അടച്ചുകൊള്ളട്ടെ. സത്യത്തിന് അതുകൊണ്ട് എന്തു നഷ്ടം സംഭവിക്കാനാണ്. എന്നാൽ ആ കാലം വരുന്നു. അല്ല അത് സമീപസ്ഥമാണ്, ഫിർഔന്റെ പ്രകൃതമുള്ളവർ ഈ പ്രവചനങ്ങളിൽ ചിന്തിച്ചാൽ മുങ്ങുന്നതിൽനിന്ന് രക്ഷപ്പെടും. അല്ലാഹു പറയുന്നു: ഞാൻ ആക്രമണത്തിനുമേൽ ആക്രമണം നടത്തും; അങ്ങനെ നിന്റെ സത്യം ഹൃദയങ്ങളിൽ കുടിയിരുത്തും. അല്ലയോ മൗലവിമാരേ! നിങ്ങൾക്ക് അല്ലാഹുവിനോടു പൊരുതാൻ ശക്തിയുണ്ടെങ്കിൽ പൊരുതിക്കൊള്ളുക. എനിക്കു മുമ്പ് ഒരു സാധുമനുഷ്യനായ മർയമിന്റെ മകനോട് യഹൂദികൾ എന്തെന്തല്ലാം ചെയ്തില്ല? എങ്ങനെയാണ് തങ്ങളുടെ ചിന്തക്കനുസൃതമായി കുരിശിലേറ്റിയത്. എന്നാൽ അല്ലാഹു അദ്ദേഹത്തെ കുരിശുമരണത്തിൽനിന്ന് രക്ഷിച്ചു. അഥവാ ഒരു കാലമുണ്ടായിരുന്നു, അദ്ദേഹം കേവലം ചതിയനും കള്ളനുമായി

ഗണിക്കപ്പെട്ടിരുന്നു. പക്ഷേ അദ്ദേഹത്തിന്റെ മഹത്ത്വം ഹൃദയങ്ങളിൽ ജനിപ്പിക്കുകയും ഇന്ന് 40 കോടി ജനങ്ങൾ അദ്ദേഹത്തെ ദൈവമായി വിശ്വസിക്കുകയും ചെയ്യുന്ന സമയമെത്തിയിരിക്കുന്നു. ഇവർ കുഫ്ർ ചെയ്തുകൊണ്ടാണ് ഒരു നിസ്സാരമനുഷ്യനെ ദൈവമാക്കിയിരിക്കുന്നതെങ്കിലും ഇത് യഹൂദികൾക്കുള്ള മറുപടിയാണ്.'' (അതായത് അല്ലാഹുവിൽനിന്ന് യഹൂദികൾക്ക് മറുപടി നല്കപ്പെട്ടതാണ്) ''ആരെയാണോ അവർ ഒരു വ്യാജവാദിയെപ്പോലെ കാലിന്നടിയിൽ ചവുട്ടിമെതിക്കാൻ ആഗ്രഹിച്ചത് അതേ യേശു മർയമിന്റെ പുത്രൻ, 40 കോടി ജനങ്ങൾ അദ്ദേഹത്തെ വണങ്ങുന്ന തരത്തിൽ മഹത്വമാർജിച്ചിരിക്കുന്നു. രാജാക്കന്മാരുടെ കഴുത്തുകൾ അദ്ദേഹത്തിന്റെ പേരിനു മുമ്പിൽ കുനിയുന്നു. മർയമിന്റെ പുത്രൻ യേശുവിനെപോലെ ശിർക്കിന് വളംവെക്കാൻ ഞാൻ നിമിത്തമാകരുതെന്ന് പ്രാർഥിച്ചിട്ടുണ്ട്. അല്ലാഹു അങ്ങനെതന്നെയാക്കുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. എന്നാൽ അല്ലാഹു എന്നെ കൂടെക്കൂടെ അറിയിച്ചിരിക്കുന്നു; അവൻ എനിക്ക് വളരെയധികം മഹത്വം നല്കുകയും എന്നോടുള്ള സ്നേഹം ഹൃദയങ്ങളിൽ കുടിയിരുത്തുകയും ചെയ്യും. എന്റെ പ്രസ്ഥാനത്തെ ലോകം മുഴുവൻ പരത്തുകയും എല്ലാ കക്ഷികൾക്കും മേൽ എന്റെ കക്ഷിയെ വിജയിപ്പിക്കുകയും ചെയ്യും. എന്റെ ഫിർഖയിൽ പെട്ടവർ അറിവിലും ദൈവജ്ഞാനത്തിലും എത്രത്തോളം പരിപക്വതയാർജിക്കുമെന്നാൽ, തങ്ങളുടെ സത്യത്തിന്റെ പ്രകാശവും തെളിവുകളും അടയാളങ്ങളും മുഖേന സർവരുടേയും വായ അടക്കുന്നതാണ്.'' (അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലോകത്ത് എല്ലാ രാജ്യത്തും ഈ സത്യം വെളിപ്പെടുകയും വെളിപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു) ''ഓരോ ജനതയും ഈ ഉറവിൽനിന്ന് കുടിക്കുന്നതാണ്. ഈ പ്രസ്ഥാനം ശക്തമായി വളരുകയും, പുഷ്പിക്കുകയും ചെയ്യും. എത്രത്തോളമെന്നാൽ ഭൂമിയിൽ മുഴുവൻ വലയം ചെയ്യപ്പെടുന്നതാണ്. ഒരുപാട് തട ങ്ങളും പരീക്ഷണങ്ങളും ഉണ്ടാകും. പക്ഷേ അല്ലാഹു എല്ലാത്തിനേയും ഇടയിൽനിന്ന് എടുത്തുമാറ്റുകയും തന്റെ വാഗ്ദാനം പൂർത്തിയാക്കുകയും ചെയ്യും. അല്ലാഹു എന്നെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: ഞാൻ നിനക്ക് അനുഗ്രഹത്തിനുമേൽ അനുഗ്രഹം നൽകും; എത്രത്തോളമെന്നാൽ രാജാക്കന്മാർ നിന്റെ വസ്ത്രത്തിൽനിന്ന് അനുഗ്രഹം തേടും.

അല്ലയോ ശ്രോതാക്കളേ! ഈ കാര്യങ്ങൾ ഓർക്കുകയും ഈ പ്രവചനങ്ങൾ തങ്ങളുടെ പെട്ടികളിൽ സൂക്ഷിച്ചുവെക്കുകയും ചെയ്യുക. ഇത് ദൈവത്തിന്റെ വചനമാണ്. ഒരുനാൾ അത് പൂർത്തിയാകുന്നതാണ്. ഞാൻ എന്റെ അകതാരിൽ ഒരു നന്മയും ദർശിക്കുന്നില്ല. ഞാൻ ചെയ്യേണ്ട കർമങ്ങൾ ചെയ്തിട്ടുമില്ല. ഞാൻ എന്നെ കേവലം അനർഹനായ ഒരു ജോലിക്കാരനായി മനസ്സിലാക്കുന്നു. ഇത് അല്ലാഹുവിന്റെ അനുഗ്രഹം മാത്രമാണ്. അതാണ് എന്നോടൊപ്പമുള്ളത്. ചുരുക്കത്തിൽ ഈ ഒരുപിടി മണ്ണിനെ എല്ലാവിധ ന്യൂനതകളോടും കൂടി സ്വീകരിച്ച ആ സർവശക്തനും അത്യുദാരനുമായ അല്ലാഹുവിന് ആയിരമായിരം നന്ദി.'' (തജല്ലിയാത്തെ ഇലാഹിയ്യ:, റൂഹാനി ഖസായിൻ ഭാഗം:20, പേജ്:408..410)

ഇതാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദവും പ്രവചനവും. നാം എല്ലാ ദിവസവും അത് പുലരുന്നത് കണ്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. പക്ഷേ, എല്ലാ മതങ്ങളും സമുദായങ്ങളും ചിന്തിക്കേണ്ട സന്ദർഭമാണിത്. മസീഹ് മൗഊദിന്റെ ജമാഅത്ത്, അല്ലാഹു അദ്ദേഹത്തോട് ചെയ്ത വാഗ്ദാനമനുസരിച്ച് അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു, ഞാൻ പറഞ്ഞതുപോലെ എല്ലാ ദിവസവും നാം ആ പുരോഗതി കാണുകയും ചെയ്യുന്നു. മുസ്ലിംകളും (അഹ്മദികളല്ലാത്ത മുസ്ലിംകൾ) ചിന്തിക്കേണ്ടതാണ്. വരാനുള്ള മസീഹും മഹ്ദിയും വന്നുകഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിനായി ഖുർആനിലും, ഹദീസിലും നിരവധി തെളിവുകളുണ്ട്, ഖുർആനിൽ നിന്നും ഹദീസിൽ നിന്നും ലഭ്യവുമാണ്. അതിൽ നിന്ന് ഒന്നുരണ്ടെണ്ണത്തെക്കുറിച്ച് ഞാൻ പരാമർശിച്ചിരുന്നു. കാലഘട്ടത്തിന്റെ അവസ്ഥയും അദ്ദേഹത്തെ വിളിച്ചുകൊണ്ടിരിക്കുന്നു. ഇനി എന്ത് പ്രതീക്ഷയിലാണ് നിങ്ങളിരിക്കുന്നത്. ജനങ്ങളേ, അല്പം ചിന്തിക്കുവിൻ. ക്രിസ്ത്യാനികൾക്ക് വരേണ്ട രണ്ടാം മസീഹും ആഗതനായിരിക്കുന്നു. ഇതരമതക്കാരേയും ഒരു കൈയിൽ ഒരുമിച്ചുകൂട്ടാൻ വരേണ്ട വ്യക്തി വന്നിരിക്കുന്നു. പരസ്പരം വികാരങ്ങളെ മാനിക്കാൻ പഠിപ്പിക്കേണ്ടതും ഈ മസീഹ് മൗഊദ് തന്നെയാണ്. ഇന്ന് ലോകത്ത് സമാധാനവും സ്നേഹവും മമതയും പരത്തേണ്ടതും ഈ മസീഹ് മൗഊദ് തന്നെയാണ്. മാനവകുലത്തെ ദു:ഖങ്ങളിൽ നിന്നും പ്രയാസങ്ങളിൽ നിന്നും മോചിപ്പിക്കേണ്ടതും ഈ മസീഹ് മൗഊദ്

തന്നെയാണ്. അല്ലാഹുവിലേക്ക് എത്താനുള്ള മാർഗദർശനം നൽകേണ്ടതും ദാസന്മാർക്ക് ദൈവസവിധത്തിൽ കുനിയേണ്ട രീതി പറഞ്ഞുകൊടുക്കേണ്ടതും ഈ മസീഹ് മൗഊദ് തന്നെയാണ്.

ലോകം ഈ എല്ലാ കാര്യങ്ങളും കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, സകലപ്രവാചകന്മാരുടേയും പ്രവചനമനുസരിച്ച് ആഗതരായ തിരുനബി(സ)ന്റെ സത്യസന്ധനായ പ്രേമി, മഹ്ദീ മസീഹിന്റെ പാഠങ്ങളനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. അല്ലെങ്കിൽ അല്ലാഹുവിന്റെ കോപാഗ്നിയുടെ പ്രതിഫലനം വട്ടമിട്ടു പറക്കുന്നതായി നാം കാണുന്നു. അതേക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ), അല്ലാഹുവിൽനിന്ന് ലഭ്യമായ അറിയിപ്പ് നമ്മോടു പറഞ്ഞിട്ടുള്ളതാണ്.

ആയതിനാൽ അഹ്മദികളോട് ഞാൻ പറയട്ടെ, ഓരോ അഹ്മദിയും തന്റെ ഗുണകരമായമാറ്റത്തിന് പരിശ്രമിക്കേണ്ടതാണ്. സ്വയം നന്നാക്കിത്തീർക്കുന്നതോടൊപ്പം ഈ മുന്നറിയിപ്പിനെക്കുറിച്ച് ലോകത്തെ ബോധ്യപ്പെടുത്തുകയും ചെയ്യുക. അല്ലാഹു ഭൗതികരായ ആളുകൾക്ക് മേൽ കരുണ ചൊരിയുകയും അവർക്ക് യാഥാർഥ്യം മനസ്സിലാക്കാൻ സൗഭാഗ്യം നൽകുകയും ചെയ്യുമാറാകട്ടെ.

# ഖുത്ബ ജുമുഅ 24.02.2006

## മസ്ജിദ് ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ, യു.കെ.

• പത്രസ്വാതന്ത്ര്യത്തിന്റേയും ആവിഷ്ക്കാരസ്വാതന്ത്ര്യത്തിന്റേയും പേരിൽ ചില പാശ്ചാത്യ രാജ്യങ്ങളും പത്രങ്ങളും മുസ്‌ലിംകളുടെ വികാരത്തെ വ്രണപ്പെടുത്തുന്നതിന്റേയും, അക്രമപരമായ നിലപാട് സ്വീകരിക്കുന്നതിന്റേയും അവരുടെ ദ്വിമുഖ ധാർമികത നിലവാരത്തിന്റേയും വിവരണം

• പാശ്ചാത്യലോകത്തിന് മുസ്‌ലിംകളെ എതിർക്കാൻ ധൈര്യം കിട്ടാൻ കാരണം മുസ്‌ലിംകളുടെ തന്നെ ആഭ്യന്തര അവസ്ഥകളുമാണ്. അമുസ്‌ലിം ലോകം തങ്ങളുടെ തെറ്റുകൾ കാരണം അതിഭയാനകമയ അവസ്ഥയിൽ ഉഴലുകയാണ്.

• തിരുനബി(സ)നോടുള്ള സ്നേഹം, നമ്മുടെ ദു:ആളിൽ മുസ്‌ലിം ഉമ്മത്തിനും ഒരുപാട് ഇടം നൽകാൻ ആവശ്യപ്പെടുന്നു. ഇന്ന് ഈ കാലഘട്ടത്തിന്റെ ഇമാമിനെ തിരിച്ചറിഞ്ഞട്ടുള്ള, ഓരോ അഹ്മദിയുടേയും ഉത്തരവാദിത്തം തിരുനബി(സ)നോടുള്ള സ്നേഹാവേശത്താൽ കൂടുതൽ കൂടുതൽ സ്വലാത്ത് ചൊല്ലുക എന്നതാണ്.

• അന്തരീക്ഷത്തിൽ സത്യഹൃദയത്തോടെ ഒരുപാട് സ്വലാത്തുകൾ വിതറുവിൻ, എത്രത്തോളമെന്നാൽ അന്തരീക്ഷത്തിലെ ഓരോ കണികയിൽ നിന്നും സ്വലാത്തുകാരണം സുഗന്ധം വമിക്കട്ടെ, നമ്മുടെ എല്ലാ ദു:ആകളും ഈ സ്വലാത്തിന്റെ മാധ്യസ്ഥം കൊണ്ട് അല്ലാഹുവിന്റെ തിരുസവിധത്തിൽ സ്വീകാര്യതയുടെ സ്ഥാനം കരസ്ഥമാക്കട്ടെ.

• വിശുദ്ധ ഖുർആൻ, തിരുഹദീസുകൾ, വാഗ്ദത്ത മസീഹിന്റെ അദ്ധ്യാപനങ്ങൾ എന്നിവയുടെ വെളിച്ചത്തിൽ സ്വലാത്തിന്റെ പ്രാധാന്യവും അനുഗ്രഹങ്ങളും വിവരിച്ചുകൊണ്ട് കൂടുതൽ സ്വലാത്ത് ചൊല്ലാനും മുസ്‌ലിം ഉമ്മത്തിനു വേണ്ടി പ്രാർഥിക്കാനും പ്രത്യേക ആഹ്വാനം

اَشْهَدُ اَنْ لَا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْم

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ۔ اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِينَ۔ الرَّحْمٰنِ الرَّحِيمِ۔ مَالِكِ يَوْمِ الدِّينِ۔
إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ۔ اهْدِنَا الصِّرَاطَ الْمُسْتَقِيمَ۔ صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ

إِنَّ اللّٰهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا۔ (33:57)

ചില പാശ്ചാത്യപത്രങ്ങളും രാജ്യങ്ങളും പത്രസ്വാതന്ത്ര്യത്തിന്റേയും ആവിഷ്ക്കാരസ്വാതന്ത്ര്യത്തിന്റേയും പേരിൽ മുസ്ലിംകളുടെ വികാരത്തെ വ്രണപ്പെടുത്തിക്കൊണ്ടും, അക്രമപരമായ നിലപാട് സ്വീകരിച്ചുകൊണ്ടും കഴിഞ്ഞ ചിലയാഴ്ചകളായി തുടർന്നുവരുന്ന സംഭവങ്ങളെക്കുറിച്ചുള്ള വിഷയം തന്നെയാണ് ഇന്നും ഞാൻ സംക്ഷിപ്തമായി വിവരിക്കുന്നത്. അതിനുള്ള പ്രതികരണമെന്ന നിലയിൽ ചിലപത്രങ്ങൾക്കും രാജ്യങ്ങൾക്കുമെതിരിൽ മുസ്ലിംരാഷ്ട്രങ്ങളിലെ അന്തരീക്ഷത്തെക്കുറിച്ചും ഞാൻ പറയാനാഗ്രഹിക്കുകയാണ്. വ്യക്തിപരമായ നിലയിലും സംഘടിതമായ നിലയിലും സർക്കാർതലത്തിലും പ്രതിഷേധം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഖേദം പ്രകടിപ്പിക്കാനും പത്രസ്വാതന്ത്ര്യത്തിന്റേയും ആവിഷ്ക്കാരസ്വാതന്ത്ര്യത്തിന്റേയും പേരിൽ, നബിമാരിലേക്കെത്തരുതെന്ന നിയമം പാസാക്കാനും പാശ്ചാത്യരാഷ്ട്രങ്ങളുടെമേൽ സമ്മർദം ചെലുത്തുമെന്നാണ്  ഇസ്ലാമികരാഷ്ട്രങ്ങളിലെ ഓർഗനൈസേഷനായ ഒ.ഐ.സിയും പറഞ്ഞിരിക്കുന്നത്. കാരണം ഇതിൽനിന്ന് പിന്മാറുന്നില്ലെങ്കിൽ, പിന്നെ ലോകസമാധാനത്തിന് ഒരു ജാമ്യവുമില്ല. ഈ രാഷ്ട്രങ്ങളുടെ അഥവാ ഓർഗനൈസേഷന്റെ വളരെ നല്ല പ്രതികരണമാണ് ഇത്. യഥാർഥത്തിൽ ഹൃദയവേദനയോടെ ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിനുള്ള  തീരുമാനമെടുപ്പിക്കാൻ കഴിവുള്ളവരായി തീരുന്നതിന് അല്ലാഹു ഇസ്ലാമികരാഷ്ട്രങ്ങളിൽ കെട്ടുറപ്പ് ഉണ്ടാക്കുമാറാകട്ടെ.

## പാശ്ചാത്യൻ രാജ്യങ്ങളുടേയും പത്രങ്ങളുടേയും ഇരട്ടത്താപ്പ്

കഴിഞ്ഞദിവസങ്ങളിൽ ഇറാനിലെ ഒരു പത്രം ഈ നീക്കത്തിന് പകരം ചോദിക്കാൻ തങ്ങളുടെ പത്രങ്ങളിലൂടെ മത്സരം സംഘടിപ്പിക്കുമെന്ന് വിളംബരം ചെയ്തിരുന്നു. രണ്ടാംലോകമഹായുദ്ധത്തിൽ യഹൂദികളോട് അനുവർത്തിച്ച പെരുമാറ്റത്തെ ആസ്പദമാക്കി അവരുടെ കാർട്ടൂൺ വരക്കുന്നതാണ് മത്സരം. ഇത് ഇസ്ലാമിക പ്രതികരണമോ ഇസ്ലാമികരീതിയോ അല്ലെങ്കിലും പക്ഷേ, സ്വാതന്ത്ര്യത്തിന്റെ മുദ്രാവാക്യം മുഴക്കുകയും എല്ലാതരം ആഭാസവും പത്രത്തിൽ അച്ചടിക്കുന്നതിന് ആവിഷ്കാരസ്വാതന്ത്ര്യമെന്ന പേര് നൽകുകയും ചെയ്യുന്ന പാശ്ചാത്യരാഷ്ട്രങ്ങൾ, ഇതിനെ മോശമായി ഗണിക്കാൻ പാടില്ലായിരുന്നു, പക്ഷേ അവർ മോശമായാണ് കണ്ടത്. മോശമായി ഗണിക്കാതിരിക്കുകയോ അല്ലെങ്കിൽ ഇങ്ങനെ മറുപടി നല്കുകയോ ചെയ്യണമായിരുന്നു, അതായത് ഒരു അബദ്ധം കാരണമാണോ ലോകത്ത് കലഹമുണ്ടായിക്കഴിഞ്ഞു. ഇനി നമുക്ക് മതത്തേയോ അതിന്റെ സ്ഥാപകരേയോ നബിമാരേയോ സമുദായത്തേയോ കുറിച്ച് ഇത്തരം ചിന്ത ഒഴിവാക്കി സ്നേഹത്തിന്റേയും സന്തോഷത്തിന്റേയും അന്തരീക്ഷം സൃഷ്ടിക്കാം. പക്ഷേ, ഇത്തരം മറുപടിക്കു പകരം, കാർട്ടൂൺ പ്രസിദ്ധീകരിച്ച് സകല കുഴപ്പങ്ങൾക്കും തുടക്കം കുറിച്ച ഡഗ്ലാർക്കിലെ ആ പത്രത്തിന്റെ എഡിറ്റർ പറഞ്ഞു, രണ്ടാംലോകമഹായുദ്ധത്തിൽ യഹൂദികളുമായി ബന്ധപ്പെട്ട കാർട്ടൂൺ വരക്കാനുള്ള മത്സരത്തിന് വിളംബരം ചെയ്ത ഇറാൻ പത്രത്തിന്റെ ആഹ്വാനത്തെ പറ്റി .. വാസ്തവത്തിൽ അത് ഒരു സമൂഹത്തിനു മേൽ അക്രമണമുണ്ടായോ ഇല്ലയോ എന്നതിനെപ്പറ്റിയുള്ള കാർട്ടൂണാണ് വരക്കേണ്ടിയിരുന്നത് അല്ലാതെ ഏതെങ്കിലും പ്രവാചകനെ അവഹേളിക്കുകയോ നിന്ദിക്കുകയോ ചെയ്യുന്ന കാർട്ടൂണല്ല... ഏതായിരുന്നാലും എഡിറ്റർ എഴുതുന്നു; "ഞങ്ങൾ ഒരിക്കലും അതിൽ പങ്കെടുക്കുകയില്ല. തങ്ങളുടെ വായനക്കാരെ സമാധാനിപ്പിച്ചുകൊണ്ടു പറയുന്നു: ഞങ്ങളുടെ വായനക്കാർ സമാധാനപ്പെടുക, നമ്മുടെ ധാർമിക നിലവാരം ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഞങ്ങൾ ഹദ്റത് ഈസായുടേയും, ഹൗലോകോസ്റ്റ് (കൂട്ടനാശം)ന്റേയും കാർട്ടൂൺ പ്രസിദ്ധീകരിക്കുന്നവരല്ല. അതുകൊണ്ട്

ഒരുകാരണവശാലും ഇറാനിപത്രങ്ങളുടേയും മാധ്യമങ്ങളുടേയും ഇത്തരം മോശം അഭിരുചിയുടെ മത്സരത്തിൽ പങ്കെടുക്കുന്ന പ്രശ്നമേയില്ല.''

ഇതാണ് അവരുടെ നിലവാരം. സ്വന്തം കാര്യത്തിൽ അവരുടെ നിലപാട് ഒന്നും മുസ്‌ലിംകളുടെ വികാരത്തെക്കൊണ്ടു കളിക്കുന്നതിൽ മറ്റൊന്നും. എതായാലും ഇതാണ് അവരുടെ പണി, അതവർ ചെയ്യട്ടെ.

## മുസ്‌ലിംകളുടെ നിസ്സഹായതയുടെ അതിഭയാനകമായ അവസ്ഥ

ഇനി മാനദൺഢങ്ങളുടെ അവസ്ഥ നോക്കുക,

കഴിഞ്ഞ ദിവസങ്ങളിൽ ഇവിടെയുള്ള ഒരെഴുത്തുകാരൻ പതിനേഴ് വർഷം മുമ്പത്തെ ഒരു സംഭവം, ഒരു കാര്യം എഴുതിയിരുന്നു. ആസ്ത്രിയയിൽ പോയതായിരുന്നു, അവിടെ ചെന്നപ്പോൾ അയാൾക്കെതിരിൽ കേസ്സായി, മൂന്നുവർഷം തടവിലുമായി. ഇത് എന്തായാലും ഇവരുടെ രീതിയാണ്. സ്വന്തം സഹിക്കാൻ കഴിയില്ല. പക്ഷേ നമ്മുടെ അവസ്ഥ എന്താണെന്നും പാശ്ചാത്യലോകത്തിന് ഈ ധൈര്യമുണ്ടായത് എങ്ങനെയാണെന്നും നമ്മുടെ സ്വന്തം അവസ്ഥ അതിന് നിമിത്തമാകുന്നുണ്ടോ എന്നും നാം നോക്കേണ്ടിയിരിക്കുന്നു. നമുക്ക് കാണാൻ കഴിയുന്ന അവസ്ഥയിൽ നിന്ന് വ്യക്തമാകുന്ന സംഗതി, മുസ്‌ലിം രാഷ്ട്രങ്ങൾ തങ്ങളുടെ ആശ്രിതരാണെന്നും, തങ്ങളുടെ അടുത്തുതന്നെ അവസാനം അവർക്കു വരേണ്ടിവരുമെന്നും പാശ്ചാത്യലോകത്തിന് അറിയാമെന്നാണ്. തമ്മിലടിക്കുമ്പോൾ അവരിൽനിന്നു തന്നെയാണ് സഹായം തേടുന്നതും. പ്രതിഷേധമെന്ന നിലക്ക് ചില യൂറോപ്യൻ നാടുകളിലെ സാധനങ്ങൾക്ക് വിലക്കുണ്ട്. കുറച്ചു ദിവസം കഴിഞ്ഞ് വിഷയം തണുക്കുമ്പോൾ മാർക്കറ്റുകളിൽനിന്ന് എടുത്ത് മാറ്റിയിട്ടുള്ള, അപ്രത്യക്ഷമായിട്ടുള്ള അതേ സാധനങ്ങൾ ഈ രാജ്യങ്ങളിലെ മാർക്കറ്റുകളിൽ വീണ്ടും വരുമെന്നും അവർക്കറിയാം. ഈ രാജ്യങ്ങളിൽ വസിക്കുന്ന മുസ്‌ലിംകൾ ഈ സാധനങ്ങൾ തിന്നുകയും ഉപയോഗിക്കുകയും ചെയ്യുന്നു. ഡൻമാർക്കിൽ തന്നെ (ഡഗ്ലാർക്കിനെതിരിലാണ് ഏറ്റവുമധികം പ്രതിഷേധമുള്ളത്) ഏകദേശം രണ്ട് ലക്ഷം മുസ്‌ലിംകളുണ്ട്. ഭൂരിപക്ഷവും പാക്കിസ്ഥാനി മുസ്‌ലിംക

ളാണ്. ഇവരും ഒടുവിൽ ഈ സാധനങ്ങളാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ഏതായാലും ഇത് താല്ക്കാലിക പ്രതികരണമാണ്. അവസാനിക്കുകയും ചെയ്യും.

ഇനി നമ്മുടെ അവസ്ഥ നോക്കുക. ഇറാക്കിൽ പുതിയൊരു സംഭവമുണ്ടായിരിക്കുന്നു. ശാഹീ ഇമാമിന്റെ കുംഭഗോപുരം (താഴികക്കുടം) ബോംബുവച്ച് തകർത്തു. അതിന്റെ ഫലമായി സുന്നിപള്ളികളുടെമേൽ ആക്രമണമുണ്ടായി.അതും നശിച്ചുകൊണ്ടിരിക്കുന്നു. ഇത് തങ്ങളെ അടിപ്പിക്കാനുള്ള ശത്രുവിന്റെ കുതന്ത്രമാണോ എന്ന് അന്വേഷിച്ചു നോക്കാനും ആലോചിക്കാനും ആരും ശ്രമിച്ചില്ല. കാരണം ഈ ബോംബും ആയുധങ്ങളും എല്ലാം ഈ രാഷ്ട്രങ്ങളിൽനിന്നാണ് വാങ്ങുന്നത്. എന്നാൽ, ഇവർ ഇങ്ങനെ ചിന്തിക്കുകയേയില്ല. ഒന്ന്, ഇവരുടെ ബുദ്ധിപരമായി കുരുടന്മാരാണ്, കോപവും ഛിദ്രതയും കാരണം എന്ത് ചെയ്യണമെന്ന് ഇവർക്ക് മനസ്സിലാകുന്നില്ല. രണ്ട്, ഇവരിലെ കപടന്മാർ ശത്രുക്കളുമായി കൂടിചേരുന്നു. അതിൽനിന്ന് ശത്രുക്കൾ ഫലമെടുക്കുകയും അവരെ ചിന്തിക്കാൻ തന്നെ സമ്മതിക്കുന്നുമില്ല. എതായാലും ഇറാക്കിലുണ്ടായിരിക്കുന്ന ഈ പുതിയ അവസ്ഥ, രാജ്യത്തെ ആഭ്യന്തരയുദ്ധത്തി(Civil War)ലേക്കാണ് കൊണ്ടുപോകുന്നത്. ഇന്ന് ഏറെക്കുറെ ആരംഭിച്ചിട്ടുമുണ്ട്. ഈ അവസ്ഥ ഇനി നിയന്ത്രിക്കാൻ സാധിക്കുകയില്ല എന്നത് നേതാക്കന്മാർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. മുസ്ലിംകളും മുസ്ലിംകളും തമ്മിലടിക്കുന്ന ഈ അവസ്ഥ അഫ്ഗാനിസ്ഥാനിലുമുണ്ട്, പാക്കിസ്ഥാനിലുമുണ്ട്. ഓരോ കക്ഷിയും പരസ്പരം തീക്ഷണമായ അന്തരീക്ഷം സൃഷ്ടിക്കാൻ ശ്രമിക്കുകയും മതത്തിന്റെ പേരിൽ പരസ്പരം കൊല്ലുകയുമാണ്. പക്ഷേ അല്ലാഹു പറയുന്നു:

وَمَنْ يَقْتُلْ مُؤْمِنًا مُتَعَمِّدًا فَجَزَاؤُهُ جَهَنَّمُ خَالِدًا فِيهَا وَغَضِبَ اللَّهُ عَلَيْهِ وَلَعَنَهُ وَأَعَدَّ لَهُ عَذَابًا عَظِيمًا

“ആരെങ്കിലും ഒരു സത്യവിശ്വാസിയെ മനഃപൂർവ്വം കൊല്ലുന്നതായാൽ അവനുള്ള ശിക്ഷ നരകമാണ്. അതിലവൻ ദീർഘകാലം വസിക്കുന്നതാകുന്നു. അല്ലാഹു അവന്റെ നേരെ കോപിക്കുകയും അവനെ തന്റെ സന്നിധിയിൽനിന്ന് ദൂരത്താക്കുകയും ചെയ്യുന്നതാണ്. അവന് വലിയൊരു ശിക്ഷ ഒരുക്കിവെച്ചിട്ടുമുണ്ട്. (4:94)”

## മുസ്‌ലിംകളുടെ ഛിദ്രതക്കും ദൗർബല്യത്തിനുമുള്ള യഥാർഥ കാരണം തിരുനബി(സ)നെ ധിക്കരിച്ചതും മഹ്ദീ മസീഹിനെ നിഷേധിച്ചതുമാണ്

നോക്കുക ഇപ്പോൾ ഇവർ പരസ്പരം കൊല്ലുകയാണ്. കുഴപ്പങ്ങളുണ്ടാക്കുകയും ആളിക്കത്തിക്കുകയും ചെയ്യുന്ന നേതാക്കന്മാർ പറയുമ്പോൾ.. അവരിലധികവും മതനേതാക്കളുമാണ്.... ഈ എല്ലാ ഫിത്നകളും ആരംഭിക്കുന്നു. കൊല്ലുകയാണെങ്കിൽ പുണ്യം കരസ്ഥമാക്കാമെന്നും സ്വർഗമാവകാശികളാകാമെന്നും പറയുമ്പോൾ കലഹങ്ങളും കൊലപാതകവും ഉണ്ടാകുന്നു. പക്ഷേ അല്ലാഹു ഇവരെ നരകത്തിലിട്ടുകൊണ്ടിരിക്കുകയും ശപിച്ചുകൊണ്ടിരിക്കുകയുമാണ്.

പാക്കിസ്ഥാനിലും ബംഗ്ലാദേശിലും മറ്റു രാജ്യങ്ങളിലുമെല്ലാം അഹ്മദികൾ ശഹീദാക്കപ്പെടുന്നു. ഇവർ സ്വർഗത്തിന്റെ പ്രതീക്ഷ നൽകിയാണ് നരകത്തിലേക്ക് കൊണ്ടുപോകുന്ന ഇത്തരം പ്രവർത്തികൾ ചെയ്യിക്കുന്നത്. ഞാൻ പറഞ്ഞുവരുന്നത്, മുസ്‌ലിംകളുടെ ഇത്തരം പ്രവർത്തനങ്ങളിൽനിന്ന് മുസ്‌ലിംകളുടെ ശത്രുക്കൾ പ്രയോമെടുക്കുന്നുവെന്നും മുസ്‌ലിംകളുടെ ശക്തി ക്ഷയിച്ചുകൊണ്ടിരിക്കുന്നുവെന്നുമാണ്. എന്നിട്ടും ഈ മുസ്‌ലിംകൾക്കാകട്ടെ വിവേകമുണ്ടാകുന്നുമില്ല. ചുരുക്കത്തിൽ, ഈ ബുദ്ധിക്ഷയത്തിനും വഴികേടിനും കാരണം നബി(സ)ന്റെ കല്പന അംഗീകരിക്കാത്തതാണ്. അംഗീകരിക്കുന്നുമില്ല, ഈ ഭാഗത്തേക്ക് വരുന്നുമില്ല. തിരുനബി(സ)യുടെ വാഗ്ദത്തം ചെയ്ത മഹ്ദീ മസീഹിനെ നിഷേധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഓരോ അഹ്മദിയും അല്ലാഹുവിനോട് പ്രാർഥിക്കേണ്ടതാണ്, ഇതേക്കുറിച്ച് നേരത്തേയും ഞാൻ ശ്രദ്ധക്ഷണിച്ചിട്ടുള്ളതാണ്. അല്ലാഹു ഇവർക്ക് ബുദ്ധിയും വിവേകവും നല്കുമാറാകട്ടെ. ഇവർ കപടവിശ്വാസികളുടേയും ശത്രുക്കളുടേയും കൈകളിലെ കളിപ്പാട്ടമായി മാറിക്കൊണ്ട് ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കുന്നവരും പരസ്പരം കഴുത്തറക്കുന്നവരും ആകാതിരിക്കട്ടെ.

എതായിരുന്നാലും ഇസ്‌ലാമിന്റെ ശത്രുക്കൾ ഈ മുസ്‌ലിംകളെ നിന്ദ്യരും അപഹാസ്യരുമാക്കിത്തീർക്കാൻ ശ്രമിക്കുമ്പോൾ അഹ്മദികൾ വേദന അനുഭവിക്കുന്നു. കാരണം ഇവർ നമ്മുടെ പ്രിയങ്കരനായ നബി ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)ലേക്ക് തങ്ങളെ

ചേർത്ത് പറയുന്നവരാണ്, അല്ലെങ്കിൽ ചേർത്ത് പറയുന്നുവെന്ന് വാദിക്കുന്നവരാണ്. ഈ വഴിതെറ്റിപ്പോയിരിക്കുന്ന മുസ്‌ലിംകളിൽ വലിയൊരു വിഭാഗമാളുകൾ അറിവില്ലാത്ത കാരണത്താലാണ് ഈ നേതാക്കന്മാരുടേയും ഉലമാക്കന്മാരുടേയും വാക്കുകൾകേട്ട് ഇസ്‌ലാമുമായി വിദൂരബന്ധം പോലുമില്ലാത്ത അനൗചിത്യമായ കാര്യങ്ങളും പരിപാടികളും ചെയ്യുന്നതെന്നതിൽ യാതൊരു സംശ യവുമില്ല. അല്ലാഹു നമ്മുടെ ദു:ആകൾ സ്വീകരിച്ചുകൊണ്ട് നാ മമാത്ര ഉലമാക്കളുടെ പിടിയിൽനിന്ന് ഇവരെ രക്ഷിക്കുമാറാകട്ടെ. ഇവർ ഇസ്‌ലാമിന്റെ സുന്ദരമായ അധ്യാപനത്തിന്റെ യാഥാർഥ്യം മനസ്സിലാക്കുകയും അങ്ങനെ ഇസ്‌ലാമിനോടുള്ള സ്നേഹാവേശ ത്താൽ അറിവില്ലായ്മ കൊണ്ടും ബുദ്ധിമോശം കൊണ്ടും ഇസ്‌ലാ മിനു ദുഷ്‌പേരുണ്ടാക്കാൻ നിമിത്തമാകുന്നത് ഇല്ലാതാക്കുകയും ചെയ്യുമാറാകട്ടെ. അല്ലാഹു ഇവർക്ക് നേർമാർഗം കാണിച്ചുകൊ ടുക്കുമാറാകട്ടെ. ഇവരുടെ ഈ പ്രവർത്തനങ്ങൾ കാരണത്താൽ ഇസ്‌ലാമിനുമേൽ ചെളിവാരിയെറിയാൻ ശത്രുക്കൾക്ക് അവസരം ലഭിക്കുന്നു. നബി(സ)യ്ക്കുമേലും നിന്ദാവഹമായ അക്രമണങ്ങൾ നടത്താൻ സന്ദർഭം ലഭിക്കുന്നു.

ആയതിനാൽ ഓരോ അഹ്മദിയും ദു:ആകളിലേക്ക് വളരെയധികം ശ്രദ്ധ ചെലുത്തേണ്ട ആവശ്യമുണ്ട്. കാരണം ആഗോള ഇസ്‌ലാം തങ്ങളുടെതന്നെ അബദ്ധങ്ങൾ കാരണം അങ്ങേയറ്റം ഭയാനകാ വസ്ഥയിൽ ഉഴലുകയാണ്. നമ്മുടെ ഉള്ളിൽ നബി(സ)യോട് സത്യസന്ധമായ അനുരക്തിയും സ്നേഹവുമുണ്ടെങ്കിൽ നമ്മൾ മുസ്‌ലിംസമുദായത്തിനുവേണ്ടിയും ഒരുപാട് ദു:ആ ചെയ്യണം. ഈ ഭാഗത്തേക്ക് ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. ഇത് നമ്മൾ നേരത്തേ തന്നെ ചെയ്തുവരുന്നതാണ്.

## ദു:ആ ചെയ്യാനും അനുഗ്രഹങ്ങൾ കരസ്ഥമാക്കാനുമുള്ള യഥാർഥ മാർഗം

ഇന്ന് ഞാൻ, എങ്ങനെയാണ് ദു:ആകൾ ചെയ്യേണ്ടതെന്നതിലേക്ക് ശ്രദ്ധചെലുത്താൻ ആഗ്രഹിക്കുന്നു. ദു:ആ ചെയ്യേണ്ട രീതിയും ഭാവവും തിരുനബി(സ)തന്നെ നമുക്ക് പഠിപ്പിച്ചു തന്നിട്ടുണ്ട്. ഇതു മുഖേന നമ്മളിലും പരിഷ്കരണമുണ്ടാവുകയും ദുആ സ്വീകാര്യ തയുടെ കാഴ്ചകൾ നമുക്ക് കാണാൻ സാധിക്കുകയും ചെയ്യു ന്നതാണ്.

ഒരു ഹദീസിൽ വന്നിരിക്കുന്നു, ഹദ്റത്ത് ഉമർ ബിൻ ഖത്താബ്(റ) പറയുന്നു നബിതിരുമേനി(സ) പറഞ്ഞു;. ദു:ആ ആകാശത്തിനും ഭൂമിയ്ക്കുമിടയിൽ തങ്ങിനില്ക്കുന്നു. നീ നിന്റെ നബി(സ)നുമേൽ സ്വലാത്ത് ചൊല്ലാത്തിടത്തോളം അതിലൊട്ടുംതന്നെ (അല്ലാഹുവിന്റെ തിരുസവിധത്തിൽ സമർപ്പിക്കാൻ) മുകളിലേക്ക് പോകുന്നതല്ല. (ബുഖാരി കിത്താബുസ്സ്വലാത്ത്, ബാബു മാ ജാഅ ഫീ ഫദ്‌ലി സ്സ്വലാത്തി അലന്നബിയ്യി(സ))

ഈ യാഥാർഥ്യത്തെ സംബന്ധിച്ച് അല്ലാഹു വിശുദ്ധഖുർആനിൽ നമ്മോട് വ്യക്തമായും പറയുന്നു. ഞാൻ ഇപ്പോൾ പാരായണം ചെയ്ത ആയത്തിൽ  പറയുന്നു;

إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا

തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് അനുഗ്രഹങ്ങൾ ആശംസിക്കുന്നു. വിശ്വാസികളേ!  നിങ്ങളും തിരുനബിക്ക് മേൽ അനുഗ്രഹവും സമാധാനവും നേരുവിൻ. (33:57)

വിശുദ്ധഖുർആനിൽ ചെയ്യാൻ കൽപ്പിച്ച നിരവധി ആജ്ഞകളുണ്ട്. അതനുസരിച്ച് പ്രവർത്തിക്കുന്നതിന്റെ ഫലമായി അല്ലാഹുവിന്റെ പ്രിയപ്പെട്ടവനാകാനും അവന്റെ അനുഗ്രഹങ്ങൾക്ക് അവകാശിയാകാനും അവന്റെ സാമീപ്യം പ്രാപിക്കുന്നവനാകാനും നരകത്തിൽനിന്ന് രക്ഷപ്പെടാനും സ്വർഗത്തിൽ പ്രവേശിക്കാനും കഴിയുന്നതാണ്. ഇവിടെ ആജ്ഞ  വലുതും മഹത്വമാർന്നതുമാണ്. അല്ലാഹു തന്റെ മലക്കുകളെയും ഈ പ്രവൃത്തി വ്യാപൃതരാക്കിയിരിക്കുന്നു. അല്ലാഹു സ്വയവും തന്റെ പ്രിയപ്പെട്ട നബി(സ)യുടെമേൽ ശാന്തിയും സമാധാനവും നേരുന്നു. അതുകൊണ്ട് നിങ്ങൾ സ്വലാത്ത് ചൊല്ലുമ്പോൾ ഒരർഥത്തിൽ അല്ലാഹു ചെയ്യുന്ന പ്രവർത്തിയെ, കർമത്തെയാണ് നിങ്ങളും പിന്തുടരുന്നത്. അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുമ്പോൾ അല്ലാഹു ഇത്രവലിയ പ്രതിഫലം നല്കിയനുഗ്രഹിക്കുമെങ്കിൽ അല്ലാഹു താൻതന്നെ ചെയ്യുന്ന ഈ പ്രവർത്തി ചെയ്താൽ എത്രമാത്രം അനുഗ്രഹിക്കില്ല? നിഷ്കളങ്കതയോടെ ചൊല്ലുന്ന ഈ സ്വലാത്ത് തീർച്ചയായും ഉമ്മത്തിന്റെ പരിഷ്കരണത്തിനും ഉമ്മത്തിനെ നിന്ദ്യതയിൽനിന്ന് രക്ഷപ്പെടുത്തുന്നതിനും നമ്മുടെ നവചൈതന്യത്തിനും

നിമിത്തമാകുന്നതാണ്. നമ്മുടെ ദു:ആകൾ സ്വീകരിക്കപ്പെടാനും നമുക്ക് ദജ്ജാലിന്റെ ഫിത്നകളിൽനിന്ന് രക്ഷപ്പെടാനും അത് വഴിയൊരുക്കുന്നതാണ്.

ഹദീസുകളിൽ സ്വലാത്ത് ചൊല്ലുന്നതിന്റെ പ്രയോജനങ്ങൾ വിവിധ നിവേദനങ്ങളിൽ നിന്ന് നമുക്ക് ലഭിക്കുന്നുണ്ട്. നബി(സ) പറഞ്ഞു. ഖിയാമത്ത് നാളിൽ, ജനങ്ങളിൽ എന്റെ ഏറ്റവും കൂടുതൽ സാമീപ്യം ലഭിക്കുക എനിക്ക് ഏറ്റവും കൂടുതൽ സ്വലാത്ത് ചൊല്ലിയവനാണ്. (തിർമിദി, കിത്താബുസ്സ്വലാത്ത് ബാബു മാ ജാഅ ഫീ ഫദ്‌ലി സ്സ്വലാത്തി അലന്നബിയ്യി(സ))

വീണ്ടും പറയുന്നു: എന്റെ പേരിൽ ആത്മാർഥമായി ഒരു പ്രാവശ്യം സ്വലാത്ത് ചൊല്ലിയാൽ അല്ലാഹു അയാൾക്ക് മേൽ പത്തു പ്രാവശ്യം അനുഗ്രഹം ആശംസിക്കും. അവന്റെ പത്ത് പദവികൾ ഉയർത്തുന്നതുമാണ്. (അവന് പത്ത് നന്മകൾ രേഖപ്പെടുത്തും.) പത്ത് പാപം പൊറുത്തുകൊടുക്കുകയും ചെയ്യും. (സുനൻ നസായി, കിത്താബു സ്സഹ്‌വ്, ബാബു മാ ജാഅ ഫീ ഫദ്‌ലി സ്സ്വലാത്തി അലന്നബിയ്യി(സ))

നോക്കുക, ഹൃദയ പൂർവമുള്ള നിഷ്കളങ്കതയാണ് നിബന്ധന. ദു:ആ ചെയ്യുകയും ചെയ്യിപ്പിക്കുകയും ചെയ്യുന്ന പലരും എഴുതുന്നു; ഞങ്ങൾ ഒരുപാട് ദു:ആ ചെയ്യുന്നു, താങ്കളും ദു:ആ ചെയ്താലും. ഞങ്ങൾ സ്വലാത്തും ചൊല്ലുന്നുണ്ട്. പക്ഷേ, നീണ്ടകാലമായിട്ടും ഞങ്ങളുടെ ദു:ആകൾ സ്വീകരിക്കപ്പെടുന്നില്ല. നബി (സ) പറയുന്നു: സ്വാദിഖൻമ്മിന്നഫ്സി അതായത് ആത്മാർഥമായി സ്വലാത്ത് ചൊല്ലുക. സ്വലാത്ത് ചൊല്ലുമ്പോൾ ഓരോരുത്തരും ആത്മപരിശോധന നടത്തുക. സ്വന്തം ഹൃദയത്തെ വിലയിരുത്തുക, അതിൽ എത്രമാത്രം ഭൗതികതയുടെ കലർപ്പുണ്ടെന്നും സ്വലാത്ത് ചൊല്ലുന്നതിൽ എത്രമാത്രം ശ്രദ്ധയുണ്ടെന്നും നോക്കുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതുസംബന്ധമായി പറയുന്നു.

" സ്വലാത്ത്, ഇസ്തിഖാമത്ത്'' അഥവാ സ്ഥൈര്യം കിട്ടുന്നതിനുള്ള ഒരു സഫലമായ മാർഗമാണ്, അത് ധാരാളമായി ചൊല്ലുക. പക്ഷേ ആചാരമോ ശീലമോ എന്ന നിലയ്ക്കല്ല. മറിച്ച് നബി(സ)യുടെ സൗന്ദര്യത്തേയും ഔദാര്യത്തേയും മുൻനിർത്തിയും തിരുനബിയുടെ പദവികളുടേയും സ്ഥാനങ്ങളുടേയും അഭിവൃദ്ധിക്കും

തിരുനബിയുടെ വിജയത്തിനു വേണ്ടിയുമായിരിക്കണം. തൽഫല മായി ദു:ആ സ്വീകാര്യതയുടെ മാധുര്യമുള്ളതും ആസ്വാദ്യകര വുമായ കനികൾ നിങ്ങൾക്ക് ലഭിക്കുന്നതാണ്.'' (റിവ്യൂ ഓഫ് റിലീജിയൻസ് ഉർദു, ഭാഗം:3, നമ്പർ:1, പേജ്:115)

ഇതാണ് സ്വലാത്ത് ചൊല്ലേണ്ട രീതി.

ആ മഹാത്മാവ് വീണ്ടും പറയുന്നു;

''(ജനങ്ങളേ!) കാരുണ്യവാനും, ഔദാര്യവാനുമായ അല്ലാഹു വിന്റെ സ്വിഫത്തുകളുടെ ..ഗുണവിശേഷങ്ങളുടെ.. പ്രതീകമായ ഈ മുഹ്സിൻ(മഹാമനസ്കൻ) നബിക്കുമേൽ സ്വലാത്ത് ചൊല്ലു ക. കാരണം നന്മയ്ക്കുള്ള പ്രത്യുപകാരം നന്മ തന്നെയാണ്. തിരു നബി(സ)ന്റെ ഔദാര്യങ്ങളെക്കുറിച്ച് അവബോധമില്ലാത്ത ഹൃദയ ത്തിൽ ഒന്നുകിൽ ഈമാൻ തന്നെയില്ല. അല്ലെങ്കിൽ അത് ഈമാനെ നശിപ്പിക്കാൻ പോന്നതാണ്. അല്ലാഹുവേ, മുൻഗാമികളെ ആത്മീ യജലം കൊണ്ട് സംതൃപ്തമാക്കിയതുപോലെ പിൻഗാമികളേയും സംതൃപ്തനാക്കിയ ഈ നിരക്ഷര പ്രവാചകനുമേൽ നീ ശാന്തിയും സമാധാനവും നേർന്നാലും. ആ മഹാത്മൻ അവരെ തന്റെ വർണ ത്തിൽ ആക്കുകയും അവരെ പരിശുദ്ധരിൽ ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു.'' (ഇഅ്ജാസുൽ മസീഹ്, റൂഹാനി ഖസായിൻ ഭാഗം:18, പേജ്:5,6)

ഇങ്ങനെ ആത്മാർഥമായി സ്വലാത്ത് ചൊല്ലുമ്പോൾ അതുകൊണ്ട് ഒരു ജമാഅത്തീ വർണവുമുണ്ടാകും. അപ്പോൾ ആ സ്വലാത്ത് അതിന്റെ പ്രഭാവവും പ്രകടമാക്കുന്നതാണ്. സ്വലാത്തിന്റെ പ്രഭാ വമുണ്ടാകുന്നില്ലെന്നില്ലെന്ന് പറയുന്നവർക്ക് ഈ ഹദീസിൽ നി ന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളിൽ നിന്നും കാര്യം വ്യക്തമാകുന്നതാണ്. ഒരിക്കലും സ്വലാത്ത് ചൊല്ലുന്ന തിൽ അസ്വസ്തത തോന്നരുത്, മറിച്ച് ആത്മപരിശോധന നട ത്തിക്കൊണ്ടിരിക്കേണ്ടതാണ്. നബി(സ) പറയുന്നു; എനിക്ക്മേൽ സ്വലാത്ത് ചൊല്ലാത്തവൻ വലിയ ലുബ്ധനും പിശുക്കനുമാണ്. ഈ പിശുക്കിന്റെ പാപം വഹിക്കുന്നതിനോടൊപ്പം അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽനിന്ന് പിന്തള്ളപ്പെടുകയും ചെയ്യുന്നു. കാരണം ഒരു പ്രാവശ്യം സ്വലാത്ത് ചൊല്ലുന്നവനുമേൽ അല്ലാഹു പത്ത് പ്രാ വശ്യം അനുഗ്രഹങ്ങൾ ചൊരിയുന്നുവെന്ന് പറഞ്ഞത് നാം കണ്ട

താണ്. (ജലാഉൽ ഇഫ്ഹാം, പേജ്:318, ഉദ്ധൃതം: സുനൻ നസായി)

അല്ലാഹുവിൽ നിന്നുള്ള സമാധാനം കരസ്ഥമാക്കുന്ന ആനന്ദലഹരി കാരണം നബി(സ)യുടെ സഹാബാക്കളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില സഹാബാക്കളും മറ്റെല്ലാ ദു:ആകളും ഉപേക്ഷിച്ചുകൊണ്ട് നബിയുടെമേൽ സ്വലാത്ത് മാത്രമാണ് ചൊല്ലിയിരുന്നത്.

ഒരു നിവേദനത്തിൽ നബി(സ) തിരുമേനി പറയുന്നു: എന്നെപ്പറ്റി പരാമർശിക്കപ്പെടുകയും പക്ഷേ എന്റെ പേരിൽ സ്വലാത്ത് ചൊല്ലാതിരിക്കുകയും ചെയ്യുന്നത് വക്രസ്വഭാവവും അവഗണനയുമാണ്. (ജലാഉൽ ഇഫ്ഹാം, പേജ്:327, പ്രസാധനം:1897, അമൃത്സർ)

ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) പറയുന്നു: നബി(സ) തിരുനബി(സ)യുടെമേൽ സ്വലാത്ത് ചൊല്ലുന്നത് അടിമകളെ മോചിപ്പിക്കുന്നതിനേക്കാൾ കൂടുതൽ ശ്രേഷ്ഠമാണ്. തിരുനബിയുടെ സാമീപ്യം അല്ലാഹുവിന്റെ മാർഗത്തിൽ ജീവൻ ബലിയർപിക്കുന്നതിനേക്കാളും, ജിഹാദ് ചെയ്യുന്നതിനേക്കാളും ഉത്തമമാണ്. (തഫ്സെർ ദുർറെ മൻസൂർ, ഉദ്ധൃതം: താരീഖ് വ തർഗീബ് അസ്ഫഹാനി, ഉദ്ധൃതം: ദുറൂദ് ശരീഫ് പേജ്: 160)

ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന നാമമാത്രമായ ജിഹാദ് മറ്റുള്ളവരോടുള്ള യുദ്ധവും പരസ്പരം കഴുത്തറുക്കലുമാണ്. അറിവില്ലാത്തവരും നിരക്ഷരരുമായ മുസ്ലിംകളുടെ വികാരത്തെ ഉത്തേജിപ്പിച്ചുകൊണ്ട് (ഇവർ മതവികാരം കാരണം തങ്ങളുടെ ഇസ്ലാമിക അഭിമാനം പ്രകടിപ്പിച്ചുകൊണ്ട് തെറ്റുകൾ ചെയ്യുകയാണ്) അവർക്ക് തെറ്റായ മാർഗദർശനം നൽകുന്നത് ഏത് ഇസ്ലാമാണെന്ന് ഉലമാക്കളോട് ചോദിക്കുക. തിരുനബി(സ)യെക്കുറിച്ച് നിങ്ങൾ അഹിതമായ വാക്കുകളും കാര്യങ്ങളും കേൾക്കുമ്പോൾ, തിരുനബി(സ)യുടെ നന്മകൾ വിവരിക്കുകയും തിരുനബി(സ)നുമേൽ സ്വലാത്ത് ചൊല്ലുകയും ചെയ്യുക എന്നതാണ് ഇസ്ലാമിക പാഠം, ഇത് നിങ്ങളുടെ ജിഹാദിനേക്കൾ ശ്രേഷ്ഠമാണ്. ജീവൻ നൽകുന്നതിനേക്കാൾ നല്ലത് പ്രാർഥനകളിലേക്കും സ്വലാത്തിലേക്കും ശ്രദ്ധിക്കുകയാണ്.

ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ഈ കാലഘട്ടത്തിൽ കാഠിന്യത്തിനുപകരം ദു:ആകളിലും സ്വലാത്തിലും ഊന്നൽനൽകിക്കൊണ്ട് അതിനോടൊപ്പം തങ്ങളുടെ പരിഷ്കരണത്തിനും പ്രയത്നി

ക്കേണ്ടതാണ്. നമ്മൾ എത്രമാത്രം നബി(സ)യെ സ്നേഹിക്കുന്നവരാണെന്ന് ആത്മപരിശോധന നടത്തുക. ഇത് ചില വിഭാഗങ്ങളുടെ സ്വാർഥലാഭം കാരണം നമ്മേയും അഗ്നിച്ചുരുളുകളിലേക്ക് നയിക്കുന്ന താല്ക്കാലിക ആവേശമാണോ? (എന്നും വിലയിരുത്തുക)

അതുകൊണ്ട് നമ്മുടെ പരിഷ്കരണത്തിലേക്ക് ശ്രദ്ധിക്കുന്നതിനോടൊപ്പം ചുറ്റുപാടുമുള്ള മുസ്ലിംകൾക്ക് കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കാൻ കഴിയുമെങ്കിൽ, തെറ്റായ മാർഗം സ്വീകരിക്കരുതെന്നും അല്ലാഹുവും അവന്റെ റസൂലും ഇഷ്ടപ്പെട്ട മാർഗം സ്വീകരിക്കുകയെന്നും തീർച്ചയായും പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കണം. നമുക്ക് ആ മാർഗം പറഞ്ഞുതന്നിരിക്കുന്നു. അതായത് റസൂൽ തിരുമേനി(സ) പറയുന്നു; എന്റെ തൃപ്തി കരസ്ഥമാക്കുകയും സ്വർഗത്തിൽ പോവുകയും ചെയ്യണമെങ്കിൽ എനിക്കുമേൽ സ്വലാത്ത് ചൊല്ലുക.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) നിവേദനം ചെയ്യുന്നു. തിരുനബി(സ) പറഞ്ഞു: ‘‘എന്റെ മേൽ സ്വലാത്ത് ചൊല്ലാത്തവന് യാതൊരു ദീനുമില്ല.’’ (ജലാഉൽ ഇഫ്ഹാം, ഉദ്ധൃതം: മുഹമ്മദ് ബിനു ഹമദാൻ മറൂസി)

മറ്റൊരവസരത്തിൽ തിരുനബി(സ) പറഞ്ഞു, ‘‘അല്ലാഹുവിനെ കൂടുതൽ കൂടുതൽ സ്മരിക്കുന്നതും എനിക്കുമേൽ സ്വലാത്ത് ചൊല്ലുന്നതും ബുദ്ധിമുട്ടുകൾ ദൂരീകരിക്കുന്നതിനുള്ള മാർഗമാണ്.’’ (ജലാഉൽ ഇഫ്ഹാം, ഫസ്ലുൽ മുവത്വിനി സ്സാദിസു വൽ ഇശ്റൂന മിൻ മവാത്വിനി സ്സ്വലാതി അലയ്ഹി(സ) ഇൻദൽ മാമി ഫിഖ്രി ഔ ഖൗഫ്)

ഇതിൽ നിത്യവൃത്തിക്കുള്ള ഞെരുക്കമുണ്ട്. സാഹചര്യങ്ങളുടെ പ്രയാസമുണ്ട്. ഇപ്പോഴാണെങ്കിൽ മുസ്ലിംകളുടെമേലും പ്രയാസങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. പാശ്ചാത്യർ തങ്ങൾക്കായി ഒരു നിയമവും മുസ്ലിം രാഷ്ട്രങ്ങൾക്കായി മറ്റൊരു നിയമവുമാണ് വെച്ചിരിക്കുന്നത്. ഇതിനുള്ള ഏറ്റവും നല്ല പ്രതിവിധി നബി(സ)ക്കുമേൽ കൂടുതൽ കൂടുതൽ സ്വലാത്ത് ചൊല്ലുകയും സ്വലാത്ത് ചൊല്ലുന്നതുമായി അല്ലാഹു ബന്ധപ്പെടുത്തിവെച്ചിരിക്കുന്ന അനുഗ്രഹങ്ങളെ പ്രയോജനപ്പെടുത്തുകയുമാണ്.

ഒരു നിവേദനമുണ്ട്. (കുറച്ചു ഭാഗം നേരത്തേയും വിവരിച്ചതാണ്) ഇതിന്റെ വിശദീകരണം ഇവിടേയും വരുന്നുണ്ട്. ഹദ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു, തിരുനബി(സ) പറഞ്ഞു: ''ഖിയാമത്ത് നാളിൽ ഓരോ ഭയാനകമായ സ്ഥലത്തും നിങ്ങളിൽനിന്ന് എന്നോട് ഏറ്റവും അടുത്തുണ്ടാകുക ഈ ലോകത്ത് എനിക്കുമേൽ ഏറ്റവും കൂടുതൽ സ്വലാത്ത് ചൊല്ലിയ ആളായിരിക്കും.'' (തഫ്സീർ ദുർറെ മൻസൂർ, ഉദ്ധൃതം: ശുഅ്ബൽ ഈമാൻ ലിൽ ബൈഹഖി & താരീഖ് ഇബ്നു അസാകിർ)

നോക്കുക, ഖിയാമത്ത് നാളിൽ തിരുനബി(സ)യുടെ അരികത്ത് ഇടം കിട്ടാനും ഭീതിദമായ എല്ലാ സ്ഥലങ്ങളിലും തിരുനബിയുടെ കോന്തല പിടിച്ചു നീങ്ങാനും ആരാണ് ആഗ്രഹിക്കാത്തത്? എല്ലാവരും അല്ലാഹുവിന്റെ ക്രോധത്തിൽനിന്ന് രക്ഷപ്പെടാൻ ആഗ്രഹിക്കുന്നു. അതിൽനിന്ന് രക്ഷപ്പെടാനും നബിയുടെ സാമീപ്യത്തിനുമുള്ള മാർഗം സ്വലാത്ത് ചൊല്ലുകയാണെന്ന് നബി(സ) നമുക്ക് പറഞ്ഞുതന്നിരിക്കുന്നു. അതുകൊണ്ട് എല്ലാ സമയത്തും മുഅ്മിൻ സ്വലാത്ത് ചൊല്ലുന്നതിലേക്ക് ശ്രദ്ധിക്കുകയും ഓരോ സന്ദർഭത്തിൽ നിന്നും പ്രയോജനമെടുത്തുകൊണ്ട് സ്വലാത്ത് ചൊല്ലേണ്ടതുമാണ്.

ഒരു നിവേദനം വരുന്നുണ്ട്. ഹദ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: ''ഒരു ദിവസം ആയിരം തവണ എനിക്കുമേൽ സ്വലാത്ത് ചൊല്ലുന്നയാൾ ഈ ജീവിതത്തിൽതന്നെ, സ്വർഗത്തിലെ തന്റെ പദവി കാണുന്നതാണ്.'' (ജലാഉൽ ഇഫ്ഹാം, ഉദ്ധൃതം: ഇബ്നുൽ ഗാസി വ കിതാബു ്വലാത്തി അലന്നബിയ്യി ലി അബീ അബ്ദുല്ലാഹ് അൽമുഖദ്ദസി)

സ്വലാത്തിന്റെ അനുഗ്രഹംകൊണ്ട് ഉണ്ടാകുന്ന മാറ്റങ്ങൾ ഈ ലോകജീവിതത്തേയും സ്വർഗീയമാക്കുന്നതാണ്. ഈ കർമവും നന്മകളും പരിശുദ്ധമാറ്റങ്ങളും ഈ ലോകത്ത് സ്വർഗമുണ്ടാക്കുന്നതോടൊപ്പം അടുത്ത ലോകത്തിലും സ്വർഗത്തിന്റെ അവകാശികളാക്കിത്തീർക്കുന്നതാണ്.

ഹദ്റത്ത് അബ്ദുല്ലാഹ്ബിൻ അംറിബ്നിൽ ആസ്(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി ഇങ്ങനെ പറയുന്നതായി അദ്ദേഹം കേട്ടു:

''ബാങ്ക് കേൾക്കുമ്പോൾ ബാങ്ക് കൊടുക്കുന്നയാൾ പറയുന്ന

വാക്കുകൾ നിങ്ങളും ആവർത്തിക്കണം. പിന്നെ എനിക്കുമേൽ സ്വലാത്ത് ചൊല്ലണം. എനിക്കു സ്വലാത്ത് ചൊല്ലുന്നവന് മേൽ അല്ലാഹു പത്തു തവണ അനുഗ്രഹം വർഷിക്കും. തുടർന്ന് പറഞ്ഞു; എനിക്ക് വേണ്ടി അല്ലാഹുവിനോട് നിങ്ങൾ വസീലത്ത് ആവശ്യപ്പെടണം. അത് അല്ലാഹുവിന്റെ ദാസന്മാരിൽ ഒരാൾക്ക് മാത്രം ലഭിക്കുന്ന സ്വർഗത്തിലെ പദവികളിൽ ഒരു പദവിയാണ്. ഞാൻ പ്രതീക്ഷിക്കുന്നത് അത് ഞാനായിരിക്കുമെന്നാണ്. എനിക്കു വേണ്ടി അല്ലാഹുവിനോട് വസീലത്ത് ആവശ്യപ്പെടുന്നയാൾക്ക് എന്റെ ശിപാർശ അവന് അനുവദിക്കപ്പെടുന്നതാണ്.'' (സ്വഹീഹ് മുസ്‌ലിം, കിതാബുസ്സ്വലാത്, ബാബു ഇസ്തിജാബുൽ ഖൗലി മിസ്‌ല ഖൗലൽ മുഅദ്ദിനി ലിമൻ സമിഅ സുമ്മ യുസ്വല്ലി അല ന്നബിയ്യി(സ))

ബാങ്കിനു ശേഷമുള്ള ദു;ആ ഓരോ അഹ്മദിയും മന:പാഠമാക്കുകയും ചൊല്ലുകയും വേണം. സ്വലാത്ത് ചൊല്ലുന്നതിന്റെ പ്രാധാന്യവും സ്വലാത്ത് കൊണ്ടുള്ള പ്രയോജനങ്ങളും വ്യക്തമായിക്കഴിഞ്ഞു. എന്നാൽ, ചിലയാളുകൾ എങ്ങനെയാണ് സ്വലാത്ത് ചൊല്ലേണ്ടതെന്ന് ചോദിക്കാറുണ്ട്. പല ആളുകളും പലതരം സ്വലാത്തുകൾ ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ ഇതുസംബന്ധമായി ഒരു ഹദീസുണ്ട്.

ഹദ്റത്ത് കഅ്ബ് ബിൻ ഉജ്റ(റ) നിവേദനം ചെയ്യുന്നു: ''ഞങ്ങൾ ചോദിച്ചു: യാ റസൂലല്ലാഹ്! അങ്ങേയ്ക്കു സലാം പറയാൻ ഞങ്ങൾക്കറിയാം. പക്ഷേ, അങ്ങേയ്ക്കു മേൽ സ്വലാത്ത് ചൊല്ലേണ്ടത് എങ്ങനെയാണ്? നബി(സ) പറഞ്ഞു: ''പറയുക,

أللهم صل على محمد وعلى آل محمد كما صليت على إبراهيم وآل إبراهيم إنك حميد مجيد
وبارك على محمد وعلى آل محمد كما باركت على إبراهيم وآل إبراهيم إنك حميد مجيد

(തിർമിദി. അബ്‌വാബുൽ വിത്ർ, ബാബു മാ ജാഅ ഫീ സ്വിഫത്തിസ്സ്വലാതി അല ന്നബിയ്യി(സ))

നിസ്കാരത്തിലുള്ള സ്വലാത്ത് കുറച്ചുകൂടി വിശദമായിട്ടുള്ളതാണ്. ഇതുസംബന്ധമായി ആർക്കോ ഉപദേശിച്ചു കൊണ്ട് എഴുതിയ കത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു.

''താങ്കൾ തഹജ്ജുദ് നമസ്കാരത്തിലും പതിവ് സ്തോത്രങ്ങളിലും നിമഗ്നനാകുക. തഹജ്ജുദിൽ ഒരുപാട് അനുഗ്രഹങ്ങളുണ്ട്. അല്ലാഹു പറയുന്നു, وَالَّذِينَ جَاهَدُوا فِينَا لَنَهْدِيَنَّهُمْ سُبُلَنَا (29:70)

തിരുനബി(സ)യുടെ അനുഗൃഹീത നാവിലൂടെ നിർഗമിച്ച സ്വലാത്തുതന്നെയാണ് ഏറ്റവും ഉത്തമമായത്. അതിങ്ങനെയാണ്;

اللهم صل على محمد وعلى آل محمد كما صليت على ابراهيم وعلى آل ابراهيم انك حميد مجيد

اللهم بارك على محمدو على آل محمد كما باركت على ابراهيم وعلى آل ابراهيم انك حميد مجيد

പറയുന്നു:

ദോഷബാധയെ സൂക്ഷിക്കുന്ന ഒരാളുടെ വായിൽനിന്ന് പുറപ്പെടുന്ന വാക്കുകൾ തീർച്ചയായും ഒരു പരിധിവരെ അനുഗൃഹീതമാണ്. ആയതിനാൽ ദോഷബാധയെ സൂക്ഷിക്കുന്നവരുടെ നേതാവും നബിമാരുടെ സൈന്യാധിപനുമായവരുടെ വായിൽ നിന്ന് നിർഗമിക്കുന്ന വാക്കുകൾ എത്രമാത്രം അനുഗൃഹീതമായിരിക്കുമെന്ന് ചിന്തിച്ചു നോക്കുക. ചുരുക്കത്തിൽ എല്ലാത്തരം സ്വലാത്തുകളിൽനിന്നും ഈ സ്വലാത്ത് തന്നെയാണ് ഏറ്റവുമധികം അനുഗൃഹീതമായിട്ടുള്ളത്.'' (സ്വലാത്തിന്റെ പല വക ഭേദങ്ങളുമുണ്ട്. അതിൽ ഈ സ്വലാത്താണ് ഏറ്റവും കൂടുതൽ അനുഗൃഹീതം) ''ഇതുതന്നെയാണ് ഈ വിനീതന്റെ നിത്യസ്തോത്രവും. ഇത്രയെണ്ണം വേണമെന്ന് നിർബന്ധമില്ല. ആത്മാർഥതമായും സ്നേഹത്തോടേയും ഹൃദയസാന്നിദ്ധ്യത്തോടേയും വിനയാന്വിതനായും സ്വലാത്ത് ചൊല്ലണം. ആർദ്രതയുടേയും ഉന്മാദത്തിന്റേയും പ്രഭാവത്തിന്റേയും അവസ്ഥയും ഹൃദയവിശാലതയും താൽപര്യവും ഉണ്ടാകുന്നതുവരെ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കേണ്ടതാണ്.'' (മക്തൂബാത്തെ അഹ്മദ്, ഭാഗം: 1, പേജ്: 17,18)

ഞാൻ പറഞ്ഞതുപോലെ, ഈ സ്വലാത്ത് തന്നെയാണ് നമസ്കാരത്തിൽ നാം ചൊല്ലുന്നത്. അധികവും ഇതു തന്നെയാണ് ചൊല്ലേണ്ടതും. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു, എണ്ണമല്ല നോക്കേണ്ടത്.

ഹദീസിൽ, ആയിരം പ്രാവശ്യം ചൊല്ലണം എന്നു പറഞ്ഞതിന്റെ താല്പര്യം എത്രയും കൂടുതൽ ചൊല്ലുക എന്നാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം ചിലയാളുകളോട് എണ്ണത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ചിലരോട് ദിവസവും 700 തവണ ചൊല്ലണമെന്നും 1100 പ്രാവശ്യം ചൊല്ലണമെന്നും പറഞ്ഞിട്ടുണ്ട്. ഈ കല്പന ഓരോ വ്യക്തിയുടേയും അവസ്ഥയും നിലവാരവുമനുസരിച്ച്

മാറുന്നതാണ്. ഏതായാലും ഈ സ്വലാത്ത് ചൊല്ലേണ്ടതാണ്. അതുകൊണ്ട് ഞാൻ ഖിലാഫത്ത് ശതവാർഷിക ജൂബിലി ദു:ആകളിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇൽഹാമീ ദു:ആ ചേർത്തിട്ടുണ്ട്.

سُبْحَانَ اللّٰهِ وَبِحَمْدِهٖ سُبْحَانَ اللّٰهِ الْعَظِيْمِ ۔ اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَ آلِ مُحَمَّدٍ

ഇതു കൂടാതെ സ്വലാത്ത് പൂർണമായും ചൊല്ലാനും പറഞ്ഞിരുന്നു. കാരണം തിരുനബി(സ) ചൊല്ലിയ യഥാർഥ സ്വലാത്ത് നമ്മുടെ ദു:ആകളിൽ തീർച്ചയായും ഉൾപ്പെടുത്തേണ്ടതാണ്. പക്ഷേ ഒരു കാര്യം, ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ ഒരു പ്രത്യേക അവസ്ഥ സംജാതമാകുന്ന വിധത്തിൽ സ്വലാത്തിൽ ലീനമായിക്കൊണ്ട് ചൊല്ലേണ്ടതാണ്. അങ്ങനെയായാൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്കും നാം അവകാശികളായി മാറുന്നതാണ്.

## വിജയങ്ങൾ ദു:ആയിലൂടെ മാത്രമേ കരഗതമാകൂ

ഇത് കാലഘട്ടം ആഖരീന്റെ (പിൻഗാമികളുടെ) കാലഘട്ടമാണ്. ഇസ്ലാമിന്റെ വിജയങ്ങൾ ഈ കാലഘട്ടവുമായി ബന്ധപ്പെട്ടിരിക്കുന്നു. നമുക്കെല്ലാം അറിയാവുന്നതുപോലെ ഈ വിജയങ്ങൾ വാളുകളും തോക്കുകളും ആയുധക്കോപ്പുകളും വെടിയുണ്ടകളും മുഖേനയല്ല ഉണ്ടാകുക, ഇതിനുള്ള ഏറ്റവും വലിയ ആയുധം ദു:ആയാണ്. പിന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് നൽകപ്പെട്ട തെളിവുകളുടേയും പ്രമാണങ്ങളുടേയും ആയുധമാണ്. ഇൻശാഅല്ലാഹ് ഇതുമുഖേന തന്നെയാണ് ഇസ്ലാം വിജയിക്കുക. ദു:ആകൾ സ്വീകരിക്കപ്പെടുന്നതിനും അല്ലാഹുവിന്റെ സാമീപ്യവും അനുഗ്രഹങ്ങളും കരസ്ഥമാക്കുന്നതിനും നബി(സ)ക്കുമേൽ സ്വലാത്ത് ചൊല്ലാൻ അല്ലാഹു നമ്മോട് പറഞ്ഞത് ഖുർആൻ സൂക്തത്തിൽ നാം കണ്ടതാണ്, തിരുനബി(സ)ക്ക്മേൽ സ്വലാത്ത് ചൊല്ലാതെ ഇതൊന്നും സാധ്യമല്ലെന്ന് ഹദീസിലും നാം കണ്ടു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം ഇതുതന്നെയാണ് പറഞ്ഞത്, അതായത് തനിക്ക് കിട്ടിയ സ്ഥാനം ഈ സ്വലാത്ത് നിമിത്തം തന്നെയാണ് ലഭിച്ചത്. ഇസ്ലാമിന്റെ വരാനിരിക്കുന്ന വിജയങ്ങളുമായി ഇതിന് പ്രത്യേക ബന്ധമുണ്ട്. തന്റെ സ്ഥാനത്തെക്കുറിച്ച്, അതായത് മഹ്ദീ മസീഹായി അല്ലാഹു തന്നെ നിയോഗിച്ചതിനെക്കുറിച്ച് ഒരു ഇൽഹാം പരാമർശിച്ചുകൊണ്ട് അദ്ദേഹം പറയുന്നു:

صَلِّ عَلٰى مُحَمَّدٍ وَ آلِ مُحَمَّدٍ سَيِّدِ وُلِدِ آدَمَ وَخَاتَمِ النَّبِيِّيْنَ''

ആദം സന്തതികളുടെ നേതാവും ഖാത്തമുന്നബിയ്യീനുമായ മുഹമ്മദ്(സ)നും തിരുകുടുംബത്തിനുംമേൽ സ്വലാത്ത് ചൊല്ലുവിൻ. ദൈവികമായ എല്ലാ പദവികളും അനുഗ്രഹങ്ങളും ഔദാര്യങ്ങളും തിരുനബി(സ) മുഖേനയാണ് ലഭിക്കുകയെന്നും അത് തിരുനബി(സ)യെ സ്നേഹിക്കുന്നതിന്റെ സമ്മാനമാണെന്നും ഇത് സൂചിപ്പിക്കുന്നു. സുബ്ഹാനല്ലാഹ്. അഹദവന്റെ തിരുസവിധത്തിൽ ഈ പ്രപഞ്ചനായകന് എത്രമാത്രം ഉന്നതപദവികളാണുള്ളത്, എത്തരത്തിലുള്ള സാമീപ്യമാണ്, തിരുനബിയുടെ പ്രേമി അല്ലാഹുവിന്റെ സ്നേഹിതനായിത്തീരുന്നു, തിരുനബിയുടെ സേവകൻ ലോകത്തിന്റെ യജമാനനായി മാറുന്നു.''(അതായത് ലോകം അയാളുടെ സേവകനായി മാറുന്നു) ''..... ഇപ്പോൾ ഞാൻ ഓർക്കുകയാണ്, ഒരു രാത്രി ഈ എളിയവൻ വളരെയധികം സ്വലാത്ത് ചൊല്ലി, അങ്ങനെ ഹൃദയവും മനസ്സും അത് മുഖേന സുഗന്ധപൂരിതമായി. ആ രാത്രിയിൽ സ്വപ്നം കാണുകയാണ്, മാധുര്യമുള്ള ശീതളപാനീയം പോലെ പ്രകാശത്തിന്റെ കൂജകൾ ഈ വിനീതന്റെ ഭവനത്തിലേക്ക് (മലക്കുകൾ) കൊണ്ടുവരുന്നു. അവരിലൊരാൾ പറഞ്ഞു: ഇത് നീ മുഹമ്മദിന്റെ സവിധത്തിലേക്ക് അയച്ച സ്വലാത്തിന്റെ അനുഗ്രഹങ്ങൾ തന്നെയാണ്.?

അതേപോലെ അത്ഭുതകരമായ മറ്റൊരു സംഭവം ഓർമവരുന്നു. ഒരിക്കൽ ഇൽഹാമുണ്ടായി. അതിന്റെ അർഥം ഇപ്രകാരമാണ്. മലക്കുകൾ അഭിപ്രായഭിന്നതയിലാണ്. അതായത്, ദൈവിക ആഗ്രഹം ദീനിന്റെ ജീവിപ്പിക്കുന്നതിന് വേണ്ടി ആവേശത്തിലാണ്.'' (ദീനിനെ പുനരുജ്ജീവിപ്പിക്കാൻ) ''പക്ഷേ, ദീനിനെ പുനരുജ്ജീവിപ്പിക്കുന്ന വ്യക്തി ആരാണെന്ന് മലക്കുകൾക്ക് നിജപ്പെടുത്തിക്കൊടുത്തിട്ടില്ല.''(ആരാണ് ജീവിപ്പിക്കുകയെന്ന് അറിയുന്നില്ല) ''അതുകൊണ്ടാണ് അവർ അഭിപ്രായഭിന്നതയിലായിരിക്കുന്നത്. അതിനിടയിൽ ഞാൻ സ്വപ്നത്തിൽ കണ്ടത്, ആളുകൾ പുനരുജ്ജീവനം നൽകുന്ന ഒരാളെ അന്വേഷിച്ച് നടക്കുന്നതാണ്. ഒരാൾ ഈ വിനീതന്റെ മുന്നിൽവന്ന് ചൂണ്ടിക്കൊണ്ട് പറഞ്ഞു

هٰذَا رَجُلٌ يُحِبُّ رَسُوْلَ اللهِ

അതായത് ഇദ്ദേഹമാണ് റസൂലുല്ലാഹ്(സ)നെ സ്നേഹിക്കുന്ന വ്യക്തി. ഈ വാചകത്തിന്റെ അർഥം, ഈ സ്ഥാനത്തിനുള്ള ഏറ്റവും മഹത്തായ നിബന്ധന റസൂലിനോടുള്ള സ്നേഹമാണ്. അത് ഈ വ്യക്തിയിൽ തെളിയിക്കപ്പെട്ടതാണ്.''(അതായത് ഇദ്ദേഹത്തിൽ ഉണ്ട്)

''അതുപോലെത്തന്നെ മേൽ പരാമർശിച്ച ഇൽഹാമിൽ റസൂലിന്റെ കുടുംബത്തിനുമേലും സ്വലാത്ത് ചൊല്ലാനുള്ള കല്പനയുണ്ട്. അതിലും ഇതേ രഹസ്യമാണുള്ളത്, അതായത് ദൈവിക പ്രകാശത്തിന്റെ അനുഗ്രഹം ലഭിക്കുന്നതിൽ തിരുനബി(സ)യുടെ കുടുംബത്തോടുള്ള സ്നേഹത്തിനും അങ്ങേയറ്റം വലിയ പങ്കുണ്ട്. ദൈവസാമീപ്യം പ്രാപിച്ചവരിൽ ഉൾപ്പെടുന്ന വ്യക്തി ആ പരിശുദ്ധരുടേയും പവിത്രരുടേയും അനന്തരാവകാശം പ്രാപിക്കുന്നു. എല്ലാ അറിവുകളിലും ജ്ഞാനങ്ങളിലും അവരുടെ അവകാശിയായിത്തീരുന്നു.'' (ബറാഹീനെ അഹ്മദിയ്യാ, നാല് ഭാഗങ്ങൾ അടിക്കുറിപ്പിന്റെ അടിക്കുറിപ്പ്, ഭാഗം:3, റൂഹാനി ഖസായിൻ ഭാഗം: 1, പേജ്: 597,598)

## ഇസ്‌ലാമിന്റെ നഷ്ടപ്പെട്ട പ്രതാപം പുനസ്ഥാപിക്കാൻ, മസീഹ് മൗഊദിന്റെ ജമാഅത്തിൽ ഭാഗഭാക്കായി പ്രയത്നിക്കേണ്ടത് അനിവാര്യമാണ്

ചുരുക്കത്തിൽ ഇന്ന് ദീനിനെ ജീവസുറ്റതാക്കാൻ, ഇസ്‌ലാമിന്റെ വിനഷ്ടമായ പ്രതാപവും പ്രൗഢിയും സൗന്ദര്യവും തിരിച്ചുകൊണ്ടുവരാൻ, നബി(സ)നു വേണ്ടി പ്രതിരോധനിര തീർക്കാൻ അല്ലാഹു  നിയോഗിച്ച യോദ്ധാവിനു പിന്നിൽ നീങ്ങിക്കൊണ്ട്, അല്ലാഹു അദ്ദേഹത്തിനു പറഞ്ഞു കൊടുത്ത തെളിവുകളും പ്രമാണങ്ങളും മുഖേന, അദ്ദേഹത്തിന്റെ അധ്യാപനത്തെ പ്രാവർത്തികമാക്കിക്കൊണ്ട് ഇസ്‌ലാമിന്റേയും നബിതിരുമേനിയുടേയും പതാക പൂർണശോഭയോടും പൂർണ പ്രൗഢിയോടും ലോകത്ത് പറത്തുന്നതാണ്. ഇൻശാഅല്ലാഹ്. പറത്തിക്കൊണ്ടിരിക്കുന്നതുമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)  ഈ കാലഘട്ടത്തിന്റെ പ്രാധാന്യം വിവരിച്ചുകൊണ്ടും ജനങ്ങളുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ടും പറയുന്നു:  അതിന്റെ ചുരുക്കം ഇങ്ങനെയാണ്; ഇസ്‌ലാമിനുമേൽ

എത്ര കഠോരമായ ദിവസങ്ങളാണ്, അതുകൊണ്ടാണ് അല്ലാഹു, വിനഷ്ടമായ പ്രതാപം പുന:സ്ഥാപിക്കാൻ ഒരു പ്രസ്ഥാനം സ്ഥാപിച്ചത്. അതുകൊണ്ട് മുസ്ലിംകളോട് പറയുകയാണ്, നിങ്ങൾ പിടിവാശി ഉപേക്ഷിച്ച് ചിന്തിക്കുക; തിരുനബി(സ)മേൽ അനുഗ്രഹാശിസുകൾ വർഷിച്ചുകൊണ്ടിരിക്കുന്ന അല്ലാഹു, നബി (സ)യുടെ അസ്തിത്വത്തിനുമേൽ എല്ലാഭാഗത്തുനിന്നും ആക്രമണമുണ്ടാകുന്ന ഇത്തരം സന്ദർഭത്തിലും, തിരുനബിയുടെ അഭിമാനം സ്ഥാപിക്കാൻ ആവേശപൂർവം വന്നില്ലെന്നാണോ?

മുഴുവൻ ഉദ്ധരണിയും ഇങ്ങനെയാണ്. "ഈ കാലം എത്ര ധന്യമാണ്. അല്ലാഹു ഈ കലുഷിതമായ ദിനങ്ങളിൽ തന്റെ കാരുണ്യത്താൽ തിരുനബി(സ)യുടെ മഹത്ത്വം പ്രകടിപ്പിക്കാൻ അനുഗൃഹീതമായ ഈ തീരുമാനമെടുത്തുകൊണ്ട് അദൃശ്യമായി ഇസ്ലാമിന്റെ സഹായത്തിനുള്ള സംവിധാനമുണ്ടാക്കുകയും ഒരു പ്രസ്ഥാനമുണ്ടാക്കുകയും ചെയ്തു. ഇസ്ലാമിനുവേണ്ടി വേദനിക്കുന്നവരോടും അതിന്റെ അന്തസ്സും വിലയും അകതാരിൽ ഉള്ളവരോടും നാം ചോദിക്കാനാഗ്രഹിക്കുകയാണ്; തിരുനബി (സ)നെ അപഹസിക്കുകയും വിശുദ്ധഖുർആനെ നിന്ദിക്കുകയും ചെയ്തുകൊണ്ട് ഇത്രമാത്രം ശകാരമുതിർത്ത ഇതിനെക്കാൾ കഠിനമായ ഒരു കാലം ഇതിനുമുമ്പേ ഇസ്ലാമിനുണ്ടായിട്ടുണ്ടോ? പിന്നെ മുസ്ലിംകളുടെ അവസ്ഥയിൽ വളരെ സങ്കടവും ഹൃദയവേദനയും ഉണ്ടാകുന്നു. മാത്രമല്ല ഈ അനാദരവ് മനസ്സിലാക്കാനുള്ള ബോധം പോലും ഇവർക്ക് അവശേഷിക്കുന്നില്ലെന്ന ഈ വേദന കാരണം ചില സമയത്ത് ഞാൻ അസ്വസ്തനാകുന്നു. ഇത്രമാത്രം ശകാരമുണ്ടാകുമ്പോഴും റസൂൽ തിരുമേനി(സ)ന്റെ അന്തസ്സിനുവേണ്ടി ദൈവിക പ്രസ്ഥാനം സ്ഥാപിക്കാനും ഇസ്ലാമിന്റെ ശത്രുക്കളുടെ വായടപ്പിച്ച് തിരുനബി(സ)യുടെ മഹത്വവും പരിശുദ്ധിയും ലോകത്ത് പരത്താനും അല്ലാഹുവിന് സമ്മതമല്ലെന്നോ? അല്ലാഹു താൻ തന്നെയും അവന്റെ മലക്കുകളും തിരുനബി(സ)ക്ക്മേൽ അനുഗ്രഹാശിസ്സുകൾ നേരുന്നുണ്ട് താനും. എന്നിരിക്കെ ഈ അവഹേളിക്കപ്പെടുന്ന സമയത്ത് ആ സ്വലാത്ത് പ്രകടമാക്കേണ്ടത് എത്രമാത്രം അനിവാര്യമാണ്. അതിന്റെ പുലർച്ചയാണ് അല്ലാഹു ഈ പ്രസ്ഥാനത്തിന്റെ രൂപത്തിൽ ചെയ്തിട്ടുള്ളത്." (മൽഫൂസാത്ത്, ഭാഗം: 3, പേജ്: 8,9 പുതിയ എഡിഷൻ)

ഈ വാചകം നോക്കുക, ഹദ്റത്ത് മസീഹ് മൗഊദ്(അ)ലേക്ക് തങ്ങളെ ചേർത്തു പറയുന്ന അഹ്മദിയ്യാ ജമാഅത്തിനു ഇങ്ങനെ വലിയ ഉത്തരവാദിത്തമാണ് വന്നുചേരുന്നത്.

ആയതിനാൽ തിരുനബി(സ)നെതിരിൽ അപമര്യാദയുടെ കൊടുങ്കാറ്റടിക്കുന്ന ഇത്തരം ഘട്ടത്തിൽ ഈ തീർച്ചയായും അല്ലാഹുവിന്റെ മലക്കുകൾ നബി(സ)ക്ക്മേൽ അനുഗ്രഹാശിസുകൾ നേരുന്നുണ്ടാകും. അല്ല, നേരുന്നുണ്ട്, നേർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നതാണ്. തങ്ങളെ റസൂൽ തിരുമേനി(സ)ന്റെ സത്യസന്ധനായ പ്രേമിയുടെ, ഇമാമുസ്സമാന്റെ (കാലത്തിന്റെ ഇമാം)പ്രസ്ഥാനവുമായി, അദ്ദേഹത്തിന്റെ ജമാഅത്തുമായി ബന്ധപ്പെടുത്തിയിരിക്കുന്ന നമ്മുടേയും കർമം നമ്മുടെ ദു:ആകളെ സ്വലാത്തിൽ വാർത്തെടുത്തെടുക്കണം. അന്തരീക്ഷത്തിൽ സത്യഹൃദയത്തോടെ ഒരുപാട് സ്വലാത്തുകൾ വിതറുവിൻ, എത്രത്തോളമെന്നാൽ അന്തരീക്ഷത്തിലെ ഓരോ കണികയിൽ നിന്നും സ്വലാത്തുകാരണം സുഗന്ധം വമിക്കട്ടെ, നമ്മുടെ എല്ലാ ദു:ആകളും ഈ സ്വലാത്തിന്റെ മാധ്യസ്ഥം കൊണ്ട് അല്ലാഹുവിന്റെ തിരുസവിധത്തിൽ സ്വീകാര്യതയുടെ സ്ഥാനം കരസ്ഥമാക്കട്ടെ. തിരുനബി(സ)നോടും അവിടത്തെ കുടുംബത്തിനോടും നമുക്കുണ്ടാകേണ്ട സ്നേഹത്തിന്റേയും പ്രേമത്തിന്റേയും ബഹിർസ്ഫുരണം ഇങ്ങനെയായിരിക്കണം.

ഈ ദൈവനിയോഗിതനെ തിരിച്ചറിയാനും രഞ്ജിപ്പിന്റേയും ശാന്തിയുടേയും സ്നേഹത്തിന്റേയും അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് റസൂൽ തിരുമേനി(സ)ന്റെ സ്ഥാനം ഉയർത്തിപ്പിടിക്കുന്ന തിരുനബിയുടെ ആത്മീയ സുതന്റെ ജമാഅത്തിൽ ഭാഗഭാക്കാകാനും അല്ലാഹു, മുസ്‌ലിം ഉമ്മത്തിന് ബുദ്ധിയും വിവേകവും നല്കുമാറാകട്ടെ.

അല്ലാഹു ഇവർക്ക് ബുദ്ധി നൽകുമാറാകട്ടെ, നബി(സ)ലേക്ക് ഇവർ തങ്ങളെ ചേർത്ത് പറയുന്നവരാണ്. എന്നിട്ടും നോക്കുക, 1400 വർഷങ്ങൾക്ക് ശേഷവും ഈ മുഹർറം മാസത്തിൽ അതേ മണ്ണിൽ വീണ്ടും മുസ്‌ലിംകൾ മുസ്‌ലിംകളുടെ രക്തമൊഴുക്കുകയാണ്. പക്ഷേ അവർ ഒരിക്കലും പാഠം പഠിച്ചിട്ടില്ല. ഇപ്പോഴും ചോര ഒഴുക്കിക്കൊണ്ടേയിരിക്കുകയാണ്. അല്ലാഹു ഇവർക്ക്

ബുദ്ധി നൽകുകയും, ഇവർ ഈ പ്രവർത്തനത്തിൽനിന്ന് പിന്തിരിയുന്നവരും തങ്ങളുടെ ഹൃദയത്തിൽ ദൈവഭയമുള്ളവരും ഇസ്‌ലാമിന്റെ യഥാർഥ അദ്ധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നവരുമായിതീരുമാറാകട്ടെ.ഇവർ ഇതെല്ലാം ചെയ്തുകൊണ്ടിരിക്കുന്നത് കാലത്തിന്റെ ഇമാമിനെ തിരിച്ചറിയാത്തതുകൊണ്ടും നബിതിരുമേനിയുടെ കല്പനയെ നിഷേധിക്കുന്നതുകൊണ്ടുമാണ്.

ഇന്ന് ഈ കാലഘട്ടത്തിന്റെ ഇമാമിനെ തിരിച്ചറിഞ്ഞട്ടുള്ള, ഓരോ അഹ്മദിയുടേയും ഉത്തരവാദിത്തം വളരെ ഭാരിച്ച ഉത്തരവാദിത്തം, തിരുനബി(സ)നോടുള്ള സ്നേഹാവേശത്താൽ കൂടുതൽ കൂടുതൽ സ്വലാത്ത് ചൊല്ലുക എന്നതാണ്. തങ്ങൾക്കു വേണ്ടിയും ഇതര മുസ്‌ലിംകൾക്കു വേണ്ടിയും പ്രാർഥനാനിരതരാകുക, അല്ലാഹു മുസ്‌ലിം ഉമ്മത്തിനെ നാശത്തിൽനിന്ന് രക്ഷിക്കുമാറാകട്ടെ.

തിരുനബി(സ)നോടുള്ള സ്നേഹം, നമ്മുടെ ദു:ആകളിൽ മുസ്‌ലിം ഉമ്മത്തിനും ഒരുപാട് ഇടം നൽകാൻ ആവശ്യപ്പെടുന്നു. അന്യരുടെയും ഉദ്ദേശ്യങ്ങൾ ശരിയല്ല. ഈ മുസ്‌ലിംകൾക്ക് എത്രമാത്രം പ്രയാസങ്ങളും പരീക്ഷണങ്ങളും പരിവട്ടങ്ങളുമാണ് നേരിടേണ്ടിവരികയെന്നും എന്തെല്ലാം ആസൂത്രണങ്ങളാണ് ഇവർക്കെതിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്നും അറിയില്ല. അല്ലാഹു തന്നെ കരുണ ചെയ്യുമാറാകട്ടെ.

അല്ലാഹു നമ്മെ എപ്പോഴും നേരായ പാതയിലൂടെ നടത്തുമാറാകട്ടെ. അല്ലാഹുവിന്റെ നന്ദിയുള്ള ദാസരായിത്തീരുക, അവൻ നമുക്ക് ഈ കാലഘട്ടത്തിന്റെ ഇമാമിനെ അംഗീകരിക്കാൻ സൗഭാഗ്യം നല്കിയതിന് അവനോട് കൃതജ്ഞതയുള്ളവരാകണം. അദ്ദേഹത്തെ അംഗീകരിച്ചതിനു ശേഷം അതിന്റെ കടമകൾ നിറവേറ്റാനും സൗഭാഗ്യം നൽകുകയും എപ്പോഴും തന്റെ തൃപ്തിയുടെ മാർഗങ്ങളിൽ ചരിക്കുന്നവരാകാനും സൗഭാഗ്യം നൽകുമാറാകട്ടെ.

# ഖുത്ബ ജുമുഅ 03.03.2006

## മസ്ജിദ് ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ, യു.കെ.

• ഹദ്റത്ത് മസീഹ് മൗഊദ്(അ)നെപ്പറ്റി ജിഹാദ് കാലഹരണപ്പെടുത്തുകയും ഇസ്ലാമിക അദ്ധ്യാപനങ്ങളെ ഭേദഗതി ചെയ്യുകയും തിരുനബി(സ)ന്റെ അദ്ധ്യാപനങ്ങളും കാലഘട്ടവും അവസാനിച്ചുവെന്നുമുള്ള ആരോപണം അടിമുടി കളവും വെറുപ്പുളവാക്കുന്നതുമായ ആക്ഷേപമാണ്.

• ഞങ്ങൾക്ക് മേൽ ഇത്തരം കറ്റുകെട്ടും ആരോപണവും ഉന്നയിക്കുന്നവരേക്കാളും ലക്ഷക്കണക്കിന് കോടിക്കണക്കിന് അംശം കൂടുതലാണ് ഞങ്ങൾക്ക് അല്ലാഹുവിന്റെ അനുഗ്രഹത്താൽ റസൂൽ തിരുമേനി(സ)നോടുള്ള അനുരക്തി

• ഡന്മാർക്കിലെ പത്രം തിരുനബി(സ)നെ അപഹസിച്ചുകൊണ്ട് പ്രസിദ്ധീകരിച്ച കാർട്ടൂണുകളെ ഉദ്ധരിച്ച് ജംഗ് ദിനപ്പത്രം അഹ്മദിയ്യാ ജമാഅത്തിനെതിരിൽ കൊടുത്ത അടിസ്ഥാനരഹിതവും വ്യാജവുമായ വാർത്ത തികച്ചും ദ്രോഹവും ദുഷ്പ്രേരിതവുമാണ്.

• ഇത്തരം വ്യാജ വാർത്ത പ്രചരിപ്പിക്കുന്നവരെക്കുറിച്ച് ഞാൻ ഇത്ര മാത്രമേ പറയുന്നുള്ളൂ ;
لَعْنَةَ اللّٰهِ عَلَى الْكَاذِبِيْنَ

• അല്ലാഹു ഈ ദുഷ്പ്രകൃതരെ ഗുണപാഠത്തിന് അടയാളമാക്കുമാറാകട്ടെ.

اَشْهَدُ اَنْ لَا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْکَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْم

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ۔ اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِينَ۔ الرَّحْمٰنِ الرَّحِيمِ۔ مَالِكِ يَوْمِ الدِّينِ۔
إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ۔ اِهْدِنَا الصِّرَاطَ الْمُسْتَقِيمَ۔ صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ

ലണ്ടനിൽനിന്ന് ഇറങ്ങുന്ന ജംഗ്പത്രം ഇന്നലെ പ്രസിദ്ധീകരിച്ച ഒരു വാർത്തക്ക് അഹ്മദിയ്യാ ജമാഅത്തിന്റെ വിശ്വാസങ്ങളുമായി വിദൂരബന്ധം പോലുമില്ല. തികച്ചും ദുരുദ്ദേശപരമായാണ് ഈ വാർത്ത പ്രസിദ്ധീകരിച്ചിരിക്കുന്നത്. അത് വിശ്വാസങ്ങൾക്ക് വിരുദ്ധ മാണെന്നു മാത്രമല്ല, അതിൽ പരാമർശിച്ചിരിക്കുന്ന സംഭവത്തിനും യാഥാർഥ്യവുമായി ഒരു ബന്ധവുമില്ല, അടിസ്ഥാനവുമില്ല. ഈ വാർത്ത, ഒരുപക്ഷേ ഇവിടെ നിന്നുള്ള ഉദ്ധൃതമായി പാക്കിസ്ഥാനി ലും മറ്റും പ്രസിദ്ധീകരിച്ചിട്ടുണ്ടാകും. ഇന്നലെ അല്ലെങ്കിൽ ഇന്ന് പ്രസിദ്ധീകരിച്ചിട്ടുണ്ടാവണം. കാരണം ഈ പത്രം തങ്ങളുടെ വിൽപ്പന വർദ്ധിപ്പിക്കാൻ ഇങ്ങനെയുള്ള വാർത്തകൾ പ്രസിദ്ധീ കരിക്കുന്നതിൽ ധിറുതി കാണിക്കാറുണ്ട്. സർക്കുലേഷൻ വർദ്ധി പ്പിക്കാൻ ധാർമികത ഇല്ലാത്ത ചെയ്യാനും കളവിന്റെ ഭാൺഢം പ്രസിദ്ധീകരിക്കുന്നതും ശീലമാക്കിയിരിക്കുന്നു. ഇവരുടെ പാ ക്കിസ്ഥാൻ എഡിഷൻ ഉണ്ട്. അതിനെക്കുറിച്ച് നമുക്കെല്ലാവർ ക്കുമറിയാം. ഓരോ ദിവസവും നമ്മെക്കുറിച്ച് അനാവശ്യവും കളവും പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുകയാണെന്ന് എല്ലാവർക്കും അറിവുള്ളതാണ്.

കഴിഞ്ഞ ദിവസങ്ങളിൽ ഡന്മാർക്കിലെ പത്രത്തിലും തുടർന്ന് മറ്റ് സ്ഥലങ്ങളിലും വ്യർഥവും അനാവശ്യവുമായ കാർട്ടൂൺ വര ക്കുകയും അതു കാരണം മുസ്ലിംകളിൽ ദു:ഖത്തിന്റേയും രോ ഷത്തിന്റേയും തരംഗം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ഹർത്താലുകളും ഉണ്ടായിക്കൊണ്ടിരിക്കുന്നു, ജാഥകളും നടന്നുകൊണ്ടിരിക്കുന്നു. ചുരുക്കത്തിൽ ദേഷ്യത്തിന്റെ ഏത് പ്രകടനമായാലും അത് നി യന്ത്രിക്കാനും ഈ ഒഴുക്ക് തടയാനും ശരിയായ ദിശാബോധം

നൽകാനും ആരുമില്ലെങ്കിൽ ഇങ്ങനെത്തന്നെയാണ് പ്രതിഷേധം വെളിപ്പെടുക. മുസ്‌ലിംകൾ എത്തരക്കരാണെങ്കിലും നമസ്കരിക്കുന്നവരാണെങ്കിലും അല്ലെങ്കിലും കർമങ്ങൾ അനുഷ്ഠിക്കുന്നവരാണെങ്കിലും അല്ലെങ്കിലും തിരുനബിയുടെ അന്തസ്സിന്റെ പ്രശ്നം വരുമ്പോൾ അവർ അഭിമാനികളും മരിക്കാൻ തയ്യാറുള്ളവരുമാണ്. ഈ സന്ദർഭത്തിൽ വാർത്ത പ്രസിദ്ധീകരിച്ചത്, അതും ഇന്നലെ വ്യാഴാഴ്ച ദിവസം പ്രസിദ്ധീകരിച്ചത്, ഇന്ന് ജുമുഅ ദിവസം അധികസ്ഥലങ്ങളിലും വീണ്ടും ജാഥകളും ഹർത്താലുകളും നടത്തിക്കൊണ്ടുള്ള പ്രതിഷേധ പരിപാടി ഉള്ളതിനാൽ തന്നെ ഇത് തികച്ചും, അഹ്മദികൾക്കെതിരിൽ അന്തരീക്ഷം സൃഷ്ടിക്കാനുള്ള ശ്രമമാണ്. ഇത് വളരെ അക്രമപരവും കലഹങ്ങൾ ഉണ്ടാക്കാനുമുള്ള ശ്രമമാണ്. അങ്ങനെ ഈ വാർത്തയെ പ്രയോജനപ്പെടുത്തി അറിവു കുറഞ്ഞ മുസ്‌ലിംകളെ ഇളക്കിവിട്ട് അഹ്മദികളെ അതിക്രമത്തിന് ഇരയാക്കുകയാണ്. എന്തായാലും ഇത് അഹ്മദികൾക്കെതിരിൽ അറിവില്ലാത്തവരും അറിവ് കുറഞ്ഞവരുമായ മുസ്‌ലിംകളെ ഇളക്കിവിടാനുള്ള ഒരു അവസരവും കൈവിട്ടുപോകാതിരിക്കാനുള്ള ശ്രമമാണ്.

നിങ്ങളിൽ പലരും ഈ വാർത്ത വായിച്ചിട്ടുണ്ടാകും. പക്ഷേ എല്ലാവരും വായിച്ചിട്ടുണ്ടാകില്ല, അതുകൊണ്ട് ഞാൻ ആ വാർത്ത വായിക്കാം. കോപ്പൻഹേഗിനെ ഉദ്ധരിച്ചിട്ടാണ് ഈ വാർത്ത പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഇതിന്റെ റിപ്പോർട്ടർ ഡോക്ടർ ജാവേദ് ഖമർ സാഹിബാണ്.

“ഡന്മാർക്കിലെ രഹസ്യാന്വേഷണ വിഭാഗത്തിന്റെ ഒരു ഉത്തരവാദപ്പെട്ട ഓഫീസർ തന്റെ പേരും ഉദ്യോഗസ്ഥപദവിയും രഹസ്യമായി വയ്ക്കുമെന്ന നിബന്ധനയോടെ കാർട്ടൂൺ പ്രശ്നത്തെ സംബന്ധിച്ച് സംസാരിച്ചുകൊണ്ട് ജംഗ് പത്രത്തോട് പറഞ്ഞു; “2005 സെപ്തംബറിൽ ഖാദിയാനികളുടെ വാർഷിക സമ്മേളനം ഡന്മാർക്കിൽ നടന്നിരുന്നു. ഇതിൽ ഖാദിയാനികളുടെ കേന്ദ്രഭാരവാഹികൾ പങ്കെടുത്തിരുന്നു. ഈ സന്ദർഭത്തിൽ ഖാദിയാനികളുടെ ഒരു സംഘം ഡാനിഷ് മന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചക്കിടയിൽ ജിഹാദ് എന്ന വിഷയത്തെക്കുറിച്ച് സംസാരിച്ചുകൊണ്ട് പറഞ്ഞത്, അവരാണ് ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങളുടെ ധ്വജവാഹകരെന്നാണ്.” ഇവിടംവരെ ശരിയാണ്.

ഇത് പ്രത്യേകമായി അവരോട് പറഞ്ഞില്ലെങ്കിലും നമ്മുടെ വാദം ഇതുതന്നെയാണ്. അതായത് അഹ്മദിയ്യാ ജമാഅത്ത് തന്നെയാണ് ഇസ്‌ലാമിന്റെ യഥാർഥ അദ്ധ്യാപനങ്ങളുടെ ധ്വജവാഹകർ.

തുടർന്നെഴുതുന്നു, ''അവരുടെ നബി മിർസാ ഗുലാം അഹ്മദ് ഖാദിയാനി ജിഹാദ് കാലഹരണപ്പെടുത്തിയിരിക്കുന്നു.'' ശരിയാണ്. ചില നിബന്ധനയോടെ കാലഹരണപ്പെടുത്തിയിരിക്കുന്നു.

വീണ്ടും എഴുതുന്നു; ''മിർസാ ഗുലാം അഹ്മദ് ഖാദിയാനി ഇസ്‌ലാമിക കല്പനകൾ (നഊദുബില്ലാഹ്) മാറ്റിയിരിക്കുന്നു.'' ഇത് തികച്ചും കളവും ആരോപണവുമാണ്. ''അതുകൊണ്ട് (ഇനി നോക്കുക അയാളുടെ ദുഷ്ടത) ''മുഹമ്മദ്(സ)ന്റെ അധ്യാപനങ്ങളും അദ്ദേഹത്തിന്റെ കാലഘട്ടവും അവസാനിച്ചിരിക്കുന്നു.''(നഊദുബില്ലാഹ്)

പത്രം എഴുതുന്നു; ''മുഹമ്മദ്(സ)ന്റെ അനുയായികൾ സൗദിഅറേബ്യയിൽ മാത്രം പരിമിതമാണെന്ന് ഖാദിയാനികൾ ഉറപ്പിച്ചു പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് സെപ്തംബർ 30ലെ –ഡാനിഷ് പത്രം മുഹമ്മദ്(സ) ആസ്പദമാക്കി 12 കാർട്ടൂണുകൾ പ്രസിദ്ധീകരിച്ചത്. ഇതിന്റെ പ്രധാന ലക്ഷ്യം ജിഹാദിന്റെ തത്വശാസ്ത്രത്തിനുമേൽ ആക്രമണം നടത്തുകയായിരുന്നു. ഉന്നത ഡാനിഷ് ഓഫീസർ പറഞ്ഞു: ജനുവരിയുടെ തുടക്കംവരെ ഖാദിയാനികളുടെ വാദം സത്യമാണെന്ന് ഞങ്ങൾ ദൃഢമായും വിശ്വസിച്ചു. കാരണം സൗദിഅറേബ്യയല്ലാതെ മറ്റൊരു മുസ്‌ലിം രാജ്യവും ഞങ്ങളോട് കൃത്യമായി പ്രതിഷേധിച്ചിരുന്നില്ല. ഒ.ഐ.സി.യുടെ മൗനം ഞങ്ങളുടെ ധാരണയെ ദൃഢപ്പെടുത്തുകയായിരുന്നു. ഉത്തരവാദപ്പെട്ട ആ ഓഫീസർ ഈ പ്രതിനിധിക്ക് പ്രസ്തുത കൂടിക്കാഴ്ചയുടെ വീഡിയോ ടേപ്പും കേൾപ്പിച്ചു. അതിൽ ഡാനിഷ്, ഉർദു, ഇംഗ്ലീഷ് ഭാഷകളിൽ സംസാരം റിക്കാർഡ് ചെയ്തിരുന്നു.'' (ജംഗ് ദിനപ്പത്രം ലണ്ടൻ, 02/03/2006 പേജ്: 1,3)

### അതായത് മൂന്ന് ഭാഷകളിൽ സംസാരം നടക്കുകയായിരുന്നു!

കളവിന് ഒരിക്കലും കാലുണ്ടാകാറില്ല. തികച്ചും അടിസ്ഥാനരഹിതമായ വാർത്തയാണിത്. ഡാക്ടർ ജാവേദ് ഖമർ സാഹിബ് ഒരു പക്ഷേ ജംഗ് പത്രത്തിന്റെ പ്രത്യേക പ്രതിനിധിയായിരിക്കും. ആദ്യം

കരുതിയത് ഡന്മാർക്കിലായിരിക്കുമെന്നാണ്. പക്ഷേ ഇപ്പോൾ അറിയാൻ കഴിഞ്ഞത് ഈ സാഹിബ് ഇറ്റലിയിലാണെന്നാണ്. അവിടെ നിന്നാണ് `ജംഗ്' (പത്രത്തി) ന്റേയും `ജിയോ' (ടി.വി) യുടേയും പ്രാതിനിധ്യം വഹിക്കുന്നത്. എനിക്ക് മനസ്സിലായത്, ഡന്മാർക്കിനെ ഉദ്ധരിച്ചുകൊണ്ട് ഈ വാർത്ത ഒരു പത്രത്തിലും കൊടുക്കാൻ നിയമപരമായി, സാധ്യ മല്ലെന്നാണ്.

ജമാഅത്തിന്റെ ജൽസ സെപ്തംബറിൽ നടന്നുവെന്ന ആദ്യത്തെ കാര്യം തന്നെ ആക്ഷേപാർഹമാണ്. അഹ്മദിയ്യാ ജമാഅത്തി ന്റെ കഴിഞ്ഞവർഷത്തെ ജൽസ സെപ്തംബറിൽ അവിടെ നടന്നിട്ടേയില്ല. ഞാൻ പോയതുകൊണ്ട് സ്കാൻഡിനേവിയൻ രാജ്യങ്ങളുടെ ഒന്നിച്ചുള്ള സമ്മേളനമാണ് നടന്നത്. അത് സ്വീഡനിലായിരുന്നു. നമ്മൾ പറഞ്ഞതും പറയാത്തതും എന്താണെന്ന് എം.ടി.എയിൽ എല്ലാവരും കണ്ടതാണ്.

ഡന്മാർക്കിൽ ഞാൻ എത്തിയപ്പോൾ ഒരു ഹോട്ടലിൽ ഒരു റിസപ്ഷൻ സംഘടിപ്പിച്ചിട്ടുണ്ടായിരുന്നു. അതിൽ കുറച്ച് മാധ്യമപ്രതിനിധികളും മറ്റ് വിദ്യാസമ്പന്നരായ ആളുകളും വന്നിരുന്നു. സർക്കാരുദ്യോഗസ്ഥരുമുണ്ടായിരുന്നു. ഒരു മഹിളാമന്ത്രിയും വന്നിരുന്നു. അവിടെ ഖുർആനേയും ഹദീസിനേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)നേയും ഉദ്ധരിച്ചുകൊണ്ട് ഇസ്ലാമിന്റെ മനോഹരവും സമാധാനപരവുമായ അദ്ധ്യാപനങ്ങൾ വിവരിക്കുകയുണ്ടായി. അവിടെ പറഞ്ഞതെല്ലാം വ്യക്തമായിരുന്നു, പരസ്യമായിട്ടുമായിരുന്നു. ഒന്നും രഹസ്യമായി പറഞ്ഞിട്ടില്ല. പത്രങ്ങൾ അവിടെ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. മാത്രമല്ല കുറച്ചൊക്കെ ടി.വി പ്രോഗ്രാമിലും വന്നിരുന്നു. പ്രത്യേകമായ ഒരു കൂടിക്കാഴ്ചയും നടന്നിട്ടില്ല. റിസപ്ഷനിലെ എന്റെ പ്രസംഗം എം.ടി.എയും സംപ്രേഷണം ചെയ്തിരുന്നുവെന്നാണ് ഞാൻ കരുതുന്നത്. ഇല്ലെങ്കിൽ അത് കാണിക്കേണ്ടതാണ്.

ഒരുപക്ഷേ അവിടെ പ്രസംഗത്തിൽ, ഈ ലേഖകനെപ്പോലെയുള്ളവരെക്കുറിച്ച് പരാമർശം ഉണ്ടായപ്പോൾ, ഇവർ കുറച്ച് ആളുകളാണ് ഇസ്ലാമിന് ദുഷ്പ്പേരുണ്ടാക്കുന്നതെന്നും പക്ഷേ ഭൂരിപക്ഷം മുസ്ലിംകളും ഇത്തരം ജിഹാദോ ഭീകരപ്രവർത്തനങ്ങളോ ഇഷ്ടപ്പെടുന്നവരല്ല എന്നും പറഞ്ഞിരിക്കാമെന്നത് ശരിയാണ്. ഏതായാലും

ഒരു വലിയ കള്ളമാണ് നമുക്ക് മേൽ ആരോപിച്ചിരിക്കുന്നത്. ഇക്കാലത്ത് സർവതും റിക്കാർഡ് ചെയ്യപ്പെടുന്നതു കൊണ്ട്, കള്ളം മാത്രം പറയുന്ന വ്യക്തിപോലും ഇത്തരം കാര്യം പറയുമ്പോൾ കുറച്ച് ആലോചിക്കുന്നതാണ്. ഇയാൾ പറഞ്ഞതനുസരിച്ച് ഉർദു, ഇംഗ്ലീഷ് ഡാനിഷ് ഭാഷകളിൽ വീഡിയോ ടേപ്പുമുണ്ട്. സത്യവാന്മാരാണെങ്കിൽ ഇവർ ആ ടേപ്പ് കാണിക്കട്ടെ. ഞങ്ങൾക്കും കാണിച്ചുതരട്ടെ. അപ്പോഴറിയാം ആര് എന്ത് പറഞ്ഞുവെന്ന്.

ഈ വ്യാജവാർത്ത പ്രചരിപ്പിക്കുന്നവരോട് ഞാൻ പറയട്ടെ; ഇത് അടിമുടി കളവാണ്. لَعْنَةُ اللّٰهِ عَلَى الْكَاذِبِيْنَ

എന്തായാലും ഈ വ്യാജവാർത്ത പ്രചരിപ്പിക്കുന്നവരോട് ആദ്യം തന്നെ ഞാൻ പറയട്ടെ; ഇത് അടിമുടി കളവാണ്. لَعْنَةُ اللّٰهِ عَلَى الْكَاذِبِيْنَ നിങ്ങൾ സത്യവാദികളാണെങ്കിൽ നിങ്ങളും ഈ വാക്കുകൾ ഏറ്റു പറയുക. എന്നാൽ, അൽപമെങ്കിലും ദൈവഭയമുണ്ടെങ്കിൽ ഇവർക്കൊരിക്കലും അത് പറയാൻ സാധ്യമല്ല. പക്ഷേ, ഇവർക്ക് ദൈവഭയം കുറവാണ്. എന്നാൽ ഇത് ആവർത്തിക്കുന്നില്ലെങ്കിൽ തന്നെയും, ഇത്ര കഠിനമായ കളവ് പറഞ്ഞുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ദു:ആയുടെ കീഴിൽ ഇവർ വന്നുകഴിഞ്ഞിരിക്കുന്നു. അഹ്മദിയ്യാ ജമാഅത്തിന്നെതിരിൽ നിന്ദാവഹമായ നീക്കങ്ങൾ മുമ്പേയും നടന്നിട്ടുണ്ട്. അത് തുടർച്ചയായി നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. തങ്ങളുടെ ഗർവിൽ, നമ്മുടെ പുറത്ത് കത്തി കുത്തിയിറക്കാൻ ശ്രമിച്ചപ്പോഴൊക്കെ അല്ലാഹു അവർക്ക് പരാജയത്തിന്റെ മുഖം കാണിച്ചുകൊടുക്കുകയും അഹ്മദിയ്യാ ജമാഅത്തിനോട് തന്റെ സ്നേഹം പ്രകടിപ്പിക്കുകയും ചെയ്യുന്നു, അത് മുമ്പത്തേക്കാൾ അധികം അവന്റെ അനുഗ്രഹം കൊണ്ടുവരുകയും ചെയ്യുന്നു.

## കാർട്ടൂൺ പ്രശ്നത്തിൽ
## അഹ്മദിയ്യാ ജമാഅത്തിന്റെ പ്രതികരണവും പ്രയത്നവും

ഈ കാർട്ടൂൺ പ്രശ്നം തുടങ്ങിയപ്പോൾ തന്നെ ഏറ്റവുമാദ്യം അഹ്മദിയ്യാ ജമാഅത്താണ് ആ വിഷയം പൊക്കിയതും ആ പത്രത്തെ അതിൽനിന്ന് തടയാൻ ശ്രമിച്ചതും. അതേക്കുറിച്ച് ഞാൻ നേരത്തേയും പരാമർശിച്ചതാണ്. തുടർന്ന് ഡിസംബറിലും ജനുവരിയിലും നാം വീണ്ടും ഈ പത്രങ്ങൾക്ക് എഴുതുകയും വള

രെ തുറന്ന നിലയിൽ നമ്മുടെ വികാരം പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. നമ്മുടെ മുബല്ലിഗ് പത്രത്തിന് എഴുതിയ സമയത്ത് ഞാൻ ഖാദിയാനിലായിരുന്നു. നമ്മുടെ മുബല്ലിഗിന്റെ ഇന്റർവ്യൂ പത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്നു.

അഹ്മദിയ്യാ ജമാഅത്തിന്റെ പ്രതികരണം ഇക്കാര്യത്തെക്കുറിച്ച് എന്താണെന്നും, ഇവർ നശീകരണത്തിനുപകരം തിരുനബി(സ)യുടെ ഉത്തമമാതൃക തങ്ങളുടെ ജീവിതത്തിൽ പകർത്തി സമർപ്പിക്കാനാഗ്രഹിക്കുന്നവരാണെന്നും എഴുതിയതിനുശേഷം തുടർന്ന് എഴുതുന്നു; ഇതിന്റെ അർഥം ഇമാം സാഹിബിന് ഈ കാർട്ടൂണുകൾ കാരണം വിഷമം ഉണ്ടായില്ല എന്നല്ല (ഇമാം സാഹിബിന്റെ ഇന്റർവ്യൂ വന്നിരുന്നല്ലോ) മറിച്ച് അദ്ദേഹത്തിന്റെ ഹൃദയം കാർട്ടൂൺ കൊണ്ടുള്ള മുറിവ് കാരണം തകർന്നിരിക്കുകയാണ്. മാത്രമല്ല ഈ പ്രയാസം അദ്ദേഹത്തെ ഉടൻ തന്നെ ഈ കാർട്ടൂണുകളെക്കുറിച്ച് ഒരു ലേഖനമെഴുതാൻ പ്രേരിപ്പിച്ചു. അങ്ങനെ അദ്ദേഹം ഒരു ലേഖനമെഴുതുകയും അവിടെ ഡന്മാർക്കിൽ പ്രസിദ്ധീകരിക്കുകയുമുണ്ടായി.

നബി(സ) തിരുമേനിയോടുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അനുരക്തി തന്നെയാണ്, ജമാഅത്തിലും ഈ സ്നേഹത്തിന്റെ അഗ്നി കൊളുത്തിയത്. അത് എത്രത്തോളമെന്നാൽ യൂറോപ്പിൽ ക്രിസ്തുമതത്തിൽ നിന്ന് അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്ലാമിലേക്കു വരുന്ന യൂറോപ്യൻ ജനതയേയും ആ അനുരക്തിയിലും സ്നേഹത്തിലും ഉന്മത്തരാണ്.

ഡന്മാർക്കിലെ നമ്മുടെ ഒരു അഹ്മദി മുസൽമാനായ അബ്ദുസ്സലാം മെഡ്സൻ സാഹിബിന്റെ സുദീർഘമായ ഇന്റർവ്യൂവും വെൻസ്റ്റർ ബ്ലാഡറ്റ് പത്രം 2006 ഫെബ്രുവരി 16 ന് പ്രസിദ്ധീകരിച്ചിരുന്നു. ഒരു സുദീർഘമായ ഇന്റർവ്യൂ ആണ്. ഇതിലെ ചില ഭാഗങ്ങൾ ഞാൻ നിങ്ങളെ കേൾപ്പിക്കാം.

അതിന്റെ തർജമ ഇങ്ങനെയാണ്. മെഡ്സൻ സാഹിബ് തുടർന്ന് പറഞ്ഞു: ഡന്മാർക്കിലെ പ്രധാനമന്ത്രി മുസ്ലിംരാഷ്ട്രങ്ങളുടെ അംബാസിഡർമാരോട് ഇതിനെക്കുറിച്ച് സംസാരിക്കണമായിരുന്നു. കാരണം ജനങ്ങൾ ഈ കാർട്ടൂണുകൾ കാണുമ്പോൾ രോഷാകുലരാകുന്നു. പ്രധാനമന്ത്രി, മുസ്ലിം രാഷ്ട്രങ്ങളുടെ അംബാ

സിഡർമാരുമായി സംസാരിച്ചിരുന്നെങ്കിൽ, ഈ പ്രശ്നം എത്ര മാത്രം ഗൗരവതരമാണെന്നും അതിന്റെ എന്ത് ഫലമാണ് ഉണ്ടാകുകയെന്നും അദ്ദേഹത്തിന് മനസ്സിലാകുമായിരുന്നു. ഇപ്പോൾ പ്രകടമായിക്കൊണ്ടിരിക്കുന്ന ഈ പ്രതികരണം, ഈ കാർട്ടൂണുകൾ പ്രസിദ്ധീകരണത്തിൽ ഞാൻ വിചാരിച്ചതു തന്നെയാണ്. കാരണം തിരുനബി(സ) ഓരോ മുസ്ലിമിനും എല്ലാവശത്തും എല്ലാ തലത്തിലും മാതൃകയാണ്. അത്തരം വ്യക്തിയുടെമേൽ നിന്ദാവഹമായ ആക്രമണം നടത്തുമ്പോൾ അത് ഒരോ മുസ്ലിമിനും വിഷമമുണ്ടാക്കുന്ന കാര്യമാണ്. അവരതിൽ ദുഃഖിക്കുകയും ചെയ്യുന്നു.

അബ്ദുസ്സലാം മെഡ്സൻ സാഹിബ് പറയുന്നു: അവിടെയുള്ള ''യൂലാൻഡ്-പോസ്റ്റൺ'പത്രം ഈ കാർട്ടൂണുകൾ പ്രസിദ്ധീകരിച്ചിട്ട് എന്താണ് നേടിയത്. തുടർന്ന് അവർ എഴുതുന്നു. നബി (സ) യുടെ കാർട്ടൂൺ പ്രസിദ്ധീകരിച്ചതിൽ മെഡ്സൻ സാഹിബിനും അത്യധികം വളരെ വിഷമം ഉണ്ടായിട്ടുണ്ട്. തുടർന്ന് പറയുന്നു; മെഡ്സൻ സാഹിബ് പറഞ്ഞു: നബി(സ) തിരുമേനിയുടെ രൂപത്തെക്കുറിച്ച് അത് എത്രമാത്രം അനുഗൃഹീതമാണെന്നും എങ്ങനെയാണെന്നുമുള്ള വിശദീകരണം നമുക്ക് ലഭിക്കുന്നുണ്ട്. പിന്നെ പറയുകയുണ്ടായി, ഇത് വൃത്തികെട്ട കുട്ടിക്കളിയാണ്.

തുടർന്ന് എഴുതുന്നു; ഡന്മാർക്കിൽ അപകീർത്തിപ്പെടുത്തുന്നതിനെതിരിൽ നിയമം നിലവിലുണ്ട്. ആദ്യം ഞാൻ കരുതിയത് ഇതിന്റെ ആവശ്യമില്ലെന്നായിരുന്നു. പക്ഷേ ഇപ്പോൾ ഞാൻ മനസ്സിലാക്കുന്നത് കലഹങ്ങൾ തടയാൻ ഈ നിയമം നടപ്പിലാക്കേണ്ടത് അനിവാര്യമാണെന്നാണ്. തിരുനബി(സ)യെ നിന്ദിക്കുന്ന വിഷയം അല്ലാഹുവുമായി ബന്ധപ്പെട്ടതാണ്. അവൻ തന്നെ അതിന് ശിക്ഷ നല്കിക്കൊള്ളും.''

ഒരു യൂറോപ്യൻ അഹ്മദീ മുസ്ലിമിന്റെ എത്ര ഉറച്ച വിശ്വാസമാണെന്ന് നോക്കുക. ചുരുക്കത്തിൽ നബി(സ)നെതിരിലുള്ള ശക്തമായ നീക്കത്തിൽ ഇങ്ങനെയായിരുന്നു നമ്മുടെ പ്രതികരണം.

## ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്
## തിരുനബി(സ)നോടുള്ള അനുരക്തി

നമുക്കുമേൽ ഇത്തരം ആരോപണങ്ങളും ആക്ഷേപങ്ങളും ഉന്നയിക്കുന്നവരേക്കാൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മുടെ

ഹൃദയങ്ങളിൽ റസൂൽ(സ)നോടുള്ള അനുരക്തി ലക്ഷക്കണക്കിന്, കോടിക്കണക്കിന് അംശം അധികമാണ്. ഇതെല്ലാം നബി(സ)യുടെ മനോഹരവുമായ അധ്യാപനം ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് വർണിച്ചുതന്നതുകൊണ്ടാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്ഥാനം നബി(സ) തിരുമേനിയെക്കാൾ അധികമാണെന്ന് നഊദുബില്ലാഹ് ഒരഹ്മദിക്കും ചിന്തിക്കാനേ സാധ്യമല്ല. തിരുനബി(സ) നോടുള്ള അനുരക്തിയിൽ ഹസ്സാൻബിൻ സാബിത്(റ)ന്റെ ഈരടികൾ വായിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) കരയുമായിരുന്നു. ഇതായിരുന്നു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അവസ്ഥ. ആ ഈരടികൾ ഇങ്ങനെയാണ്

كُنتَ السَّوادَ لناظري     فَعَمِي عليكَ الناظِر
مَن شاء بعدك فَلْيَمُتْ     فَعَليك كنت أحاذِرُ

അങ്ങ് എന്റെ കണ്ണിലെ കൃഷ്ണമണിയായിരുന്നു. അങ്ങ് മരിച്ചതോടെ അത് അന്ധാമായിത്തീർന്നിരിക്കുന്നു. അങ്ങേയ്ക്ക് ശേഷം ആരുവേണമെങ്കിലും മരിച്ചോട്ടെ. ഞാൻ അങ്ങയുടെ മരണത്തെ മാത്രമാണ് ഭയപ്പെട്ടിരുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു; ഈ ഈരടി ഞാനാണ് പറഞ്ഞിരുന്നതെങ്കിൽ എന്ന് അഭിലഷിക്കുന്ന ഒരാളെ കുറിച്ച് നഊദുബില്ലാഹ് നബി(സ)യെക്കാൾ, തന്നെ വലിയവനായി മനസ്സിലാക്കുന്നുവെന്നും അദ്ദേഹത്തെ വിശ്വസിക്കുന്നവർ, അദ്ദേഹത്തിന് നബി(സ)യെക്കാൾ കൂടുതൽ സ്ഥാനം നല്കുന്നുവെന്നും പറയുന്നത് വളരെ വെറുപ്പുളവാക്കുന്ന ആരോപണമാണ്. പദാനുപദം നബി(സ)നോടുള്ള അനുരക്തിയിൽ ലയിക്കുന്ന കാഴ്ചയാണ് അദ്ദേഹത്തിൽ നമുക്ക് ദർശിക്കാൻ കഴിയുന്നത്.

ഒരിടത്ത് അദ്ദേഹം പറയുന്നു:

اُس نور پر فدا ہوں اس کا ہی میں ہوا ہوں
وہ ہے میں چیز کیا ہوں بس فیصلہ یہی ہے

ആ ദിവ്യദീപ്തിക്കു മുമ്പിലിതാ
തെണ്ടമാക്കീടുന്നെൻ ജീവഭാരം

അങ്ങാണ്! ഞാനൊരു തുച്ഛനത്രെ

മതി,മതി! വിധിയിതു തന്നെയല്ലോ

(അവ: ഖാദിയാൻ കെ ആരിയ ഔർ ഹം, റൂഹാനി ഖസായിൻ ഭാഗം:20, പേജ്:456)

ആ പ്രകാശത്തിൽ തന്റേതെല്ലാം തെണ്ടമാക്കിയ ആളെക്കുറിച്ച് നഊദുബില്ലാഹ് തിരുനബി(സ) യുടെ സ്ഥാനം ഇപ്പോൾ നിലനിൽക്കുന്നില്ലെന്നും മിർസാ ഗുലാം അഹ്മദ് ഖാദിയാനിയുടെ സ്ഥാനം കൂടുതൽ ഉയർന്നതാണെന്നും അഹ്മദികളുടെ പക്കൽ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് സാഹിബ് ഖാദിയാനിയാണ് അവസാനനബിയെന്നും പറഞ്ഞുവെന്നും ഇതാണ് ഞങ്ങളുടെ വിശ്വാസമെന്നും അതുകൊണ്ട് നഊദുബില്ലാ നബി(സ)യുടെ കാർട്ടൂൺ വരക്കാൻ പൂർണ സ്വാതന്ത്ര്യം കൊടുത്തുവെന്നും പറയുന്നു.

إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُوْنَ - لَعْنَةُ اللّٰهِ عَلَى الْكَاذِبِيْنَ

അവർ കാർട്ടൂൺ പ്രസിദ്ധീകരിക്കാൻ, ഡന്മാർക്കിൽ വളരെക്കുറച്ചു മാത്രമുള്ള നമ്മുടെ അനുവാദം കാത്തിരിക്കുകയായിരുന്നുവെന്ന് പറയുന്നത് തികച്ചും ബാലിശ്യത്വമാണ്. വാർത്ത കൊടുക്കുമ്പോൾ ഈ ഉർദു പത്രം മുൻപിൻ ശ്രദ്ധിക്കേണ്ടതാണ്.!

## മുസ്‌ലിം ഭരണകൂടങ്ങൾ സ്ഥാപിത താൽപര്യക്കാരായ മുല്ലാക്കളുടേയും ഘടകങ്ങളുടേയും ചതിയിൽ പെടരുത്

ഡന്മാർക്കിലെ പാവം സർക്കാർ ഒരുപക്ഷേ അത്ര ബുദ്ധിയില്ലാത്തവരായിരിക്കില്ല, പക്ഷേ, ഈ വാർത്ത എഴുതുന്നയാളും അത് പ്രസിദ്ധീകരിക്കുന്നവരും ഏതായാലും ബുദ്ധിയില്ലാത്തവരാണെന്നു തോന്നുന്നു. അവരുടെ ഹൃദയങ്ങളിൽ കലഹമല്ലാതെ മറ്റൊന്നും കാണുന്നില്ല. മുസ്‌ലിംകളെ പ്രക്ഷുബ്ധരാക്കാനും ഇളക്കിവിടുന്നതിനുമല്ലാതെ മറ്റൊരുദ്ദേശ്യവും ഈ വാർത്തയിൽ കാണുന്നില്ല, അതായത് ഇതിന്റെ പേരിൽ മുസ്‌ലിംകൾക്ക് വെറിപിടിപ്പിച്ച് അങ്ങനെ അഹ്മദികൾക്കെതിരിൽ അന്തരീക്ഷമുള്ള ബംഗ്ലാദേശ്, ഇന്തോനേഷ്യ, പാക്കിസ്ഥാൻ തുടങ്ങിയ മുസ്‌ലിം രാഷ്ട്രങ്ങളിൽ കുഴപ്പമുണ്ടാക്കുക. ഈ രാജ്യങ്ങളിൽ ചില സ്ഥാപിതതാൽപര്യക്കാർ, ഈ പഴുതിൽ ഭരണകൂടങ്ങൾക്കെതിരെ പ്ര

ക്ഷോഭമുണ്ടാക്കാനുള്ള ആഹ്വാനം ചെയ്യാനും സാദ്ധ്യതയുണ്ട്. കാരണം അഹ്മദികൾക്കെതിരെ ഉണ്ടാകുന്ന പ്രക്ഷോഭങ്ങൾ അവസാനം സർക്കാരിനെതിരെ തിരിയുന്നതാണ് നാം ഇതുവരെ പൊതുവിൽ കണ്ടിട്ടുള്ളത്. അതുകൊണ്ട് ഈ രാഷ്ട്രങ്ങളിലെ ഭരണകൂടങ്ങളും ബുദ്ധി പ്രയോഗിക്കേണ്ടതാണ്, സ്ഥാപിത താൽപര്യക്കാരായ മുല്ലാക്കളുടേയും ഘടകങ്ങളുടേയും ചതിയിൽ പെടരുത്.

നമ്മുടെ പക്കൽ നബി(സ) തിരുമേനിക്കുള്ള സ്ഥാനം, ഞാൻ കേൾപ്പിച്ച ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈരടിയിൽ നമ്മൾ കാണുകയും ഏറെക്കുറെ മനസ്സിലാക്കുകയും ചെയ്തതാണ്. ഓരോ അഹ്മദിയുടേയും ഉള്ളിൽ നബി(സ)നുള്ള സ്ഥാനം അഹ്മദിക്ക് നല്ലപോലെ അറിയാം. കഴിഞ്ഞ ഖുത്ബകളിൽ ഇതിനെക്കുറിച്ച് ഞാൻ പരാമർശിച്ചതുമാണ്. ഇതു സംബന്ധിച്ച് ഞാൻ ഖുത്ബകൾ നൽകിയിട്ടുണ്ട്. വിഷമം നാം പ്രകടിപ്പിച്ചതാണ്, പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ലോകത്തു മുഴുവനും നമ്മുടെ ഭാഗത്തു നിന്നുള്ള പ്രതികരണപ്രസ്താവനകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്സ് റിലീസും പ്രസിദ്ധീകരിച്ചിട്ടുണ്ട്. നാം, ആരെയെങ്കിലും കാണിക്കാനോ, ആരെയെങ്കിലും മുൻനിർത്തിയോ മുസ്ലിംകളോടുള്ള ഭയംകൊണ്ടോ അല്ല ഈ പ്രസ്താവനകൾ നൽകിയത്. ഇത് നമ്മുടെ വിശ്വാസത്തിന്റെ ഒരു ഭാഗമാണ്. തിരുനബി(സ)നോടുള്ള ബന്ധം വിച്ഛേദിച്ചുകൊണ്ട്, നമുക്ക് നമ്മുടെ ജീവിതത്തിന് ഒരു നിലയുമില്ല. ഇത് സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഉദ്ധരണികൾ ഞാൻ വായിക്കുന്നതാണ്, അതിലൂടെ കാര്യം കുറേക്കൂടി വ്യക്തമാക്കാം.

## ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അദ്ധ്യാപനങ്ങളുടെ രത്നച്ചുരുക്കം

അദ്ദേഹം പറയുന്നു:

"നമ്മുടെ മതത്തിന്റെ രത്നച്ചുരുക്കവും അകക്കാമ്പും

لَا إِلٰهَ إِلَّا اللّٰهُ مُحَمَّدٌ رَسُوْلُ اللّٰهِ

എന്നാകുന്നു. ഹദ്റത്ത് സയ്യിദുനാ വ മൗലാനാ മുഹമ്മദ് മുസ്തഫാ(സ) ഖാത്തമുന്നബിയ്യീനും ഖയറുൽ മുർസലീനും ആണെന്നും തിരുനബിയുടെ കൈയാൽ ദീൻ പരിപൂർത്തീകരിക്കപ്പെടുകയും

അനുഗ്രഹങ്ങൾ സമ്പൂർത്തിയുടെ സ്ഥാനത്തെത്തുകയും ആ മഹാത്മാവ് മുഖേന മനുഷ്യൻ യഥാർഥ മാർഗം അവലംബിച്ചു കൊണ്ട് ദൈവത്തിങ്കലോളം എത്തുകയും ചെയ്യുമെന്നുമാണ് ഈ ഭൗതിക ലോകത്ത് നാം വെച്ചുപുലർത്തുന്ന വിശ്വാസം, ആ വിശ്വാസവുമായി അല്ലാഹുവിന്റെ അനുഗ്രഹത്താലും തൗഫീഖിനാലും ഈ നശ്വരലോകത്ത് നിന്ന് വിടപറയുന്നതാണ്..'' (അതായത് ഈ വിശ്വാസവുമായിട്ടാണ് നാം ഈ ലോകത്തുനിന്നും പോവുക) (ഇസാലയെ ഔഹാം, റൂഹാനി ഖസായിൻ ഡാഗം: 3, പേജ്: 169,170)

ഇതാണ് നമ്മുടെ ഈമാന്റെ ഭാഗം. ഇതാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്കു നൽകിയ അദ്ധ്യാപനം. ഇത്തരം വിശ്വാസമുള്ള ഒരാളെക്കുറിച്ച് എങ്ങനെയാണ് നബി(സ)യെ കൂടാതെ അല്ലാഹുവിനോളം എത്താൻ കഴിയുമെന്നും നുബുവ്വത്ത് ലഭിച്ചുവെന്നും പറയുക?

വീണ്ടും അദ്ദേഹം പറയുന്നു: ''ചൊവ്വായ മാർഗം ഇസ്‌ലാം ദീൻ മാത്രമാണ്. ആകാശത്തിൻകീഴിൽ ഒരേയൊരു നബിയും ഒരേയൊരു ഗ്രന്ഥവും മാത്രമെയുള്ളൂ. അതായത് ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ). അദ്ദേഹം സകല നബിമാരേക്കാളും ഉന്നതനും ശ്രേഷ്ഠനുമാണ്. എല്ലാ റസൂൽമാരെക്കാളും തികവുറ്റയാളും പരിപൂർണ്ണനുമാണ്. ഖാത്തമുൽ അമ്പിയായും ജനങ്ങളിൽ ശ്രേഷ്ഠനുമാണ്. അദ്ദേഹത്തെ പിൻപറ്റുന്നതുകൊണ്ട് അല്ലാഹുവിനെ ലഭിക്കുന്നു. അന്ധകാരത്തിന്റെ മറകൾ നീങ്ങുന്നു. ഈ ലോകത്തുതന്നെ യഥാർഥ മോക്ഷത്തിന്റെ ലക്ഷണങ്ങൾ വ്യക്തമാകുന്നു. സത്യവും പരിസമ്പൂർണ സന്മാർഗവും പ്രഭാവവും അടങ്ങിയ വിശുദ്ധഖുർആൻ മുഖേന യഥാർഥ അറിവുകളും ദിവ്യജ്ഞാനങ്ങളും ലഭിക്കുന്നു. മാനുഷികമായ മാലിന്യങ്ങളിൽനിന്ന് ഹൃദയം വിമലീകരിപ്പെടുന്നു. മനുഷ്യൻ അജ്ഞതയുടേയും അശ്രദ്ധയുടേയും സംശയങ്ങളുടേയും മറകളിൽനിന്ന് രക്ഷപ്പെട്ട് ഹഖുൽ യഖീൻ അഥവാ അനുഭവജ്ഞാനത്തിന്റെ സ്ഥാനത്തോളം എത്തിച്ചേരുന്നു. (ബറാഹീനെ അഹ്മദിയ്യാ, നാല് ഭാഗങ്ങൾ അടിക്കുറിപ്പിന്റെ അടിക്കുറിപ്പ്, ഭാഗം:3, റൂഹാനി ഖസായിൻ ഭാഗം: 1, പേജ്: 557,558)

അതായത്, ഇനി എന്തും തിരുനബി(സ) നിമിത്തമാണ് ലഭിക്കുക.

തിരുനബിയിലാണ് പ്രവാചകത്വം സമ്പൂർണമാകുന്നത്. അവിടത്തെ അദ്ധ്യാപനങ്ങൾ മുഖേന തന്നെയാണ് അന്ധകാരം അകലുകയും പ്രകാശം ലഭിക്കുകയും ചെയ്യുക. അല്ലാഹുവിന്റെ സാമീപ്യ വും തിരുനബിയിലൂടെ തന്നെയാണ് ലഭിക്കുക. യഥാർഥമായ മോക്ഷവും തിരുനബി മുഖേന ലബ്ധമാകുന്നതാണ്. തിരുനബി കൊണ്ടുവന്ന അധ്യാപനം മുഖേന തന്നെയാണ് ഹൃദയത്തിന്റെ മാലിന്യങ്ങൾ ശുദ്ധീകരിക്കപ്പെടുന്നതും.

വീണ്ടും അദ്ദേഹം പറയുന്നു: "നമ്മുടെ നബി (സ) സത്യം പ്ര കടിപ്പിക്കുന്നതിൽ ഒരു മുജദ്ദിദെ അഅ്സം (ഏറ്റവും വലിയ പരിഷ് കർത്താവ്) ആയിരുന്നു. കളഞ്ഞുപോയ സത്യത്തെ ആ മഹാ ത്മാവ് ലോകത്ത് പുന:സ്ഥാപിച്ചു. ഈ അഭിമാനത്തിൽ ന മ്മുടെ നബി(സ)നോടൊപ്പം മറ്റൊരു നബിയും ഭാഗഭാക്കല്ല. തിരു നബി മുഴുലോകത്തും അന്ധകാരമാണ് കണ്ടത്. തുടർന്ന് ആ മഹാത്മന്റെ ആഗമനത്തോടെ ആ അന്ധകാരം വെളിച്ചമായി മാറി. ഏതൊരു ജനതയിലാണോ തിരുനബി ആഗതരായത് ആ മുഴുവൻ സമൂഹവും ബഹുദൈവാരാധനയുടെ മേലങ്കി മാറ്റി ഏകദൈവത്വ ത്തിന്റെ വസ്ത്രമണിയുന്നതുവരെ അവിടന്ന് മരണപ്പെട്ടില്ല. അതു മാത്രമല്ല, അവർ വിശ്വാസത്തിന്റെ ഉന്നതനില പ്രാപിക്കുകയും, സത്യസന്ധതയുടേയും കൂറിന്റേയും ദൃഢവിശ്വാസത്തിന്റേയും കർ മങ്ങൾ അവരിലൂടെ വെളിപ്പെടുകയും ചെയ്തു. അതിന് സമാന മായത് ലോകത്തൊരിടത്തും കാണപ്പെടുന്നതല്ല. ഈ വിജയം, ഇത്രമാത്രം വിജയം തിരുനബി(സ)ക്കല്ലാതെ മറ്റൊരു നബിക്കും ലഭ്യമായിട്ടില്ല. കാലഘട്ടം അങ്ങേയറ്റം അന്ധകാരത്തിൽ അക പ്പെടുകയും സ്വാഭാവികമായും ഒരു മഹാനായ പരിഷ്കർത്താവിനെ ആവശ്യപ്പെടുകയും ചെയ്യുന്ന കാലത്താണ് അവിടന്ന് നിയോഗി ക്കപ്പെടുകയും ആഗതനാവുകയും ചെയ്തതെന്നതും ലക്ഷക്കണ ക്കിനാളുകൾ ബഹുദൈവാരാധനയും വിഗ്രഹപൂജയും ഉപേക്ഷിച്ച് ഏകദൈവത്വ സിദ്ധാന്തവും സത്യപാതയും സ്വീകരിച്ചതിനുശേഷ മാണ് അവിടന്ന് ഈ ലോകത്തുനിന്ന് വിടപറഞ്ഞുപോയതെന്നതും നബി(സ)ന്റെ പ്രവാചകത്വത്തിനുള്ള ഏറ്റവും വലിയൊരു സാക്ഷ്യ മാണ്. മാത്രമല്ല യഥാർഥത്തിൽ ഈ പരിപൂർണമായ പരിഷ്ക്കര ണം നബി(സ)യുമായി മാത്രം ബന്ധപ്പെട്ടതാണ്. അതായത് അവി ടന്ന് കാടത്തവും മൃഗസ്വഭാവവുമുള്ള സമൂഹത്തെ മാനുഷിക

മര്യാദകൾ പഠിപ്പിച്ചു.'' (മൃഗങ്ങളെപ്പോലെ ജീവിച്ചിരുന്ന കാടൻ സമൂഹത്തിന് മാനുഷിക മര്യാദകൾ പഠിപ്പിച്ചു.) ''മറ്റു വാക്കുകളിൽ ഇങ്ങനെ പറയാം വന്യജീവികളെ മനുഷ്യരാക്കി.''( അതായത് മൃഗങ്ങളെ മനുഷ്യരാക്കി) ''പിന്നീട് മനുഷ്യരിൽനിന്ന് വിദ്യാസമ്പന്നരായ മനുഷ്യരെ സൃഷ്ടിച്ചു. പിന്നീട് വിദ്യാസമ്പന്നരായ മനുഷ്യരിൽനിന്ന് ദൈവികരായ മനുഷ്യരെ ഉണ്ടാക്കി. ആത്മീയതയുടെ അവസ്ഥ അവരിൽ ഊതുകയും യഥാർഥ ദൈവവുമായി അവർക്ക് ബന്ധമുണ്ടാക്കുകയും ചെയ്തു. അവർ ദൈവമാർഗത്തിൽ ആടുകളെപോലെ അറുക്കപ്പെടുകയും ഉറുമ്പുകളെപോലെ ചവുട്ടിമെതിക്കപ്പെടുകയുമുണ്ടായി. പക്ഷേ, അവർ ഈമാൻ കൈവെടിഞ്ഞില്ല. മറിച്ച്, എല്ലാ പ്രയാസങ്ങളിലും മുന്നോട്ടു ചുവടുവെച്ചു. ചുരുക്കത്തിൽ നിസ്സംശയം, നമ്മുടെ നബി(സ) ആത്മീയത സ്ഥാപിക്കുന്ന കാര്യത്തിൽ രണ്ടാമത്തെ ആദമായിരുന്നു, അല്ല, യഥാർഥ ആദം തിരുനബി തന്നെയായിരുന്നു. ആ മഹാത്മാവ് മുഖേനയും, ഹേതുവായും എല്ലാ മാനുഷിക ശ്രേഷ്ഠതകളും പരിപൂർത്തി പ്രാപിച്ചു. എല്ലാ സദ്ഗുണശക്തികളും അവയുടെ പ്രവൃത്തിയിൽ നിമഗ്നമായി. മനുഷ്യപ്രകൃതത്തിന്റെ ഒരു അംശവും നിഷ്ക്രിയമായില്ല. ഖത്തമുന്നുബുവ്വത്ത് തിരുനബിയിൽ കേവലം കാലഘട്ടം പിന്തിച്ചതുകൊണ്ടു മാത്രമല്ല ആയത് മറിച്ച് നുബുവ്വത്തിന്റെ അഭ്യുന്നതികളെല്ലാം തിരുനബിയിൽ അവസാനിച്ചതുകൊണ്ടു കൂടിയാണ്. അവിടന്ന് ദൈവിക ഗുണങ്ങളുടെ പരിപൂർണ പ്രതീകമായിരുന്നു. അതുകൊണ്ട് അവിടത്തെ ന്യായപ്രമാണം ജലാലിയ (പ്രതാപപരം), ജമാലിയ (സൗന്ദര്യപരം) സവിശേഷതകൾ വഹിക്കുന്നതായിരുന്നു. ഈ ഉദ്ദേശ്യം കൊണ്ടുതന്നെയാണ് മുഹമ്മദ്, അഹ്മദ് (സ) എന്ന രണ്ട് നാമങ്ങൾ അദ്ദേഹത്തിനുള്ളത്. അവിടത്തെ പ്രവാചകത്വത്തിൽ, പിശുക്കിന്റെ ഒരു അംശവുമില്ല. അത് ആരംഭകാലംമുതൽ മുഴുലോകത്തിനും വേണ്ടിയുള്ളതാണ്.'' (ലക്ചർ സിയാൽകോട്ട്, റൂഹാനി ഖസായിൻ ഭാഗം: 20, പേജ്: 206,207)

ഇതാണ് അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ അധ്യാപനം. അതായത്, തിരുനബി(സ)യുടെ അനുഗ്രഹം ഇന്നും നിലനില്ക്കുന്നു.

വീണ്ടും അദ്ദേഹം പറയുന്നു: ''നബി(സ) തിരുമേനി ഖാത്തമുൽ അമ്പിയായാണ്. അതായത് നമ്മുടെ നബി(സ)യ്ക്കുശേഷം പു

തിയ ന്യായപ്രമാണവും പുതിയ ഗ്രന്ഥവും വരികയില്ല. പുതിയ കല്പനകൾ വരുകയില്ല.'' (ഇവർ പറയുന്നത്, പുതിയ ശരീഅത്ത് കൊണ്ടുവന്നുവെന്നും മിർസാ ഗുലാം അഹ്മദിനെ ഉന്നതനായി മനസ്സിലാക്കുന്നുവെന്നുമാണ് ) ''അതേ ഗ്രന്ഥവും അതേ കല്പന കളും തന്നെ നിലനില്ക്കുന്നതാണ്. എന്നെക്കുറിച്ച് എന്റെ ഗ്രന്ഥ ത്തിൽ കാണപ്പെടുന്ന നബി, റസൂൽ എന്നീ പദങ്ങൾ കൊണ്ടുള്ള വിവക്ഷ ഒരിക്കലും, പുതിയ ന്യായപ്രമാണവും കൽപനകളും നൽ കുമെന്നല്ല. മറിച്ച് അല്ലാഹു യഥാർഥത്തിൽ ആവശ്യമുള്ള സമ യത്ത് ആരെയെങ്കിലും നിയോഗിക്കുമ്പോൾ ആ അർഥത്തിൽ ദൈവിക സംബോധനയുടെ അനുഗ്രഹവും നൽകുന്നുവെന്നാണ് ഉദ്ദേശിച്ചത്.'' (അതായത് അദ്ദേഹത്തോട് സംസാരിക്കുന്നു) ''പ രോക്ഷ സംഗതികൾ അയാൾക്ക് നൽകുന്നു, അയാളെ നബി എന്ന് വിളിക്കുന്നു.'' (ആരോടാണോ അല്ലാഹു കൂടുതലായി സംസാരിക്കുന്നത് അയാൾ നബി എന്ന് പറയപ്പെടുന്നു.) ''ആ ദൈവനിയോഗിതൻ നബി എന്ന് സംബോധന ചെയ്യപ്പെടുന്നു. അതിന്റെ അർഥം പുതിയ ശരീഅത്ത് കൊടുക്കുന്നു എന്നതല്ല. അല്ലെങ്കിൽ നബി(സ) തിരുമേനിയുടെ ശരീഅത്തിനെ നഊദു ബില്ലാഹ് കാലഹരണപ്പെടുത്തുന്നു എന്നല്ല.'' (ഈ ആരോപണം ഞങ്ങൾക്ക് മേൽ ഉന്നയിക്കുന്നുണ്ട്.) '' മറിച്ച്, അയാൾക്ക് കിട്ടു ന്നതെല്ലാം നബി(സ)യെ സത്യസന്ധമായും പരിപൂർണമായും പി ൻപറ്റുന്നതുകൊണ്ടാണ് ലഭിക്കുക. അതുകൂടാതെ കിട്ടുകയേയി ല്ല.''(അൽഹകം 10/01/1904 പേജ്: 2)

താൻ തിരുനബിയിൽ നിന്നാണ് എല്ലാം നേടിയതെന്നും ആ മഹാത്മാവിനെക്കൂടാതെ ഒന്നും പ്രാപ്യമല്ലെന്നും വാദി തുറന്ന് പ്ര ഖ്യാപിക്കുന്നു. അദ്ദേഹത്തെ വിശ്വസിക്കുന്നവരും അദ്ദേഹം, നബി (സ) തിരുമേനിയുടെ സത്യസന്ധനായ ദാസനാണെന്ന് ഉറച്ചു വിശ്വ സിക്കുന്നു. അപ്പോൾ കളവിലും കറ്റുകെട്ടിലും അധിഷ്ഠിതമായ കാര്യങ്ങൾ മുസ്ലിംകളിൽ അസ്വസ്ഥത ജനിപ്പിക്കാനല്ലാതെ മ റ്റൊന്നിനുമല്ല. ഇത്തരക്കാർ ഇത് എപ്പോഴും ചെയ്തുവരുന്നു. ഫിത്ന ഉണ്ടാക്കുന്നതു കൂടാതെ ഈ സാത്താനിക ശക്തികളെ (ശയ്ത്വാൻ എപ്പോഴും കൂടെത്തന്നെയാണ്) അസൂയയുടെ തീ എരിച്ചുകൊണ്ടിരിക്കുന്നു. ജമാഅത്തിന്റെ അഭിവൃദ്ധി ഇവർക്കു കാണാൻ കഴിയുന്നില്ല. ജമാഅത്തിന്റെ അഭിവൃദ്ധി ഇവരുടെ

കണ്ണുകളിൽ കുത്തുന്നു. ഇവർ എത്രവേണമെങ്കിലും ഈ തരം താണ പണികൾ ചെയ്തുകൊള്ളട്ടെ. മുമ്പേയും ഇവർ ഇതെല്ലാം ചെയ്തുവന്നതാണ്. ഇനിയും അവർ ചെയ്തുകൊണ്ടേയിരിക്കും. ഇത്തരക്കാർ ജനിച്ചുകൊണ്ടേയിരിക്കും. ശയ്ത്താൻ നിലനിൽക്കുന്നതാണ്, നമ്മുടെ പുരോഗതി ഇവരുടെ ഈ തരംതാണ പ്രവർത്തനംകൊണ്ട് നിലച്ചുപോകുന്നതല്ല. ഇൻശാഅല്ലാഹ്.

## നബിതിരുമേനി(സ)യുടെ മഹോന്നത സ്ഥാനം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വീക്ഷണത്തിൽ

നബി(സ)യുടെ സ്ഥാനത്തെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) വീണ്ടും പറയുന്നു:

''മനുഷ്യരിൽ പരിപൂർണനായ മനുഷ്യന് പ്രദാനം ചെയ്യപ്പെട്ട ആ അത്യുന്നതമായ പ്രകാശം മലക്കുകളിലോ നക്ഷത്രങ്ങളിലോ സൂര്യനിലോ സമുദ്രത്തിലോ നദിയിലോ ഉണ്ടായിരുന്നില്ല. വൈഡൂര്യങ്ങളിലും മാണിക്യകല്ലുകളിലും രത്നങ്ങളിലും മുത്തുകളിലും ഉണ്ടായിരുന്നില്ല. ചുരുക്കത്തിൽ ഭൗമികമോ വാനവമോ ആയ ഒരു വസ്തുവിലും ഉണ്ടായിരുന്നില്ല.'' (ഭൂമിയിലെ വസ്തുക്കളിലും ആകാശത്തിലും ഇല്ലായിരുന്നു) ''അത് മനുഷ്യനിൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ, അതായത് പരിപൂർണനായ മനുഷ്യനിൽ. അതിന്റെ പരിപൂർണവും പരിപക്വവും അത്യുന്നതവും അഭ്യുന്നതവുമായ വ്യക്തി നമ്മുടെ നേതാവും യജമാനരും നബിമാരുടെ നായകരും ജീവിച്ചിരിക്കുന്നവരുടെയെല്ലാം നേതാവുമായ മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയാണ്. ചുരുക്കത്തിൽ ആ തേജസ് ആ മനുഷ്യനാണ് നല്കപ്പെട്ടത്. അപ്രകാരംതന്നെ അവിടത്തെ സമാന വർണം പുലർത്തുന്നവർക്കും, അതായത് ഒരളവോളം ആ വർണം സ്വായത്തമാക്കിയവർക്ക്.'' (തിരുനബിയെ അംഗീകരിക്കുന്നവർക്ക് അവരുടെ വിശ്വാസത്തിന് അനുഗുണമായി നൽകപ്പെട്ടു.) ''അമാനത്ത് എന്നതുകൊണ്ടുള്ള ഉദ്ദേശ്യം പരിപൂർണനായ മനുഷ്യന് നല്കപ്പെട്ട ആ എല്ലാ കഴിവുകളും ബുദ്ധിയും അറിവും മനസ്സും ജീവനും അനുഭവങ്ങളും ഭയവും സ്നേഹവും അന്തസ്സും പ്രൗഢിയും ആത്മീയവും ഭൗതികവുമായ സകല അനുഗ്രഹങ്ങളുമാണ്. അല്ലാഹു അത് പരിപൂർണ മനുഷ്യന് പ്രദാനം ചെയ്തു.'' (എല്ലാ മനുഷ്യനും ബുദ്ധിയും അറിവും അനുഭവജ്ഞാനവും നൽകപ്പെട്ടിട്ടുണ്ട്, അതിന്റെ ഉന്നതമായ ശക്തിയും ഉന്നത നിലവാരവും

പരിപൂർണമനുഷ്യനാണ് നൽകിയത്) '' പരിപൂർണ മനുഷ്യനെപ്പറ്റി ആയത്തിൽ പറഞ്ഞതുപോലെ

إِنَّ اللّٰهَ يَأْمُرُكُمْ أَنْ تُؤَدُّوا الْأَمَانَاتِ إِلَى أَهْلِهَا (4:59)

(അതായത് ഈ പരിപൂർണ മനുഷ്യൻ ഈ ആയത്തിന്റെ അടിസ്ഥാനത്തിൽ, അമാനത്തുകൾ അവയുടെ അവകാശികളെ ഏൽപ്പിക്കാൻ കൽപ്പിക്കുന്നു.) '' ഈ എല്ലാ സൂക്ഷിപ്പുമുതലുകളും ദൈവസവിധത്തിൽ തിരിച്ചേൽപ്പിക്കുന്നു, അതായത് അവനിൽ ലീനനായിക്കൊണ്ട് അവന്റെ മാർഗത്തിൽ അർപ്പണം ചെയ്യുന്നു..... ഈ പ്രൗഢി തേജോവിലാസം അത്യുന്നതവും പരിപൂർണവും തികവുറ്റതുമായ നിലയിൽ നമ്മുടെ നേതാവും നമ്മുടെ യജമാനരും നമ്മുടെ മാർഗദർശിയുമായ നിരക്ഷരപ്രവാചകൻ, സത്യവാനും സത്യസാക്ഷിതനുമായ മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയിലാണ് കാണപ്പെടുന്നത്.'' (ആയിനയെ കമാലാത്തെ ഇസ്‌ലാം, റൂഹാനി ഖസായിൻ ഭാഗം: 5, പേജ്: 160..162)

തങ്ങളെ തിരുനബി(സ)യുടെ അനുരക്തരെന്ന് മനസ്സിലാക്കുന്ന ഇവർ, നമുക്കുമേൽ ഉന്നയിക്കുന്ന ആരോപണം നഊദുബില്ലാഹ് നാം ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ നബിതിരുമേനിയേക്കാളും മേലെയാണെന്ന് മനസ്സിലാക്കുന്നുവെന്നാണ്. ഇവരുടെ ലക്ഷ്യം തന്നെ സ്വാർഥലാഭം കൈവരിക്കുകയല്ലാതെ മറ്റൊന്നുമല്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) തിരുനബി(സ)യെ പറ്റി പറഞ്ഞ വാക്കുകളുടെ പ്രൗഢിക്ക് തത്തുല്യമായത് പോകട്ടെ, ലക്ഷത്തിലൊരംശമെങ്കിലും സമാനമായ വാക്കുകൾ ഈ ഉലമാക്കൾ പറഞ്ഞതായി കാണിക്കട്ടെ. ഇത് നബി(സ) തിരുമേനിയുടെ അനുഗൃഹീത അസ്തിത്വത്തെക്കുറിച്ച് ആ സത്യസന്ധനായ പ്രേമിയുടെ വാക്കുകളാണ്. അങ്ങനെയുള്ള ആളെ നിങ്ങൾ കള്ളവാദിയെന്ന് പറയുന്നു. ആ വ്യക്തിയുടെ എല്ലാ അനക്കമടക്കവും തന്റെ നേതാവും യജമാനരുമായ നബി(സ) തിരുമേനിയെ പിൻപറ്റിക്കൊണ്ടുള്ളതായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) സമർപ്പിച്ചതുപോലെ അഗാധവും ഉള്ളറിവും തിരിച്ചറിവും തങ്ങളുടെ സാഹിത്യങ്ങളിലും കാണിച്ചുതരിക.

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു, ജമാഅത്തിന്റെ

എന്നത്തേയും അധ്യാപനം ഇതുതന്നെയാണ്. അതനുസരിച്ചാ ണ് ചരിക്കുന്നത്, അതായത് ഞങ്ങൾ നിയമത്തിന്റെ ഉള്ളിലിരുന്നു കൊണ്ട് സഹിക്കുകയാണ്.

അദ്ദേഹം പറയുന്നു: ''നമ്മുടെ മതത്തിന്റെ ആകെ സാരം ഇതു തന്നെയാണ്. എന്നാൽ, അന്യായമായി ദൈവഭയമില്ലാതെ ന മ്മുടെ മഹാനായ പ്രവാചകൻ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) യെ ചീത്തവാക്കുകളാൽ സ്മരിക്കുകയും, തിരുനബിക്കു മേൽ അപവാദം പറയുകയും, ചീത്തപറയുന്നതിൽനിന്ന് പിന്മാറാതിരി ക്കുകയും ചെയ്യുന്നവരോട് നമുക്കെങ്ങനെ രഞ്ജിപ്പിലെത്താനാ കും.ഞാൻ സത്യം സത്യമായും പറയുന്നു: തരിശുഭൂമിയിലെ പാ മ്പുകളോടും വനാന്തരങ്ങളിലെ ചെന്നായ്ക്കളുമായും രഞ്ജിപ്പി ലെത്താൻ നമുക്കു കഴിയും. എന്നാൽ, നമ്മുടെ പ്രിയപ്പെട്ട നബി യുടെമേൽ, നമ്മുടെ ജീവനേക്കാളും മാതാപിതാക്കളേക്കാളും പ്രിയ ങ്കരനായ നബി(സ)യുടെമേൽ അവിശുദ്ധമായ ആക്രമണം നടത്തു ന്നവരോട് നമുക്ക് രഞ്ജിപ്പിലാകാൻ സാദ്ധ്യമല്ല. അല്ലാഹു നമുക്ക് ഇസ്ലാമിൽതന്നെ മരണം തരുമാറാകട്ടെ. ഈമാൻ നഷ്ടപ്പെടുന്ന പ്രവൃത്തി ചെയ്യാൻ നാം ആഗ്രഹിക്കുന്നില്ല.'' (പൈഗാമെ സ്വുൽഹ്, റൂഹാനി ഖസായിൻ ഭാഗം: 23, പേജ്: 459)

ഇതാണ് നമ്മുടെ അദ്ധ്യാപനം, ഇതാണ് ഹദ്റത്ത് മസീഹ് മൗഊ ദ്(അ)നാൽ നല്കപ്പെട്ട പാഠം. ഇതാണ് നമ്മുടെ ഹൃദയങ്ങളിൽ തിരുനബി(സ)യുടെ അനുരക്തിയിൽ ആളിക്കത്തിച്ച അഗ്നി, അതിന്റെ ശരിയായ ഉള്ളറിവും തിരിച്ചറിവും ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് നല്കിയിരിക്കുന്നു. ഇതിനുശേഷവും നഊ ദുബില്ലാഹ് കാർട്ടൂൺ വരക്കുന്നതിൽ പത്രത്തേയും ഡന്മാർക്ക് സർക്കാറിനേയും അഹ്മദികൾ പ്രേരിപ്പിച്ചുവെന്നും അങ്ങനെ അവർ പ്രസിദ്ധീകരിച്ചുവെന്നും പറയുകയാണെങ്കിൽ ഇവർക്ക് മേൽ ദൈവശാപം ചൊരിയാൻ മാത്രമേ കഴിയൂ.

## വാളുകൊണ്ടുള്ള ജിഹാദിന്റെ യാഥാർഥ്യം

ഇനി മറ്റൊരു കാര്യം ജിഹാദ് കാലഹരണപെടുത്തി എന്നതാ ണ്. അയാൾ ആദ്യം എഴുതിയത്, ഇതാണ്; പ്രധാന സംഗതി നാം, തിരുനബി(സ)യെ നബിയായി അംഗീകരിക്കുന്നില്ലെന്നും നഊ ദുബില്ലാഹ് തിരുനബിയുടെ അധ്യാപനം കാലഹരണപ്പെട്ടുപോ

യെന്നുമാണ്. രണ്ടാമത്തെ കാര്യം അയാൾ എഴുതിയിരിക്കുന്നത് ജിഹാദ് കാലഹരണപ്പെടുത്തി എന്നാണ്.

ഇതു സംബന്ധിച്ച് മുസ്‌ലിംകളുടെ നേതാക്കന്മാർക്ക് കഴിഞ്ഞ ദിവസങ്ങളിൽ അനുഭവിക്കേണ്ടി വന്നപ്പോൾ ഔദാര്യം ചെയ്യുന്ന ശക്തികൾ.. അവരുടെയാണ് തിന്നുന്നത്, ഇവരെ ഒതുക്കിയപ്പോൾ പറഞ്ഞത് ജിഹാദിന് ഇന്ന് നൽകുന്ന നിർവചനവും ചില മുസ്‌ലിം സംഘടനകൾ ദിനേന ചെയ്യുന്ന കാര്യങ്ങളും ജിഹാദ് അല്ല, മാത്ര മല്ല ഇസ്‌ലാമിക അദ്ധ്യാപനങ്ങൾക്ക് കടകവിരുദ്ധവുമാണ്. പ ത്രങ്ങളിൽ ഇവരുടെ പ്രസ്താവന അച്ചടിച്ചിട്ടുണ്ട്. അഹ്മദിയ്യാ ജമാഅത്തിന്റെ തുടക്കം മുതലേയുള്ള നിലപാടും വീക്ഷണവും അദ്ധ്യാപനവും ഇക്കാലത്ത് ഈ സാഹചര്യത്തിൽ ജിഹാദ് നിർ ത്തലാക്കിയിരിക്കുന്നുവെന്നാണ്. അത് തികച്ചും ഇസ്‌ലാമിക അദ്ധ്യാപനങ്ങൾക്ക് അനുഗുണവുമാണ്.

ഇതു സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ''നമ്മുടെ നബി(സ)ഉം തിരുസ്വഹാബത്തും യുദ്ധം ചെയ്തത് നി ഷേധികളുടെ ആക്രമണങ്ങളിൽ നിന്ന് സ്വയം തങ്ങളെ രക്ഷിക്കുന്ന തിനോ, സമാധാനം സ്ഥാപിക്കുന്നതിനോ വേണ്ടിയായിരുന്നു. വാളുകൊണ്ട് ദീനിനെ തടയാൻ ആഗ്രഹിക്കുന്നവരെ വാൾകൊ ണ്ടുതന്നെ പിന്നിലേക്ക് മാറ്റുന്നതിനുവേണ്ടിയായിരുന്നു. എന്നാൽ, ഇപ്പോൾ ശത്രുക്കളിലാരാണ് മതത്തിന് വേണ്ടി വാളെടുക്കുന്നത്? മുസ്‌ലിംകളാകുന്നവരെ ആരാണ് തടയുന്നത്? മസ്ജിദുകളിൽ നമ സ്കരിക്കുന്നതും ബാങ്കു കൊടുക്കുന്നതും ആരാണ് തടസ്സപ്പെടുത്തു ന്നത്?'' (തിരിയാഖുൽ ഖുലൂബ്, റൂഹാനി ഖസായിൻ ഭാഗം: 15, പേജ്: 159,160)

അതായത് ബാങ്ക് കൊടുക്കുന്നത് ആരാണ് തടയുന്നത്. പാക്കി സ്ഥാനിൽ അഹ്മദികളെ മാത്രം തടഞ്ഞുകൊണ്ടിരിക്കുന്നു.പക്ഷേ എന്നിട്ടും നാം നിശബ്ദരാണ്. നമ്മൾ ഒരു ബഹളവും ഉണ്ടാക്കുന്നില്ല. ബാങ്ക് ഇല്ലാതെ നാം നമസ്കരിക്കുന്നു.

വീണ്ടും അദ്ദേഹം പറയുന്നു: ''ബുഖാരി (കിതാബുൽഅമ്പിയാ അ് ബാബ് നുസൂലു ഈസബ്നു മർയം) യിൽ വാഗ്ദത്ത മസീഹി നെക്കുറിച്ച് വ്യക്തമായ ഹദീസുണ്ട്. അതായത് യളഉൽഹറബ് വാഗ്ദത്ത മസീഹ് യുദ്ധം ചെയ്യുകയില്ല. ഒരുഭാഗത്ത് നിങ്ങൾ പ

റയുന്നു സ്വഹീഹ് ബുഖാരി എന്ന ഹദീഥ് ഗ്രന്ഥം വിശുദ്ധഖുർആനുശേഷം അസഹുൽകുതുബ് ആണെന്ന്. മറുഭാഗത്ത് സ്വഹീഹ് ബുഖാരിക്കെതിരിൽ, ബുഖാരിയിലെ ഹദീസിന് വിരുദ്ധമായ ഹദീസുകളിൽ വിശ്വസിക്കുകയും ചെയ്യുന്നു.''(തിരിയാഖുൽ ഖുലൂബ്, റൂഹാനി ഖസായിൻ ഭാഗം: 15, പേജ്: 159,)

അഹ്മദിയ്യാ ജമാഅത്തിന്റെ വീക്ഷണം ഖുർആനും ഹദീസും അനുസരിച്ചാണ്. നാം തുറന്ന നിലയിൽ പ്രഖ്യാപിക്കുകയാണ്, പറയുകയുംപറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നു; ഇവർ ജിഹാദ് ജിഹാദ് എന്നു പറഞ്ഞു ചെയ്യുന്നത് ഭീകരപ്രവർത്തനമല്ലാതെ മറ്റൊന്നുമല്ല. ഇത് ജിഹാദല്ല. അടിമുടി ഇസ്‌ലാമികാധ്യാപനങ്ങൾക്കു വിരുദ്ധവുമാണ്.

ഇന്നലെ കറാച്ചിയിൽ ചാവേർ ആക്രമണം ഉണ്ടായി. ഇവർതന്നെയാണ് ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കുന്നത്. ഇത്തരം ആക്രമണങ്ങളിൽ സ്വരാജ്യത്തിലെ നിർദോഷികളുടെ ജീവനും ഇവർ അപഹരിക്കുന്നു. ഇവർ തെറ്റായ പ്രവർത്തനങ്ങൾ ചെയ്തുകൊണ്ട്, സ്വയം ഇസ്‌ലാമിന്റേയും തിരുനബി(സ)യുടേയും അധ്യാപനങ്ങളെ നിഷേധിക്കുന്നവരായിത്തീരുന്നു. അഹ്മദികൾ ഇന്ന് തിരുനബി(സ) യുടെ സന്ദേശം ലോകത്ത് എത്തിക്കുന്ന ജിഹാദ് ചെയ്തുകൊണ്ടിരിക്കുകയാണ്. ഇവരിലാരാണ് ഇസ്‌ലാമികപാഠങ്ങളെ ഈ രീതിയിൽ ലോകത്തിന്റെ കോണായകോണുകളിലെല്ലാം എത്തിക്കുന്നവർ. നിങ്ങളുടെ ഈ ഭീകരപ്രവർത്തനത്തിലും, ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കുന്ന ജിഹാദി പ്രയത്നങ്ങളിലും ജിഹാദിൽ അഹ്മദികൾ മുമ്പൊരിക്കലും ഭാഗഭാക്കായിട്ടില്ല, മേലിൽ ഭാഗഭാക്കാകുന്നതുമല്ല. ഏതായിരുന്നാലും ഇത് അഹ്മദിയ്യാ ജമാഅത്തിന് ദുഷ്പേരുണ്ടാക്കാനുള്ള കുത്സിത ശ്രമമാണ്. മുമ്പേയും നടന്നുവന്നിട്ടുള്ളതാണ്.

### യഥാർഥ ലക്ഷ്യം പുറത്തുവരാൻ ജമാഅത്തിനെതിരിലുള്ള തെറ്റായ വാർത്തയേയും ഗൂഢാലോചനയേയും കുറിച്ച് അന്വേഷിക്കുന്നതാണ്

ഈ പത്രത്തിനോടും ഞാൻ പറയട്ടെ. ഓർക്കുക, ഇത് പാക്കിസ്ഥാനിലെ പോലെ നിയമവാഴ്ചയില്ലാത്ത രാജ്യമല്ല. അവിടെ

മുല്ലാക്കളുടെ താൽപര്യം അല്ലെങ്കിൽ അവർക്ക് ഇഷ്ടമുണ്ടെങ്കിൽ നിയമം നടപ്പാക്കും, നീതി ഉണ്ടാവില്ല.

എന്തായാലും ഒരുപരിധിവരെ, ഈ ജനങ്ങളിൽ നീതിയുണ്ട്. നമ്മൾ എല്ലാ വിശദാംശങ്ങളും റിപ്പോർട്ടുകളും ശേഖരിച്ചുവരികയാണ്. നഊദുബില്ലാഹ് നബി(സ)യുടെ അദ്ധ്യാപനങ്ങൾ കാലഹരണപ്പെട്ടുവെന്ന് അഹ്മദികൾ പറഞ്ഞുബോദ്ധ്യപ്പെടുത്തിയതു കൊണ്ടാണ് തങ്ങൾ കാർട്ടൂൺ പ്രസിദ്ധീകരിച്ചതെന്ന് ഒരു ഓഫീസർ പറഞ്ഞുവെന്നത് ഉദ്ധരിച്ചാണ് വാർത്ത കൊടുത്തിരിക്കുന്നത്. അതായത് ഡന്മാർക്ക് സർക്കാരും ഇതിൽ കളങ്കിതരാണെന്ന ആക്ഷേപം സ്ഥാപിതമാകുകയാണ്. പക്ഷേ അവിടെത്തെ പ്രധാനമന്ത്രി ഉച്ചത്തിൽ വിളിച്ചുപറയുന്നതും പലപ്രാവശ്യം വിശദീകരിച്ചതും ഇത് പത്രത്തിന്റെ പണിയാണെന്നും തങ്ങൾ അതിനെ വെറുക്കുന്നുവെന്നും എന്നാൽ, പത്രസ്വാതന്ത്ര്യം കാരണം ഒന്നും പറയാൻ സാദ്ധ്യമല്ലെന്നുമാണ്.

പത്രസ്വാതന്ത്ര്യം എന്താണ്, എന്തല്ല എന്നത് മറ്റൊരു സംഗതിയാണ്. പക്ഷേ ഏതായിരുന്നാലും അവർ ഈ വാർത്തയെ നിഷേധിക്കുന്നു. സർക്കാർ ഇതിൽ ഭാഗഭാക്കാണെന്ന് ഈ പത്രം പറഞ്ഞുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ഈ വാർത്തക്കെതിരെ നടപടിയെടുക്കാൻ ഡന്മാർക്ക് സർക്കാറിനും അവകാശമുണ്ട്. ഇപ്പോൾ മുസ്ലിം ലോകത്ത് ഡന്മാർക്കിന്നെതിരെ തീ ആളികത്തിക്കൊണ്ടിരിക്കുകയാണ്. ഈ പത്രം സ്വയംകൃത വാർത്തയുണ്ടാ ക്കി അവരുടെ പേരിൽ പ്രസിദ്ധീകരിച്ചു കൊണ്ട് ഈ തീയിൽ എണ്ണയൊഴിക്കുകയും വീശുകയുമാണ് ചെയ്തത്.

നമ്മൾ അവരുമായി ബന്ധപ്പെട്ടിരുന്നു. ഡന്മാർക്കിലെ ഒരുന്നത സെക്യൂരിറ്റി ഏജൻസിയുടെ ഓഫീസർ, വളരെ വ്യക്തമായ അത് നിഷേധിച്ചുകൊണ്ട് പറഞ്ഞു; അങ്ങനെ ഒരിക്കലും സംഭവിച്ചിട്ടില്ല, അത്തരം ഒരു വാർത്തയും ഞങ്ങളുടെ പക്കലില്ല. ഇതിനെക്കുറിച്ച് കൂടുതൽ അന്വേഷിക്കുമെന്നും അപ്പോൾ കൂടുതൽ കാര്യങ്ങൾ പുറത്തുവരുമെന്നും അദ്ദേഹം പറഞ്ഞു.

ആദ്യം അവർ ഇതിന്റെ വീഡിയോ ടേപ്പ് തങ്ങളുടെ കൈയിലുണ്ടെന്ന് പത്രത്തിൽ എഴുതി. എന്നാൽ, നാം ബന്ധപ്പെട്ടപ്പോൾ പറയുന്നത്, വീഡിയോ ടേപ്പില്ല ഓഡിയോടേപ്പാണുള്ളതെന്ന്. ഞാൻ

പറഞ്ഞതുപോലെ കളവിന് കാലുണ്ടാകുകയില്ല. ഈ പ്രസ്താവന ഇവർ മാറ്റിക്കൊണ്ടേയിരിക്കും. ഇതാണ്പത്രപ്രവർത്തനത്തിന്റെ അല്ലെങ്കിൽ പാക്കിസ്ഥാനീ പ്രഭാവത്തിന്റെ അവസ്ഥ.

ഞാൻ പറയട്ടെ, കാര്യം ഇവിടെ അങ്ങനെ അവസാനിക്കുകയില്ല. ഞങ്ങളുടെമേൽ ഇത്രയും വെറുപ്പുളവാക്കുന്ന ആക്ഷേപം ഉന്നയിച്ചിരിക്കുന്നതിനേയും ഈ അവസ്ഥയിൽ അഹ്മദികൾക്കെതിരിൽ ഗൂഢാലോചന നടത്തിയതിനേയും കുറിച്ച്, ഇവിടെത്തെ നിയമം അനുവദിക്കുന്നതനുസരിച്ച് അവസാനം വരെ കൊണ്ടുചെന്നെത്തിക്കുന്നതാണ്. അങ്ങനെ മുസ്ലിംകൾക്ക്, ചുരുങ്ങിയ പക്ഷം ശുദ്ധപ്രകൃതരായ മുസ്ലിംകൾക്ക് ഈ നാമമാത്ര വിദ്യാഭ്യാസമുള്ളവരുടെ ധാർമികസ്വഭാവത്തിന്റെ നിലവാരം മനസ്സിലാകട്ടെ.

ഞങ്ങളുടെമേൽ ആക്ഷേപമുണ്ടായപ്പോഴെല്ലാം ഞങ്ങൾ ക്ഷമയോടുകൂടി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ നിർദ്ദേശവും അധ്യാപനവുമാണ് മുന്നിൽ വെക്കുന്നത്.

അദ്ദേഹം പറയുന്നു: ‘‘നമ്മുടെ ജമാഅത്തും നാമും എന്താണെന്ന് എനിക്ക് നല്ലവണ്ണമറിയാം. നാം സ്വിറാത്തെ മുസ്തഖീമിൽ (ചൊവ്വായ പാതയിൽ) നടക്കുകയും നബി(സ)യെ പൂർണമായും സത്യസന്ധമായും പിൻപറ്റുകയും വിശുദ്ധഖുർആന്റെ പരിശുദ്ധ അദ്ധ്യാപനങ്ങളെ ജീവിതചര്യയാക്കുകയും അക്കാര്യങ്ങൾ പറയുക മാത്രമല്ല സ്വകർമത്താലും അനുഭവത്തിലും സ്ഥാപിച്ചു കാണിക്കുകയും ചെയ്യുമ്പോഴാണ് അല്ലാഹുവിന്റെ സഹായം നമ്മോടൊപ്പമുണ്ടാകുകയുള്ളൂ. നാം ഈ മാർഗം അവലംബിക്കുകയാണെങ്കിൽ തീർച്ചയായും ഓർമിച്ചുകൊള്ളുക, മുഴുലോകവും ഒന്നിച്ചുചേർന്ന് നമ്മെ നശിപ്പിക്കാൻ ശ്രമിച്ചാലും നമ്മൾ നശിക്കുകയില്ല. കാരണം അല്ലാഹു നമ്മോടൊപ്പമുണ്ടായിരിക്കും.’’ (അൽഹക്കം 24/09/1904 പേജ്: 4)

അല്ലാഹു നമുക്കെപ്പോഴും ഈ ഉപദേശമനുസരിച്ച് പ്രവർത്തിക്കാൻ സൗഭാഗ്യം നല്കിക്കൊണ്ടിരിക്കുമാറാകട്ടെ. അല്ലാഹു എപ്പോഴും നമ്മോടൊപ്പമുണ്ടാകട്ടെ. ഈ ദുഷ്പ്രകൃതക്കാരെ മറ്റുള്ളവർക്ക് ഗുണപാഠത്തിന് അടയാളമാക്കുമാറാകട്ടെ.

# ഖുത്ബ ജുമുഅ 10.03.2006

## മസ്ജിദ് ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ, യു.കെ.

- ഇക്കാലത്തെ ജിഹാദീ സംഘടനകൾ, അനുവദനീയമായ കാരണങ്ങളോ അധികാരങ്ങളോ കൂടാതെ തങ്ങളുടെ യുദ്ധാധിഷ്ഠിത മുദ്രാവാക്യങ്ങളും കർമങ്ങളും കൊണ്ട് മറ്റു മതസ്ഥർക്ക് വളരെ അനാദരമായും നിർലജ്ജമായും തിരുനബി(സ)യുടെ പരിശുദ്ധ വ്യക്തിത്വത്തിനുമേൽ നിരർഥമായ ആക്രമണം നടത്തുന്നതിനും അവസരം കൊടുക്കുകയാണ്.

- തിരുനബി ആപാദചൂഢം കാരുണ്യമായിരുന്നു എന്നതിന് സാക്ഷിയാണ്. അവിടത്തെ നെഞ്ചകത്തിൽ തുടിച്ചുകൊണ്ടിരുന്ന ഹൃദയത്തേക്കാളും വലുതായി ഒരു ഹൃദയത്തിനും കാരുണ്യത്തിന്റെ ഉന്നത നിലവാരവും തേട്ടവും പൂർത്തിയാക്കാൻ കഴിയുകയില്ല.

- തിരുനബി(സ)യുടെ പരിശുദ്ധ ചരിത്രത്തിൽ നിന്ന് ആവിഷ്കാര സ്വാതന്ത്ര്യത്തേയും മതസ്വാതന്ത്ര്യത്തേയും മതഷിഷ്ണുതയേയും സംബന്ധിച്ച മനോഹരമായ സംഭവങ്ങളുടെ ഹൃദയസ്പൃക്കായ വിവരണം

اَشْهَدُ اَنْ لَا اِلٰهَ اِلَّا اللهُ وَحْدَهُ لَا شَرِيْكَ لَهُ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ اَمَّا بَعْدُ فَاَعُوْذُ بِاللهِ مِنَ الشَّيْطٰنِ الرَّجِيْم

بِسْمِ اللهِ الرَّحْمَنِ الرَّحِيمِ - اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِينَ - الرَّحْمَنِ الرَّحِيمِ - مَالِكِ يَوْمِ الدِّينِ -
إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ - اهْدِنَا الصِّرَاطَ الْمُسْتَقِيمَ - صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ

തിരുനബി(സ)യുടെ വിശുദ്ധ ജീവിതത്തെക്കുറിച്ച് അമുസ്‌ലിംകളുടെ ഭാഗത്തുനിന്ന് ഉന്നയിക്കപ്പെടുന്ന ആക്ഷേപം, തിരുനബി(സ) കൊണ്ടുവന്ന മതത്തിൽ നഊദുബില്ലാഹ് കാഠിന്യവും അരുംകൊലകളുമല്ലാതെ മറ്റൊന്നുമില്ലെന്നും ഇസ്‌ലാമിൽ മതസഹിഷ്ണുതയുടേയും സഹനത്തിന്റേയും സ്വാതന്ത്ര്യത്തിന്റേയും സങ്കൽപം പോലുമില്ലെന്നും ഈ അദ്ധ്യാപനങ്ങളുടെ സ്വാധീനം മുസ്‌ലിംകളുടെ പ്രകൃതത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്നുവെന്നുമാണ്. ഇതു സംബന്ധിച്ച് ഞാൻ പല പ്രാവശ്യം നേരത്തേയും പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്, നിർഭാഗ്യവശാൽ മുസ്‌ലിംകളിലെ ചില സംഘങ്ങളും കക്ഷികളും ഇത്തരം ചിന്താഗതി ഉണ്ടാക്കാനും സ്ഥാപിക്കാനും സഹായികളായി മാറുകയാണ്. ദൗർഭാഗ്യവശാൽ ഇവരുടെ ഈ വീക്ഷണവും പ്രവർത്തനവും അമുസ്‌ലിം ലോകത്ത് പ്രത്യേകിച്ച് പാശ്ചാത്യരിൽ നമ്മുടെ പ്രിയപ്പെട്ട യജമാനർ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)യെക്കുറിച്ച് നിരർഥവും അനാവശ്യവും അങ്ങേയറ്റം നിന്ദാവഹവുമാ യ ചിന്താഗതികൾ പ്രകടിപ്പിക്കാൻ അവസരം ഉണ്ടാക്കുന്നു. അതേസമയം ചില സംഘങ്ങളുടേയും കക്ഷികളുടേയും പ്രവർത്തനം പൂർണമായും ഇസ്‌ലാമിക അദ്ധ്യാപനങ്ങൾക്കും ധാർമിക അനുശാസനങ്ങൾക്കും വിരുദ്ധമാണെന്ന് നമുക്കറിയാം. ഇസ്‌ലാമികാധ്യാപനം എത്രത്തോളം മനോഹരമാണെന്നാൽ പക്ഷപാതമില്ലാത്ത ഏതൊരാളേയും അതിന്റെ സൗന്ദര്യവും മനോഹാരിതയും സ്വാധീനിക്കാതെ വിടുകയില്ല.

## അമുസ്‌ലിംകളുമായി നല്ലനിലയിൽ വർത്തിക്കാനുള്ള ഇസ്‌ലാമിന്റെ മനോഹരമായ അദ്ധ്യാപനം

വിശുദ്ധഖുർആനിൽ ഒരുപാട് സ്ഥലങ്ങളിൽ അമുസ്‌ലിംകളോടു നല്ല നിലയിൽ വർത്തിക്കാനും അവരുടെ അവകാശങ്ങൾ ശ്രദ്ധിക്കാനും അവരോട് നീതിപൂർവം വർത്തിക്കാനും, അവരുടെ മതകാര്യത്തിൽ ഒരുതരത്തിലുള്ള ബലാൽക്കാരവും പാടില്ലെന്നും മതസംബന്ധമായി കാഠിന്യം അരുതെന്നും തുടങ്ങി നിരവധി കല്പനകൾ തങ്ങൾക്കുള്ളതിനു പുറമേ അമുസ്‌ലിംകൾക്ക് വേണ്ടിയുമുണ്ട്. അതെ, ചില സന്ദർഭങ്ങളിൽ യുദ്ധങ്ങൾക്കും അനുമതിയുണ്ട്. പക്ഷേ, അതും ശത്രുക്കൾ ആരംഭം കുറിക്കുകയും ഉടമ്പടികൾ ലംഘിക്കുകയും അനീതി കാണിക്കുകയും അക്രമങ്ങൾ അതിരുകടക്കുകയോ അക്രമം കാണിക്കുകയോ ചെയ്യുന്ന അവസ്ഥയിലാണ് ചെയ്യേണ്ടത്. എന്നാൽ, ഇതിന് ഏതെങ്കിലും രാജ്യത്തിലെ ഗ്രൂപ്പിനോ ജമാഅത്തിനോ അവകാശമില്ല. മറിച്ച്, ഇത് എന്തു ചെയ്യണമെന്നും എങ്ങനെ ഈ അക്രമത്തെ അവസാനിപ്പിക്കണമെന്നും തീരുമാനിക്കേണ്ടത് ഭരണകൂടത്തിന്റെ ജോലിയാണ്. അല്ലാതെ ഏതെങ്കിലും ജിഹാദീ സംഘടന എഴുന്നേറ്റ് ഈ പ്രവൃത്തി ചെയ്തു തുടങ്ങാൻ പാടില്ല.

## മക്കയിലെ നിഷേധികളുടേയും ഇസ്‌ലാമിന്റെ ശത്രുക്കളുടേയും അതിക്രമങ്ങൾക്കും അക്രമണങ്ങൾക്കും എതിരിൽ തിരുനബി(സ)യുടെ അതിമഹത്തായ ഉത്തമ മാതൃക

തിരുനബി(സ)യുടെ കാലത്തും യുദ്ധങ്ങളുടെ പ്രത്യേക സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെട്ടിരുന്നു, അതിൽ നിർബന്ധിതരായി മുസ്‌ലിംകൾക്ക് ബദർ യുദ്ധം ചെയ്യേണ്ടി വന്നു. എന്നാൽ, ഞാൻ പറഞ്ഞതുപോലെ ഇക്കാലത്തെ ജിഹാദീ സംഘടനകൾ, അനുവദനീയമായ കാരണങ്ങളോ അധികാരങ്ങളോ കൂടാതെ തങ്ങളുടെ യുദ്ധാധിഷ്ഠിത മുദ്രാവാക്യങ്ങളും കർമങ്ങളുംകൊണ്ട് മറ്റു മതസ്തർക്ക് ഈ അവസരം കൊടുക്കുകയാണ്. അതിന്റെ ഫലമായി അവർക്ക് വളരെ അനാദരമായും നിർലജ്ജമായും തിരുനബി(സ)യുടെ പരിശുദ്ധ വ്യക്തിത്വത്തിനുമേൽ നിരർഥമായ ആക്രമണം നടത്തുന്നതിനും അത് തുടരുന്നതിനും ധൈര്യമുണ്ടാകുന്നു. എന്നാൽ, ആപാദചൂഢം കാരുണ്യവും  മനുഷ്യകുലത്തിന്റെ ഉപകാ

രിയും മനുഷ്യാവകാശത്തിന്റെ മഹത്തായ സൂക്ഷിപ്പുകാരനുമായ തിരുനബിയുടെ അവസ്ഥ യുദ്ധത്തിൽപോലും, ശത്രുക്കൾക്ക് സൗകര്യം നൽകാനുള്ള ഒരു അവസരവും നഷ്ടപ്പെടുത്തിയില്ല എന്നതാണ്. തിരുനബി(സ)ന്റെ ജീവിതത്തിലെ ഓരോ കർമവും ഓരോ പ്രവർത്തനവും അവിടത്തെ ജീവിതത്തിന്റെ ഓരോ നിമിഷവും, നേരവും തിരുനബി ആപാദചൂഢം കാരുണ്യമായിരുന്നു എന്നതിന് സാക്ഷിയാണ്. അവിടത്തെ നെഞ്ചകത്തിൽ തുടിച്ചുകൊണ്ടിരുന്ന ഹൃദയത്തേക്കാളും വലുതായി ഒരു ഹൃദയത്തിനും കാരുണ്യത്തിന്റെ ഉന്നത നിലവാരവും തേട്ടവും പൂർത്തിയാക്കാൻ കഴിയുകയില്ല. സമാധാനാവസ്ഥയിലും യുദ്ധവേളയിലും വീട്ടിലും വെളിയിലും ദൈനംദിന ഇടപാടുകളിലും മറ്റു മതസ്ഥരുമായിട്ടുള്ള ഉടമ്പടികളിലും തിരുനബി(സ) ആവിഷ്ക്കാരസ്വാതന്ത്ര്യത്തിന്റേയും മതത്തിന്റേയും സഹിഷ്ണുതയുടേയും നിലവാരം സ്ഥാപിക്കുന്നതിനുള്ള മാതൃകയാണ് സൃഷ്ടിച്ചത്. തിരുനബി(സ) വിജയശ്രീലാളിതനായി മക്കയിൽ പ്രവേശിച്ചപ്പോൾ, പരാജയപ്പെട്ട ജനതക്ക് മാപ്പ് കൊടുക്കുകയും കാരുണ്യപൂർവം പെരുമാറുകയും അവിടെ മതസ്വാതന്ത്ര്യത്തിനു പൂർണമായും അവകാശം നൽകുകയും ചെയ്തു.

لَا إِكْرَاهَ فِي الدِّينِ മതപരമായ കാര്യങ്ങളിൽ നിർബന്ധമില്ല (2: 257) – എന്ന വിശുദ്ധഖുർആനിലെ കല്പനയുടെ ഉന്നത മാതൃക സ്ഥാപിച്ചു. അതായത്, മതം നിങ്ങളുടെ ഹൃദയത്തിലെ കാര്യമാണ്. എന്റെ ആഗ്രഹം നിങ്ങൾ സത്യമതം സ്വീകരിക്കണമെന്നും നിങ്ങളുടെ ഇഹലോകവും പരലോകവും നന്നാകണമെന്നും നിങ്ങളുടെ പൊറുക്കലിനുള്ള സാഹചര്യങ്ങൾ ഉണ്ടാകണമെന്നുമാണ്. പക്ഷേ, ഒരു ബലാൽക്കാരവുമില്ല. തിരുനബി(സ)യുടെ ജീവിതം സഹിഷ്ണുതയുടേയും മതസ്വാതന്ത്ര്യത്തിന്റേയും വ്യക്തിസ്വാതന്ത്ര്യത്തിന്റേയും പ്രകാശമാനമായ ഉദാഹരണങ്ങൾകൊണ്ട് നിറഞ്ഞുകിടക്കുന്നു. അവയിൽ ചിലതിനെക്കുറിച്ച് ഞാൻ പരാമർശിക്കാം.

മക്കയിൽ തിരുനബിയുടെ പ്രവാചകവാദത്തിനു ശേഷമുള്ള 13 വർഷക്കാലത്തെ ജീവിതം എത്ര കഠിനവും എത്ര പ്രയാസഭരിതമായിരുന്നുവെന്നതും തിരുനബി(സ)യും തിരുസ്വഹാബത്തും (രിള്വാനുല്ലാഹി അലയ്ഹിം) എത്ര ദു:ഖവും പ്രയാസങ്ങളും

സഹിച്ചുവെന്നതും ആർക്കാണ് അറിയാത്തത്. നട്ടുച്ചനേരത്ത് ചുട്ടു പഴുത്ത മണലിൽ കിടത്തി. ചുട്ടുപൊള്ളുന്ന കരിങ്കല്ലുകൾ അവരുടെ നെഞ്ചിന്മേൽ വെച്ചു. ചാട്ടവാർ കൊണ്ട് അടിച്ചു. സ്ത്രീകളുടെ കാലുകൾ പിളർത്തി കൊലപ്പെടുത്തുകയും ശഹീദാക്കുകയും ചെയ്തു. നബി(സ)ക്ക് മേൽ പലതരം അക്രമണങ്ങളും നടത്തി. സുജൂദ് ചെയ്യുമ്പോൾ ചില സമയത്ത് ഒട്ടകത്തിന്റെ കുടൽമാല കൊണ്ടുവന്ന് തിരുനബിയുടെ ഇടുപ്പിൽ വെച്ചു. അതിന്റെ ഭാരം കാരണം തിരുനബിക്ക് എഴുന്നേൽക്കാൻ കഴിഞ്ഞിരുന്നില്ല. ത്വായിഫ് യാത്രയിൽ കുട്ടികൾ കല്ലെറിഞ്ഞു, അനാവശ്യവും മോശവുമായ ഭാഷ ഉപയോഗിച്ചു. ചീത്തവിളിക്കുകയും തെറി പറയുകയും ചെയ്തു. അവരുടെ നേതാക്കന്മാർ പ്രോത്സാഹിപ്പിക്കുകയും പ്രേരിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. തിരുനബി(സ)ന് എത്രത്തോളം മുറിവു പറ്റിയെന്നാൽ തല മുതൽ കാൽ വരെ രക്തപങ്കിലമായി. മുകളിൽ നിന്ന് ഒഴുകുന്ന രക്തം പാദരക്ഷകൾ വരെയെത്തി.

ശഅ്ബ് അബീത്വാലിബിലെ സംഭവമുണ്ട്. നബി(സ)യേയും അവിടത്തെ കുടുംബത്തേയും വിശ്വാസിക്കുന്നവരേയും വർഷങ്ങളോളം ഉപരോധിച്ചു. തിന്നാനും കുടിക്കാനും ഒന്നുമുണ്ടായിരുന്നില്ല. കുട്ടികൾ വിശപ്പും ദാഹവും കാരണം തേങ്ങിക്കരയുകയായിരുന്നു. ഒരു സ്വഹാബി ഈ അവസ്ഥയിൽ ഇരുട്ടത്ത് നിലത്ത് കിടക്കുന്ന എന്തോ മാർദ്ദവമുള്ള ഒരു സാധനം തന്റെ കാലിൽ തട്ടിയപ്പോൾ ഭക്ഷിക്കാനുള്ള വല്ലതുമായിരിക്കുമെന്ന് കരുതി വായിലിടുകയുണ്ടായി. ഇതായിരുന്നു വിശപ്പിന്റെ അവസ്ഥ, അസ്വസ്തതയുടെ അവസ്ഥ.

ഈ അവസ്ഥകൾ കാരണം നിർബന്ധിതരായി ഹിജ്റത്ത് ചെയ്യേണ്ടിവരുകയും അങ്ങനെ ഹിജ്റത്ത് ചെയ്ത് മദീനയിലെത്തുകയും ചെയ്തപ്പോൾ അവിടേയും ശത്രുക്കൾ പിന്മാറിയില്ല. ആക്രമണം നടത്തി. മദീനയിൽ വസിക്കുന്ന യഹൂദികളെ നബി(സ)യ്ക്കെതിരിൽ ഇളക്കിവിടാൻ ശ്രമിച്ചു. ഞാൻ വളരെ സംക്ഷിപ്തമായി പറഞ്ഞ ഈ അവസ്ഥയിൽ യുദ്ധമുണ്ടാവുകയും അക്രമിക്കപ്പെട്ടവർക്ക് മറുപടി കൊടുക്കാൻ അവസരം ലഭിക്കുകയും ചെയ്യുമ്പോൾ അക്രമത്തിന് അക്രമം കൊണ്ട് മറുപടി കൊടുക്കാനാണ് ശ്രമിക്കാറുള്ളത്. യുദ്ധത്തിൽ എല്ലാം അനുവദനീയമാണെന്നാണ് പറയപ്പെടാറുള്ളത്. എന്നാൽ നമ്മുടെ നബി(സ) ഈ

അവസ്ഥയിലും ഹൃദയനൈർമല്യത്തിന്റേയും കാരുണ്യത്തിന്റേയും ഉന്നതനിലവാരമാണ് സ്ഥാപിച്ചത്. മക്കയിൽ നിന്ന് വന്നിട്ട് കുറച്ചു സമയമേ കഴിഞ്ഞിട്ടുണ്ടായിരുന്നുള്ളൂ, എല്ലാ മുറിവുകളും പച്ചയായി നിൽക്കുന്നുണ്ടായിരുന്നു, തിരുനബിക്ക് തന്റെ അനുയായികളുടെ പ്രയാസം തന്റെ പ്രയാസത്തേക്കാൾ വലുതായി അനുഭവപ്പെടുന്നുണ്ടായിരുന്നു, പക്ഷേ എന്നിട്ടും ഇസ്ലാമിക തത്വങ്ങളും നിയമങ്ങളും ലംഘിക്കുകയുണ്ടായില്ല. തിരുനബിയുടെ സ്വഭാവത്തിന്റേയും അദ്ധ്യാപനത്തിന്റേയും ഭാഗമായി മാറിയിട്ടുണ്ടായിരുന്ന ധാർമികതയെ തകർത്തില്ല. ഇന്ന് നോക്കുക, ചില പാശ്ചാത്യ രാജ്യങ്ങൾ യുദ്ധം ചെയ്യുന്നവരോട് എന്തൊക്കെയാണ് ചെയ്യാത്തത്. എന്നാൽ, മറുഭാഗത്ത് തിരുനബി(സ)യുടെ മാതൃക നോക്കുക. അതേപ്പറ്റി ചരിത്രത്തിൽ ഒരു നിവേദനത്തിൽ ഇങ്ങനെ കാണാം.

ബദ്ർ യുദ്ധാവസരത്തിൽ ഇസ്ലാമിക സൈന്യം തമ്പടിച്ചിരുന്ന സ്ഥലം നല്ലതല്ലായിരുന്നു. അപ്പോൾ, ഹബ്ബാബ്(റ) ബിൻ മുൻദിർ നബി(സ)യോടു ചോദിച്ചു: അങ്ങ് തമ്പടിക്കാനുള്ള സ്ഥലം തിരഞ്ഞെടുത്തത് അല്ലാഹുവിന്റെ ഇൽഹാമനുസരിച്ചാണോ, അല്ലാഹു അങ്ങയോട് പറഞ്ഞതാണോ അതോ സ്വയം ഇഷ്ടപ്പെട്ടതാണോ? സൈന്യനീക്കത്തിന് ഈ സ്ഥലം നല്ലതാണെന്ന് അങ്ങേക്ക് തൊന്നുന്നുണ്ടോ? നബി(സ) പറഞ്ഞു: 'ഇത് കേവലം യുദ്ധതന്ത്രപരമായി ഈ സ്ഥലം നല്ലതാണെന്ന് ഞാൻ കരുതുന്നു, ഉയർന്നസ്ഥലമാണ്.' അദ്ദേഹം പറഞ്ഞു: 'ഈ സ്ഥലം ഉചിതമല്ല. അങ്ങ് ഇവരേയും കൂട്ടി നടന്നാലും, വെള്ളത്തിന്റെ ഉറവുള്ള സ്ഥലം കൈക്കലാക്കാം. അവിടെ ഒരു ഹൗള് ഉണ്ടാക്കിയതിനുശേഷം യുദ്ധം തുടങ്ങാം. അങ്ങനെയായാൽ നമുക്ക് കുടിക്കാൻ വെള്ളം കിട്ടുകയും ശത്രുക്കൾക്ക് വെള്ളം കുടിക്കാൻ കിട്ടുകയുമില്ല. നബി(സ) പറഞ്ഞു; ആകട്ടെ, താങ്കളുടെ അഭിപ്രായം മാനിക്കുന്നു. അങ്ങനെ പറപ്പെടുകയും ആ സ്ഥലത്തുപോയി തമ്പടിക്കുകയും ചെയ്തു. കുറച്ചുകഴിഞ്ഞ് ഖുറയ്ശികളിലെ ചില ആളുകൾ വെള്ളം കുടിക്കാൻ ഹൗളിൽ വന്നപ്പോൾ സ്വഹാബത്ത് അവരെ തടയാൻ ശ്രമിച്ചു. നബി(സ) പറഞ്ഞു. തടയരുത്. അവരെ വെള്ളം കുടിക്കാൻ അനുവദിക്കുക. (സീറത്തുന്നബി..ഇബ്നു ഹിശാം, ഭാഗം: 2, പേജ്: 284, Uzvathu Badrul Kubra- മശ്വറത്തുൽ ഹബ്ബാബ് അലർറസൂൽ(സ))

## ഇസ്‌ലാം വാളിന്റെ ബലത്തിലല്ല, മറിച്ച് സൽസ്വഭാവവും ഇസ്‌ലാമിലെ ആവിഷ്‌കാര, മതസ്വാതന്ത്ര്യത്തിന്റെ പാഠങ്ങൾകൊണ്ടുമാണ് പ്രചരിച്ചത്

ഇതാണ് തിരുനബി(സ)യുടെ ഉന്നത നില. അതിന് കുറച്ചു മുമ്പേയാണ് ശത്രുക്കൾ മുസ്‌ലിം കുട്ടികളുടെ പോലും അന്നപാനീയങ്ങൾ മുടക്കിയത്. എന്നാൽ, തിരുനബി(സ) അക്കാര്യം അവഗണിക്കുകയും തന്റെ നിയന്ത്രണത്തിലും കൈകാര്യത്തിലുമുണ്ടായിരുന്ന അരുവിയിൽനിന്ന്,ഉറവയിൽനിന്ന് ശത്രുഭടന്മാർ വെള്ളം കൊണ്ടുപോകാൻ എത്തിയതായപ്പോൾ അവരെ തടഞ്ഞില്ല. കാരണം വെള്ളംമുടക്കുന്നത് എന്നത് തരംതാണ സ്വഭാവമാണ്. ഇസ്‌ലാമിനുമേൽ ഉന്നയിക്കപ്പെടുന്ന ഏറ്റവും വലിയ ആക്ഷേപം അത് വാളിന്റെ ബലം കൊണ്ട് പ്രചരിച്ചുവെന്നതാണ്. ഇവർ വെള്ളമെടുക്കാൻ വന്നപ്പോൾ, വെള്ളം വേണമെങ്കിൽ ഞങ്ങളുടെ നിബന്ധനകൾ അംഗീകരിക്കണമെന്ന് പറഞ്ഞ് നിർബന്ധിക്കാമായിരുന്നു. അവിശ്വാസികൾ പല യുദ്ധങ്ങളിലും അങ്ങനെ ചെയ്തിട്ടുള്ളതാണ്. എന്നാൽ തിരുനബി(സ) അങ്ങനെ ചെയ്തതേയില്ല. മുസ്‌ലിംകൾക്ക് പൂർണ ശക്തിയുണ്ടായിരുന്നില്ല, ബലഹീനരായിരുന്നു, അതുകൊണ്ട് ഒരുപക്ഷേ യുദ്ധത്തിൽനിന്ന് രക്ഷപ്പെടാൻ വേണ്ടിയാണ് ഈ ഔദാര്യം ചെയ്തതെന്ന് വേണമെങ്കിൽ പറയാം. യഥാർഥത്തിൽ, ഇത് തെറ്റാണ്. മക്കയിലെ അവിശ്വാസികൾ മുസ്‌ലിംകളുടെ രക്തത്തിനുവേണ്ടി ദാഹിക്കുന്നവരാണെന്നും മുസ്‌ലിംകളുടെ രൂപം കാണുന്ന മാത്രയിൽ തന്നെ അവരുടെ കണ്ണുകളിൽ ചോര തിളക്കുമെന്നും ഓരോ മുസ്‌ലിംകുട്ടിക്കും അറിയാമായിരുന്നു. അതുകൊണ്ട് അവരെപ്പറ്റി ആർക്കും ശുഭാപ്തി വിശ്വാസം ഇല്ലായിരുന്നു. നബി(സ)ന് അത്തരം ശുഭാപ്തി വിശ്വാസത്തിന്റെ പ്രശ്നം തന്നെ ഉദിക്കുന്നില്ല. തിരുനബി(സ) ഇതെല്ലാം,ഈ അനുകമ്പയാർന്ന പെരുമാറ്റം ആപാദചൂഢം കാരുണ്യവും മാനുഷിക മൂല്യങ്ങളെ വിലമതിക്കുന്ന കാരണത്താലുമാണ് ചെയ്തത്. കാരണം തിരുമേനി തന്നെയായിരുന്നു ഈ മൂല്യങ്ങളെ തിരിച്ചറിയാനുള്ള പാഠം നല്കേണ്ടിയിരുന്നതും.

ഇനി വധശിക്ഷ വിധിക്കപ്പെട്ട ശത്രുവിന്റെ കഥ നോക്കുക. നബി(സ) അയാൾക്ക് മാപ്പു നൽകുക മാത്രമല്ല ചെയ്തത് മറിച്ച്

മുസ്‌ലിംകൾക്കിടയിൽ താമസിച്ചുകൊണ്ട് തന്റെ മതത്തിൽ നിലനിൽക്കാനും അനുവാദം നൽകുകയുണ്ടായി. ആ സംഭവം ഇങ്ങനെയാണ്.

അബൂജഹ്‌ലിന്റെ മകൻ ഇക്‌രിമ തന്റെ പിതാവിനെപ്പോലെ ആയുഷ്കാലം മുഴുവൻ നബി(സ)ന്നെതിരിൽ യുദ്ധം ചെയ്തുകൊണ്ടിരുന്നു. മക്കാ വിജയത്തിൽ നബി(സ) മാപ്പിന്റേയും സംരക്ഷണത്തിന്റേയും വിളംബരം നടത്തിയിട്ടും ഒരു സൈന്യത്തിനു മേൽ ഇയാൾ ആക്രമണം നടത്തുകയും ഹറമിൽ രക്തമൊഴുകാൻ നിമിത്തമാവുകയും ചെയ്തു. യുദ്ധപരമായ ഈ കുറ്റം കാരണം അയാൾ വധാർഹനാണെന്ന് വിധിക്കപ്പെട്ടു. മുസ്‌ലിംകളുടെ മുമ്പിൽ ആർക്കും നിൽക്കാൻ കെൽപ്പില്ലായിരുന്നു. അതുകൊണ്ട് മക്കാവിജയത്തിനുശേഷം ജീവരക്ഷാർഥം അയാൾ യമനിലേക്ക് ഒളിച്ചോടി. അയാളുടെ ഭാര്യ നബി(സ)യോട് അയാൾക്കുവേണ്ടി മാപ്പപേക്ഷിച്ചപ്പോൾ നബി(സ) വലിയ അനുകമ്പയോടുകൂടി അയാൾക്ക് മാപ്പുകൊടുത്തു. തുടർന്ന് അവർ തന്റെ ഭർത്താവിനെ കൂട്ടിക്കൊണ്ടുവരാൻ പോയി, പക്ഷേ, നബി(സ) മാപ്പുകൊടുത്തത് ഇക്‌രിമയ്ക്ക് വിശ്വസിക്കാൻ കഴഞ്ഞില്ല. കാരണം ഒരുപാട് അക്രമം ചെയ്യുകയും നിരവധി മുസ്‌ലിംകളെ കൊല്ലുകയും അവസാന ദിവസംവരെ യുദ്ധം ചെയ്തുകൊണ്ടിരിക്കുകയും ചെയ്ത് എനിക്ക് എങ്ങനെ മാപ്പുലഭിക്കാനാണ്! എതായാലും എങ്ങനെയൊക്കെയോ വിശ്വാസം വരുത്തി ഭർത്താവ് ഇക്‌രിമയെ അവർ തിരിച്ചുകൊണ്ടുവന്നു. അങ്ങനെ അയാൾ നബി(സ)യുടെ ദർബാറിൽ ഹാജരായി. തന്റെ ഭാര്യ പറഞ്ഞകാര്യം സ്ഥിരീകരിക്കാൻ ആഗ്രഹിച്ചപ്പോൾ അദ്ദേഹത്തിന്റെ വരവിൽ നബി(സ) അദ്ദേഹത്തോട് അത്ഭുതപ്പെടുത്തുംവിധമാണ് ഔദാര്യപൂർവം പെരുമാറിയത്. ശത്രുസമൂഹത്തിന്റെ നേതാവിനെ ആദരിക്കുന്നതിനുവേണ്ടി ആദ്യം നബി(സ), അദ്ദേഹത്തെ ആദരിക്കാൻ എഴുന്നേറ്റുനിന്നു. ഇക്‌രിമ ചോദിച്ചപ്പോൾ, നബി(സ) പറഞ്ഞു; യഥാർഥത്തിൽ ഞാൻ നിങ്ങൾക്ക് മാപ്പ് തന്നിരിക്കുന്നു. (മുഅത്വാ ഇമാം മാലിക്, കിത്താബുന്നിക്കാഹ്) തുടർന്ന് ഇക്‌രിമ ചോദിച്ചു. എന്റെ മതത്തിൽതന്നെ തുടർന്നു കൊണ്ടോ? എന്റെ ശിർക്കിന്റെ അവസ്ഥയിൽതന്നെയാണോ എനിക്ക് മാപ്പു തന്നിട്ടുള്ളത്; പൊറുത്തു തന്നത്? നബി(സ) പറഞ്ഞു; അതേ. അപ്പോൾ ഇക്‌രിമ

യുടെ നെഞ്ചകം ഇസ്‌ലാമിന്നായി തുറക്കപ്പെട്ടു. അനിയന്ത്രിതമായി അദ്ദേഹം പറഞ്ഞു. അല്ലയോ മുഹമ്മദ്(സ), അങ്ങ് തീർച്ചയായും അങ്ങേയറ്റം ദയാലുവും ഔദാര്യവാനും രക്തബന്ധം നിലനിറുത്തുന്നയാളുമാണ്. റസൂലുല്ലാഹ് (സ)യുടെ സൽസ്വഭാവത്തിന്റേയും ഔദാര്യത്തിന്റേയും ദിവ്യാത്ഭുതം കണ്ടിട്ട് ഇക്‌രിമ മുസൽമാനായി. ((സീറത്തുന്നബി..ഇബ്നു ഹിശാം, ഭാഗം: 3, പേജ്: 109, പ്രസാ: ബയ്റൂത്ത്)

ഇസ്‌ലാം ഇങ്ങനെ സൽസ്വഭാവം കൊണ്ടും ആവിഷ്ക്കാര, മത സ്വാതന്ത്ര്യത്തിന് അനുവാദം നൽകിക്കൊണ്ടുമാണ് പ്രചരിച്ചത്. സൽസ്വഭാവത്തിന്റേയും മതസ്വാതന്ത്ര്യത്തിന്റേയും ഈ അമ്പ് ഒരു നിമിഷം കൊണ്ട്  ഇക്‌രിമയെപോലുള്ള വ്യക്തിയെ കീഴടക്കി.

നബി(സ) തടവുകാർക്കും അടിമകൾക്കും ഇഷ്ടമുള്ള മതം സ്വീകരിക്കാൻ അനുവാദം നല്കിയിരുന്നു. പക്ഷേ ഇസ്‌ലാമിന്റെ പ്രചാരണത്തിനുള്ള കാരണം ഇസ്‌ലാമിക അദ്ധ്യാപനങ്ങളെക്കറിച്ച് ജനങ്ങൾക്ക് അറിവില്ലാത്തതിനാൽ അവരോട് പറയണമെന്ന ദൈവിക കൽപ്പന അനുസരിച്ചാണ്. ഈ ആഗ്രഹം അത് നിങ്ങൾക്ക് ദൈവസാമീപ്യം പ്രദാനം ചെയ്യുമെന്നുള്ളതുകൊണ്ടാണ്. നിങ്ങളോടുള്ള സഹാനുഭൂതി കൊണ്ടാണ് ഞങ്ങൾ നിങ്ങളോട് ഇത് പറയുന്നത്.

ഒരു തടവുകാരന്റെ സംഭവം ഉണ്ട്. സഈദ് ബിൻ അബി സഈദ് വിവരിക്കുന്നു. അദ്ദേഹം ഹദ്റത്ത് അബൂഹുറയ്റ(റ) ഇങ്ങനെ പറയുന്നതായി കേട്ടു. റസൂൽ കരീം (സ) നജ്ദിലേക്ക് സൈന്യത്തെ അയച്ചു. അവർ ബനൂ ഹനീഫയിലെ  ഒരാളെ തടവുകാരനായി കൊണ്ടുവന്നു. അയാളുടെ പേര് സുമാമ ബിൻ അസാൽ എന്നായിരുന്നു. സ്വഹാബാക്കൾ അയാളെ മസ്ജിദ് നബ്‌വിയിലെ തൂണിൽ കെട്ടിയിട്ടു. റസൂൽ കരീം (സ) അയാളുടെയടുക്കൽ വന്നു ചോദിച്ചു,  'സുമാമ! നിനക്ക് എന്തെങ്കിലും കാരണം ബോധിപ്പിക്കാനുണ്ടോ? നിന്നോട് എങ്ങനെ പെരുമാറുമെന്നാണ് നീ ധരിക്കുന്നത്.?' അയാൾ പറഞ്ഞു. 'ഞാൻ നല്ലതേ കരുതുന്നുള്ളൂ. അങ്ങ് എന്നെ വധിക്കുകയാണെങ്കിൽ, ഒരു കൊലപാതകിയെയായിരിക്കും വധിക്കുന്നത്. അങ്ങ് അനുഗ്രഹിക്കുകയാണെങ്കിൽ, ഔദാര്യങ്ങളെ വിലമതിക്കുന്ന ഒരു വ്യക്തിയെയായിരിക്കും

അങ്ങ് അനുഗ്രഹിക്കുന്നത്. അങ്ങ് ധനമാഗ്രഹിക്കുന്നെങ്കിൽ എത്ര വേണമെങ്കിലും വാങ്ങാവുന്നതാണ്.' അയാൾക്കു വേണ്ടി അത്രയും ധനം നൽകാൻ അയാളുടെ ജനത തയ്യാറായിരുന്നു. അങ്ങനെ അടുത്തദിവസം ഉദിച്ചുയർന്നു. നബി (സ) വീണ്ടും വന്നു സുമാമയോട് ചോദിച്ചു. 'എന്താണ് തീരുമാനം?' സുമാമ പറഞ്ഞു: 'അത് ഞാൻ ഇന്നലെത്തന്നെ അങ്ങയോട് പറഞ്ഞതാണ്. അങ്ങ് അനുഗ്രഹിക്കുകയാണെങ്കിൽ, ഔദാര്യങ്ങളെ വിലമതിക്കുന്ന ഒരു വ്യക്തിയെയായിരിക്കും അങ്ങ് അനുഗ്രഹിക്കുന്നത്.' നബി(സ) അയാളെ അവിടെ തന്നെ വിട്ടുപോയി. മൂന്നാം ദിവസം ഉദിച്ചുയർന്നു. വീണ്ടും നബി(സ) അയാളുടെയടുക്കൽ വന്നു ചോദിച്ചു; 'സുമാമ, എന്താണ് നിന്റെ തീരുമാനം?' അയാൾ പറഞ്ഞു. 'ഞാൻ പറയേണ്ടതെല്ലാം പറഞ്ഞുകഴിഞ്ഞതാണ്.' നബി(സ) പറഞ്ഞു; അയാളെ മോചിപ്പിക്കുക. അങ്ങനെ സുമാമ മോചിതനായി. പിന്നെ അയാൾ മസ്ജിദിന്റെ അടുത്തുള്ള ഈന്തപ്പനത്തോട്ടത്തിൽപോയി കുളിച്ചു. മസ്ജിദിൽ വന്ന് ശഹാദത്ത് കലിമ ചൊല്ലിക്കൊണ്ടു പറഞ്ഞു: 'ഏ മുഹമ്മദ്(സ)! അല്ലാഹുവാണെ, ഞാൻ എനിക്ക് ലോകത്തിൽ ഏറ്റവുമധികം വെറുപ്പ് അങ്ങയുടെ മുഖമായിരുന്നു. ഇപ്പോൾ എനിക്കേറ്റവും പ്രിയങ്കരമായിട്ടുള്ളത് അങ്ങയുടെ മുഖമാണ്. അല്ലാഹുവാണെ! എനിക്ക് ഏറ്റവുമധികം വെറുപ്പ് അങ്ങ് കൊണ്ടുവന്ന മതമായിരുന്നു. എന്നാലിപ്പോൾ, അങ്ങുകൊണ്ടുവന്ന മതമാണ് എനിക്ക് ഏറ്റവും പ്രിയങ്കരമായിട്ടുള്ളത്. അല്ലാഹുവാണെ! എനിക്ക് ഏറ്റവുമധികം വെറുപ്പ് അങ്ങയുടെ നഗരമായായിരുന്നു. ഇപ്പോൾ ഇതേ നഗരമാണ് എനിക്കേറ്റവും പ്രിയപ്പെട്ടത്. അങ്ങയുടെ കുതിരപ്പട്ടാളം എന്നെ പിടിച്ചു. ഞാനാകട്ടെ ഉംറ ചെയ്യാനുള്ള ആഗ്രഹത്തിലായിരുന്നു. അങ്ങ് ഇതു സംബന്ധിച്ച് എന്താണ് നിർദ്ദേശിക്കുന്നത്. അതായത് ഞാൻ ഉംറ ചെയ്യാൻ പോകുകയായിരുന്നു. ഇപ്പോൾ അങ്ങ് എന്താണ് കൽപ്പിക്കുന്നത്. നബി(സ) അദ്ദേഹത്തിന് സുവിശേഷം നൽകുകയും ഇസ്‌ലാം സ്വീകരിച്ചതിൽ ആശംസകൾ നേരുകയും ചെയ്തു. ഉംറ ചെയ്യാൻ കൽപ്പിക്കുകയും അല്ലാഹു അത് സ്വീകരിക്കുന്നതാണെന്ന് പറയുകയും ചെയ്തു. അദ്ദേഹം മക്കയിലെത്തിയപ്പോൾ, നീ സാബിയായിരിക്കുകയാണോ എന്ന് ആരോ ചോദിച്ചു. അദ്ദേഹം പറഞ്ഞു. അല്ല. ഞാൻ മുഹമ്മദ് റസൂലുല്ലാഹ് (സ)ൽ

വിശ്വസിച്ചിരിക്കുന്നു. അല്ലാഹുവാണെ! ഇനി നബിതിരുമേനി(സ) അനുമതി തരുന്നതു വരേയും യമാമയിൽനിന്ന് ഗോതമ്പിന്റെ ഒരു ധാന്യമണിപോലും നിങ്ങളുടെയടുക്കൽ എത്തുകയില്ല. (ബുഖാരി.. കിതാബുൽ മഗാസി..ബാബു വഫദി ബനീ ഹനീഫ വ ഹദീസു സുമാമത്ത ബിനു അസാൽ)

മറ്റൊരു നിവേദനത്തിൽ പറയുന്നു; ഇസ്‌ലാം സ്വീകരിച്ച ശേഷം ഉംറ ചെയ്യാൻ പോയപ്പോൾ മക്കയിലെ നിഷേധികൾ അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചുവെന്ന് അിറഞ്ഞപ്പോൾ ചിലയാളുകൾ അദ്ദേഹത്തെ മർദ്ദിക്കാൻ ശ്രമിക്കുകയും മർദ്ദിക്കുകയും ചെയ്തു. അപ്പോഴാണ്, ഒരു ധാന്യമണിപോലും ഇവിടേക്കു വരികയില്ലെന്നും നബി(സ)ൽനിന്ന് അനുവാദം ലഭിക്കുന്നതുവരെ ധാന്യങ്ങൾ അയ ക്കുകയില്ലെന്നും അദ്ദേഹം പറഞ്ഞത്. അങ്ങനെ അദ്ദേഹം പോയി തന്റെ ജനതയോടു പറയുകയും അവിടെനിന്ന് ധാന്യം വരുന്നത് നിലക്കുകയും ചെയ്തു. വളരെ മോശമായ അവസ്ഥ സംജാതമായി. തുടർന്ന് അബൂസുഫ്‌യാൻ, നബി(സ)യുടെ സന്നിധിയിൽ, ജനങ്ങൾ വിശന്നു മരിക്കുന്നുവെന്നും സ്വസമൂഹത്തോട് കരുണ കാണിക്കണമെന്നുമുള്ള അപേക്ഷയുമായിട്ടെത്തി. നിങ്ങൾ മുസ്‌ലിംകളായാൽ ധാന്യം കിട്ടുമെന്നല്ല നബി(സ) പറഞ്ഞത്. മറിച്ച്, ഉടൻ തന്നെ നബി(സ), ഈ ഉപരോധം പിൻവലിക്കുകയെന്നും അത് അക്രമമാണെന്നും കുട്ടികൾക്കും വലിയവർക്കും രോഗികൾക്കും വൃദ്ധർക്കും ഭക്ഷണം ആവശ്യമാണെന്നും അതവർക്ക് സൗകര്യപ്പെടുത്തണമെന്നും സുമാമയ്ക്ക് സന്ദേശമയച്ചു. (സീറത്തുന്നബി..ഇബ്നു ഹിശാം)

മറുഭാഗത്ത് നോക്കുക, ബന്ദിയായ സുമാമയോടു, ഇപ്പോൾ നീ ഞങ്ങളുടെ വരുതിയിലാണെന്നും അതുകൊണ്ട് മുസ്‌ലിമാകുക എന്നും പറഞ്ഞില്ല. മൂന്നുദിവസംവരെ അദ്ദേഹവുമായി നല്ലനിലയിൽ പെരുമാറുകയാണ് ചെയ്തത്. മാത്രമല്ല സൽപെരുമാറ്റത്തിന്റെ ഉന്നത മാതൃക സ്ഥാപിച്ചു കൊണ്ട് സ്വതന്ത്രനാക്കുകയും ചെയ്തു. സുമാമയും ഉൾക്കാഴ്ചയുള്ള വ്യക്തിയായിരുന്നു. ഈ സ്വാതന്ത്ര്യം കിട്ടിയ ഉടൻ തന്നെ നബി(സ) ശിഷ്യത്വത്തിൽ ബന്ധിതനാകാൻ അദ്ദേഹം സ്വയം തന്നെ സമർപ്പിച്ചു. അതിലാണ് തന്റെ ഭൗതികവും ആത്മീയവുമായ നന്മയെന്ന് അദ്ദേഹം മനസ്സിലാക്കി.

പിന്നെ ഒരു യഹൂദിഅടിമയെ നീ അടിമയാണെന്നും എന്റെ കീഴിലാണെന്നും അതുകൊണ്ട് ഞാൻ പറയുന്നത് ചെയ്തുകൊള്ളണമെന്നും പറഞ്ഞ് നിർബന്ധിച്ചില്ല. അവസാനം ആ യഹൂദി രോഗാതുരനായി. അയാളുടെ അവസ്ഥ ഗുരുതരമാണെന്ന് കണ്ടപ്പോൾ അയാളുടെ പര്യവസാനം ശുന്ധമാകണമെന്ന തീവ്രാഭിലാഷമായിരുന്നു. ദൈവത്തിന്റെ അവസാന നിയമപ്രമാണത്തെ സാക്ഷ്യപ്പെടുത്താതെ അയാൾ ഈ ലോകത്തുനിന്ന് പോകരുതെന്നും സാക്ഷ്യപ്പെടുത്തുന്ന അവസ്ഥയിൽ പോകണമെന്നും അങ്ങനെ അയാൾക്ക് അല്ലാഹുവിന്റെ പൊറുക്കലിന് സാഹചര്യമുണ്ടാകണമെന്നുമായിരുന്നു ചിന്ത.

ഹദ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു; റസൂൽ തിരുമേനി(സ)യുടെ പരിചാരകനായിരുന്ന ഒരു യഹൂദി കുട്ടി രോഗാതുരനായി. നബി(സ) അയാളെ സന്ദർശിക്കാൻ പോയി. അയാളുടെ തലക്കുഭാഗത്തു നിന്ന് പറഞ്ഞു; ഇസ്‌ലാം സ്വീകരിക്കുക. മറ്റൊരു നിവേദനത്തിൽ അയാൾ തന്റെ മുതിർന്ന ആളുകളിലേക്ക് നോക്കിയെന്നുമുണ്ട്. എതായാലും അവരുടെ സമ്മതം ലഭിച്ചിട്ടോ സ്വയം തോന്നിയിട്ടോ അയാൾ ഇസ്‌ലാം സ്വീകരിച്ചു. (സ്വഹീഹ് ബുഖാരി.. കിത്താബുൽ ജനാഇസ്..ഹദീസ് നമ്പർ: 1356)

അയാൾ ഇസ്‌ലാം സ്വീകരിച്ചത് തീർച്ചയായും സേവകനായതുകൊണ്ട് നബി(സ)ന് അയാളോടുള്ള സ്നേഹമസൃണമായ പെരുമാറ്റത്തിന്റേയും അയാൾക്ക് നൽകിയ സ്വാതന്ത്ര്യത്തിന്റേയും ഫലമായിരുന്നു. അതായത് ഇസ്‌ലാം സത്യമതമായതുകൊണ്ട് അത് സ്വീകരിക്കുന്നതിലാണ് രക്ഷ. കാരണം വാത്സല്യത്തിന്റേയും അനുഗ്രഹത്തിന്റേയും ഈ ആൾരൂപം എന്റെ തിന്മ ഒരിക്കലും ആഗ്രഹിക്കുകയില്ല.തിരുനബി(സ) തീർച്ചയായും സത്യത്തിലും മറ്റുള്ളവരെ ഏറ്റവും നല്ലതിലേക്കും ഏറ്റവും നല്ല കർമത്തിലേക്കും വിളിക്കുന്നു. ഈ സ്വാതന്ത്ര്യമാണ് നബി(സ) സ്ഥാപിച്ചത്. ലോകത്ത് ഒരിക്കലും ഇതിന് തത്തുല്യമായത് ലഭിക്കുകയില്ല.

നബി(സ) തിരുമേനി പ്രവാചകത്വവാദത്തിനു മുമ്പേയും ആവിഷ്കാരസ്വാതന്ത്ര്യത്തേയും മതസ്വാതന്ത്ര്യത്തേയും ജീവിതസ്വാതന്ത്ര്യത്തേയും ഇഷ്ടപ്പെട്ടിരുന്നു. അടിമത്വത്തെ വെറുക്കുകയും ചെയ്തിരുന്നു. ഹദ്റത്ത് ഖദീജ(റ) വിവാഹത്തിനുശേഷം തന്റെ

സ്വത്തുക്കളും അടിമകളേയും നബി(സ)ക്ക് നൽകിയപ്പോൾ നബി(സ) ഹദ്റത്ത് ഖദീജയോട്പറഞ്ഞു; ഇതെല്ലാം എനിക്ക് തരികയാണെങ്കിൽ പിന്നെ എന്റെ നിയന്ത്രണത്തിലായിരിക്കും. ഞാൻ ഇഷ്ടമുള്ളത് ചെയ്യുന്നതാണ്. അവർ പറഞ്ഞു; അതിനുവേണ്ടി തന്നെയാണ് തരുന്നത്, നബി(സ) പറഞ്ഞു; ഞാൻ അടിമകളെ മോചിപ്പിക്കുന്നതാണ്. ഹദ്റത്ത് ഖദീജ(റ) പറഞ്ഞു, ''അങ്ങയ്ക്ക് ഇഷ്ടമുള്ളത് ചെയ്യാം. ഞാൻ അങ്ങയ്ക്ക് തന്നുകഴിഞ്ഞു. ഇനി എനിക്ക് ഒരധികാരവുമില്ല. ഈ സമ്പത്ത് അങ്ങയുടേതാണ്.' അങ്ങനെ നബി(സ) ഹദ്റത്ത് ഖദീജ(റ)യുടെ അടിമകളെ വിളിച്ച് പറഞ്ഞു; നിങ്ങളെല്ലാവരും ഇന്നുമുതൽ സ്വതന്ത്രരാണ്. സ്വത്തിന്റെ അധികഭാഗവും ദരിദ്രർക്കിടയിൽ വിതരണവും ചെയ്തു.

നബി(സ) സ്വതന്ത്രരാക്കിയവരിൽ സയ്ദ് എന്ന് പേരുള്ള ഒരു അടിമയുമുണ്ടായിരുന്നു. അദ്ദേഹം മറ്റു അടിമകളിൽനിന്ന് തികച്ചും സമർഥനും ബുദ്ധിമാനുമായിരുന്നു. അദ്ദേഹം ചിന്തിച്ചത്, എനിക്ക് ഇപ്പോൾ സ്വാതന്ത്ര്യം കിട്ടിയിരിക്കുന്നു, അടിമത്വത്തിന്റെ മുദ്ര പതിഞ്ഞത് അവസാനിച്ചിരിക്കുന്നു, പക്ഷേ നബി(സ) ന്റെ അടിമത്വത്തിൽ കഴിയുന്നതാണ് എനിക്ക് നല്ലത് എന്നായിരുന്നു. അദ്ദേഹം പറഞ്ഞു; ശരിയാണ് അങ്ങ് എന്നെ സ്വതന്ത്രനാക്കിയിരിക്കുന്നു. പക്ഷേ, ഞാൻ സ്വതന്ത്രനാകുന്നില്ല. ഞാൻ അങ്ങയുടെ കൂടെ അടിമയായിത്തന്നെ കഴിയുന്നതാണ്. അങ്ങനെ അദ്ദേഹം നബിയോടൊപ്പം തന്നെ തുടർന്നു. ഇരുഭാഗത്തു നിന്നുമുള്ള സ്നേഹത്തിന്റേയും ഇഷ്ടത്തിന്റേയും ബന്ധം വളർന്നുകൊണ്ടിരുന്നു. സയ്ദ് ഒരു സമ്പന്ന കുടുംബത്തിലെ അംഗമായിരുന്നു. സമൃദ്ധിയോടെ കഴിഞ്ഞ കുടുംബത്തിലെ ആളായിരുന്നു. കൊള്ളക്കാർ അദ്ദേഹത്തെ തട്ടിക്കൊണ്ടുപോയി. തുടർന്ന് വിൽക്കുകയും കൈമാറിക്കൈമാറി ഇവിടെ എത്തുകയുമായിരുന്നു. അദ്ദേഹത്തിന്റെ മാതാപിതാക്കളും ബന്ധുക്കളുമാകട്ടെ അദ്ദേഹത്തെക്കുറിച്ചുള്ള അന്വേഷണത്തിലും. അവസാനം ഈ കുട്ടി മക്കയിലുണ്ടെന്ന് അറിഞ്ഞപ്പോൾ മക്കയിലുമെത്തി, പിന്നെ തിരുനബി യുടെ അടുക്കലാണെന്ന് മനസ്സിലായപ്പോൾ തിരുനബിയുടെ സദസ്സിലുമെത്തി. അവിടെ ചെന്ന് പറഞ്ഞു; 'അങ്ങ് എത്ര പണം വേണമെങ്കിലും ഞങ്ങളിൽ നിന്ന് വാങ്ങിക്കൊള്ളുക, ഞങ്ങളുടെ മകനെ സ്വതന്ത്രനാക്കിയാലും, കരഞ്ഞ് കരഞ്ഞ് ഇവന്റെ മാതാവിന്റെ

അവസ്ഥ വളരെ മോശമായിരിക്കുന്നു.' നബി(സ) പറഞ്ഞു; "ഞാൻ അവനെ നേരത്തെതന്നെ സ്വതന്ത്രനാക്കിക്കഴിഞ്ഞിരിക്കുന്നു. ഇവൻ സ്വതന്ത്രനാണ്. പോകാൻ ആഗ്രഹിക്കുന്നുവെങ്കിൽ പോകാവുന്നതാണ്. എനിക്ക് പൈസയൊന്നും വേണ്ട.' അവർ പറഞ്ഞു. 'മോനേ പോകാം'., മകൻ പറഞ്ഞു: "നിങ്ങളെ കാണാൻ കഴിഞ്ഞത് തന്നെ ധാരാളമാണ്. എപ്പോഴെങ്കിലും അവസരം കിട്ടിയാൽ ഉമ്മയേയും കാണാം. പക്ഷേ, എനിക്ക് നിങ്ങളോടൊപ്പം വരാൻ സാദ്ധ്യമല്ല. ഞാൻ ഇപ്പോൾ തിരുനബി(സ)യുടെ അടിമയായിക്കഴിഞ്ഞിരിക്കുന്നു. തിരുനബിയിൽനിന്ന് വേർപ്പെട്ടുനിൽക്കുന്ന പ്രശ്നമേയില്ല. മാതാപിതാക്കളേക്കാളും അധികം സ്നേഹം എനിക്ക് തിരുനബിയോടാണ്.' സയ്ദിന്റെ പിതാവും പിതൃവ്യനുമൊക്കെ ഒരുപാട് നിർബന്ധിച്ചെങ്കിലും സയ്ദ് നിരസിക്കുകയാണ് ചെയ്തത്. സയ്ദിന്റെ ഈ സ്നേഹം കണ്ടപ്പോൾ തിരുനബി(സ)പറഞ്ഞു: "സയ്ദ് നേരത്തേ തന്നെ സ്വതന്ത്രനാണ്. എന്നാൽ, ഇന്നു മുതൽ ഇവൻ എന്റെ മകനാണ്.' ഈയവസ്ഥ കണ്ട സയ്ദിന്റെ പിതാവും പിതൃവ്യനും അവിടെ നിന്ന് സ്വദേശത്തേക്ക് മടങ്ങി. സയ്ദ് എന്നന്നേക്കുമായി അവിടെ തന്നെ തങ്ങുകയും ചെയ്തു. (സംക്ഷേപം: ദീപാച തഫ്സീറുൽ ഖുർആൻ, പേജ്: 112)

പ്രവാചകത്വലബ്ധിക്കുശേഷം നബി(സ)യുടെ ഈ സ്വാതന്ത്ര്യത്തിന്റെ നിലവാരം കൂടുതൽ പ്രസ്ഥാമയമായി. തിരുനബി(സ)യുടെ സൽപ്രകൃതത്തൊടൊപ്പം തിരുമേനിക്ക് ഇറങ്ങുന്ന ശരീഅത്തിന്റെ കൽപ്പനയും അടിമകൾക്ക് അവരുടെ അവകാശം നൽകണമെന്നും അതിനു കഴിയുന്നില്ലെങ്കിൽ അവരെ സ്വതന്ത്രരാക്കണമെന്നുമായിരുന്നു.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഒരു സ്വഹാബി തന്റെ അടിമയെ മർദ്ദിക്കുകയായിരുന്നു. നബി(സ) അത് കണ്ടപ്പോൾ വളരെ ദേഷ്യപ്പെടുകയുണ്ടായി. അതേ തുടർന്ന് ആ സ്വഹാബി അടിമയെ സ്വതന്ത്രനാക്കിക്കൊണ്ട് പറഞ്ഞു; ഞാൻ അയാളെ സ്വതന്ത്രനാക്കിയിരിക്കുന്നു. അപ്പോൾ നബി(സ) പറഞ്ഞു; നീ അവനെ മോചിപ്പിച്ചില്ലെങ്കിൽ അല്ലാഹുവിന്റെ കോപത്തിന് വിധേയമാകുമായിരുന്നു. (സ്വഹീഹ് മുസ്‌ലിം.. കിത്താബുൽ ഈമാൻ, ഹദീസ് നമ്പർ: 4308)

നോക്കുക, ഇതാണ് സ്വാതന്ത്ര്യം. മറ്റ് മതക്കാർക്ക് തങ്ങളുടെ അഭിപ്രായം പ്രകടിപ്പിക്കാനുള്ള അവകാശവും സ്വാതന്ത്ര്യവും നൽകിയ ഒരു ഉദാഹരണം കാണുക; തന്റെ ഭരണം മദീനയിൽ സ്ഥാപിച്ച കാലത്ത് ആ സ്വാതന്ത്ര്യത്തിന്റെ മാതൃക ലഭിക്കുന്നുണ്ട്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. രണ്ടാളുകൾ പരസ്പരം കലഹിക്കാൻ തുടങ്ങി. ഒരാൾ മുസൽമാനും മറ്റേയാൾ യഹൂദിയുമായിരുന്നു. മുസ്ലിം പറഞ്ഞു; 'മുഹമ്മദ് (സ)യെ മുഴുലോകത്തിനുമായി തിരഞ്ഞെടുത്തുകൊണ്ട് ശ്രേഷ്ഠത നബിക്ക് നൽകിയ അസ്തിത്വത്തെക്കൊണ്ട് സത്യം!' അപ്പോൾ യഹൂദി പറഞ്ഞു; 'മൂസാ(അ)നെ മുഴുലോകത്തും വെച്ച് ശ്രേഷ്ഠത നൽകുകയും തിരഞ്ഞെടുക്കുകയും ചെയ്ത അസ്തിത്വത്തെക്കൊണ്ട് സത്യം!' ഇത് കേട്ടപ്പോൾ മുസൽമാൻ കൈയുയർത്തി യഹൂദിയുടെ കരണത്തടിച്ചു. യഹൂദി പരാതിയുമായി നബി(സ)യുടെ സന്നിധിയിലെത്തി. നബി(സ) മുസൽമാനോട് വിശദീകരണം ചോദിച്ചു, തുടർന്ന്പറഞ്ഞു: ' لاَ تُخَيِّرُونِى عَلَى مُوسَى ' എനിക്ക് മൂസായെക്കാൾ ശ്രേഷ്ഠത നല്കരുത്. (ബുഖാരി..കിത്താബുൽ ഖുസൂമാത്ത്)

ഇതായിരുന്നു തിരുനബി(സ)യുടെ സ്വാതന്ത്ര്യത്തിന്റേയും മത, ആവിഷ്കാര സ്വാതന്ത്ര്യത്തിന്റേയും നിലവാരം. സ്വന്തം ഭരണമാണ്, നബി(സ) മദീനയിൽ ഹിജ്റത്തിനു ശേഷം മദീനയിലെ ഗോത്രങ്ങളും യഹൂദികളുമായി ശാന്തിയുടേയും സമാധാനത്തിന്റേയും അന്തരീക്ഷം നിലനിറുത്തുന്നതിന് ഒരു ഉടമ്പടി ചെയ്തു. മുസ്ലിംകൾ ഭൂരിപക്ഷമായതുകൊണ്ടും മുസ്ലിംകളല്ലാത്തവർ മുസ്ലിംകളോടൊപ്പം കൂടിയതുകൊണ്ടും ഭരണം നബി(സ)യുടെ കൈയിലായിരുന്നു. പക്ഷേ, ഈ ഭരണത്തിന്റെ അർഥം മറ്റ് പ്രജകളുടേയോ അവരുടെ ആളുകളുടേയോ വികാരങ്ങളെ ശ്രദ്ധിക്കാതിരിക്കുക എന്നതായിരുന്നില്ല. എല്ലാ നബിമാരെക്കാളും ശ്രേഷ്ഠനാണെന്ന വിശുദ്ധഖുർആനിന്റെ സാക്ഷ്യമുണ്ടായിട്ടും തിരുനബി നബിമാരെ താരതമ്യം ചെയ്ത് അന്തരീക്ഷം മലിനമാകുന്നത് നബി(സ) ന് സഹിക്കാൻ കഴിയുമായിരുന്നില്ല. നബി(സ) യഹൂദിയുടെ വാക്കു കേട്ട് മുസ്ലിമിനെ ശകാരിക്കുകയാണ് ചെയ്തത്, അതായത് നിങ്ങൾ നിങ്ങളുടെ വഴക്കുകളിൽ നബിമാരെ വലിച്ചിഴക്കരുത്. ശരിയാണ്, നിങ്ങളുടെ വീക്ഷണത്തിൽ ഞാൻ

എല്ലാ നബിമാരേക്കാളും ശ്രേഷ്ഠനാണ്. അല്ലാഹുവും അതിന് സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ നമ്മുടെ ഭരണത്തിൽ, ഒരു വ്യക്തിയുടേയും മനസ്സ് അയാളുടെ പ്രവാചകനെ ആരെങ്കിലും എന്തെങ്കിലും പറഞ്ഞതുകൊണ്ട് വിഷമിക്കാൻ പാടില്ല. ഞാൻ അത് അനുവദിക്കുന്നതല്ല. എന്നെ ആദരിക്കുന്നതിനുവേണ്ടി മറ്റു നബിമാരേയും നിങ്ങൾ ആദരിക്കേണ്ടതായി വരും.

ഇതായിരുന്നു നബി(സ)ന്റെ നീതിയുടേയും ആവിഷ്ക്കാരസ്വാതന്ത്ര്യത്തിന്റേയും നില. അത് സ്വന്തക്കാരേയും അന്യരേയും പരിഗണിക്കുന്നതിന്നു വേണ്ടി നിലനിറുത്താനാണ് തിരുനബി പരിശ്രമിച്ചത്. മാത്രമല്ല ചില സന്ദർഭങ്ങളിൽ അന്യരുടെ വികാരങ്ങളെ കൂടുതൽ ശ്രദ്ധിക്കുകയും ചെയ്തിരുന്നു.

## മാനുഷികമൂല്യങ്ങൾ സ്ഥാപിക്കുന്നതിനും മതസഹിഷ്ണുതക്കും വേണ്ടിയുള്ള തിരുനബി(സ)ന്റെ നിരുപമമായ കർമ മാതൃക

മാനുഷികമൂല്യങ്ങൾ സ്ഥാപിക്കുന്നതിനും സഹിഷ്ണുതക്കുമുള്ള തിരുനബി(സ)ന്റെ മറ്റൊരു ഉദാഹരണം. അബ്ദുർറഹ്മാൻ ബിൻ അബീ ലയ്‌ല(റ) നിവേദനം ചെയ്യുന്നു. സഹൽബിൻ ഹുനയ്ഫും കയ്ഫ് ബിൻ സഅ്ദും കാസിയ എന്ന സ്ഥലത്തിരിക്കുകയായിരുന്നു. അവരുടെ അടുത്തൂടെ ഒരു ജനാസ കടന്നുപോയി. അപ്പോൾ അവർ രണ്ടുപേരും എഴുന്നേറ്റുനിന്നു. ദിമ്മികളിൽപെട്ട (മുസ്‌ലിം രാജ്യത്തിൽ യുദ്ധക്കരം കൊടുത്ത് വസിക്കുന്ന അമുസ്‌ലിം) ഒരാളുടെ ജനാസയാണിതെന്ന് പറയപ്പെട്ടപ്പോൾ അവർ പറഞ്ഞു: ഒരിക്കൽ നബി(സ)യുടെ അടുക്കലൂടെ ഒരു ജനാസ കൊണ്ടുപോയപ്പോൾ അവിടന്ന് ആദരപൂർവം എഴുന്നേറ്റുനിൽക്കുകയുണ്ടായി. അത് ഒരു യഹൂദിയുടെ ജനാസയാണെന്ന് പറയപ്പെട്ടപ്പോൾ നബി (സ) പറഞ്ഞു: അലയ്സത്ത് നഫ്സ അതൊരു മനുഷ്യനല്ലേ? (സ്വഹീഹ് ബുഖാരി..കിത്താബുൽ ജനായിസ്)

ഇതാണ് മറ്റു മതങ്ങളോടും മനുഷ്യത്വത്തോടുമുള്ള ആദരം. ഇത്തരം ആവിഷ്കരണവും മാതൃകകളുമാണ് മതസഹിഷ്ണുതയുടെ അന്തരീക്ഷം സൃഷ്ടിക്കുന്നത്. ഈ ആവിഷ്കരണത്തിലൂടെ തന്നെയാണ് പരസ്പരം മൃദുലവികാരങ്ങൾ ഉടലെടുക്കുന്നത്. ഈ വികാരങ്ങളാണ് സ്നേഹത്തിന്റേയും പ്രീതിയുടേയും ശാന്തിയു

ടേയും അന്തരീക്ഷം ഉണ്ടാകുന്നത്. അല്ലാതെ അത് വെറുപ്പിന്റെ അന്തരീക്ഷം മാത്രം ഉണ്ടാക്കുന്ന ഇന്നത്തെ ഭൗതികവാദികളുടെ പ്രവർത്തനങ്ങൾ പോലെയല്ല.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഖയ്ബർ വിജയാവസരത്തിൽ തൗറാത്തിന്റെ ചില കോപ്പികൾ മുസ്‌ലിംകൾക്ക് കിട്ടി. യഹൂദികൾ നബിതിരുമേനിയുടെ സന്നിധിയിൽ ഹാജരായി തങ്ങളുടെ പരിശുദ്ധ ഗ്രന്ഥം തിരിച്ചുതരണമെന്ന് ആവശ്യപ്പെട്ടു. നബി(സ) യഹൂദികളുുടെ മതഗ്രന്ഥം അവർക്ക് തിരിച്ചുകൊടുക്കാൻ കല്പിച്ചു. (സീറത്തുൽ ഹൽബിയ്യ, ഡാഗം: 3, പേജ്: 49)

യഹൂദികളുടെ തെറ്റായ നിലപാടുകൾ കാരണം അവർക്ക് ശിക്ഷ ലഭിക്കുമ്പോൾ പോലും അവരുടെ മതവികാരം വ്രണപ്പെടുന്ന തരത്തിൽ പെരുമാറുന്നത്  നബി(സ) സഹിച്ചിരുന്നില്ല.

ചില ഒറ്റപ്പെട്ട സംഭവങ്ങളാണ് ഞാൻ വിവരിച്ചത്. മദീനയിൽ ഉണ്ടാക്കിയ ചില ഉടമ്പടിയെ സംബന്ധിച്ച് ഞാൻ പരാമർശിച്ചിരുന്നു. നമുക്ക് ലഭ്യമായ നിവേദനങ്ങളനുസരിച്ച് ആ ഉടമ്പടിക്ക് വിധേയമായി നബി (സ) നടപ്പാക്കിയ ഇനങ്ങളെക്കുറിച്ച് അതായത്, എങ്ങനെയാണ് ആ സമൂഹത്തിൽ സഹിഷ്ണുതയുടെ അന്തരീക്ഷം ഉണ്ടാക്കാൻ ശ്രമിക്കുകയും  സമാധാനം സ്ഥാപിക്കാനും മനുഷ്യത്വത്തിന്റെ മഹത്വം നിലനിർത്തുന്നതിനും എന്താണ് ആഗ്രഹിച്ചതെന്നും ഞാൻ പറയാം.

തിരുനബി(സ) മദീനയിലെത്തിയ ഉടൻതന്നെ  യഹൂദികളുമായി ഉണ്ടാക്കിയ ഉടമ്പടിയിലെ ചില നിബന്ധനകൾ ഇപ്രകാരമായിരുന്നു.

1. ''മുസ്‌ലിംകളും യഹൂദികളും പരസ്പരം അനുകമ്പയോടും ആത്മാർഥതയോടുംകൂടി കഴിയുന്നതാണ്. ഒരുവിഭാഗം മറ്റേ വിഭാഗത്തിനെതിരെ അതിക്രമവും ദ്രോഹവും ചെയ്യുന്നതല്ല. (പക്ഷേ എപ്പോഴും ഈ ഉടമ്പടി യഹൂദികൾ ലംഘിച്ചുകൊണ്ടിരുന്നു. എന്നിട്ടും നബി(സ) ഔദാര്യപൂർവമാണ് പെരുമാറിയിരുന്നത്. എത്രത്തോളമെന്നാൽ മൂർധന്യാവസ്ഥയിലെത്തിയപ്പോൾ, നിർബന്ധിതാവസ്ഥയിൽ  യഹൂദികൾക്കെതിരെ ശക്തമായ നടപടിയെടുക്കേണ്ടി വന്നു.)

2. രണ്ടാമത്തെ നിബന്ധന എല്ലാ സമൂഹങ്ങൾക്കും മതസ്വാ

തന്ത്ര്യം ഉണ്ടായിരിക്കുമെന്നതായിരുന്നു. (മുസ്‌ലിംകൾ ഭൂരിപക്ഷമായിരുന്നിട്ടും നിങ്ങൾ നിങ്ങളുടെ മതകാര്യത്തിൽ സ്വതന്ത്രരാണ്.)

3. മൂന്നാമത്തെ നിബന്ധന എല്ലാ പ്രജകളുടേയും ജീവനും സ്വത്തും സുരക്ഷിതമായിരിക്കും, അവയെ മാനിക്കുന്നതാണ്; ഏതെങ്കിലും വ്യക്തി അക്രമമോ കുറ്റമോ ചെയ്താലൊഴികെ. (ഇക്കാര്യത്തിലും വ്യതിരിക്തത ഉണ്ടാവില്ല. കുറ്റം മുസ്‌ലിം ചെയ്താലും അമുസ്‌ലിം ചെയ്താലും ശിക്ഷ ലഭിക്കുന്നതാണ്. മറ്റ് സംരക്ഷണങ്ങൾ എല്ലാവരുടേയും ജോലിയാണ്, സർക്കാറിന്റെ കടമയാണ്.)

4. "എല്ലാ അഭിപ്രായഭിന്നതകളും തർക്കങ്ങളും നബി(സ) തിരുമേനിയുടെ മുമ്പിൽ തീർപ്പിനുവേണ്ടി സമർപ്പിക്കേണ്ടതാണ്. എല്ലാ വിധികളും ദൈവികകൽപനയനുസരിച്ചായിരിക്കും." (ദൈവികകൽപന എന്നതിന്റെ നിർവചനം ഓരോ ജനതക്കും അവരുടെ ന്യായപ്രമാണമനുസരിച്ച് എന്നതാണ്. ഏതായാലും വിധിക്കായി നബി(സ)യുടെ മുമ്പിൽ സമർപ്പിക്കണം. കാരണം അക്കാലത്തെ ഭരണകൂടത്തിന്റെ ഉന്നതാധികാരി തിരുനബിയിരുന്നു. അതുകൊണ്ട് വിധി പറയേണ്ടത് നബി(സ)മായിരുന്നു. പക്ഷേ വിധി ന്യായപ്രമാണമനുസരിച്ചായിരിക്കും. (യഹൂദികൾക്കുള്ള വിധികൾ അവരുടെ ന്യായപ്രമാണമനുസരിച്ചാണ് ഉണ്ടായപ്പോൾ അത് അക്രമമാണെന്ന് പറഞ്ഞ് ഇന്ന് ക്രിസ്ത്യാനികളും മറ്റ് എതിരാളികളും ആക്ഷേപമുന്നയിക്കുന്നു. വാസ്തവത്തിൽ അത് അവർ പറഞ്ഞതനുസരിച്ച് അവരുടെ നിബന്ധനകൾ പ്രകാരമായിരുന്നു.)

മറ്റൊരു നിബന്ധന, ഒരു വിഭാഗവും തിരുനബി(സ)യുടെ അനുവാദമില്ലാതെ യുദ്ധത്തിന് ഇറങ്ങരുത് എന്നതായിരുന്നു. കാരണം ഒരു ഭരണകൂടത്തിനു കീഴിൽ നില്ക്കുമ്പോൾ ആ ഭരണകൂടത്തെ അനുസരിക്കേണ്ടത് നിർബന്ധമാണ്. (ഈ നിബന്ധന ഇക്കാലത്തെ ജിഹാദീ സംഘടനകൾക്കും വഴികാട്ടിയാണ് അതായത് ഏതൊരു ഡരണകൂടത്തിന്റെ കീഴിലാണോ ജീവിക്കുന്നത് അതിന്റെ അനുവാദമില്ലാതെ ഒരുതരത്തിലുള്ള ജിഹാദും ചെയ്യൻ പാടില്ല; സർക്കാരിന്റെ സൈന്യത്തിൽ ചേരുകയും, പിന്നെ സർക്കാരോ രാഷ്ട്രമോ യുദ്ധം ചെയ്യുകയും ചെയ്താലൊഴികെ.)

പിന്നെ ഒരു നിബന്ധന, മുസ്‌ലിംകൾക്കോ യഹൂദികൾക്കോ എതിരെ ഏതെങ്കിലും ജനത യുദ്ധം ചെയ്യുകയാണെങ്കിൽ അവർ

പരസ്പരം സഹായിക്കാൻ തയ്യാറായിരിക്കുന്നതാണ്. (അതായത് ഇരുവിഭാഗങ്ങളിൽ ഒരു വിഭാഗത്തിനെതിരെ യുദ്ധമുണ്ടായാൽ മറ്റേ വിഭാഗം അവരെ സഹായിക്കേണ്ടതാണ്. ശത്രുവുമായി സന്ധി ചെയ്യുന്ന സാഹചര്യത്തിൽ മുസ്‌ലിംകൾക്കും അമുസ്‌ലിംകൾക്കും സന്ധിയിലാകുമ്പോൾ എന്തെങ്കിലും ഫലം കിട്ടിയാൽ, പ്രയോജനം ലഭിച്ചാൽ  അത് രണ്ടുകൂട്ടരും വീതിച്ചെടുക്കുന്നതാണ്.)

അതേപോലെത്തന്നെ മദീനയുടെമേൽ  ആക്രമണമുണ്ടായാൽ, എല്ലാവരും ഒന്നുചേർന്ന് നേരിടണം.

മറ്റൊരു നിബന്ധന, മക്കയിലെ ഖുറയ്ശികൾക്കോ അവരുടെ സഹായികൾക്കോ യഹൂദികളുടെ ഭാഗത്തുനിന്ന് ഒരുതരത്തിലുള്ള സഹായമോ അഭയമോ നൽകാൻ പാടില്ല എന്നതായിരുന്നു. (കാരണം മക്കയിലെ എതിരാളികൾ തന്നെയാണ്  മുസ്‌ലിംകളെ അവിടെ നിന്ന് പുറത്താക്കിയത്. അങ്ങനെ മുസ്‌ലിംകൾ ഇവിടെ വന്ന് അഭയം തേടിയതാണ്.  അതുകൊണ്ട്  ഇനി ഈ ഭരണകൂടത്തിനു കീഴിൽ കഴിയുന്നവർ ആ ശത്രുസമൂഹവുമായി ഒരുതരത്തിലുള്ള ഉടമ്പടിയും ചെയ്യാൻ പാടില്ല, ഒരു സഹായവും സ്വീകരിക്കാനും പാടില്ല.)

ഒരോ വിഭാഗവും തങ്ങളുടെ ചെലവുകൾ സ്വയം വഹിക്കേണ്ടതാണ്. (അതായത്, അവരവരുടെ ചെലവുകൾ സ്വയം ചെയ്യേണ്ടതാണ്.) ഈ നിബന്ധന കാരണം അക്രമിയോ കുറ്റക്കാരനോ കുഴപ്പക്കാരനോ ആയ വ്യക്തി ശിക്ഷിക്കപ്പെടുന്നതിൽ നിന്നോ പകരം ചോദിക്കപ്പെടുന്നതിൽ നിന്നോ സംരക്ഷിക്കപ്പെടുകയില്ല.ഏതായാലും അയാൾ ശിക്ഷിക്കപ്പെടുന്നതും പിടിക്കപ്പെടുന്നതുമാണ്. മാത്രമല്ല അയാൾ മുസ്‌ലിമോ യഹൂദിയോ മറ്റോ ആണെന്ന വ്യതിരിക്തതയും കൽപ്പിക്കപ്പെടുന്നതല്ല.) (സംക്ഷേപം: സീറത്ത് ഖാത്തമുന്നബിയ്യീൻ, പേജ്: 279)

ഈ മതസഹിഷ്ണുതയും സ്വാതന്ത്ര്യവും നിലനിറുത്തുന്നതിനു വേണ്ടി നബി(സ) നജ്റാനിലെ സംഘത്തിന് മസ്ജിദ് നബ്‌വിയിൽ ആരാധന നടത്താൻ അനുവാദം നൽകി. അവർ കിഴക്കോട്ടു മുഖം തിരിച്ച് ആരാധന നടത്തി. സ്വഹാബാക്കൾ ധരിച്ചിരുന്നത് അങ്ങനെ ചെയ്യാൻ പാടില്ല എന്നായിരുന്നു. നബി(സ) പറഞ്ഞു; ഒരു പ്രശ്നവും ഇല്ല.

നജ്റാൻ വാസികൾക്ക് തിരുനബി(സ) നൽകിയ അഭയപത്രത്തെക്കുറിച്ചും പരാമർശം ലഭ്യമാകുന്നുണ്ട്. മുസ്‌ലിം സൈന്യം മുഖേന ക്രിസ്ത്യാനികളുടെ (നജ്റാനിൽ നിന്ന് വന്ന) അതിർത്തികൾ സംരക്ഷിക്കുന്നതാണെന്ന ഉത്തരവാദിത്വം ഏറ്റെടുക്കുകയുണ്ടായി. അവരുടെ പള്ളികളും ആരാധനാലയങ്ങളും സത്രങ്ങളും അത് എത്ര ദൂരസ്ഥലത്താണെങ്കിലും പട്ടണങ്ങളിലോ പർവ്വതങ്ങളിലോ വനങ്ങളിലോ എവിടെയാണെങ്കിലും അതിന്റെ സംരക്ഷണം മുസ്‌ലിംകളുടെ ബാധ്യതയാണ്. അവർക്ക് അവരുടെ മതമനുസരിച്ച് ആരാധിക്കാൻ അനുവാദമുണ്ടായിരിക്കും. അവരുടെ ഈ ആരാധനാസ്വാതന്ത്ര്യം സംരക്ഷിക്കേണ്ടതും മുസ്‌ലിംകളുടെ കടമയാണ്. നബി(സ) പറഞ്ഞു; ഇപ്പോൾ ഇവർ മുസ്‌ലിം ഭരണകൂടത്തിന്റെ പ്രജകളായതുകൊണ്ട്, തന്റെ പ്രജകൾ ആയിരിക്കുന്നതുകൊണ്ട് അവരുടെ സംരക്ഷണം ശ്രദ്ധിക്കേണ്ടതും തനിക്ക് നിർബന്ധമാണ്.

അതുപോലെ മുസ്‌ലിംകൾ അവരെ (അതായത് ക്രിസ്ത്യാനികളെ) അവർക്ക് താൽപര്യമില്ലാതെ യുദ്ധനടപടികളിൽ ഭാഗഭാക്കാക്കരുത്. അവരുടെ പാതിരി, മതനേതാവ് ഏത് അവസ്ഥയിലും സ്ഥാനത്തുമാണെങ്കിലും അവിടെ നിന്ന് സ്ഥാനഭ്രഷ്ഠനാക്കപ്പെടുകയില്ല. അതുപോലെതന്നെ അവർക്ക് തങ്ങളുടെ പ്രവർത്തനം തുടരാവുന്നതാണ്. അവരുടെ ആരാധനാലയങ്ങളിൽ കൈകടത്തുന്നതല്ല. അതൊരിക്കലും സ്വന്തം ഉപയോഗത്തിൽ കൊണ്ടുവരുന്നതല്ല. അത് സത്രമാക്കുകയോ ആരെയെങ്കിലും പാർപ്പിക്കുകയോ അവരുടെ അനുവാദം കൂടാതെ മറ്റെന്തെങ്കിലും കാര്യത്തിന് വിനിയോഗിക്കുകയോ ചെയ്യുന്നതല്ല.

മതപണ്ഡിതന്മാരിൽനിന്ന് കരമോ ജിസ്‌യയോ വാങ്ങുന്നതല്ല. ഏതെങ്കിലും മുസ്‌ലിമിന്റെ ഭാര്യ ക്രിസ്ത്യാനിയാണെങ്കിൽ അവൾക്ക് തന്റേതായ രീതിയിൽ ആരാധന അനുഷ്ഠിക്കാൻ പരിപൂർണ സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്. അവൾക്ക് സംശയങ്ങൾ ചോദിക്കാൻ പാതിരിയുടെ അടുത്ത് പോകാവുന്നതാണ്. ക്രിസ്ത്യൻ പള്ളികളും മറ്റും നന്നാക്കാൻ മുസ്‌ലിംകളിൽനിന്ന് സാമ്പത്തികമോ ധാർമികമോ ആയ സഹായം തേടിയാൽ മുസ്‌ലിംകൾ സഹായിക്കേണ്ടതാണ്. അത് കടമോ ഔദാര്യമോ ആയിരിക്കുകയില്ല. മറിച്ച് ഈ ഉടമ്പടിയെ നന്നാക്കാനും അങ്ങനെ സാമൂഹിക

ബന്ധവും പരസ്പര സഹകരണവും അത് നിമിത്തമാകുന്നതാണ്. (സംക്ഷേപം: സാദുൽ മആദ്)

ഇതായിരുന്നു മതസ്വാതന്ത്ര്യവും സഹിഷ്ണുതയും സ്ഥാപിക്കുന്നതിനുള്ള തിരുനബി(സ)യുടെ മാനദണ്ഡം. എന്നിട്ടും നബി (സ)യെക്കുറിച്ച്, അക്രമം ചെയ്തുവെന്നും വാളിന്റെ ബലത്തിലാണ് ഇസ്‌ലാം പ്രചരിപ്പിച്ചതെന്നും ആക്ഷേപിക്കുന്നത് അങ്ങേയറ്റം അക്രമമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

“ഗ്രന്ഥാനുസാരികളും അറേബ്യയിലെ ബഹുദൈവവിശ്വാസികളും അങ്ങേയറ്റം ദുർവൃത്തരായിത്തീരുകയും തിന്മ ചെയ്തുകൊണ്ട് തങ്ങൾ നന്മ ചെയ്തുവെന്ന് ധരിക്കുകയും കുറ്റകൃത്യങ്ങളിൽനിന്ന് പിന്മാറാതിരിക്കുകയും പൊതുസമാധാനം ഭംഗപ്പെടുത്തുകയും ചെയ്തപ്പോൾ അല്ലാഹു, തന്റെ നബി(സ)യുടെ കൈയിൽ ഭരണത്തിന്റെ കടിഞ്ഞാൺ നൽകിക്കൊണ്ട് അവരുടെ കൈകളിൽനിന്ന് പാവപ്പെട്ടവരെ രക്ഷിക്കാൻ ആഗ്രഹിച്ചു. അറേബ്യൻ രാജ്യം അരക്ഷിതമായിരുന്നു. അവർ ഒരു രാജാവിന്റേയും കീഴിലായിരുന്നില്ല. അതുകൊണ്ട് ഓരോ വിഭാഗവും അങ്ങേയറ്റം അനിയന്ത്രിതമായും തന്റേടത്തോടും ജീവിച്ചുപോന്നു.” (ആരുടേയും കീഴിലല്ലാത്തതു കൊണ്ട് ഒരു നിയമവുമുണ്ടായിരുന്നില്ല.) “അവർക്ക് യാതൊരു ശിക്ഷാനിയമവുമുണ്ടായിരുന്നില്ല. അതുകൊണ്ട് അവർ അനുദിനം കുറ്റകൃത്യങ്ങളിൽ മുമ്പോട്ട് ഗമിച്ചുകൊണ്ടിരുന്നു. അങ്ങനെ അല്ലാഹു ആ രാജ്യത്തിനുമേൽ കരുണ ചൊരിഞ്ഞു കൊണ്ട് .... തിരുനബി(സ)യെ ആ രാജ്യത്തിനുവേണ്ടി റസൂലാക്കി അയച്ചു, മാത്രമല്ല ആ രാജ്യത്തിന്റെ രാജാവുമാക്കി. കൂടാതെ വിശുദ്ധഖുർആനെ നിയമമെന്ന നിലക്ക് പരിപൂർണമാക്കി. അതിൽ സിവിൽ, ക്രിമിനൽ, ഫൈനാൻഷ്യൽ തുടങ്ങി എല്ലാ മാർഗദർശനങ്ങളുമുണ്ട്. ചുരുക്കത്തിൽ നബി(സ) ഒരു രാജാവെന്ന നിലയിൽ എല്ലാ കക്ഷികൾക്കും വിധികർത്താവായിരുന്നു. എല്ലാ മതങ്ങളുടേയും ആളുകൾ തങ്ങളുടെ കേസുകൾ നബിസ)ൽ നിന്നാണ് വിധിയാക്കിയിരുന്നത്.

വിശുദ്ധ ഖുർആനിൽ നിന്ന് തെളിയുന്നത്, ഒരിക്കൽ ഒരു മുസൽമാന്റേയും ഒരു യഹൂദിയുടെയും കേസ് തിരുനബി(സ)യുടെ കോടതിയിലെത്തി. നബി(സ) അന്വേഷണത്തിനുശേഷം യഹൂദി

ശരിയാണെന്നും മുസ്‌ലിമിന്നെതിരിൽ അയാളുടെ വാദത്തിനനുകൂലമായി വിധിക്കുകയും ചെയ്തു.'' (ഇതേക്കുറിച്ച് ഞാൻ പറഞ്ഞു കഴിഞ്ഞതാണ്.) ''എന്നാൽ, ചില അജ്ഞരായ എതിരാളികൾ വിശുദ്ധഖുർആൻ ചിന്തിച്ചു പാരായണം ചെയ്യുന്നില്ല. അവർ എല്ലാ സന്ദർഭങ്ങളേയും നബി(സ)യുടെ പ്രവാചകത്വത്തിനു കീഴിൽ കൊണ്ടുവരുന്നു. വാസ്തവത്തിൽ അത്തരം ശിക്ഷകൾ ഖിലാഫത്ത് അതായത് രാജാവെന്ന നിലക്കാണ് നൽകിയിരുന്നത്.'' (അതായത് അത് ഭരണകൂടത്തിന്റെ കർത്തവ്യമായിരുന്നു.)

''ബനീ ഇസ്റായീലിൽ മൂസാ നബിക്കുശഷം നബിയും രാഷ്ട്രീയാടിസ്ഥാനത്തിൽ സമാധാനം സ്ഥാപിച്ചിരുന്ന രാജാവും വെവ്വേറെയായിരുന്നു. എന്നാൽ നബി(സ) യുടെ കാലത്ത് ഈ രണ്ട് സ്ഥാനവും അല്ലാഹു ആ മഹാത്മാവിന്'' (നബി(സ)) ''തന്നെ നൽകി. സ്ഥിരം കുറ്റവാളികളെ മാറ്റി നിർത്തി മറ്റു ആളുകളോടുണ്ടായിരുന്ന പെരുമാറ്റത്തെക്കുറിച്ച് താഴെച്ചേർക്കുന്ന ആയത്തിൽ നിന്ന് വ്യക്തമാകുന്നുണ്ട്. ആയത്ത് ഇങ്ങനെയാണ്:

(3:21) وَقُلْ لِلَّذِينَ أُوتُوا الْكِتَابَ وَالْأُمِّيِّينَ أَأَسْلَمْتُمْ فَإِنْ أَسْلَمُوا فَقَدِ اهْتَدَوْا وَإِنْ تَوَلَّوْا فَإِنَّمَا عَلَيْكَ الْبَلَاغُ

അല്ലയോ പ്രവാചകരേ, ഗ്രന്ഥം നല്കപ്പെട്ടവരോടും അറേബ്യയിലെ വിവരദോഷികളോടും പറയുക; നിങ്ങൾ ഇസ്‌ലാം ദീനിൽ പ്രവേശിക്കുന്നുണ്ടോ, ഇസ്‌ലാം സ്വീകരിച്ചാൽ സന്മാർഗം പ്രാപിച്ചു. അതല്ല മുഖം തിരിക്കുകയാണെങ്കിൽ ദൈവകല്പന എത്തിക്കുക എന്നതു മാത്രമാണ് നിനക്കുള്ള ബാധ്യത.

ഈ ആയത്തിൽ അവരോട് യുദ്ധം ചെയ്യുകയാണ് നിന്റെ ജോലിയെന്ന് എഴുതിയിട്ടില്ല. മുസ്‌ലിംകളെ കൊല്ലുകയും പൊതു സമാധാനം ഭംഗപ്പെടുത്തുകയും മോഷണത്തിലും കൊള്ളയിലും വ്യാപൃതരാവുകയും ചെയ്തിരുന്ന കുറ്റവാളികളോട് മാത്രമാണ് യുദ്ധം ചെയ്തിരുന്നത്. ഈ യുദ്ധം ഒരു രാജാവ് എന്ന നിലക്കായിരുന്നു. നബി എന്ന നിലയിലായിരുന്നില്ല.'' (അതായത്, ഭരണകൂടത്തിലെ ഉന്നതാധികാരിയായതുകൊണ്ടാണ് യുദ്ധം ചെയ്തത്. നബിയായതുകൊണ്ടല്ല.) ''അല്ലാഹു പറയുന്നു:

(2:191)وَقَاتِلُوا فِي سَبِيلِ اللَّهِ الَّذِينَ يُقَاتِلُونَكُمْ وَلَا تَعْتَدُوا إِنَّ اللَّهَ لَا يُحِبُّ الْمُعْتَدِينَ

നിങ്ങളോട് യുദ്ധം ചെയ്യുന്നവരുമായി അല്ലാഹുവിന്റെ മാർഗത്തിൽ

നിങ്ങളും യുദ്ധം ചെയ്യുക. അതായത് മറ്റുള്ളവരിൽ നിന്ന് വല്ലതും പ്രതീക്ഷിക്കുകയോ അതിക്രമം പ്രവർത്തിക്കുകയോ ചെയ്യരുത്. അല്ലാഹു അതിക്രമികളെ ഇഷ്ടപ്പെടുകയില്ലതന്നെ.'' (ചശ്മയെ മഅ്രിഫത്ത്, റൂഹാനി ഖസായിൻ ഭാഗം: 23, പേജ്: 242,243)

പരിശുദ്ധനബി(സ)ന് ഈ ശരീഅത്ത് ഇറങ്ങിയിരിക്കെ, എങ്ങനെയാണ് ആ മഹാത്മൻ തനിക്കിറങ്ങിയ വിധിവിലക്കുകളുടെ കാര്യത്തിൽ അതിക്രമം ചെയ്യുക. നബി(സ) മക്കാ വിജയത്തിന്റെ അവസരത്തിൽ, മുസ്ലിമായെങ്കിൽ മാപ്പ് നൽകാമെന്ന നിബന്ധനയൊന്നും വെക്കാതെ എല്ലാവർക്കും പൊതുമാപ്പ് പ്രഖ്യാപിച്ചു. അതിന്റെ ഒരു മാതൃക നാം കണ്ട് കഴിഞ്ഞു. അതിന്റെ വ്യത്യസ്ത രൂപങ്ങളുമുണ്ടായിരുന്നു. പക്ഷേ അതിൽ ഇസ്ലാം സ്വീകരിച്ചെങ്കിൽ മാത്രമേ മാപ്പ് ലഭിക്കൂ എന്നില്ലായിരുന്നു. വ്യത്യസ്ത സ്ഥലങ്ങളിൽ പോവുകയും പ്രവേശിക്കുകയും ചിലരുടെ കൊടിക്കു കീഴിൽ വരുകയും കഅബയിൽ പ്രവേശിക്കുകയും ചിലരുടെ വീടുകളിൽ പോവുകയും ചെയ്ത കാരണത്താൽ മാപ്പ് കൊടുക്കുകയുണ്ടായി. ഈ ഉന്നതമായ മാതൃക മറ്റൊരിടത്തും നമുക്ക് കാണാൻ സാദ്ധ്യമല്ല. സമ്പൂർണമായ നിലയിൽ വിളംബരപ്പെടുത്തിക്കൊണ്ട് പറഞ്ഞു: ലാ തഥ്രീബ അലയ്ക്കുമുൽയൗം. പോവുക. ഇന്ന് നിങ്ങളുടെമേൽ യാതൊരു ആരോപണവുമില്ല.

ഉന്നതമായ മാതൃക സ്ഥാപിക്കുകയും നമുക്ക് അതിന്റെ പാഠങ്ങൾ നൽകുകയും ചെയ്ത തിരുനബി(സ)ക്ക്മേൽ ആയിരോപിആയിരം സലാമും സ്വലാത്തും വർഷിക്കുമാറാകട്ടെ. അല്ലാഹു അതനുസരിച്ച് പ്രവർത്തിക്കാൻ നമുക്ക് സൗഭാഗ്യം നല്കുമാറാകട്ടെ.

*The blessed model of the*
***Holy Prophet***
***Muhammad*** *(may peace and blessings of Allah be upon him)*
*and the Caricatures*

Shock waves of indignation ran across the Muslim world following the recent publication of offensive and crude caricatures of the Holy Prophet Muhammad (may peace and blessings of Allah be upon him) in some parts of Europe. The uninformed, as ever, misled by the mullah gave in to public display of rage and rampant chaos ensued. Midst this confusion of an undeniably distressing time for all Muslims, spoke the voice of reason, calm and peace, precisely in line with the teaching of the "prince of peace" himself.. the Holy Prophet (may peace and blessings of Allah be upon him). This was the voice of Hadhrat Khalifatul Masih V (may Allah assist him with His mighty help) that unfolded the reality of the Islamic ways and means to respond to injustice; calling for peace, reasoning, endeavour to enlighten the world with the power of the pen and ultimately to always put one's trust in sincere prayers. He delivered a series of five faith inspiring and enlightening Friday Sermons on the subject that are a beckon of light for anyone in this often perplexing world that we live in. These Friday Sermons are being presented in this booklet.

9 789383 882151